# MALANKARA SYRIAN ORTHODOX THEOLOGICAL SEMINARY

# STUDY MATERIAL
# FOR ENTRANCE EXAMINATION
# 2020 - 2021

# ഇസ്രായേലിന്റെ അയല്ക്കാർ

## (പ്രാചീന ഇസ്രായേലിന്റെ മതപരവും സാംസ്കാരികവുമായ പശ്ചാത്തലം)

റെവ. ജെ.ജി ബുക്ലസ്

36a ഇസ്രായേലിന്റെ പശ്ചിമ തീരം ഒഴികെ ചുററുപാടുമുള്ള രാഷ്ട്രങ്ങളെപ്പററി ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നതായിരിക്കും. B.C. 3000 മുതലുള്ള അവരുടെ ആദ്ധ്യാത്മികമായ ചരിത്രവും, അതു് ഇസ്രായേൽ സംസ്കാരത്തെ സ്വാധീനിച്ച വിധവുമാണ് ഈ ലേഖനത്തിൽ സംക്ഷിപ്തമായി പരാമർശിക്കുന്നതു്.

ഈ പഠനം സൗകര്യാർത്ഥം രണ്ടായി വിഭജിക്കാവുന്നതാണ്. 1. B.C. 1200 വരെയുള്ള പ്രാഥമിക ഘട്ടം (ഇസ്രായേൽ ഒരു രാഷ്ട്രമായിത്തീരുന്നതിനു മുമ്പ്). മെസൊപ്പൊത്താമ്യയും പ്രധാന സംസ്കാരങ്ങളും, തെക്കുപടിഞ്ഞാറുള്ള ഈജിപ്ററ്, ഫൊയ്നീക്യ, സിറിയ, ഹിത്യരുടെ ദേശം ഇവ ഉൾപ്പെടുന്ന വടക്കുപടിഞ്ഞാറൻ ദേശവും (പലസ്തീൻ ഭൂമിശാസ്ത്രം-ലേഖനം കാണുക (പുറം. 42).

2. ഈ പ്രദേശത്തിലെ രാഷ്ട്രങ്ങൾ B.C. 1200-നു ശേഷം ഇസ്രായേൽ ജനതയുടെ മേൽ ചെലുത്തിയിട്ടുള്ള സ്വാധീനത്തെപ്പററി രണ്ടാമതായി പരാമർശിക്കും. (a) പലസ്തീനിലെ അധിനിവേശകാലവും ന്യായാധിപന്മാരുടെ കാലവും (b) രാജവാഴ്ചയുടെ കാലവും (c) പ്രവാസവും തുടർന്നു് B.C. 300വരെയുമുള്ള കാലവും. ഇങ്ങനെ മൂന്നു ഘട്ടങ്ങളായി അതു വിചിന്തനം ചെയ്യാവുന്നതാണ്.

ആധുനിക കാലത്തു പുരാവസ്തുഗവേഷകന്മാർ വിവിധ കേന്ദ്രങ്ങളിൽ നടത്തിയ ഗവേഷണങ്ങളും, ഭാഷാശാസ്ത്രം, വ്യുൽപ്പത്തി എന്നിവ സംബന്ധിച്ച ഗവേഷണങ്ങളും, പുരാതന ചരിത്രം, സംസ്കാരം ആദിയായവയെപ്പററിയുള്ള നവീന അറിവുകൾ പ്രദാനം ചെയ്തിട്ടുണ്ട്. വളർന്നുകൊണ്ടിരുന്ന അക്കാലത്തെ വിവിധ ജനതകളുടെ മദ്ധ്യത്തിൽ ഇസ്രായേൽ ഒരു രാഷ്ട്രമായി രൂപം പ്രാപിച്ചതു് എങ്ങനെ? അവരുടെ മതവിശ്വാസം, ആചാരങ്ങൾ, ഭാഷ, നിയമസംഹിത, സാമൂഹ്യ രാഷ്ട്രീയ സ്ഥാപനങ്ങൾ ഇവയൊക്കെ രൂപം പ്രാപിക്കുവാൻ സഹായകമായ പ്രേരണാശക്തികൾ എന്തെല്ലാം? ഈ ചോദ്യങ്ങൾ പ്രസക്തമാണ്. ഉത്തരമില്ലാത്ത പല പ്രശ്നങ്ങളും അവ ഉന്നയിക്കുന്നു. അവയിൽ ചിലതിനെ സംബന്ധിച്ച പണ്ഡിതന്മാരുടെയിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്. പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുകയും സാദ്ധ്യമായ പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുവാൻ നമുക്കു ശ്രമിക്കാം.

പഴയനിയമം മനസ്സിലാക്കുന്നതിനു്, ഇസ്രായേലിന്റെ അയല്ക്കാരെപ്പററിയുള്ള പഠനം ആവശ്യമില്ല എന്നു ചിലർക്കു തോന്നിയേക്കാം. എക്കാലവും ഇസ്രായേലിൽ അനേകം പേരും സ്വവംശം, തെരഞ്ഞെടുപ്പ്, ദൈവസംപ്രീതിയിൽ അവർക്കു ലഭിക്കാവുന്ന പദവി, ദൈവോദ്ദേശ്യം മുതലായവയെപ്പററിയായിരുന്നു കൂടുതലായും ചിന്തിച്ചിരുന്നതു്. വിജാതീയർക്കും അവരുടെ കഥയിൽ സ്ഥാനം ഉണ്ട്. അവരെ അനധികൃതമായി പ്രവേശിക്കുന്നവരോ ശത്രുക്കളോ ആയി മാത്രമാണു ചിത്രീകരിച്ചിരിക്കുന്നതു്. എന്നാൽ പ്രവാചകന്മാർ
36b പലപ്പോഴും ഇസ്രായേലിന്റെ ദേശീയ സ്വാർത്ഥതയെ ശാസിച്ചിട്ടുണ്ട് (ആമോ. 3:2;9:7,8). അതു നമുക്കും ഒരു പാഠമായിരിക്കേണ്ടതാണ്. ഉത്പ. 11_13 അദ്ധ്യായങ്ങളിൽ സൂചിപ്പിക്കുന്നതുപോലെ ഇസ്രായേല്യരുടെ പൂർവ്വികന്മാർ അപ്രധാനമായ ഒരു ദേശത്തുനിന്നു കേവലം മനുഷ്യവാസമില്ലാത്ത ഒരു സ്ഥലത്തേക്കു കുടിയേറിപ്പാർത്തു എന്നു കരുതേണ്ട. രേഖകൾ സൂചിപ്പിക്കുന്നതുപോലെ ഇസ്രായേല്യ മതവും, നിയമാവലികളും നേരിട്ടു ലഭിച്ചു എന്നു ചിന്തിക്കേണ്ടതുമില്ല. ഭാരതീയരായ നമ്മെപ്പോലെ, ഇസ്രായേലും തങ്ങളുടെ നിലനില്പിനു സഹായകരമായ വിവിധ ഘടകങ്ങളോടു കടപ്പെട്ടവരാണ്.

### I മെസൊപ്പൊത്താമ്യാ, B.C. 1200 വരെ

c a. **അതിപുരാതന കാലം.** ഉത്തര മെസൊപ്പൊത്താമ്യയിലെ യാർമോയിക്കു (Jarmo) സമീപം കണ്ടുപിടിച്ച ഗ്രാമീണസംസ്കാരം B.C. 5000 നോടടുത്തു് ആരംഭിക്കുന്നു. അടുത്ത 2000 വർഷങ്ങൾ തുടർച്ചയായി വിവിധ സംസ്കാരങ്ങളിലൂടെ, ധാന്യങ്ങളുടെ കൃഷി, കലപ്പയുടെ ഉപയോഗം, ഭവനനിർമ്മാണത്തിനായി കല്ലു്, കളിമണ്ണു് മുതലായവയുടെ ഉപയോഗം ജനങ്ങൾ മനസ്സിലാക്കി; കൂടാതെ ലോഹനിർമ്മാണത്തിലും വലിയ പുരോഗതി ഉണ്ടായി. കളിമണ്ണു വ്യവസായത്തിൽ വളരെ മേന്മ നേടി. ഫലസമൃദ്ധിയുടെ പ്രതീകമായ ദേവീ പൂജ മതരംഗത്തു പ്രത്യക്ഷപ്പെട്ടു. സിന്ധുസമതലം മുതൽ ഈജിപ്ററ് വരെ വ്യാപിച്ചിരുന്നുവെന്നു കരുതാവുന്ന ഉബൈദ് (Ubaid) വർഗക്കാരെപ്പോലെയുള്ള ചിലർ (B.C. 3800) ഈ ദേവിയെ ആരാധിച്ചിരുന്നില്ല; കലാരൂപങ്ങളിൽ മനുഷ്യരുടെയോ, മൃഗങ്ങളുടെയോ ഭാവം സ്വീകരിച്ചിരുന്നുമില്ല. അവർ മത്സ്യദേവനെ ആരാധിച്ചിരുന്നു. മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നു.

d b. **പട്ടണങ്ങളുടെ വളർച്ചയും സുമേര്യ സംസ്കാരവും.** മനുഷ്യസംസ്കാരത്തിലെ സുപ്രധാന വികസന പരമ്പരകൾ ദക്ഷിണ മെസൊപ്പൊത്താമ്യയിലാണു രൂപം കൊണ്ടതു്. പലപ്പോഴും വെള്ളപ്പൊക്കം ഉണ്ടാകാറുള്ള യൂഫ്രററീസ്, ടൈഗ്രീസ് നദീതടങ്ങളിലുള്ള ചതുപ്പുകളിലെ വെള്ളം വാർത്തിക്കളഞ്ഞിട്ട് അവിടെ പല നഗരങ്ങളും B.C. 5000-നോടടുത്തു പണിയപ്പെട്ടു. നൈൽ നദീതടത്തിലും സിന്ധു സമതലത്തിലും സംസ്കാരങ്ങൾ ഉടലെടുക്കുവാൻ സാധിച്ചതു കാര്യക്ഷമമായ ജലനിർഗമമാർഗങ്ങളുടെ ഉപയോഗം മൂലമാണെന്നുള്ളതു രസാവഹമാണ്. ഈ നഗരങ്ങളിൽ സാമാന്യം വലിയ ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. പട്ടണങ്ങളുടെ കേന്ദ്രം ക്ഷേത്രങ്ങളായിരുന്നു. നഗരം അതിന്റെ ദേവന്റെ വകയാണെന്നു വിശ്വസിക്കപ്പെട്ടിരുന്നു. ഇത്തരം ക്ഷേത്രം ബൃഹത്തായ മണ്ഡപത്തിന്മേൽ പണിചെയ്യപ്പെട്ടിരുന്നു. മുകളിൽ പടികളുള്ള ഉയർന്ന ഗോപുരം ഉണ്ടായിരുന്നതുമൂലം ആ പ്രദേ

36d ശത്തെ ഉത്തുംഗസൗധമായി അതു സ്ഥിതി ചെയ്തു. ബാബേൽ ഗോപുരം (ഉത്പ. 11.) ഇതുപോലെയുള്ള സ്മാരകമായിരുന്നു. ഇവയെ സിഗ്ഗുരാത്തു് എന്നു വിളിച്ചിരുന്നു (80b നോ.).

ഏകദേശം B. C. 3500–ൽ ഈ ഭൂവിഭാഗത്തുള്ള മനുഷ്യർ ചിത്രരൂപത്തിൽ ആശയങ്ങൾ അവതരിപ്പിക്കുവാൻ തുടങ്ങി. കാലക്രമേണ വിവിധ രൂപഭേദങ്ങളിലൂടെ സുമേര്യർ കോണെഴുത്തിനു ജന്മം നല്കി. ഇതായിരുന്നു ഏററവും പുരാതനമായ എഴുത്തുരീതി. എഴുത്താണികൊണ്ടു കളിമൺ പലകമേൽ കോണാകൃതിയിൽ എഴുതുന്ന ഈ രീതി നൂററാണ്ടുകൾ നിലനിന്നു. മാത്രമല്ല പല ഭാഷകളിലും ആ രീതി ഉപയോഗിച്ചിരുന്നു. കളിമണ്ണുകൊണ്ടും ലോഹംകൊണ്ടുമുള്ള പലകകളിന്മേൽ മുദ്രണം ചെയ്യുന്നതിനായി സിലിണ്ടർ സീലുകൾ കണ്ടുപിടിച്ചതു പുരാതനകാലത്തെ മറെറാരു നേട്ടമാണ്. പശ്ചിമേഷ്യയുടെ മിക്കഭാഗത്തും ഇതു കാണപ്പെടുന്നു. ഐതിഹ്യപരമോ, ആചാരാനുഷ്ഠാനപരമോ ആയ രംഗങ്ങൾ അവയിൽ മുദ്രണം ചെയ്തിരിക്കുന്നു. അവയ്ക്കു മാന്ത്രികശക്തിയുണ്ടെന്നു പോലും ജനങ്ങൾ വിശ്വസിച്ചിരുന്നു.

ഇതര വർഗക്കാരും പ്രത്യേകിച്ച് എബ്രായരോടു ബന്ധമുള്ള ശേമ്യരും മെസൊപ്പൊത്താമ്യയിൽ വസിച്ചിരുന്നുവെങ്കിലും, B. C. 3200–നോടടുത്തു പ്രബലമായ സംസ്കാരത്തെ സുമേര്യൻ സംസ്കാരം എന്നാണു പറയുന്നതു്. അവരുടെ ഉത്ഭവത്തെപ്പററിയോ, ഭാഷയെപ്പററിയോ അറിവു വിരളമാണ്. ചില പണ്ഡിതന്മാർ സിന്ധുസമതലത്തിൽനിന്ന് അവർ വന്നുവെന്നു ചിന്തിക്കുന്നു. സുമേര്യഭാഷയും ദ്രാവിഡ ഭാഷയും തമ്മിലുള്ള കണ്ണിയും അവർ കാണുന്നു. പക്ഷേ ഇതു സുനിശ്ചിതമല്ല.

പ്രാചീന സുമേര്യയിലെ ഇതിഹാസങ്ങൾ ബൈബിളിലെ പ്രളയകഥയോടു സാമ്യം വഹിക്കുന്നു. അതിനെ ബൈബിൾ കഥയുമായി ബന്ധിപ്പിക്കാനുള്ള ലയനാർഡ് വൂളിയുടെ ശ്രമത്തോടു പണ്ഡിതന്മാർ എല്ലാവരും യോജിക്കുന്നില്ല. പുരാവസ്തുഗവേഷകർ സുമേര്യൻ ജനതയെപ്പററി കൂടുതൽ വിജ്ഞാനം പകരുന്നു. അവരുടേതായി കരുതപ്പെട്ടിരുന്ന പന്ത്രണ്ടു നഗരങ്ങൾക്കും ഭരണാധിപന്മാരായി സ്വന്തം ദേവന്മാരുണ്ടായിരുന്നു. ദേവന്റെ പ്രതിനിധിയായി പുരോഹിതരാജാവു് (എൻസി) ഭരിച്ചിരുന്നു. അവർ പാർത്തിരുന്ന വലിയ കൊട്ടാരങ്ങൾ, ഇതര മന്ദിരങ്ങൾ ഇവയിൽനിന്നു ലഭ്യമായ രേഖകൾ അവരുടെ വിപുലമായ നീതിന്യായവ്യവസ്ഥിതി, വിദ്യാഭ്യാസം, ലോഹങ്ങളിലെ വൈദഗ്ദ്ധ്യം, ഭാവനാവിലാസമുള്ള സാഹിത്യം ഇവയെല്ലാം വെളിപ്പെടുത്തുന്നു. രാജാക്കന്മാർ വലിയ സൈന്യത്തെ നിലനിർത്തിയിരുന്നു. ഒരു കാലത്തു് അബ്രാഹാമിന്റെ ജന്മനാടായ (ഉത്പ. 11:27 മു.) ഊർ ഇതര നഗരങ്ങളുടെമേൽ ആധിപത്യം സ്ഥാപിച്ചിരുന്നതായി വിചാരിക്കാം. അവിടത്തെ രാജശവകുടീരങ്ങളിൽനിന്നു വിലപിടിപ്പുള്ള ആഭരണങ്ങളും വീട്ടുപകരണങ്ങളും ഉൾപ്പെടെ ബൃഹത്തായ നിധിശേഖരം ലഭിച്ചിട്ടുണ്ട്. അവ അവിടത്തെ ശവസംസ്കാരരീതിയെപ്പററി പ്രശ്നങ്ങളും ഉന്നയിച്ചിട്ടുണ്ട്. അവിടെ ഒരുതരം സമൂഹഹത്യ തന്നെ നടന്നിരിക്കാം. രാജാവിന്റെ ശവസംസ്കാരത്തോടൊപ്പം രാജസദസ്യരും തോഴക്കാരും ആത്മഹത്യ ചെയ്തിരുന്നിരിക്കാം. രാജാവിനോടു കൂടെ അവരും അടക്കപ്പെട്ടിരുന്നുവെന്നു വരാം.

ശേമ്യർ സംഖ്യയിലും, സ്വാധീനത്തിലും സുമേര്യകാലഘട്ടത്തിൽ വളർന്നുകൊണ്ടിരുന്നു. സുമേര്യമതത്തിലും, സംസ്കാരത്തിലും പൂർണമായും ഭാഗഭാക്കാവുകയും ചെയ്തു. B. C. 2350–നോടടുത്തു സർഗോൻ എന്ന ശേമ്യരാജാവ് വിശാലമായ ഒരു സാമ്രാജ്യത്തിന് അടിസ്ഥാനം ഇട്ടു. തലസ്ഥാന നഗരിയായ അക്കേദിൽനിന്ന് അയാളും പൗത്രനായ നാരംസിനും കൂടി പശ്ചിമേഷ്യയിലുടനീളം ശക്തി വ്യാപിപ്പിച്ചു. പേർഷ്യൻ ഗൾഫ് മുതൽ മെഡിററേനിയൻ വരെ, ഒരു പക്ഷേ തെക്കുകിഴക്കേ അറേബ്യ വരെയും അവരുടെ അധീശത്വം സ്ഥാപിച്ചു. അവരെപ്പററി ധാരാളം ഐതിഹ്യങ്ങളും പ്രചരിച്ചിരുന്നു. പുറ. 2–ൽ കാണുന്ന മോശെയുടെ ജനനത്തിനു തുല്യമായ ഒരു കഥ സർഗോന്റെ ജനനത്തെയും ബാല്യത്തെയും കുറിച്ചു പരാമർശിക്കുന്നു (96d നോ). അധികം ദീർഘിക്കാത്ത ഈ രാജവംശത്തെ തുടർന്ന് ഒരു കിരാതഭരണമാണുണ്ടായതു്. എങ്കിലും B. C. 2060–നോടടുത്തു വേറൊരു രാജവംശം തെക്ക് ഊർ നഗരത്തിന്റെ ശക്തിയും സുമേര്യൻ സംസ്കാരവും വീണ്ടെടുത്തു. നമുക്കു ലഭിച്ചിട്ടുള്ള ഏററവും പുരാതനമായ നിയമസംഹിത ആ രാജവംശത്തിലെ രാജാവായ ഊർ–നമ്മുവിന്റേതാണ്. സാഹിത്യം, ഹർമ്മ്യനിർമാണം, ജലസേചനവിദ്യ, വിദേശവ്യാപാരം മുതലായവയും അന്നു പ്രബലപ്പെട്ടിരുന്നു. 36d

(C) **അമോര്യർ–ഹമ്മുറാബി.** (B. C. 2500–1500). ഊർ പട്ടണത്തിന്റെ പതനത്തോടുകൂടി (B. C. 1960) മഹത്തായ സുമേര്യൻ സംസ്കാരവും അവസാനിച്ചു. തുടർന്നുള്ള കാലഘട്ടം കുഴപ്പങ്ങൾ നിറഞ്ഞതായിരുന്നു. സിറിയായുടെ വടക്കും കിഴക്കുമുള്ള മരുപ്രദേശത്തുനിന്നു ശേമ്യവംശജരായ അമോര്യർ, മെസൊപ്പൊത്താമ്യ, സിറിയ, കനാൻ ദേശങ്ങളിലേക്കു തള്ളിക്കയറി. കനാനിലേക്കു പ്രവേശിച്ച അമോര്യരിൽ, എബ്രായരുടെ പൂർവ്വികനായ അബ്രാഹാമിന്റെ കുടുംബവും ഉൾപ്പെട്ടിരുന്നുവെന്നു ചില പണ്ഡിതന്മാർ കരുതുന്നു. അവർ മെസൊപ്പൊത്താമ്യയിൽ പല രാഷ്ട്രങ്ങൾ സ്ഥാപിച്ചു. തെക്ക് ഇസ്സിൻ, ലാർസാ എന്നിവയും പടിഞ്ഞാറ് 'മാറി'യും പ്രാധാന്യം അർഹിക്കുന്നു. ഈ കാലത്തു തെക്കു ബാബിലോണും വടക്ക് അശ്ശൂരും ശക്തി പ്രാപിച്ചു വരികയായിരുന്നു. കിഴക്കും തള്ളിക്കയററം ഉണ്ടായിരുന്നു. പൊതുവെ സാഹചര്യം വളരെ സ്ഫോടനാത്മകമായിരുന്നു. B. C. 19–ാം നൂററാണ്ടിൽ അശ്ശൂർ ഏഷ്യാമൈനറിലെ കപ്പദോക്യയുമായി വ്യാപാരബന്ധം സ്ഥാപിച്ചു കഴിഞ്ഞിരുന്നതായി കാരെത്തെപ്പിൽനിന്നു ലഭിച്ച രേഖകളിലൂടെ മനസ്സിലാക്കാം. എന്നാൽ അശ്ശൂരിന്റെ പ്രതാപം കഴിഞ്ഞപ്പോൾ, യൂഫ്രട്ടീസ് പ്രദേശത്തിന്റെ മദ്ധ്യഭാഗത്തു 'മാറി' അധികാരത്തിൽ വന്നു. മാറിയിൽ വിപുലമായ ഭൂഖനനഗവേഷണങ്ങൾ നടത്തിയതിന്റെ ഫലമായി മനോഹരമായ ഒരു കൊട്ടാരം, സമ്പൽസമൃദ്ധമായ ജീവിതരീതി, 20,000–ത്തോളം എഴുത്തുഫലകശേഖരം ഇവയെല്ലാം വെളിച്ചത്തു കൊണ്ടുവരാൻ സാധിച്ചു. പ്രസ്തുത ഫലകങ്ങൾ ഉത്പത്തി പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ഗോത്രപിതാക്കന്മാരെ സാധൂകരിക്കുന്നില്ല. പ്രാചീന പ്രവചനപ്രതിഭാസത്തെപ്പററിയും കൂടുതൽ അറിവു ലഭിക്കുന്നതിനിടയായിട്ടുണ്ട്. കൂടാതെ പഴയനിയമത്തിലെ ചില ആചാരമര്യാദകൾക്കു സമാന്തരമായ സൂചനകളും കാണുന്നു.

മാറിയുടെ ആധിപത്യത്തെ തുടർന്നു ബാബിലോൺ രാജാവായ ഹമ്മുറാബിയുടെ (B. C. 1726–1688) അധീശത്വം ക്രമേണ മെസൊപ്പൊത്താമ്യയുടെ മിക്ക ഭാഗങ്ങളിലും വ്യാപിപ്പിച്ചു. ഹമ്മുറാബി ഒരു വലിയ നിയമദാതാവായിരുന്നു. ജലസേചനപദ്ധതി

36c കാരക്ക് ആരംഭം കുറിച്ചു; കൂടാതെ സാഹിത്യവും, വിജ്ഞാനവും വളരുന്നതിനു സഹായിച്ചു. മഹത്തായ ഗിൽഗാമേഷ് ഇതിഹാസവും മറ്റും ഈ കാലത്തു രൂപം കൊണ്ടതാണ് (77a നോ.). ബാബിലോണിലെ ദേവനായ മാർദ്ദൂക്ക് മെസൊപ്പൊത്താമ്യയിലെ സകല ദേവന്മാരിലും സമുന്നതനായതു ഹമ്മുറാബിയുടെ സ്വാധീനം മൂലമായിരിക്കാം. അദ്ദേഹത്തിൻെറ നിയമസംഹിതയെ പലപ്പോഴും പുറ. 21–23–ൽ കാണുന്ന ന്യായപ്രമാണവുമായി തുലനം ചെയ്തിട്ടുണ്ട്.

ബാബിലോണിൻെറ ശക്തി അധികനാൾ നീണ്ടു നിന്നില്ല. വടക്കുകിഴക്കുനിന്നു കാസ്യരും വടക്കുനിന്നു ഹൂര്യരും തള്ളിക്കയറുകയാൽ ബാബിലോൺ തളർന്നു. B. C. 1530–ൽ ഹിത്യരാജാവായ മുർസിലിസ ഒന്നാമൻ ബാബിലോണിനെ തകർത്തു. അതിനുശേഷം നാലു ശതാബ്ദക്കാലത്തേയ്ക്കു കാസ്യവംശം ബാബിലോൺ ഭരിച്ചു.

f (d) **ഹൂര്യർ, ഹിത്യർ, അരമേയർ.** (B. C. 1500–1200). B. C. 1900–മാണ്ടോടു കൂടി ഏഷ്യാമൈനറിൽ പ്രവേശിച്ച ഹിത്യർ ഇൻഡോ യൂറോപ്യൻ (ആര്യ) വംശജരായിരിക്കാം. ആ രാജ്യത്തിൻെറ മദ്ധ്യപൂർവ പ്രദേശങ്ങളിൽ ഒരു ശക്തമായ രാഷ്ട്രം ക്രമേണ സ്ഥാപിച്ചു. സിറിയായുടെ സ്വാധീനവും ഉണ്ടായിരുന്നു. B. C. 1530–നോടടുത്തു ബാബിലോൺ അവർ ആക്രമിച്ചു തകർത്തുകളഞ്ഞതു് അവരുടെ ശക്തിയുടെ നിദർശനമായിരുന്നു. അവരുടെ ഇരുമ്പായുധങ്ങളായിരിക്കാം ശക്തിക്കു് ഉപോൽബലകമായിരുന്നതു്.

ഹൂര്യർ (ഹോര്യർ) അർമീനിയൻ പർവതങ്ങളിൽ നിന്നു വന്നവരായിരിക്കാം. അവർ കൂട്ടമായി മെസൊപ്പൊത്താമ്യയിൽ പ്രവേശിച്ച് (B. C. 1800–1600), അവിടത്തെ നഗരരാഷ്ട്രങ്ങളിൽ സ്വാധീനം ഉറപ്പിച്ചു. ഹിക്സോസ് ആക്രമണത്തിലും അവർക്കു പങ്കുണ്ടായിരിക്കണം. പൂർവടൈഗ്രീസിലെ നൂസുവിൽനിന്നു കണ്ടെടുത്തിട്ടുള്ള ലിഖിതങ്ങളിൽ ഉത്പത്തികഥകളെ അനുസ്മരിപ്പിക്കുന്ന ആചാരങ്ങളെപ്പറ്റിയുള്ള രസകരങ്ങളായ ഉദാഹരണങ്ങൾ കാണാം. ഹബീരുവർഗക്കാരെപ്പറ്റിയും പരാമർശമുണ്ട്. ഉത്തര മെസൊപ്പൊത്താമ്യയിലെ ബഹുശതം ഹൂര്യർ, വേദസംസ്കാരത്തിലെ ദേവതകളെ ആരാധിച്ചിരുന്നു. ഇൻഡോ–ആര്യൻ രാജാക്കന്മാരുടെ നേതൃത്വത്തിൽ മിത്താനി എന്ന രാഷ്ട്രം സ്ഥാപിച്ചു (B. C. 1530–1375). പ്രസ്തുത മിത്താനിയാ രാജാക്കന്മാർ യുദ്ധത്തിൽ തേരുകൾ ഉപയോഗിച്ചിരുന്നു. അവരുടെ സ്വാധീനം ഹിത്യരുമായും, ഈജിപ്തുമായും സമ്പർക്കമുണ്ടാക്കുവാൻ സഹായിച്ചു. ഹ്രസ്വകാലത്തേക്കു മാത്രമുണ്ടായിരുന്ന അസ്സീറിയായുടെ പുനരുത്ഥാന ഘട്ടത്തിൽ മിത്താനി നശിപ്പിക്കപ്പെട്ടു.

അല്പകാലത്തെ അധഃപതനത്തിനു ശേഷം ഹിത്യർ നവശക്തിയായി ഉണർന്നു (B. C. 1375) ഉത്തര ഫൊയ്നീക്യയിലും, സിറിയായിലും ഉള്ള ഈജിപ്തിൻെറ ചില സ്ഥലങ്ങൾ പിടിച്ചടക്കി. വേദപുസ്തകത്തിൽ പരാമർശിക്കുന്ന ഹിത്യർ അതിർത്തി പ്രദേശങ്ങളിൽ പാർത്തിരുന്നവർ ആയിരുന്നിരിക്കാം. ഹിത്യരുടെ നിയമങ്ങളും സാമന്തന്മാരുമായി അവർ ഉണ്ടാക്കിയിട്ടുള്ള കരാറുകളും ഹെബ്രായ ആചാരങ്ങളെയും ഉടമ്പടിചിന്തകളെയും സ്വാധീനിച്ചിരിക്കുവാൻ ഇടയുണ്ട്. ദീർഘകാലം നീണ്ടുനിന്ന സംഘട്ടനങ്ങൾക്കു ശേഷം B. C. 1285ൽ ഒറോൻറസ് നദീതീരത്തുള്ള കാദേശിൽ ഹിത്യരും മിസ്രയീമ്യരും ഏറ്റുമുട്ടി. ആരും വിജയിക്കാഞ്ഞ ഈ യുദ്ധത്തിൽ രണ്ടുകൂട്ടർക്കും ഭയങ്കരമായ നാശനഷ്ടങ്ങൾ ഉണ്ടായി.

അധികം താമസിയാതെ 'സമുദ്രജനത' എന്നറിയപ്പെടുന്ന ഈജിയൻ സ്വദേശികളായ ഒരു കൂട്ടം ജനങ്ങൾ– അവരിൽ ചിലരെങ്കിലും ഹിത്യസൈന്യത്തിലെ കൂലിപ്പടയാളികളായിരുന്നിരിക്കാം– ഹിത്യർക്കെതിരായി മത്സരിച്ചു സാമ്രാജ്യം സമൂലം നശിപ്പിച്ചു. പല സ്വതന്ത്ര ഫൊയ്നീഷ്യൻ നഗരങ്ങളും നശിപ്പിക്കപ്പെട്ടു. ഈ ആക്രമണകാരികളിൽ പെലിസ്ററ് അഥവാ ഫെലിസ്ത്യർ എന്നറിയപ്പെടുന്നവർ തെക്കു പടിഞ്ഞാറൻ പലസ്തീനിലെ അഞ്ചു നഗരങ്ങളിൽ B. C. 12–ാം ശതകത്തിൽ കുടിയേറിപ്പാർത്തു. അവരുടെ കുടിപാർപ്പു മൂലമാണു കനാൻ നാടിനു പലസ്തീൻ എന്നു പേരുണ്ടായതു്. B. C. 14, 13 നൂററാണ്ടുകളിൽ അരാമ്യ അക്രമകാരികളുടെ ഒരു പുതിയ സംഘം മുന്നേറിക്കൊണ്ടിരുന്നു. പലസ്തീൻെറ വടക്കുകിഴക്കും, തെക്കുകിഴക്കുമുള്ള ഊഷരസ്ഥലങ്ങളിൽനിന്നു പുറപ്പെട്ട ഈ ശേമ്യവർഗക്കാർ യോർദ്ദാനു കിഴക്ക് അമ്മോൻ, മോവാബ്, ഏദോം എന്നീ രാഷ്ട്രങ്ങൾ സ്ഥാപിച്ചു. 13–ാം നൂററാണ്ടിൽ തെക്കുകിഴക്കു നിന്നു കനാനിൽ പ്രവേശിച്ച ഇസ്രായേല്യർക്കു പുതുതായി സ്ഥാപിക്കപ്പെട്ട ഈ രാഷ്ട്രങ്ങളുമായി ഏറ്റുമുട്ടേണ്ടി വന്നു (സംഖ്യാ. 20:14മു., 22:1മു.; ന്യായാ. 11:12മു). മററ് അരാമ്യസംഘങ്ങൾ നേരത്തെ ഏററം വടക്കു കുടിയേറിപ്പാർത്തിരുന്നു. അവരുമായി ഇസ്രായേലിൻെറ പൂർവികർക്കു രക്തബന്ധമുള്ളതായി കരുതിപ്പോന്നു (ഉത്പ. 11:31,32; 24:4,10; 25:20; 28:2,5മു; ആവ. 26:5; യോശു. 24:2). ഉത്പ. 31–33ൽ പദ്ദൻ ആരാമിൽ നിന്നുമുള്ള യാക്കോബിൻെറ വരവിനെ വിവരിക്കുന്ന കഥ അമാർനാഘട്ടത്തിൽ (B. C. 14–ാം നൂററാണ്ട്) ഒരു അന്താരാഷ്ട്രസംഘം പലസ്തീനിൽ പ്രവേശിക്കുന്നതിനെയായിരിക്കും സൂചിപ്പിക്കുന്നതു് എന്നു ചിലർ കരുതുന്നു. 36f

## II ഈജിപ്ത്: B. C. 1200 വരെ

(a) **ചരിത്രത്തിനും രാജഭരണത്തിനും മുമ്പുള്ള കാലം:** ചരിത്രാതീതകാലത്തു നീലനദീതടം പ്രളയബാധിത പ്രദേശമായിരുന്നു. ഇരുവശവും ഉള്ള ഊഷരഭൂമി അന്നു ഭാഗികമായി കൃഷി ചെയ്തിരിക്കാനിടയുണ്ട്. എന്നാൽ ജലസേചനം മെച്ചപ്പെട്ടു വന്നതോടുകൂടി B. C. 6000–5000ൽ ഗ്രാമസമൂഹങ്ങൾ നിലവിലിരുന്നതിൻെറ തെളിവുകൾ കാണുമാനുണ്ട്. പില്ക്കാലത്തു ദക്ഷിണഭാഗത്തു നിന്നു മനോഹരമായ മൺപാത്രങ്ങൾ, ദന്തനിർമ്മിതമായ സ്പൂൺ, ചീപ്പ്, ചെമ്പുപകരണങ്ങൾ മുതലായവയും കണ്ടുകിട്ടിയിട്ടുണ്ട്. നൈൽതടത്തിൽ കൃഷിചെയ്ത ധാന്യങ്ങളും പച്ചക്കറികളും ആവശ്യമായ ഭക്ഷണവിഭവങ്ങൾ ആയിരുന്നു. 27a

ഉത്തര ഈജിപ്തിലെ നിവാസികളിൽ ഒരംശമെങ്കിലും ശേമ്യരും ദക്ഷിണ ഈജിപ്തിലുള്ളവർ ഹാം–നീഗ്രോവംശജരും ആയിരുന്നു. ശേമ്യലക്ഷണങ്ങൾ ധാരാളമുള്ള ഈജിപ്ത്യൻ ഭാഷയിൽ വംശങ്ങൾ തമ്മിൽ ഇടകലരുന്നതിൻെറ ലക്ഷ്യങ്ങൾ പ്രകടമാണ്. മനുഷ്യരുടെയും മൃഗങ്ങളുടെയും ചിത്രങ്ങൾ കലാപരമായി പ്രകടിപ്പിച്ചിട്ടുള്ള പുരാവസ്തുക്കൾ കണ്ടുകിട്ടിയതിൽ നിന്ന് ആദ്യകാലങ്ങളിൽ മെസൊപ്പൊത്താമ്യയിലെ ശില്പികൾ അവിടെ പാർത്തിരുന്നു എന്നുള്ളതിൻെറ സൂചനയാണു ലഭിക്കുന്നതു്.

(b) **പുരാതന രാജ്യം:** നാർമാർ (Narmar) എന്നു ചിലർ വിചാരിക്കുന്ന രാജാവു B. C. 3100–ൽ ഭരിച്ചിരുന്നു. അദ്ദേഹം ആയിരിക്കണം അവിടത്തെ ഒന്നാമത്തെ രാജാവ്. എന്നാൽ B. C. 2800 മുതലാണു സ്പഷ്ടമായ ചരിത്ര വസ്തുതകൾ ലഭ്യമാകുന്നതു്. അന്നു പ്താദേവനെ ആരാധിക്കുന്ന ഈജിപ്ത് ആകമാനം ഒരു രാജാവ് മെംഫീസിൽ നിന്നു ഭരിച്ചി b

37b ന്നു. അക്കാലത്തെ ഒരു സൃഷ്ടികഥയിൽ ഭൂലോകത്തെയും ദേവന്മാരെയും സൃഷ്ടിച്ച മഹാദൈവമായിട്ടാണ് പ്താ (Ptah) ചിത്രീകരിക്കപ്പെട്ടിരുന്നത്. ഹയിറോഗ്ളിഫിക്ക് (hieroglyphic) അഥവാ 'വിശുദ്ധ മുദ്രണം' എന്ന് അറിയപ്പെട്ടിരുന്ന ഭാഷ ഈജിപ്ത് സ്വന്തമായി കണ്ടുപിടിച്ചിരുന്നു. മെസൊപ്പൊത്താമ്യൻ കോണെഴുത്തിൽനിന്നു വ്യത്യസ്തമായി ആദിയോടന്തം ചിത്രരൂപത്തിലുള്ള ലിപിയായിരുന്നു ഇതിനുണ്ടായിരുന്നത്. അതായതു വ്യഞ്ജനങ്ങളും, പദങ്ങളും, വർഗങ്ങളും വിവരിക്കുന്നതുതന്നെ ചിത്രങ്ങൾ മൂലമായിരുന്നു.

ഈ പുരാതന രാജ്യത്തിന്റെ സംഭാവനയാണു പിരമിഡുകൾ. അവ അനിതരസാധാരണമായ മനുഷ്യപ്രയത്നങ്ങളുടെയും വസ്തുവകകളുടെയും പ്രദർശനമായിരുന്നു. ജോസറിലെ (മൂന്നാം രാജവംശകാലം) കല്പടയുള്ള പിരമിഡ് ആകൃതിയിലും കൊത്തുപണിയിലും മെച്ചമാണ്. അതുപോലെ അവിടെനിന്നു കണ്ടെടുത്തിട്ടുള്ള ഭരണികളും പാത്രങ്ങളും മനോഹരമായ കലയുടെ പ്രദർശനങ്ങളായി നിലകൊള്ളുന്നു. മരണാനന്തര ജീവിതത്തെപ്പറ്റി ഈജിപ്തിലുള്ള പ്രബലമായ വിശ്വാസത്തെ പിരമിഡുകൾ കാണിക്കുന്നു. രാജാവിന്റെ ദിവ്യത്വം, ഫറവോൻ (മഹൽഭവനം) എന്ന സംജ്ഞയിൽ വെളിപ്പെടുന്നു. പാതാളത്തിൽ പരേതന്റെ സംരക്ഷണത്തിനായി ആഭിചാരവും മന്ത്രവും മറ്റും അനിവാര്യമായിരുന്നു എന്നു വിശ്വസിച്ചിരുന്നതായി പിരമിഡുകളിൽനിന്നു കിട്ടിയിട്ടുള്ള രേഖകൾ കാണിക്കുന്നു.

c (C) **മധ്യകാലരാജ്യം.** ആദ്യ ഭരണകാലത്തിനു ശേഷം ശക്തന്മാരായ പ്രഭുക്കന്മാർ വിശാലമായ പ്രവിശ്യകൾ ഭരിക്കുന്ന രീതി അവസാനിച്ചു. ഫലമോ, സങ്കീർണപ്രശ്നങ്ങൾ. ഒരുപക്ഷേ കിഴക്ക് അമോര്യരുടെ ആക്രമണം മൂലം അക്കാലത്ത് ഏഷ്യൻ വംശജരായ നാടോടി ഇടയവർഗക്കാർ ഈജിപ്തിലേക്കു നുഴഞ്ഞുകയറി. അന്നത്തെ സാഹിത്യകൃതികളിൽ ജനങ്ങളുടെ സംഭ്രമവും പരിഭ്രാന്തിയും പ്രകടമാണ്.

12-ാം രാജവംശത്തിന്റെ കീഴിൽ (B.C. 2050) ഈജിപ്ത് വീണ്ടും ശക്തിയാർജിച്ചു. ഫറവോൻ അമ്മൂൻ റേ, റേ ദേവന്റെ പുത്രനായി കരുതപ്പെട്ടു. അതിനാൽ തന്റെ വിശേഷാധികാരങ്ങളിൽ ചിലതു്, പ്രത്യേകിച്ചും പ്രൗഢമായ ശവസംസ്കാരം മുതലായവ പ്രഭുക്കന്മാർക്കും അനുവദിച്ചിരുന്നതായി കല്ലറ ലിഖിതങ്ങൾ വ്യക്തമാക്കുന്നുണ്ട്. ജലസേചന സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും സീനായിലെ ചെമ്പുഖനികൾ കൂടുതൽ വിപുലമാക്കുകയും ചെയ്തു. രാജ്യം സമ്പൽസമൃദ്ധമായി. വളർന്നുവന്ന സാഹിത്യത്തിൽ, ജ്ഞാനസാഹിത്യത്തോടു സമാന്തരമായ ഉദാഹരണങ്ങളും ഉൾപ്പെട്ടിരുന്നു. കളിമൺ പാത്രങ്ങളും ഇതര വാണിജ്യസാധനങ്ങളും കണ്ടെടുത്തിട്ടുള്ളതു വ്യക്തമാക്കുന്നതു്, ക്രേത്ത, സോമാലിലാൻഡ്, ഫൊയ്നീക്യ, മെസൊപ്പൊത്താമ്യ മുതലായ രാജ്യങ്ങളുമായി ഈജിപ്ത് സമ്പർക്കത്തിലായിരുന്നുവെന്നാണ്. ഈജിപ്ത്യൻ രാജാക്കന്മാർ തെക്കു നബിയ, പടിഞ്ഞാറു ലിബിയ, വടക്കു കിഴക്കു കനാൻ ഈ രാജ്യങ്ങളുമായി യുദ്ധം നടത്തിയിരുന്നു. B. C. 1900-ത്തോടടുത്തു് എഴുതപ്പെട്ട ശവകടീര പാഠങ്ങളിൽ കനാനിലെ ജനങ്ങളെ പറ്റിയുള്ള അറിവു വെളിപ്പെടുന്നു. അബ്രാഹം ഈജിപ്ത് സന്ദർശിച്ചതു് ഈ കാലഘട്ടത്തിലാണ് എന്നു ചിലർ കരുതുന്നു (ഉത്പ. 12).

d (d) **ഹിക്സോസ് ഭരണാധികാരികൾ**.കാലക്രമേണ 12-ാം രാജവംശം ക്ഷയിച്ചു. വീണ്ടും ഈജി
പ്തു കുഴപ്പങ്ങളിലേക്കു നീങ്ങി. B. C. 18-ാം നൂറ്റാ 37d
ണ്ടിൽ സിറിയാ-ഫൊയ്നീക്യ പ്രദേശങ്ങളിൽ നിന്നു ബൃഹത്തായ ഒരു ആക്രമണം നടന്നു. അവർ അതിവേഗം രാജ്യത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു. അവരെ ഹിക്സോസ് (വിദേശ നേതാക്കൾ) എന്നു വിളിച്ചുവരുന്നു. സിറിയായിലും പലസ്തീനിലും കുടിയേറിപ്പാർത്ത അമോര്യരുടെ പിൻഗാമികളായിരിക്കാം അവർ. ഹുര്യരും ഇൻഡോ-ആര്യന്മാരും അവരെ തെക്കോട്ടു പായിച്ചതായിരിക്കാം. യുദ്ധത്തിലുള്ള വൈദഗ്ധ്യവും യുദ്ധമുറകളിലുള്ള പാടവവും കൊണ്ടു വലിയ എതിർപ്പുകൂടാതെ ഈജിപ്തിൽ മേധാവിത്വം സ്ഥാപിക്കുവാൻ അവർക്കു സാധിച്ചു. നൈൽതടത്തിന്റെ വടക്കുള്ള അവാറീസ് (താനീസ്) നഗരം തലസ്ഥാനമാക്കി അവർ ഭരണം തുടങ്ങി.

ഈജിപ്തിലെ ചില ആചാര മര്യാദകൾ ഹിക്സോസ് സ്വീകരിച്ചു. ഈജിപ്തിലെ ദേവനായ സെത്തിനെ ഹിക്സോസ്ദേവനായ ബാലിനു തുല്യനായി അവർ അംഗീകരിച്ചു. എങ്കിലും ഈജിപ്തുകാർ അവരെ വെറുത്തു. B.C. 17-ാം നൂറ്റാണ്ടിൽ തീബിസിലെ ചില പ്രഭുക്കന്മാർ അവർക്കെതിരെ വിപ്ളവം സംഘടിപ്പിച്ചു. ഒടുവിൽ അഹ്മോസ് ഒന്നാമന്റെ നേതൃത്വത്തിൽ ഹിക്സോസുകാരെ തുരത്തി, അവാറീസ് തിരികെ പിടിച്ചടക്കി. ഈജിപ്ത് വീണ്ടും ഒരു രാജാവിന്റെ ഭരണത്തിൻ കീഴിലായിത്തീർന്നു. ആദ്യം മുതൽ തന്നെ യോസേഫും കുടുംബവും ഈജിപ്തിലേക്കു പോയതു് (ഉത്പ. 37-50) ഹിക്സോസ് രാജാക്കന്മാരുടെ കാലത്തായിരുന്നു എന്ന് അനേക വേദപുസ്തക പണ്ഡിതന്മാരും വിശ്വസിച്ചിരുന്നു. എന്നാൽ B. C. 14-ാം നൂറ്റാണ്ടിൽ മാത്രമേ ഇസ്രായേല്യർ ഈജിപ്തിൽ പ്രവേശിച്ചിട്ടുള്ളു എന്നു വിചാരിക്കാൻ ന്യായമായ കാരണങ്ങൾ ഉണ്ട്.

(e) **18-ാം രാജവംശം-അമാർനാ കാലഘട്ടം-** e
**'അപ്പിരുകൾ'**. 18-ാം രാജവംശത്തിലെ പല രാജാക്കന്മാരും പ്രത്യേകമായി തുത്മൊസെ I-ാമനും III-ാമനും പ്രശസ്ത യുദ്ധവീരന്മാരായിരുന്നു. ഈജിപ്തിൽ ആക്രമണങ്ങൾ ഉണ്ടാവരുതു് എന്നു കരുതി പശ്ചിമേഷ്യയിൽ തുടർച്ചയായ ആക്രമണങ്ങൾ അവർ നടത്തിവന്നു. പലപ്പോഴും യൂഫ്രട്ടീസ് നദിവരെ അവർ എത്തിയിട്ടുണ്ട്. പല സിറിയൻ സഖ്യരാജ്യങ്ങളെയും തോല്പിച്ചു കീഴടക്കി. ഹിത്യർക്കെതിരെ മിത്താനിയുമായി ഒരു സഖ്യമുണ്ടാക്കി. ഈ രാജാക്കന്മാരുടെ രേഖകൾ പലസ്തീനെപ്പറ്റിയുള്ള വിലയേറിയ അറിവുകൾ പ്രദാനം ചെയ്യുന്നു.

14-ാം നൂറ്റാണ്ടിൽ വിചിത്രമായ ഒരു ആധ്യാത്മിക നവോത്ഥാനം ഉണ്ടായി. മതാത്മകമോ രാഷ്ട്രീയമോ ആയ പ്രേരണകളാൽ അമ്നോഫിസ് IV-ാമൻ (B. C. 1370-1353) അമ്മൂൻറേയെ ഉപേക്ഷിച്ച് അറ്റെൻ ദേവനെ (സൂര്യതളിക) ഏകദൈവമായി സ്വീകരിച്ചു. തന്റെ പേരു് അക്കനാറ്റൻ(Akhenaten) എന്നും തലസ്ഥാനത്തിന്റെ പേരു് അക്കെറ്റാറ്റൻ (Aketaten) എന്നും മാറ്റി. ഏകദൈവവിശ്വാസിയായ അക്കനാറ്റൻ ഇസ്രായേല്യ വിശ്വാസത്തെ സ്വാധീനിച്ചിരുന്നു എന്നു ചിലർ കരുതുന്നു. ഇതു സംശയാസ്പദമാണ്. അദ്ദേഹത്തിന്റെ മതപരമായ പ്രവർത്തനം അമ്മൂൻറേയുടെ പ്രബലരായ പൗരോഹിത്യ വൃന്ദത്തെ ചൊടിപ്പിച്ചു. തുടർന്നു രാഷ്ട്രത്തെ അതു ബലഹീനമാക്കി. ഇക്കാലത്തു ഹിത്യരുടെ മുന്നേറ്റം അപകടം കൂടുതൽ രൂക്ഷതരമാക്കി. താമ

37e സിയാതെ ഈജിപ്തിനു് ഏഷ്യയിലുള്ള പല അധീശ പ്രദേശങ്ങളും നഷ്ടപ്പെട്ടു.

ഈജിപ്തിൽനിന്നു കണ്ടെടുത്തിട്ടുള്ള അമർനാ ലിഖിതങ്ങൾ, ഈ കാലത്തെപ്പററി ധാരാളം അറിവു പ്രദാനം ചെയ്തിട്ടുണ്ടു്. അക്കേദിയൻ ഭാഷയിൽ എഴുതിയിട്ടുള്ള ഈ ലിഖിതങ്ങൾ പ്രധാനമായും ആക്കനാററൻെറയും പിതാവിൻെറയും കീഴിൽ പലസ്തീനിലും, ഫൊയ്നീക്യയിലും നടത്തിയിട്ടുള്ള ഇടപാടുകളെപ്പററിയാണു പ്രതിപാദിക്കുന്നതു്. ഈ പ്രദേശങ്ങളിൽ ഹബീരു (അപ്പീരു) വർഗക്കാർ മുഖാന്തരം ഉളവായ പ്രക്ഷുബ്ധാവസ്ഥ വെളിവാക്കുന്നതാണ് ഈ എഴുത്തുകൾ. ഇവരെ വേദപുസ്തകത്തിൽ പറയുന്ന എബ്രായരുമായി താദാത്മ്യപ്പെടുത്താൻ പാടില്ല. എങ്കിലും പശ്ചിമേഷ്യയിലുടനീളം അവരുടെ ജീവിതരീതിയെ ചിത്രീകരിച്ചിട്ടുള്ള ശിലാശാസനങ്ങളിലെ വിവരണങ്ങളിൽ, വേദപുസ്തകത്തിലെ ഗോത്രപിതാക്കന്മാരുടെ ജീവിതരീതിയുമായി സാമ്യമുണ്ടു്. ഈജിപ്തിലെ ശിലാശാസനങ്ങൾ അവരെ ശത്രുക്കളായും, ചിലപ്പോൾ അവരുടെ നിർമ്മാണപദ്ധതികളിൽ ഉപയോഗിക്കപ്പെട്ട അടിമകളായും വിവരിച്ചിട്ടുണ്ടു് (പുറ. 1:11).

f (f) **പത്തൊമ്പതാം രാജവംശം.** 'യോസേഫിനെ അറിയാത്ത പുതിയൊരു രാജാവു മിസ്രയീമിൽ ഉണ്ടായി' (പുറ. 1:8) എന്ന പരാമർശം 18–ാം രാജവംശം മാറി പത്തൊൻപതാം രാജവംശം അധികാരത്തിലേറിയ അവസരത്തെയായിരിക്കാം (B. C. 1310) സൂചിപ്പിക്കുന്നതു്. ഈ രാജവംശത്തിൻെറ കാലത്തു് ഈജിപ്തു കരകയറി. സെതോസ് ഒന്നാമൻ പശ്ചിമേഷ്യയിലെ ഈജിപ്തിൻെറ മേൽക്കോയ്മ വീണ്ടെടുത്തു. അദ്ദേഹത്തിൻെറ പിൻഗാമിയായ റാംസേസ് രണ്ടാമൻ B. C. 1285 ൽ ഹിത്യരുമായി കാദേശ് യുദ്ധത്തിൽ ഏററുമുട്ടി. എന്നാൽ അതു നിർണായകമായ യുദ്ധമല്ലായിരുന്നു. ഈ രണ്ടു രാജാക്കന്മാരും പ്രശസ്ത നിർമ്മാതാക്കൾ ആയിരുന്നു. റാംസേസ് തൻെറ സംഭാര നഗരങ്ങൾ പണിയുന്നതിനായി നിരവധി ശേമ്യ അടിമകളെ നിയോഗിച്ചിരുന്നിരിക്കാം (പുറ. 1:8–11). സെതോസ് ഒന്നാമനോ റാംസേസ് രണ്ടാമനോ ആയിരിക്കാം ഇസ്രായേല്യരെ പീഡിപ്പിച്ച ഫറവോ. മോശെയുടെ നേതൃത്വത്തിൽ ഇസ്രായേല്യരുടെ ഈജിപ്തിൽനിന്നുള്ള പുറപ്പാടിനെപ്പററി ഈജിപ്ഷ്യൻ രേഖകളിൽ യാതൊരു തെളിവുമില്ല. റാംസേസ് രണ്ടാമൻെറയോ പിൻഗാമിയായ മെർനെപ്തായുടെയോ കാലത്തു B. C. 1250–നും 1220–നും ഇടയ്ക്കു് അതു സംഭവിച്ചിരിക്കാം. മെർനെപ്തായുടെ കാലത്തുള്ള ഒരു ശിലാഫലകത്തിൽ ആദ്യമായി 'ഇസ്രായേൽ' എന്ന പേരു പറഞ്ഞിരിക്കുന്നതായി കണ്ടുപിടിച്ചിട്ടുണ്ടു്. 'സമുദ്രജനതയു'ടെ ആക്രമണത്തെയും മെർനെപ്തായ്ക്കു നേരിടേണ്ടി വന്നു. ഈജിപ്തിൻെറ പശ്ചിമാതിർത്തിയിൽ ഈ ആക്രമണശല്യം വളരെക്കാലത്തേക്കുണ്ടായിരുന്നു.

## III കനാൻ—B. C. 1200 വരെ

38a (a) **അതിരുകൾ:** കനാൻ, കനാന്യർ എന്നീ വാക്കുകൾ നിർവചിക്കുവാൻ പ്രയാസം. കനാന്യ എന്ന വിശേഷണപദം ഇസ്രായേല്യരുടെ അധിവാസത്തിനു മുമ്പു പലസ്തീനിൽ നിലവിലിരുന്ന ശേമ്യരുടെ അധിവാസവും സംസ്കാരവും വിവരിക്കുന്നതിനായിട്ടായിരുന്നു ഉപയോഗിച്ചിരുന്നതു്. മരുഭൂമി വരെ തെക്കും കിഴക്കും വ്യാപിച്ചതും വടക്കു ഫൊയ്നീക്യൻ തീരപ്രദേശ നഗരങ്ങളും ചിലപ്പോൾ അല്പംകൂടി വടക്കു കിഴക്കു് ഉത്തര യൂഫ്രട്ടീസ്, ഒറോൻറസ്,
നദികളുടെ സമതലം വരെ വ്യാപിച്ചു കിടന്നതുമായ 38a
പ്രദേശങ്ങളെ പലസ്തീൻ എന്നും പറഞ്ഞുവന്നു.

(b) **പ്രാരംഭകാലവും ഗോത്രപിതാക്കന്മാരും:** b
ഏകദേശം B. C. 3000 മുതൽ ബിബ്ലോസു (ഗെബാൽ—യോശു. 13:5; യെഹ. 27:9) മായുള്ള വാണിജ്യബന്ധം മൂലം കനാനിലെ പൗരാണിക ജീവിതത്തെപ്പററി സൂചനകൾ നമുക്കു ലഭിക്കുന്നു. ഫൊയ്നീക്യൻ നഗരങ്ങളായ സോർ, സീദോൻ, അർവാദ്, ഉഗാറിത്തു് (റാഷാമ്രാ) എന്നിവയോടൊപ്പം ബിബ്ലോസും (ഗെബാൽ) പൗരസ്ത്യദേശങ്ങളിലെ ധനവും സുഗന്ധദ്രവ്യങ്ങളും മെഡിറററേനിയൻ പ്രദേശങ്ങളിൽ എത്തുവാനുള്ള വാതിൽ തുറന്നു. അതുപോലെതന്നെ ഗ്രീസ്, ക്രീററ്, സൈപ്രസ്, ഏഷ്യാമൈനർ (തുർക്കി), ഈജിപ്ത് എന്നീ രാജ്യങ്ങളിലെ കച്ചവടസാധനങ്ങളും, ലെബാനോനിലെ ദേവദാരു, ചുവപ്പു ചായങ്ങൾ (ഒരു മത്സ്യത്തിൻെറ കക്കായിൽനിന്നു നിർമ്മിച്ചതു്) മുതലായ കനാനിൽനിന്നുള്ള ചരക്കുകളും മെസൊപ്പൊത്താമ്യയിലേക്കു് ഈ പട്ടണങ്ങളിലൂടെ കടന്നുപോയിരുന്നു. കൂടാതെ അലാലാക്കു്, കാർക്കെമീശ്, ഹാമാത്തു്, കററ്നാ എന്നീ നഗരങ്ങളും അവയുടെ പങ്കു വഹിച്ചിരുന്നു. കനാൻ, ഫൊയ്നീക്യ എന്നീ നാമങ്ങൾ അവിടെ നിർമ്മിക്കുന്ന ചുവപ്പു ചായത്തിൻെറ വാണിജ്യം കൊണ്ടോ മൂലവസ്തുവായ ഏതോ കക്കാമത്സ്യത്തിൻെറ പേരിൽനിന്നോ ഉണ്ടായതാണെന്നു് അനുമാനിക്കപ്പെടുന്നു. ആദ്യ ഓട്ടുയുഗത്തിൽ (B. C. 3000) ദക്ഷിണ കനാനിലെ പല നഗരങ്ങളും പ്രാധാന്യത്തിൽ വന്നു—മെഗിദ്ദോ, യെരീഹോ, (B. C. 7000 മു.) ബെത്തു്–ശാൻ, ലാഖീശു് (ടെൽ ഡുവൈർ) മുതലായവ.

കനാന്യസംസ്കാരം സ്ഥാപിച്ച ജനത പലസ്തീനിൽ പ്രവേശിച്ചതു്. ഉ. B. C. 2000–ൽ ആണെന്നു വാദിക്കുന്നവരുണ്ടു്. അതു് അമോര്യരുടെ ആക്രമണകാലത്തായിരുന്നു (II c നോ.) എന്നാൽ മററു ചില പണ്ഡിതന്മാർ കുറേക്കൂടി നേരത്തെ അവർ പ്രവേശിച്ചു എന്നു കരുതുന്നു. അമോര്യർ മലകളിൽ പാർത്തിരുന്നതു കൊണ്ടു് (സംഖ്യ. 13:29) സംസ്കാരത്തിൽ പിന്നോക്കമായിരുന്നു എന്നു ചിലർ കരുതുന്നു. കനാന്യർ തീരപ്രദേശത്തും കൃഷിഭൂമികളിലും വസിച്ചിരുന്നതിനാൽ ദീർഘകാലം നിലനിന്ന ഒരു സംസ്കാരം പടുത്തുയർത്തി. B. C. 1200 വരെ കാര്യമായ മാററം കൂടാതെ ആ സംസ്കാരം നിലനില്ക്കുകയും ചെയ്തു. B. C. 1800 മുതൽ രാജ്യത്തുടനീളം ആക്രമണങ്ങളുടെ പരമ്പരതന്നെ ഉണ്ടായി. ഉദാ. ബൃഹത്തായ കോട്ടകൊത്തളങ്ങളും ഇടപ്രഭുക്കന്മാരിൽ അടിസ്ഥാനമിട്ട സാമൂഹ്യവ്യവസ്ഥിതിയും രാഷ്ട്രസംവിധാനവും ഉള്ള ഹിക്സോസ്, വിവിധ ഹൂര്യസംഘങ്ങൾ, ഇൻഡോ ആര്യന്മാർ, ഹബീരുവർഗക്കാർ (IId നോ.) മുതലായവരുടെ ആക്രമണമുണ്ടായിട്ടും കനാന്യ സംസ്കാരം നിലനിന്നതു് അത്ഭുതകരമാണു്. B. C. 1900–1550 നും മദ്ധ്യേ ആയിരിക്കാം ഈ സംസ്കാരത്തിൻെറ ഉടമകൾ കനാനിൽ പ്രവേശിച്ചതെന്നു് അനുമാനിക്കാം. അവർ കനാന്യസംസ്കാരത്തെ പുഷ്ടിപ്പെടുത്തി.

(c) **കനാൻ:** B. C. 1600–1100. ഈജിപ്തിൻെറ ഭരണം, അമർനാഘട്ടം, എബ്രായരുടെ പ്രവേശനം. c

നാം മനസ്സിലാക്കിയതുപോലെ (IIe നോ.) 18–ാം രാജവംശത്തിൻെറ കീഴിൽ ഈജിപ്ത് കനാനിലെ നഗരരാഷ്ട്രങ്ങളുടെ മേൽ നിർണായകമായ

38c അധീശത്വം കൈവരിച്ചു. പിന്നീട് ഉത്തര കനാനിലെ ചില നഗരങ്ങൾ ഹിത്യർക്കധീനമായിരുന്നെങ്കിലും, അവിടത്തെ മുഖ്യ അധീശത്വം ഈജിപ്റ്റിനു തന്നെയായിരുന്നു.

കനാനിലുള്ള ഈജിപ്തിന്റെ ആശ്രിതരെ നിയന്ത്രിക്കാൻ അവർക്കു പലപ്പോഴും പ്രയാസം നേരിട്ടു. ബിബ്ലോസിലെ സാഹചര്യം വിവരിക്കുന്ന 11-ാം നൂറ്റാണ്ടിലെ വെൻ അമൂൺ കഥ അതിനൊരുദാഹരണമാണ്. അമാർനാ ലിഖിതങ്ങളിൽ (14-ാം ശതാബ്ദം) നേരത്തെ തന്നെ ഈ സാഹചര്യം വിവരിച്ചിട്ടുണ്ട്. ഈജിപ്തിനോടു കൂറുപ്രഖ്യാപിച്ച കനാന്യരാജാക്കന്മാർ തമ്മിൽ നിരന്തരമായി ശണ്ഠകൂടുകയും, ഈജിപ്ത് അവരുടെ സഹായത്തിനെത്തിയില്ലെന്നു പരാതിപ്പെടുകയും ചെയ്യുന്നു. പ്രത്യേകിച്ചും ജനജീവിതം തകരാറിലാക്കിക്കൊണ്ടുള്ള ഹബീരു വർഗ്ഗക്കാരുടെ ആക്രമണ സമയത്ത്. ഇതിനെ എബ്രായർ കനാനിൽ പ്രവേശിക്കുന്ന കാലഘട്ടമായി ചിലർ കരുതുന്നു. ഉത്പ. 34—ലെ ശെഖേം സംഭവം ഈ പ്രക്ഷുബ്ധമായ കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്നതാകാം. അമാർനാ കാലത്താണ് എബ്രായർ കനാനിൽ പ്രവേശിച്ചതെന്ന് (ഉത്പ. 37:39-50) മറ്റുചിലർ വിചാരിക്കുന്നു. പലസ്തീന്റെ കണ്ണായ സ്ഥലങ്ങളിലുള്ള നഗരങ്ങളിലെ ഒരു ചിത്രം അമാർനാ ലിഖിതങ്ങൾ നമുക്കു തരുന്നു. അവയ്ക്കു കോട്ടമതിലുകൾ ഉണ്ടായിരുന്നു. യുദ്ധത്തിൽ രഥം ഉപയോഗിച്ചിരുന്ന രാജാക്കന്മാർ അവയെ ഭരിച്ചിരുന്നു. വിപുലമായ വാണിജ്യ താത്പര്യങ്ങൾ ഉള്ളവരായിട്ടാണ് ഇസ്രായേല്യർ അവരെ കാണുന്നത്.

ശിമയോൻ, ലേവി ഗോത്രങ്ങളായിരിക്കാം ആദ്യകാലത്തു മധ്യ പലസ്തീനിൽ പ്രവേശിച്ചത് (ഉത്പ. 34). എന്നാൽ പിന്നീടു മറ്റു സ്ഥലങ്ങളിലേക്ക് അവർ മാറിപ്പോകേണ്ടിവന്നു. ഈജിപ്തിൽ നിന്നുള്ള ചില രേഖകളുടെ വെളിച്ചത്തിൽ അശ്ശേരും ഒരു പക്ഷേ സെബൂലൂനും വളരെ നേരത്തെ കനാനിൽ പ്രവേശിച്ചിരുന്നു എന്നു കരുതാം. ഉത്പ. 49:13–15—ൽ സെബൂലൂൻ, യിസ്സാഖാർ ഗോത്രങ്ങൾക്കു കടൽതീരത്തുള്ള കനാന്യപട്ടണങ്ങളുമായി ബന്ധമുണ്ടായിരുന്നുവെന്നും അവ അവരിൽനിന്നു കപ്പമോ, അടിമവേലയോ ഈടാക്കിയിരുന്നുവെന്നും ഉത്പ.49:13—15—ൽ സൂചനയുണ്ട്. യോശുവ 12—ൽ ഇസ്രായേല്യർ നടത്തിയ മിന്നൽആക്രമണത്താൽ കനാൻ മുഴുവനും പിടിച്ചടക്കിയതായുള്ള വിവരണം കാണുന്നു. എങ്കിലും അതു ബെന്യമീൻ ഗോത്രവും മറ്റും ഒരു പ്രദേശത്തു മാത്രം നടത്തിയ ആക്രമണമായിരിക്കാമെന്നാണ് പണ്ഡിതമതം. മറ്റു ഗോത്രങ്ങൾ B.C.14—13 നൂറ്റാണ്ടുകളിൽ വടക്കുകിഴക്ക്, തെക്കുകിഴക്ക്, തെക്ക് ദിക്കുകളിൽനിന്നു കനാനിലെ മലനാടുകളിൽ ശാന്തമായി പ്രവേശിച്ചു കുടിപാർപ്പു തുടങ്ങി എന്നുമാണ് അഭിപ്രായം. യുദ്ധത്തോടു കൂടിയോ (ന്യായാ. 4:5) അല്ലാതെയോ സാവകാശത്തിൽ കനാന്യരെ അവരുടെ സ്വാധീനവലയത്തിൽ ഉൾപ്പെടുത്തി എന്നു കരുതാം. ഒടുവിൽ ശെഖേമിലെ ഒരു ഔദ്യോഗികചടങ്ങിൽ കൂടി ഗോത്രങ്ങളെയെല്ലാം യോജിപ്പിച്ചു (യോശു. 24). ദക്ഷിണ പലസ്തീനിലേക്കു യെഹൂദാഗോത്രം തള്ളിക്കയറിയതിന്റെ സൂചന ന്യായാ. 1—ൽ കാണുന്നു. മറ്റു ചിലരും അവരോടുകൂടെയുണ്ടായിരുന്നു. ഒരു പക്ഷേ യഹോവ ആരാധന മോശെയ്ക്കു ലഭിക്കുവാനിടയാക്കിയ കേന്യരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. കനാന്യർ, അക്കേദിയർ, ഏദോമ്യർ, ഈജിപ്തുകാർ എന്നിവരിൽ ആരെങ്കിലുമാവാം യഹോവാ ആരാധനയ്ക്കു പ്രേരണ നൽകിയതെന്ന അഭിപ്രായവുമുണ്ട്. ഇസ്രായേല്യർ തെക്കുനിന്നു പ്രവേശിക്കുന്നതായി ഇതര രേഖകളിൽ (സംഖ്യാ.14:39;21:4) കാണുന്നു. 38c
ചില ഇസ്രായേൽ ഗോത്രങ്ങൾ B.C. 14—ാം നൂറ്റാണ്ടിലോ അതിനു മുമ്പോ കുടിയേറിപ്പാർത്തുവെന്നും അവർ 13—ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പുറപ്പെട്ടുവന്ന തെക്കുകിഴക്കു കൂടി കനാനിൽ പ്രവേശിക്കുകയും അമോര്യ രാജാക്കന്മാരെ എതിരിടുകയും ചെയ്തുവെന്നുമുള്ളതു ന്യായമായി വിശ്വസിക്കാം (സംഖ്യാ. 21). അവർ യോർദ്ദാനക്കരെയുള്ള ദേശം അവകാശമാക്കി. B.C. 1220—നോടടുത്തു നശിപ്പിക്കപ്പെട്ട ലാഖീശ്, ദെബീർ, അയി, ബെഥേൽ, ഹസ്സോർ എന്നീ സ്ഥലങ്ങളിലെ ഖനനഗവേഷണങ്ങൾ ഇസ്രായേല്യർ അവ ആക്രമിച്ചു എന്നതിനു സൂചന നല്കുന്നുണ്ട്.

(d) **കനാന്യനാഗരികതയും മതവും.** മറ്റു പലരെയുംപോലെ അക്ഷരമാലയ്ക്കു രൂപംകൊടുത്തതിനാൽ ഉത്തര കനാനിലുള്ള ഫൊയ്നീക്യരോട് എബ്രായരും കടപ്പെട്ടവരാണ്. ഇതിനു മുമ്പു വരികളിലെഴുതുന്ന രീതിയുടെ മാതൃക ബിബ്ലോസിൽ നിന്നു കണ്ടുകിട്ടിയിട്ടുണ്ട് (B. C. 2000). B. C. 1500—നോടടുത്തു സീനായിയിലെ കനാന്യ ചെമ്പു ഖനികളിൽ വേലയെടുത്തിരുന്നവർ അക്ഷരമാലാക്രമത്തിൽ എഴുതിയിട്ടുള്ള രേഖകളും കണ്ടെടുത്തിട്ടുണ്ട്. റഷാമ്രായിൽ നിന്നുള്ള ഉഗാറിറ്റിക്ക് ലിഖിതങ്ങൾ (B. C. 14—ഉം, 13—ഉം നൂറ്റാണ്ടുകൾ) മിക്കവാറും കോണെഴുത്തു രൂപത്തിലാണ്. കനാന്യ അക്ഷരമാലയുടെ സ്വാധീനവും ദൃശ്യമാണ്. അഹീരാം ശവകുടീരത്തിൽ മെച്ചമായ ഭാഷാരൂപം പില്ക്കാലത്തു കാണപ്പെട്ടു (B. C. 1000). 'ആവർത്തന' എഴുത്തുകാരും പ്രവാചകന്മാരും കനാന്യമതവുമായി യഹോവയാരാധന പൊരുത്തപ്പെടുകയില്ലായെന്ന് ഊന്നിപ്പറഞ്ഞു. കനാന്യ കാർഷികാരാധനകളിലെ ബഹുദൈവാരാധനയും ഭോഗാസക്തിയുമാണ് അതിനു മുഖ്യകാരണം. മനുഷ്യർ, മൃഗങ്ങൾ, ധാന്യങ്ങൾ ഇവയുടെ വർദ്ധനവു ദേവീദേവന്മാരുടെ ലൈംഗികവേഴ്ചയുടെ ഫലമാണെന്ന് അവർ വിശ്വസിച്ചിരുന്നു. മനുഷ്യർ അനുഷ്ഠാനങ്ങളിൽ കൂടി ഈ വേഴ്ചയെ ത്വരിതപ്പെടുത്തേണ്ടിയിരുന്നു. കനാന്യമതവും യഹോവയുടെ ആരാധനയും തമ്മിൽ വ്യത്യാസമുണ്ടായിരുന്നെങ്കിലും പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഉണ്ടായിരുന്ന അവരുടെ ആരാധനാകേന്ദ്രങ്ങൾ ഇസ്രായേല്യരുടെ മേൽ സ്വാധീനം ചെലുത്തിയിരുന്നു. ആദ്യകാലത്തു ഗോത്രപിതാക്കന്മാർ പല പേരുകളിൽ കനാന്യ 'ഏൽ' ദൈവത്തെ ആരാധിച്ചിരുന്നു. പില്ക്കാലത്തു വന്ന ഇസ്രായേൽ തീവ്രമായ യഹോവാ വിശ്വാസത്തോടു കൂടി കനാനിൽ പ്രവേശിച്ചെങ്കിലും ക്രമീകൃതമായ ആരാധനാസമ്പ്രദായം ഇല്ലാതിരുന്നതിനാൽ കനാന്യസംവിധാനങ്ങളെ അവർ സ്വീകരിച്ചു. ഉദാ: *മസ്സേബാ* (നാട്ടി നിർത്തിയ കല്ത്തൂൺ), *കെരൂബ്* മുതലായ പ്രതിരൂപങ്ങൾ, ഇടയന്മാരുടെ പെസഹായൊഴിച്ചുള്ള യാഗങ്ങൾ, പൗരോഹിത്യ സംവിധാനം, പെരുന്നാളുകൾ, സിറിയായിലെ ടെൽ മൈനാററിലും, ടെൽ അററ്ച്ചാനയിലും (അലാലാക്ക്) കാണുന്ന രീതിയിലുള്ള കനാന്യ ക്ഷേത്രങ്ങൾ, മഴയും വിളവും നല്കുന്ന ദൈവം (സങ്കീ. 104), ദയയും കരുണയുമുള്ളവൻ, മേഘങ്ങളിൽ വാഹനമേറുന്നവൻ, ആദിയായി യഹോവയെക്കുറിച്ചുള്ള ആശയങ്ങളും കനാന്യ സ്വാധീനഫലമാണ്. ഇസ്രായേല്യകേന്ദ്രങ്ങളിൽ നിന്നു കണ്ടുകിട്ടിയിട്ടുള്ള അസ്തരോത്തിന്റെ രൂപങ്ങളും കനാന്യമതത്തിന്റെ സ്വാധീനം കാണിക്കുന്നു. d

ഇസ്രായേല്യർ കനാനിൽ എത്തിയപ്പോഴേക്കും കനാന്യർ സാക്ഷരത്വത്തിലും കലയിലും അതിദൂരം പുരോഗമിച്ചു കഴിഞ്ഞിരുന്നു. ദന്തശില്പം, ലോഹവേലകൾ, ആഭരണങ്ങൾ, മൺപാത്രങ്ങൾ, മുദ്രണം,

38d കൊത്തുപണി, ശില്പ വിദ്യ ആദിയായവ വളരെ അഭിവൃദ്ധിപ്പെട്ടിരുന്നു. സാഹിത്യത്തിലും കനാന്യരോട് ഇസ്രായേൽ കടപ്പെട്ടിരിക്കുന്നുവെന്ന് ഉഗാറിറ്റിക്ക് ലിഖിതങ്ങൾ വെളിവാക്കുന്നു. പ്രത്യേകിച്ചും സങ്കീർത്തനക്കാർ, പ്രവാചകന്മാർ, ജ്ഞാനസാഹിത്യകാരന്മാർ മുതലായവർ കനാന്യരുടെ ഭാഷാരീതി, താളലയം, ഐതിഹാസികചിന്തകൾ മുതലായവ സ്വീകരിച്ചതായി കാണാം. സൃഷ്ടിപ്പ്, ദൈവം വസിക്കുന്ന ഉത്തരഗിരി (*സാഫോൻ*—സങ്കീ. 48: 2) ദൈവത്തിന്റെ (ബാലിന്റെ) അനുയോജ്യമായ ആലയം ആവശ്യമെന്നുള്ള സങ്കല്പം, അജയ്യമായ ദൈവനഗരം (സങ്കീ. 46) മുതലായ ആശയങ്ങളും കനാന്യമതാത്മകതയോട് സാധർമ്യം വഹിക്കുന്നു.

## IV. ഇസ്രായേല്യരുടെ കുടിയേറ്റം— രാജവാഴ്ചയുടെ ആരംഭകാലം

### ന്യായാധിപന്മാർ (B. C. 1220–920)

e (a) **ഫെലിസ്ത്യർ.** B. C. 1200 മുതൽ ഇരുമ്പുയുഗം ആരംഭിക്കുന്നു. ഹിത്യർ ഇരുമ്പിന്റെ ഉപയോഗം പഠിച്ചതു് 'സമുദ്ര ജനത'യിൽ നിന്നു തെരഞ്ഞെടുത്തിരുന്ന അവരുടെ കൂലിപ്പടയാളികളിൽ നിന്നായിരിക്കും. കനാനിൽ പാർത്തിരുന്ന അവരെയാണ് ഇസ്രായേല്യർക്ക് അഭിമുഖീകരിക്കേണ്ടിയിരുന്നതു്. അവർ ഇരുമ്പുകൊണ്ടുള്ള ആയുധം ഉപയോഗിച്ചിരുന്നു (1 ശമൂ. 13:19–23). അവരുമായുള്ള യുദ്ധങ്ങളുടെ കഥ ന്യായാധിപന്മാരുടെ പുസ്തകത്തിലാരംഭിക്കുന്നു (3:31, 13_16). 1 ശമൂ. 4–7 ലും അതു തുടരുന്നു. ദാവീദിന്റെ കാലത്തു മാത്രമേ അവരുടെ മേൽ നിർണായകമായ വിജയം ഇസ്രായേല്യർ കൈവരിച്ചുള്ളു (2 ശമൂ. 5:17–25. 42 ന നോ.). ഫെലിസ്ത്യസംസ്കാരവും മതവും കനാന്യരിൽനിന്നു പലതും സ്വീകരിക്കയുണ്ടായി. ദാഗോൻ (ന്യായാ. 16:28 മു), അസ്തൊരെത്തു് (1 ശമൂ. 7:3,4), ബാൽസെബൂബ് (2 രാജാ. 1)– ഈ ആരാധനാമൂർത്തികൾ അപ്രകാരമുള്ളതാണ്.

f (b) **പന്ത്രണ്ടു ഗോത്രങ്ങളും ശത്രുക്കളും ന്യായാധിപന്മാരും:** ഗോത്രപിതാക്കന്മാരുടെ കാലം മുതൽ പന്ത്രണ്ടു ഗോത്രങ്ങൾ നിലവിൽ വന്നുവെന്ന ആശയം ഉണ്ടെങ്കിലും (ഉത്പ. 46:8 മു.) കനാനിലെ കുടിയേറ്റ ശേഷം ഗോത്രവ്യവസ്ഥിതി ഉണ്ടായി എന്നതിനാണു കൂടുതൽ സാധ്യത.

ഒരു ആരാധനാലയത്തെ കേന്ദ്രീകരിച്ച പന്ത്രണ്ടു ഗോത്രങ്ങൾക്കു രൂപം കൊടുത്തതാവാം ഇസ്രായേൽ ഗോത്രങ്ങൾ. ഗ്രീസിലെ *അംഫിക്റ്റിയോണിയെ* പോലെ ഇസ്രായേല്യരുടെ അയല്ക്കാർക്കും ആറ്, പന്ത്രണ്ട് സംഖ്യ പ്രധാനമായിരുന്നു. ഈ അഭിപ്രായത്തിനു പ്രചുര പ്രചാരം ലഭിച്ചിട്ടില്ല. ശമുവേലിന്റെ കാലത്തു ശീലോവ് കേന്ദ്ര ആരാധനാസ്ഥലമായിരുന്നു. നേരത്തെ മറ്റു സ്ഥലങ്ങളിലും ഇതായിരിക്കാം. മാതൃക (42 ഉ നോ.).

രാജാവോ ഭരണാധികാരിയോ ഇല്ലാതെ ഇസ്രായേലിനെ ഗോത്രങ്ങളായി തിരിച്ചതുകൊണ്ട് അവർക്ക് ഒരു ദേശീയ ഐക്യം വന്നിട്ടില്ലായിരുന്നു. അവർക്കു ധാരാളം ശത്രുക്കളും അന്നുണ്ടായിരുന്നു. ഈജിപ്തും അസ്സീറിയായും ക്ഷയിച്ചിരുന്നു. പക്ഷേ അയല്ക്കാരായ ഏദോം (ന്യായാ. 3:7 മു.), മെസൊപ്പൊത്താമ്യ, മോവാബ് (8:12 മു), അമ്മോൻ (11), കനാൻ (4–5), ഒട്ടകസൈന്യമുള്ള മിദ്യാൻ (6–8) ഫെലിസ്ത്യ (13–16) എന്നീ രാജ്യങ്ങളായിരുന്നു ശത്രുക്കൾ. പക്ഷേ നാം വായിക്കുന്ന യുദ്ധങ്ങൾ പ്രധാനമായും ഗോത്രക്കാരുടെയോ, ഗോത്രസഖ്യങ്ങളുടെയോ ആയിരുന്നു (ന്യായാ. 5:14മു.). സൈനികനായകന്മാർ അവരെ നയിച്ചിരുന്നു.

ന്യായാധിപൻ എന്ന പദത്തിന്റെ എബ്രായപദത്തിന് ഉഗാറിത്തിൽ സേനാനായകൻ എന്നായിരുന്നു അർത്ഥം. 38f
പ്രത്യേക നൽവരം ലഭിച്ചിട്ടുള്ളവരായിരുന്നു അവർ. വലിയ പ്രാധാന്യമില്ലാത്ത ന്യായാധിപന്മാരെ (ന്യായാ. 10:1മു., 12:8 മു.) ഒരുപക്ഷേ ഇസ്രായേലിൽ ആകമാനം ന്യായപാലനം നടത്തുവാൻ നിയോഗിച്ചിരുന്നു. എന്നാൽ ന്യായാധിപപുസ്തകത്തിന്റെ പ്രസാധകരായ ആവർത്തന എഴുത്തുകാർ ഇസ്രായേൽ ചരിത്രത്തിലെ വ്യാമിശ്രമായ ഒരു കാലഘട്ടമായി ഇക്കാലത്തെ വീക്ഷിക്കുന്നു. അന്നു കേന്ദ്രീകൃതചട്ടക്കൂടോ ഏകോപനപ്രവർത്തനമോ ഇല്ലായിരുന്നു (18:1; 19:1; 21:25).

(c) **കുടിയേറ്റത്തിന്റെ കാലത്തെ ഇസ്രായേലിന്റെ സാംസ്കാരികവും ആദ്ധ്യാത്മികവുമായ നില.** g
രാഷ്ട്രീയരംഗത്തെന്നപോലെ ആദ്ധ്യാത്മിക–സാംസ്കാരികരംഗങ്ങളിലും സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരേണ്ട സന്ദർഭമായിരുന്നു ഇതു്. ഇക്കാലത്തു് ഇസ്രായേല്യർ വ്യാജമതങ്ങളുമായി സംഘർഷത്തിലിരുന്നുവെന്നു ചിലർ കരുതുന്നു. വിശ്വാസത്യാഗത്തിന്റെയും, തിരിച്ചുവരവിന്റെയും ചിത്രമാണു ന്യായാ. 2:11–3:6–ൽ കാണുന്നതു്. ബാൽ പീഠവും, അശേരാ പ്രതിഷ്ഠയും തകർത്തു കളവാൻ തയ്യാറായിരുന്ന ധീരനായ ഒരു യുദ്ധവീരനായിരുന്നു ഗിദയോൻ (ന്യായാ. 6:25). എന്നാൽ അദ്ദേഹം പ്രതിഷ്ഠിച്ച *എഫോദ്* വിഗ്രഹാരാധനയായി. ഗിദയോന്റെ പുത്രനായ അബീമെലേക്ക് (ന്യായാ. 9) ഒരു കനാന്യ പ്രഭുവിനെപ്പോലെ പെരുമാറുന്നു. യിഫ്താഹിന്റെ പുത്രിയെക്കുറിച്ചുള്ള (11:34–40) വിലാപവും അ. 17, 18 ലെ മീഖാവിന്റെ വിഗ്രഹവും, ശീലോവിലെ കന്യകമാരുടെ നൃത്തവും (21:19 മു.) കനാന്യ സ്വാധീനത്തെ കുറിക്കുന്നു.

കൂടാതെ ഇസ്രായേൽ, അയല്ക്കാരിൽനിന്നു വിലയേറിയ പല കാര്യങ്ങൾ പഠിക്കയും ചെയ്തിരുന്ന കാലമായിരുന്നു അതു്. കനാന്യരിൽനിന്നു പ്രധാനമായും വാണിജ്യ സാംസ്കാരിക കലകളും കൃഷിരീതികളും ഫെലിസ്ത്യരിൽ നിന്ന് ഇരുമ്പിന്റെ ഉപയോഗവും മറ്റു പലരിൽനിന്നു രാജത്വത്തിന്റെ പ്രയോജനവും അവർ പഠിച്ചു. എന്നാൽ പില്ക്കാലത്തു രേഖാബ്യരും (യിരെ. 35) നാസീർ വ്രതക്കാരും (സംഖ്യാ. 6) ഈ കടം വാങ്ങലിനെ എതിർത്തു (1 ശമൂ. 8,12 അദ്ധ്യ.). പുരോഗതിക്കായി ഇസ്രായേൽ ആഗ്രഹിക്കുന്നുവെങ്കിൽ സംസ്കാരസമ്പന്നരായ അയല്ക്കാരുടെ പുരോഗമനത്തെപ്പറ്റി അജ്ഞരാവുക അസാദ്ധ്യമായിരുന്നു. ഫെലിസ്ത്യരുടെ മുമ്പിൽ പരാജയപ്പെട്ട ഇസ്രായേല്യനേതാക്കന്മാർ ശമുവേലിനെ സമീപിച്ച് ഒരു രാജാവിനുവേണ്ടി അപേക്ഷിച്ചു (1 ശമൂ. 8:4 മു.). അതു് ഇസ്രായേലിന്റെ രാഷ്ട്രീയ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം ആയിരുന്നു. ഗോത്രങ്ങളുടെ ബന്ധങ്ങൾ അയഞ്ഞ്, സകല രാഷ്ട്രങ്ങളെയും പോലെ ഇസ്രായേൽ ഒരു രാഷ്ട്രമായിത്തീർന്നു ഭരണം തുടങ്ങി എന്നു മാത്രമല്ല, (1 ശമൂ. 8:5) അവരുടെ ജീവിതരീതി ക്രമീകരിക്കയും ചെയ്തു. ഇസ്രായേല്യരുടെ മതപരമായ ആചാരങ്ങൾ എല്ലാം കനാന്യ ആചാരങ്ങളിൽനിന്ന് ഉടലെടുത്തതാണെന്നു ചില പണ്ഡിതന്മാർ കരുതുന്നു. പക്ഷേ അതു ശരിയല്ല. ചിലപ്പോൾ ചില കേന്ദ്രങ്ങളിൽ മാത്രം ആദ്യം ഏൽ ദേവൻ അംഗീകരിക്കപ്പെട്ടതു പോലെ യഹോവയും അംഗീകരിക്കപ്പെട്ടു. പില്ക്കാലത്തു പ്രകൃതിദേവനായും കാർഷിക ദേവനായും ബാലിനെപ്പോലെ യഹോവയും ആയിത്തീർന്നു. ഇസ്രായേല്ക്കാർ തന്നെയും ഏതു ദൈവത്തെയാണ് ആരാധിക്കുന്നതു് എന്നു മറന്നു പോയ സാഹചര്യം ഉണ്ടായിട്ടുണ്ട്. പക്ഷേ യഹോവയുടെ കനാന്യ

38g ദേവന്മാരുമായുള്ള ലയനപ്രക്രിയ **പൂർണമായിരുന്നെങ്കിൽ** ഏലിയാപ്രവാചകനും, ഹോശേയാവും മുഴക്കിയ പ്രതിഷേധസ്വരം ഉണ്ടാവുകയില്ലായിരുന്നു. അതുപോലെ കനാന്യആചാരങ്ങളോടും കാർഷിക ദേവപൂജയോടും അനേകം ഇസ്രായേല്യർക്കുള്ള തീക്ഷ്ണമായ എതിർപ്പും ഉണ്ടാവുകയില്ലായിരുന്നു. ഇപ്രകാരമുള്ള വികാരതീവ്രമായ എതിർപ്പ് ആവർത്തന എഴുത്തുകളിലാണ് ശക്തമായി പ്രകടിപ്പിച്ചിട്ടുള്ളത്. ഈ പ്രതിഷേധ തീക്ഷ്ണതയുടെ ആരംഭം നേരത്തെ തുടങ്ങിയിരുന്നു. മരുപ്രയാണത്തിൽ നിന്ന് ഇസ്രായേൽ പല വിശ്വാസാചാരങ്ങളും കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ഉദാഹരണമായി 1. യഹോവ വിമോചകനും, നായകനുമാണെന്ന വിശ്വാസം. 2. പെസഹാപ്പെരുന്നാളുകൾ. 3. സ്ഥാപനങ്ങൾ (നിയമപെട്ടകവും സമാഗമനകൂടാരവും). 4. നിയമസംഹിതകൾ, പ്രത്യേകിച്ചു സുവ്യക്തമായ അനുശാസനങ്ങൾ. സോപാധിക ശാസനങ്ങളിൽ (പുറ. 21_23), കനാനിലെ വ്യവസ്ഥാപിത ജീവിതത്തിന്റെ അന്തരീക്ഷമാണു കാണുന്നത്. കൂടാതെ ഹമ്മുറാബിയുടെ നിയമസംഹിതയോടുള്ള സാമ്യവും.

39a (ഡ) **ഇസ്രായേലിലെ ആദ്യരാജാക്കന്മാർ.** പ്രഥമ രാജാവായ ശൗൽ അതികായനായ യുദ്ധവീരനായിരുന്നു. ശത്രുക്കളായ ഫെലിസ്ത്യരോടുള്ള യുദ്ധത്തിൽ ഇസ്രായേലിനെ നയിക്കുവാൻ ശൗൽ ഉത്സാഹിച്ചു (1 ശമു. 11:12–15; 14:47–52). ഗിബെയയിലെ കോട്ടയുടെ അവശിഷ്ടങ്ങൾ പരിശോധിച്ചാൽ കനാന്യ ശില്പവിദ്യയുടെ സ്വാധീനം വളരെ പ്രകടമല്ല. എങ്കിലും അക്കാലത്തു വിദേശസ്വാധീനം ഗണ്യമായിട്ടുണ്ടായിരുന്നു. ഇസ്രായേലിലെ ആദ്യപ്രവാചകന്മാർക്കു കനാന്യപ്രവാചകന്മാരിൽ നിന്നു പ്രചോദനം ലഭിച്ചിരിക്കാം (വെൻ–ആമുൺ കഥ നോ.). ഒരുപക്ഷേ അക്കാദിയൻ പ്രവാചക പ്രതിഭാസത്തിന്റെ സ്വാധീനമായിരിക്കാം ലഭിച്ചത്. ശൗലിനെ തീർച്ചയായും കനാന്യർ സ്വാധീനിച്ചിട്ടുണ്ട് (1 രാജാ. 10:1 മു.). ചില പുത്രന്മാർക്കു ബാലിനോടു ചേർന്ന പേരുകൾ നല്കിയിരുന്നു (1 ദിന. 8:33മു.). ശൗൽ വെളിച്ചപ്പാടത്തിയെക്കൊണ്ടു പ്രശ്നം നോക്കി തന്റെ നിയമം സ്വയം ലംഘിച്ചുകളഞ്ഞു (1 ശമു. 28). കൂലിപ്പട്ടാളക്കാരെ സ്വന്തമായി നിയോഗിക്കുന്ന പതിവു ശൗൽ തുടങ്ങി. ദാവീദും ശലോമോനും അതു തുടർന്നു വിപുലമാക്കി. (1 ശമു. 14:52) കനാന്യ, ഫെലിസ്ത്യ ഭരണാധികാരികളുടെ മാതൃകയിൽ.

ദാവീദിനെപ്പററി നമുക്കു കൂടുതൽ ചരിത്രപരമായ അറിവു ലഭ്യമാണ്. 'ദാവീദ്' എന്ന പേരു തന്നെ 'നേതാവ്' എന്നർത്ഥമുള്ള അക്കാദിയൻ പദരൂപമാണ്. കനാന്യ ഏൽ–എല്യോന്റെ ആരാധനാകേന്ദ്രം പിടിച്ചെടുത്താണു ദാവീദ് യെരുശലേം ആരാധനാകേന്ദ്രമാക്കിയത്. നിയമപെട്ടകം അവിടേക്കു കൊണ്ടുവന്ന ആഘോഷങ്ങളിൽ, കനാന്യരീതിയിലുള്ള നൃത്തവും ഉണ്ടായിരുന്നു. അതു ഭാര്യയായ മീഖളിനെ ചൊടിപ്പിച്ചു (2 ശമു. 6:14, 16, 20 മു.). ദൈവാലയം പണിയാനുള്ള ഒരു പുരാതന കനാന്യ പുണ്യസ്ഥലം ദാവീദ് പിടിച്ചെടുത്തതാവാം (2 ശമു. 24). അദ്ദേഹത്തിന്റെ വിശ്വസ്തപുരോഹിതനായ സാദോക്ക് ആദ്യം ഒരു കനാന്യ പുരോഹിതനായിരുന്നുവെന്നു കരുതുന്നവർ ഉണ്ട്. ദാവീദ് യെരുശലേമിനെ കനാന്യരീതിയിലുള്ള ഒരു നഗരരാഷ്ട്രമായി രൂപപ്പെടുത്തി എന്നു തോന്നുന്നു. ദാവീദിന്റെ സംഗീതപാടവം കനാന്യ സംഗീതക്കാരോടു വളരെ കടപ്പാടുള്ളതാവാം. ഇസ്രായേലിലെ പുരാതനസങ്കീർത്തനങ്ങൾ ഈ കാലയളവിൽ രചിക്കപ്പെട്ടതായിരിക്കാം. കനാന്യരോടുള്ള സാഹിത്യപരമായ കടപ്പാടും വളരെയാണ്. അബ്രാഹം
ദശാംശം നല്കിയ മൽക്കീസെദെക്ക് എന്ന പുരോഹി 39a
തരാജാവിന്റെ മാതൃക (ഉത്പ. 14:18 മു.) യിലാണു ദാവീദ് തന്റെ രാജത്വമഹത്വം വർദ്ധിപ്പിക്കുവാൻ ശ്രമിച്ചത്. ദാവീദ് യെബൂസ്യരുടെ സുശക്തമായ പട്ടണം പിടിച്ച ശേഷമായിരിക്കാം സീയോനെപ്പററി, ദൈവത്തിന്റെ അജയ്യമായ ശക്തി ദുർഗം എന്ന ആശയം സ്വീകരിച്ചത് (സങ്കീ. 46, 48 ആ.). തന്റെ അംഗരക്ഷകരുടെ കൂട്ടത്തിൽ ക്രേത്യരും, പ്ലേത്യരും, ഗിത്യരും (2 ശമു. 15:18, 20:7) ഉണ്ടായിരുന്നു. അവർ വിശ്വസ്ത ദാസന്മാരുമായിരുന്നു. കൂടാതെ ഈജിപ്പിന്റെയും ഫെയ്നീക്യയുടെയും മാതൃകയിൽ അനുദ്യോഗസ്ഥസംഘവും അദ്ദേഹത്തിനുണ്ടായിരുന്നു.

ശലോമോൻ രാജാവായപ്പോൾ വിദേശീയരുടെ സ്വാധീനം വർദ്ധിക്കുവാനായിരുന്നു സാദ്ധ്യത. വിജ്ഞാനകുതുകിയായ അദ്ദേഹത്തെ പണ്ഡിതന്മാരുമായി (1 രാജാ. 4:31 ൽ) താരതമ്യപ്പെടുത്തിയിട്ടുണ്ട്. ഈജിപ്തിന്റെ സ്വാധീനവും ഒട്ടും കുറവായിരുന്നില്ല. യാഹ്വെ വിശ്വാസികളുടെ വിവരണങ്ങളിൽ(ഉത്പ. 2–11–ൽ) കനാന്യ ജീവിതരീതിയുടെ സൂചനകൾ അവ്യക്തമായി കാണുവാൻ സാധിക്കും. ശലോമോൻ നിർമ്മിച്ച ദൈവാലയത്തിന്റെ പ്ലാനും ശില്പകലയും സിറിയൻ മാതൃകകളോടു സാമ്യം വഹിക്കുന്നു. അതിനുള്ളിലെ സാധനസജ്ജീകരണങ്ങളും അലങ്കാരങ്ങളും ഫെയ്നീക്യസ്വാധീനം സൂചിപ്പിക്കുന്നു. ഈജിപ്തിലെയും ബാബിലോണിലെയും സ്വാധീനവും ഇല്ലാതില്ല. ഭരണസൗകര്യാർത്ഥം രാജ്യത്തെ പ്രവിശ്യകളായി വിഭജിച്ചത് (1 രാജാ. 4) ഈജിപ്ത് മാതൃകയിലായിരുന്നു. മററല്ലാ ഇസ്രായേല്യ രാജാക്കന്മാരെക്കാളും അധികമായി ശലോമോൻ ഫെയ്നീക്യ മാതൃകയിൽ ഒരു വാണിജ്യസാമ്രാജ്യം കെട്ടിപ്പടുത്തു. ഈജിപ്ത്, സിറിയ, ഫെയ്നീക്യ, കിലിക്യ, അറേബ്യ മുതലായ രാജ്യങ്ങളുമായി വ്യാപാരബന്ധം സ്ഥാപിച്ചിരുന്നു. 'തർശ്ശീശ്കപ്പലുകൾ' എന്നതിന്റെ വ്യാപ്തി ഇതുവരെ വ്യക്തമായിട്ടില്ല.

ചരിത്രകാരന്മാർക്കു, ശലോമോന്റെ ഐതിഹാസിക വിജ്ഞാനത്തെപ്പററി മതിപ്പുണ്ടായിരുന്നെങ്കിലും വിദേശസ്ത്രീകളുമായുള്ള വേഴ്ചയിൽ അദ്ദേഹം തൃപ്തനായിരുന്നു (1 രാജാ. 3:1; 2:7–9; 11:1–3). ഭാര്യമാർ അദ്ദേഹത്തെ അന്യദേവാരാധനയിലേക്കു നയിച്ചു (9:4–9; 11:4–11). ശലോമോൻ യഹോവയെ ഉചിതമായ രീതിയിൽ ആരാധിക്കുവാൻ ഉദ്ദേശിച്ചിരുന്നു. ദൈവാലയം പണിയുന്നതിൽ ശലോമോൻ പ്രകടിപ്പിച്ച അഭിനിവേശം അതു പ്രകടമാക്കുന്നു (1 രാജാ. 6–8). എന്നാൽ മററു ഭരണാധികാരികളോടും അവരുടെ ദേവന്മാരോടും ഉററബന്ധം പുലർത്തുന്നതു രാഷ്ട്രീയമായി ആവശ്യമായിരുന്നു. വിദേശബന്ധങ്ങളും മററും തന്റെ പിൻഗാമികൾക്കു പ്രശ്നം സൃഷ്ടിക്കുന്നതായിരുന്നു.

## V. വിഭജിത രാഷ്ട്രങ്ങൾ–B. C.–920–586

(ക) **ഈജിപ്ത്, സിറിയ–പുനരുജ്ജീ** b
**വനം.** ഏകദേശം മുന്നൂറു വർഷത്തോളം ഇസ്രായേൽ, അതിർത്തിക്കപ്പുറത്തുള്ള വൻശക്തികളുടെ ഇടപെടൽ ഒന്നും അനുഭവിച്ചില്ല. എന്നാൽ ആ കാലഘട്ടം അവസാനിച്ചു. ശലോമോന്റെ ഭരണകാലത്തു് ഇസ്രായേലിന്റെ അതിരുകൾ യൂഫ്രട്ടീസ് വരെയും വ്യാപിച്ചിരുന്നു (1 രാജാ. 4:24). എന്നാൽ വടക്കുണ്ടായ ഒരു വിപ്ളവം മൂലം ദമസ്കൊസ് ഇസ്രായേലിനു നഷ്ടപ്പെട്ടു (1 രാജാ. 11:23 മു.). തെക്ക് ആകട്ടെ ഏദോം രാജാവ് ഇസ്രായേലിൽ നിന്നു സ്വാ

39b സംസ്ഥാനം വീണ്ടെടുത്തു (11:14 മു.). എന്നിരുന്നാലും എസിയോൻ ഗേബർ ശലോമോന്റെ അധീനതയിലായിരുന്നു. തർശീശ് എന്ന പദം അവിടത്തെ ചെമ്പു വ്യവസായത്തെ സൂചിപ്പിക്കുന്നു എന്നു ചില പണ്ഡിതന്മാർ കരുതുന്നു. ഇസ്രായേലുമായി സുഹൃദ്ബന്ധത്തിൽ കഴിഞ്ഞിരുന്നു എങ്കിലും, സ്വന്തം സമ്പദ്സമൃദ്ധിയിൽ ഈജിപ്തിനു താത്പര്യം ഉണ്ടായിരുന്നു. ശലോമോന്റെ രാഷ്ട്രീയ എതിരാളികൾക്ക് അവർ പലപ്പോഴും അഭയം നല്കിയിരുന്നു (1 രാജാ. 11: 14–22; 11:40). പ്രവാചകന്റെ പിൻതുണയോടുകൂടി രാജ്യത്തിന്റെ വടക്കു മുഴുവനും കൈക്കലാക്കി ഭരിച്ചു യെരോബെയാം ഈജിപ്തിൽ നിന്നാണു ശലോമോന്റെ മരണാനന്തരം മടങ്ങിവന്നു രാജ്യം കയ്യടക്കിയതു്. തെക്കു രണ്ടു ഗോത്രങ്ങൾ മാത്രം ശലോമോന്റെ മകനായ രെഹബെയാമിനു ലഭിച്ചു (1 രാജാ. 12:1–20). ബെഥേലിലും, ദാനിലും കാളക്കുട്ടികളെ പ്രതിഷ്ഠിച്ചു പുരാതന കനാന്യ പാരമ്പര്യങ്ങളെ പുതുക്കി (പുറ. 32, ന്യായാ. 18; 19:30) കനാന്യ പ്രജകളെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുകയായിരുന്നിരിക്കാം. രെഹബെയാമിന്റെ മതപരമായ ആചാരങ്ങളും വിഗ്രഹാരാധനാപരമായിരുന്നു (1 രാജാ. 14:21–24). ഇസ്രായേലിനും യെഹൂദയ്ക്കും എതിരായി ഈജിപ്തിന്റെ ഗൂഢാലോചനയും ഫറവോൻ നെക്കോ (ശീശക്ക്—1 രാജാ. 14:25 മു.) യുടെ ആക്രമണം നടന്നതും ഇക്കാലത്താണ്. കർനാക്ക് ലിഖിതങ്ങളും ഖനനഗവേഷണങ്ങളും സ്ഥിരീകരിക്കുന്നതുപോലെ ഈ ആക്രമണം മെഗിദ്ദോവിലും, മറ്റു സ്ഥലങ്ങളിലും വളരെയധികം നാശനഷ്ടങ്ങളുണ്ടാക്കി. 2 ദിന. 14:9–15–ൽ യെഹൂദ്യയുടെ നേരെ വേറെ ഒരാക്രമണം ദക്ഷിണ ദിക്കിൽ നിന്നു് (എത്യോപ്യയോ, അറേബ്യയോ ആകാം.) ഉണ്ടായതായി രേഖപ്പെടുത്തിയിരിക്കുന്നു.

B. C. 880–നോടടുത്തു ബാശായുടെ ഭരണകാലത്തു് സിറിയായിലെ ബെൻഹദദിന്റെ ശക്തി ഗലീലയിലും ഉത്തരയോർദാനിലും അനുഭവപ്പെട്ടു.

c (b) **B. C. 9–ാം നൂറ്റാണ്ടിലെ ഫൊയ്നീക്യാ സ്വാധീനം.** B. C. 876–ൽ ഒമ്രി ഇസ്രായേലിൽ രാജാവായി. തുടർന്നു സോരുമായി ഒരു കരാറുണ്ടാക്കി. ഒമ്രിയുടെ മകനായ ആഹാബ് സോരിലെ രാജകുമാരിയായ ഈസേബെലിനെ വിവാഹം ചെയ്തു. ശലോമോനെപ്പോലെ ഒമ്രിയും ഫൊയിനീക്യശില്പികളെക്കൊണ്ടു പുതിയ തലസ്ഥാനമായ ശമര്യ പണിയിച്ചുവെന്നു ഗവേഷണങ്ങൾ തെളിയിക്കുന്നു. യുദ്ധത്തിൽ സമർത്ഥനായിരുന്ന ഒമ്രി മോവാബിനെ കീഴടക്കിയതായി മോവാബ്യശിലാലിഖിതങ്ങൾ സാക്ഷ്യം വഹിക്കുന്നു (28 g നോ). അതുപോലെതന്നെ സിറിയയുമായി അദ്ദേഹം മാന്യമായ ഒരു ഉടമ്പടിയുണ്ടാക്കി. അസ്സീറിയരാജാക്കന്മാർ, ഒമ്രിയെ ബഹുമാനിച്ചിരുന്നുവെന്നുള്ളതിനു തെളിവാണ് ഒമ്രിയുടെ രാജവംശം എന്നു് ഇസ്രായേലിനെക്കുറിച്ചുള്ള പരാമർശം.

ആഹാബിന്റെ ഭരണകാലത്തു് ഇസ്രായേലും ഫൊയ്നീക്യരുമായുള്ള ബന്ധം കൂടുതൽ ദൃഢതരമായി. ഏലിയാപ്രവാചകൻ പ്രതിഷേധിച്ചിട്ടും (1 രാജാ. 17–19) ഈസേബെലിന്റെ നേതൃത്വത്തിലുള്ള ബാൽ-മെൽക്കാട്ടിന്റെ ആരാധന ഇസ്രായേലിൽ പ്രബലപ്പെട്ടു. ആഹാബിന്റെ ദന്തനിർമിതമായ അരമന (1 രാജാ. 22:39; ആമോ. 3:15) ഫൊയ്നീക്യ ശില്പമാതൃകയിലായിരുന്നു. B. C. 853-ൽ നടന്ന ഖാർക്കാർ യുദ്ധത്തിൽ (Battle of Quarqur) അസ്സീറിയയ്ക്കെതിരായി ആഹാബും ചേർന്നു. പതിനായിരം കാലാളും രണ്ടായിരം രഥങ്ങളും
39c ശേഖരിച്ചു യുദ്ധത്തിനു കോപ്പുകൂട്ടിയെന്നു് അസ്സീറിയൻ രേഖകൾ സാക്ഷ്യം വഹിക്കുന്നു. ഇതു വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ സംരംഭം അസ്സീറിയൻ മുന്നേറ്റത്തെ കുറെക്കാലത്തേക്കു ചെറുത്തുനില്ക്കുവാൻ സഹായിച്ചു.

ഈസേബെൽ സംപുഷ്ടമാക്കിയതും ആഹാബ് അനുവദിച്ചതുമായ ആരാധനാരീതി സ്പഷ്ടമായ കനാന്യ സമ്പ്രദായത്തിലുള്ളതായിരുന്നു. കർമേൽ പർവ്വതത്തിൽ ഏലിയാപ്രവാചകന്റെ ചരിത്രപ്രസിദ്ധമായ എതിർപ്പിനു് അതിടയാക്കി. ഇസ്രായേലിനു് ഏതു തിരഞ്ഞെടുക്കണമെന്നു നിശ്ചയമില്ലായിരുന്നു. അവർ ഇരുതോണിയിൽ കാൽ വയ്ക്കുന്നവരാണെന്നു പ്രവാചകൻ പറഞ്ഞു (1 രാജാ. 18:21). ബാൽ ആരാധനയ്ക്കു രാജപിൻതുണയുണ്ടായിരുന്നു. ഒരു ചെറിയ കൂട്ടം മാത്രം യഹോവയോടു വിശ്വസ്തരായി നിന്നു.

d (c) **അസ്സീറിയായുടെ മുന്നേറ്റം–ഇസ്രായേലിന്റെ പുനരുദ്ധാരണം** (B. C. 841–745). അഷ്ഷുർബാനിപാലിന്റെ കാലം (B. C. 885-860) മുതൽ അസ്സീറിയാ പടിഞ്ഞാറുള്ള അയൽരാജ്യങ്ങളെ ആക്രമിച്ചുകൊണ്ടിരുന്നു. വിലപ്പെട്ട വിഭവങ്ങൾ ലഭിക്കുന്നതിനും ഈജിപ്തിലേക്കു വഴി തുറന്നിടുന്നതിനുമായിരിക്കാം ഈ ആക്രമണങ്ങൾ നടത്തിയതു്. ഖാർക്കാർ യുദ്ധത്തിനുശേഷം കുറെക്കാലത്തേക്കു പാശ്ചാത്യരാഷ്ട്രങ്ങൾക്കു് ഉപദ്രവങ്ങൾ ഒന്നും ഉണ്ടായില്ല. എന്നാൽ പിന്നീടു ഹസായേലിന്റെ നേതൃത്വത്തിൽ സിറിയാ ഇസ്രായേലിനെ ആക്രമിച്ചു് (2 രാജാ. 10:32 മു.) യോർദാന്റെ കിഴക്കുള്ള വിശാലമായ പ്രദേശങ്ങൾ കൈവശമാക്കി. യെഹോവാശിന്റെ കാലം വരെയും ഈ മർദനം തുടർന്നു കൊണ്ടിരുന്നു. ചിലപ്പോഴെല്ലാം ഇസ്രായേലിനു പ്രത്യാക്രമണം നടത്താനും അവസരം കിട്ടി (2 രാജാ. 13:10 മു.). തുടർന്നു ശൽമനെസർ III–ാമന്റെ (B. C. 841) കീഴിൽ അസ്സീറിയാ ആക്രമണം ആരംഭിച്ചു. B. C. 841–ലെ പര്യടനത്തിൽ സോർ, സീദോൻ, 'ഒമ്രിയുടെ മകനായ യേഹൂ' ഇവരെല്ലാം അസ്സീറിയായ്ക്കു കപ്പംകൊടുക്കുവാൻ നിർബന്ധിതരായി (നിംറോദിലെ കറുത്ത ശിലാഫലകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു). B. C. 804–ൽ അസ്സീറിയായിലെ അദാദ്–നിരാരി സിറിയായിൽ നടത്തിയ കടുത്ത ആക്രമണം അതിനെ ബലഹീനമാക്കി. അതുകൊണ്ടു കുറെ നാളത്തേക്ക് ഇസ്രായേൽ സ്വസ്ഥമായിരുന്നു. തുടർന്നുള്ള അറുപതു വർഷക്കാലം ഈ സമാന്തരരാഷ്ട്രങ്ങളെ ശരിയായി അടക്കിഭരിക്കാൻ അസ്സീറിയായ്ക്കു കഴിയാതെവണ്ണം ആന്തരിക ചേരിതിരിവുകളും, അതിർത്തി സംഘട്ടനങ്ങളും രൂക്ഷമായിരുന്നു.

B. C. 785–745 വരെയുള്ള കാലഘട്ടത്തിൽ ഇസ്രായേൽ സിറിയായിലെ ഹാമാത്തു വരെയും (2 രാജാ. 14:28) യെഹൂദ്യ, ഫെലിസ്ത്യ സമതലവും, യോർദാനു് അക്കരെ ഏതാനും പ്രദേശങ്ങളും എസ്സിയോൻ–ഗേബർ വരെയുള്ള (ഏലാത്തു്) നെഗബ് പ്രദേശങ്ങളും കൈവശപ്പെടുത്തി രാജ്യം വിസ്തൃതമാക്കി (2 ദിന. 26:6). ഫൊയ്നീക്യൻ പട്ടണങ്ങളുമായുണ്ടായിരുന്ന വാണിജ്യബന്ധം ധനസമൃദ്ധിക്കു കാരണമായി. ഇക്കാലത്തു് ഇസ്രായേലിന്റെ ഉത്തരാതിർത്തിയിൽ പൊന്തിനിന്ന അപകടത്തെപ്പറ്റി ആമോസും ഹോശേയായും ബോധവാന്മാരായിരുന്നു. അവർ പ്രസ്തുത സന്ദർഭത്തിൽ അസ്സീറിയായുടെ കൂടെ ഈജിപ്തിനെപ്പറ്റിയും പരാമർശിക്കുന്നു.

e (d) **ഉത്തരഇസ്രായേലിനെ അസ്സീറിയ പിടിച്ചടക്കുന്നു.** (B. C. 745–715). B. C. 745–ൽ തിഗ്ലത്തു്

39e പിലേസർ III-ാമൻ (പൂൽ) അസ്സീറിയായിൽ സിംഹാസനാരോഹണം ചെയ്തപ്പോൾ മുതൽ, പാശ്ചാത്യസാമ്രാജ്യത്തിന്മേലുള്ള അവകാശവാദം പുനരുജ്ജീവിപ്പിച്ചു. ഉത്തരദിക്കിൽ അപകടശക്തിയായിരുന്ന ഉറാർത്തുവിനെ തകർത്തു. മേദ്യർ തോല്പിക്കപ്പെട്ടു. അങ്ങനെ പടിഞ്ഞാറോട്ട് മുന്നേറുവാനുള്ള പാത തുറന്നു. 745-ൽ സിറിയായുടെ നേരെ നടത്തിയ ആക്രമണം മൂലം പല രാജ്യങ്ങളിൽനിന്നു കപ്പം ലഭിക്കുന്നതിൽ വിജയിച്ചു. പിന്നീട് നടത്തിയ ആക്രമണം ചെറുത്തുനിന്നത് 'അസ്രിയാ യായൂദി' (Azriau of Yaudi) യുടെ നേതൃത്വത്തിലുള്ള ഒരു സഖ്യസൈന്യമായിരുന്നു. ഇത് ഒരുപക്ഷേ വടക്കേ സിറിയായിലുള്ള അരമേയ രാജ്യത്തെയായിരിക്കാം സൂചിപ്പിക്കുന്നത്. എന്നാൽ യെഹൂദയിലെ അസര്യാവിനെക്കുറിച്ചുള്ള സൂചനയായിരിക്കുമെന്നു മറ്റു പണ്ഡിതന്മാരും കരുതുന്നു. അസര്യാവിന്റെ പിൻഗാമിയായ മെനഹേം (745–738) അസ്സീറിയായ്ക്കു കപ്പം കൊടുക്കാൻ നിർബന്ധിതനായി. എന്നാൽ പേക്കഹ് എതിർത്തു. ദമസ്കൊസിലെ രാജാവായ രസീനുമായി അസ്സീറിയായ്ക്കെതിരെ അദ്ദേഹം കൂട്ടുകെട്ടുണ്ടാക്കി. യെഹൂദ്യയിലെ യോഥാമിനെയും ഈ സഖ്യത്തിൽ ചേരുവാൻ പ്രേരിപ്പിച്ചു (2 രാജാ. 15:37). എന്നാൽ സ്വന്തം മാർഗം സ്വീകരിക്കാൻ യെഹൂദാ തീരുമാനിച്ചു. യോഥാമിന്റെ മകനായ ആഹാസിനു സിറിയാ– ഇസ്രായേൽ സഖ്യകക്ഷിയുടെ ആക്രമണം വടക്കും, എദോമ്യരുടെ വിപ്ലവം തെക്കും, ഫെലിസ്ത്യരുടെ എതിർപ്പു പടിഞ്ഞാറും നേരിടേണ്ടിവന്നു (2 രാജാ. 16:5, 6,17). യെശയ്യാ പ്രവാചകന്റെ പ്രതിഷേധം ഉണ്ടായിട്ടും (യെശ. 7:1–8;18) പോംവഴി കാണാത്തതുകൊണ്ട് ആഹാസ് അസ്സീറിയായോടു സഹായത്തിനപേക്ഷിച്ചു (2 രാജാ. 16:7മു.). അധികം താമസിയാതെ തിഗ്ലാത്ത്–പിലേസ്സർ സഖ്യകക്ഷികളെ ആക്രമിച്ചു തോല്പിച്ചു. (B.C. 734), ഫെലിസ്ത്യരെ കീഴടക്കി. യെഹൂദ്യക്കു ഭാരിച്ച കപ്പം ചുമത്തുകയും ചെയ്തു. കൂടാതെ ഈജിപ്ത്യൻ സഹായം തേടാതവണ്ണം യെഹൂദ്യയുടെ തെക്കേ അതിർത്തി അസ്സീറിയ സുരക്ഷിതമാക്കി. അടുത്ത വർഷം ഇസ്രായേലിന്റെ വടക്കും കിഴക്കുമുള്ള പ്രദേശങ്ങൾ കീഴടക്കി. അവിടെ മൂന്ന് അസ്സീറിയൻ പ്രവിശ്യകൾ രൂപീകരിക്കുകയും, ജനങ്ങളെ പ്രവാസികളായി കൊണ്ടുപോവുകയും ചെയ്തു. പേക്കഹിന്റെ ഘാതകനായ ഹോശേയ (2 രാജാ. 15:30) സിംഹാസനം കരസ്ഥമാക്കുകയും (B.C. 732–724) അസ്സീറിയായ്ക്കു കപ്പം കൊടുക്കുകയും ചെയ്തു. അസ്സീറിയ ദമസ്കോസ് നശിപ്പിച്ചു നിവാസികളെ അടിമകളായി കൊണ്ടുപോയി (അസ്സീറിയൻ ലിഖിതങ്ങൾ നോക്കുക, 2 രാജാ. 16:9).

f തിഗ്ലാത്ത്–പിലെസർ മരിച്ച്, ശൽമനെസ്സർ IV–ാമൻ രാജാവായപ്പോൾ (B.C. 727) ഹോശേയാ കപ്പം നിർത്തുകയും ഈജിപ്തുമായി കൂടിയാലോചിക്കുകയും ചെയ്തു (2 രാജാ. 17) 724–ൽ ശൽമനേസ്സർ ശമര്യ ആക്രമിച്ച് ഹോശെയായെ തടവുകാരനാക്കി. നിരോധനം മൂന്നു വർഷം നീണ്ടുനിന്നു. അവസാനത്തിൽ സർഗോൻ II–ാമൻ B. C. 721–ൽ പട്ടണം കീഴടക്കി (2 രാജാ. 17:1മു.). ശമര്യയെ അസ്സീറിയായുടെ ഭാഗമാക്കി. ജനങ്ങളെ മെസൊപ്പൊത്താമ്യായിലേക്കു നാടുകടത്തി. ബാബിലോൺ, ഹാമാത്ത് മുതലായ പ്രദേശങ്ങളിൽനിന്നു അടിമകളായി പിടിക്കപ്പെട്ടവരെ ഇസ്രായേലിൽ കുടിപാർപ്പിച്ചു (2 രാജാ. 17:24 മു.). തുടർന്നുള്ള വർഷങ്ങളിൽ വിപ്ലവശ്രമങ്ങൾ നടന്നു. പക്ഷേ വടക്കേരാജ്യം നിശ്ശേഷം നശിപ്പിക്കപ്പെടുകയും ഒരു സങ്കരജനത രൂപം പ്രാപിക്കുകയും ചെയ്തു.

39g (e) **ഹിസ്കീയാവും അസ്സീറിയായും** B.C. 715–687). ഇസ്രായേലിന്റെ നാശം ആസന്നമായപ്പോൾ, യെഹൂദയും, അസ്സീറിയയ്ക്ക് ഭാരിച്ച കപ്പം നല്കേണ്ടിവന്നു. അതിനുവേണ്ടി ദൈവാലയ ഭണ്ഡാരത്തിൽനിന്നു ധാരാളം ധനം വിനിയോഗിച്ചു (2 രാജാ. 16:7,8,17) 714–713-ൽ പലസ്തീനിൽ അസ്ദോദ് ഉൾപ്പെടെ പല രാഷ്ട്രങ്ങളും മത്സരിച്ചു. അവർ യെഹൂദയെ കൂട്ടിനു ക്ഷണിച്ചു. എന്നാൽ യെശയ്യാവ് നിഷ്പക്ഷമായിരിക്കാൻ യെഹൂദയെ ഗുണദോഷിച്ചു (യെശ. 18:20). ആഹാസിന്റെ പിൻഗാമിയായ ഹിസ്കീയാവ് നിഷ്പക്ഷത പാലിച്ചതായി തോന്നുന്നു. എന്നാൽ അസ്സീറിയൻ രേഖകൾ ഹിസ്കീയാവ് കീഴടങ്ങിയതായി അവകാശപ്പെടുന്നു.

ഹിസ്കീയാവ് തക്ക അവസരം പാർത്തുകൊണ്ടിരുന്നു. 704-ൽ സർഗോൻ രണ്ടാമൻ നിര്യാതനായപ്പോൾ സൻഹേരീബ് സ്ഥാനാരോഹണം ചെയ്തു. വിപ്ലവങ്ങൾ അങ്ങിങ്ങായി പൊട്ടിപ്പുറപ്പെട്ടു. ഫൊയ്നീക്യയും പലസ്തീൻ രാഷ്ട്രങ്ങളും ഹിസ്കീയാവും മത്സരിച്ചു. ഈജിപ്തുമായി ഒരു സഖ്യം ഉണ്ടാക്കുവാൻ ശ്രമിച്ചു (യെശ. 30:1–7, 31:1–3). യെരൂശലേമിന്റെ പ്രതിരോധസംവിധാനങ്ങൾ കൂടുതൽ ശക്തമാക്കി (2 ദിന. 32:3 മു.). ശിലോഹാം കല്പാത്തി നിർമിച്ചു പട്ടണത്തിലേക്കുള്ള ജലധാര മെച്ചപ്പെടുത്തി (2 രാജാ. 20:20, ശിലോഹാം ലിഖിതങ്ങൾ കാണുക). B.C. 701–ൽ സൻഹേരീബ് ആക്രമണത്തിനു തയ്യാറായി. അദ്ദേഹം സോർ കീഴ്പ്പെടുത്തി. അവരുടെ വാണിജ്യമേൽക്കോയ്മ അവസാനിപ്പിച്ചു. ഒരു ഈജിപ്ത്യൻ സൈന്യത്തെ തോല്പിക്കുകയും നാല്പത്താറു യെഹൂദാനഗരങ്ങൾ കുപ്പക്കുന്നാക്കി അതിലെ നിവാസികളെ നാടുകടത്തുകയും ചെയ്തു (2 രാജാ. 18:13മു., സൻഹേരീബിന്റെ ചരിത്രരേഖ കാണുക). ലാഖീശിൽ നടത്തിയ ഖനനഗവേഷണങ്ങൾ അവിടെ നടന്ന നാശങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു. 'അവനെ (ഹിസ്കീയാവിനെ) കൂട്ടിലിട്ട കിളിയെപ്പോലെ ഞാൻ അവന്റെ രാജധാനിയായ യെരൂശലേമിൽ അടച്ചു' എന്നു സൻഹേരീബു തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. അവസാനം ഹിസ്കീയാവു കീഴടങ്ങി. ദൈവാലയത്തിലെ പണമെടുത്തു കപ്പം കൊടുത്തു. യെഹൂദയിലെ സ്ഥലങ്ങളും നഷ്ടമായി (2 രാജാ. 18:14–16).

അതിനുശേഷം എന്തു സംഭവിച്ചു എന്നു വ്യക്തമല്ല. ചില പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം 701–ലെ ആക്രമണത്തിനു ശേഷമുള്ള കാലഘട്ടത്തെ വിവരിക്കുന്ന ഭാഗമായിരിക്കും 2 രാജാ. 18:17–19:37. ഇതര പട്ടണങ്ങളോടൊപ്പം ഹിസ്കീയാവും അസ്സീറിയായ്ക്കെതിരായി മത്സരിച്ചു. അവയിൽ പലതും അധികം താമസിയാതെ അടിച്ചമർത്തപ്പെട്ടു. സൻഹേരീബു തന്റെ പ്രധാന ഉദ്യോഗസ്ഥന്മാരെ അയച്ചു ഹിസ്കീയാവു കീഴടങ്ങാൻ ആവശ്യപ്പെട്ടു. എന്നാൽ യഹോവ യെരൂശലേമിനെ വിടുവിക്കുമെന്നു ധൈര്യം നല്കിയതിനാൽ ഹിസ്കീയാവ് ഒന്നും ചെയ്തില്ല (2 രാജാ. 19:35 മു., യെശ. 37:21മു.). അസ്സീറിയൻ സൈന്യം എന്തോ പകർച്ചവ്യാധി ഉണ്ടായതിനാലോ സാമ്രാജ്യത്തിന്റെ കിഴക്കുഭാഗത്തു വിപ്ലവങ്ങൾ പൊട്ടിപ്പുറപ്പെട്ടതിനാലോ പിൻവാങ്ങുന്നതിനിടയായി (2 രാജാ. 19:35മു. യെശ. 37:36മു). എന്നാൽ മറ്റു ചില പണ്ഡിതന്മാർ ഈ സംഭവങ്ങൾ B.C. 690–689 നോടടുത്തു സംഭവിച്ചതായി കരുതുന്നു. അപ്പോൾ ബാബിലോൺ മത്സരിച്ചതായി നമുക്കറിയാം. ഈജിപ്ത് സഹായം നല്കുവാൻ തക്കവണ്ണം ശക്തമായിരുന്നു താനും.

39h (f) **യെഹൂദായുടെ അന്ത്യദിനങ്ങൾ.** അസ്സീറിയയുടെ പതനവും ബാബിലോണിന്റെ ഉത്ഥാനവും (B. C. 687–587).

B. C. 587–ൽ ഹിസ്കിയാവിന്റെ മരണശേഷം അസ്സീറിയായുടെ പ്രതാപം അതിന്റെ പാരമ്യത്തിലെത്തി. തുടർന്നു വടക്കു സിറിയർ, സുമേര്യർ, വടക്കുകിഴക്കു മേദ്യർ, തെക്കു ബാബിലോണ്യർ മുതലായവരുടെ ആക്രമണത്താൽ അസ്സീറിയാ ക്ഷയിച്ചു. എന്നാൽ അതിനുമുമ്പു B. C. 671–ൽ ഏസെർ–ഹദ്ദോൻ, ഈജിപ്തിനെ കീഴടക്കി. പിൻഗാമിയായ അശ്ശൂർ—ബാനിപാൽ അവിടത്തെ മത്സരങ്ങൾ അടിച്ചമർത്തുകയും ചെയ്തു.

ഹിസ്കിയാവിനുശേഷം B. C. 642–ൽ രാജാവായ മനശ്ശെ മരണംവരെ അസ്സീറിയായ്ക്കു വിധേയപ്പെട്ടിരുന്നു. മനശ്ശെയുടെ വിധേയത്വത്തിൽ സംശയാലുവായ അസ്സീറിയാ അദ്ദേഹത്തെ തടവുകാരനാക്കിയതാവാം 2 ദിന. 33:11–ൽ പരാമർശിച്ചിരിക്കുന്നത്. മനശ്ശെയുടെ കനാന്യ–അസ്സീറിയാ പ്രേമം അതിരു കവിഞ്ഞതായിരുന്നു. ആഭിചാരം, നരബലി, അശേരാപ്രതിഷ്ഠ, ഇത്യാദി ജുഗുപ്സാവഹമായ എല്ലാ വിജാതീയാചാരങ്ങളും അയാൾ തുടങ്ങി. യഹോവാ ഭക്തന്മാരെ പീഡിപ്പിച്ച് കുററമില്ലാത്ത രക്തം ചിന്തി (2 രാജാ. 21:3–7,16). യെഹൂദായുടെ ഏററവും നീചനായ രാജാവായിരുന്നു മനശ്ശെ എന്നു രാജാക്കന്മാരുടെ പുസ്തകത്തിൽ കാണുന്നു (2 രാജാ. 21:9 മു. 24:3).

ഏസെർ—ഹദ്ദോൻ (B. C. 681–668), അശ്ശൂർ ബാനിപാൽ (669–633) എന്നീ രാജാക്കന്മാരുടെ കാലത്തു രാജ്യാതിർത്തികൾ വിസ്തീർണപ്പെടുത്തി. ഗുരുതരമായ വിപ്ളവ ഭീഷണികൾക്കു വിരാമം ഇട്ടു. 648–ൽ ബാബിലോൺ പിടിച്ചടക്കി. 640–ൽ ഏലാമിനെ തോല്പിച്ചു. എന്നാൽ പിൻഗാമികൾ ബലഹീനരായിരുന്നു. 625–ൽ സ്യാർക്സസ് മേദ്യരാജാവായപ്പോൾ കൽദായരാജാവായ നെബോപൊലാസ്സർ ബാബിലോണിനു സമീപത്തുവച്ച് അസ്സീറിയായെ തോല്പിച്ചു. ഇത് അവർക്കെതിരായ ചുവരെഴുത്തായിരുന്നു. ഈ സന്ദർഭത്തിൽ മേദ്യ, അസ്സീറിയായെ സഹായിക്കാനെത്തിയെങ്കിലും അസ്സീറിയായ്ക്കു ചെറുത്തുനില്ക്കാൻ കഴിഞ്ഞില്ല. 614–ൽ മേദ്യർ അസ്സീറിയ പിടിച്ചടക്കി. 612–ൽ കൽദായർ അസ്സീറിയായുടെ തലസ്ഥാനമായ നീനെവേ കീഴടക്കി. 610–ൽ ഹാരാനിലേക്കു പ്രയാണം ചെയ്ത അസ്സീറിയൻ സേനകളും നശിപ്പിക്കപ്പെട്ടു.

അസ്സീറിയൻ സാമ്രാജ്യത്തിന്റെ അവസാനത്തെ 30 വർഷങ്ങളിൽ യെഹൂദ്യരാജാവായ യോശീയാവു (B. C. 640–609). ധീരോദാത്തമായ ഒരു സ്വാതന്ത്ര്യസമരം നടത്തി. യോശീയാവിന്റെ നവീകരണത്തിലൂടെ അസ്സീറിയൻ കനാന്യ ആരാധനാ വസ്തുക്കളും അതിനു നേതൃത്വം കൊടുത്തവരും, സംവിധാനങ്ങളും യെഹൂദ്യയിൽനിന്നും ഇസ്രായേലിൽനിന്നും നീക്കം ചെയ്യുന്നതിനു സാധിച്ചു.

i B. C. 609 ൽ, ഈജിപ്തിലെ ഫറവോ നെഖോ രണ്ടാമൻ അസ്സീറിയയെ സഹായിക്കാൻ വടക്കോട്ടു വന്നു. വരാവുന്ന ഈജിപ്ത്—അസ്സീറിയാ ശക്തിയെ ഭയന്നു യോശീയാവ് ഫറവോയുമായി ഏററുമുട്ടി (2 രാജാ. 23:28; 2 ദിന. 35:20 മു.). പക്ഷേ അദ്ദേഹം കൊല്ലപ്പെട്ടു. അനന്തരഗാമിയായ യഹോവാഹാസിനു പകരം ഫറവോ യെഹോയാക്കീമിനെ രാജാവാക്കി. വമ്പിച്ച തുക പിഴയായി ഈടാക്കുകയും ചെയ്തു. B. C. 605–ൽ ബാബിലോൺ ഈജിപ്തിനെ രണ്ടു പ്രാവശ്യം തോല്പിച്ചു. പിറേറ വർഷം ബാബിലോണിലെ യുവരാജാവായ നെബൂഖദ്നേസ്സർ തെക്കോട്ടു മുന്നേറി. യെഹോയാക്കീം കീഴടങ്ങി. പക്ഷേ 601–ൽ വീണ്ടും എതിർത്തു (2 രാജാ. 24:1). 598–ൽ നെബൂഖദ്നേസ്സർ യെരുശലേമിനെ നിരോധിച്ചപ്പോൾ യെഹോയാക്കീം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തു. മകനായ യെഹോയാഖീമിനെയും കുടുംബത്തെയും ബാബിലോണിലേക്കു കൊണ്ടുപോയി. ഈ ആക്രമണത്തിൽ അനേകംപേർ തടവുകാരായി പിടിക്കപ്പെട്ടതുകൊണ്ടും ഭയങ്കരമായ നാശനഷ്ടങ്ങൾ മൂലവും പ്രവിശ്യകൾ നഷ്ടപ്പെട്ടതുകൊണ്ടും യെഹൂദ മിക്കവാറും തകർന്നു (2 രാജാ. 24:10 മു.). 39i

യെഹൂദ്യയിലെ ഒടുവിലത്തെ രാജാവായ സിദെക്കീയാവിന്റെ (597–587) ചുമതല ഭരിച്ചതായിരുന്നു. സിദെക്കീയാവ് 589–ൽ ബാബിലോണിനോടു മത്സരിച്ചു. ഈജിപ്തിന്റെ സഹായം പ്രതീക്ഷിച്ചിരുന്നു. ബാബിലോൺ 586 മുതൽ യെഹൂദ്യനഗരങ്ങൾ നശിപ്പിച്ചു തുടങ്ങി (ലാഖീശ് ലിഖിതങ്ങൾ നോക്കുക). ഈജിപ്തിന്റെ സഹായം താല്ക്കാലികമായി പ്രതീക്ഷകൾ ഉണർത്തിയെങ്കിലും (യിരെ. 37:5 മു.) യെരുശലേം പിടിക്കപ്പെട്ടു. (2 രാജാ. 25; യിരെ. 52:5 മു.; യെഹെ. 24). സിദെക്കീയാവും പുത്രന്മാരും പ്രധാന ജനനേതാക്കളും വധിക്കപ്പെട്ടു. യെരുശലേം നഗരം പൂർണമായി നശിപ്പിക്കപ്പെട്ടു. ജനങ്ങളെ നാടു കടത്തി (2 രാജാ. 25). B. C. 582–ലും ഇതുപോലെ ജനങ്ങളെ നാടുകടത്തിയതായി കാണുന്നു. ബാബിലോണ്യർ യെഹൂദ്യയെ സാമ്രാജ്യത്തിലെ ഒരു പ്രവിശ്യയാക്കി, ഗദല്യാവിനെ ഗവർണരായി നിയമിച്ചു. പക്ഷേ ഗദല്യാവു താമസിയാതെ വധിക്കപ്പെട്ടു (2 രാജാ. 25:22 മു.; യിരെ. 40). പലരും ഈജിപ്തിലേക്ക് ഓടിപ്പോയി. യെഹൂദ്യ കേവലം ബാബിലോണിന്റെ ഒരു ഭാഗമായിത്തീർന്നു. ചുററുമുള്ള രാജ്യങ്ങൾ, പ്രത്യേകിച്ചും ഏദോം, യെഹൂദ്യയെ ചൂഷണം ചെയ്തു സ്വയം ധന്യരാകുന്നതിനു ശ്രമിച്ചു (ഓബദ്യാവ്, മലാ. 1:2–5 മു.).

## പ്രവാസത്തിൽ ഇസ്രായേലും അവരുടെ അയല്ക്കാരും

B. C. 587–ൽ യെരുശലേമിന്റെ പതനത്തോടുകൂടി ആരംഭിക്കുന്ന കാലഘട്ടത്തിൽ, ഇസ്രായേലിനു സ്വാതന്ത്ര്യവും രാഷ്ട്രപദവിയും നഷ്ടപ്പെട്ടു. B. C. 165 വരെ അവർക്ക് അതു് ഒരിക്കലും തിരിച്ചുകിട്ടിയില്ല. ഒന്നിനു പുറകെ ഒന്നായി രൂപംകൊണ്ട ബാബിലോൺ, പേർഷ്യ, ഗ്രീസ്, ഈജിപ്ത്, സിറിയാ, റോമാ എന്നീ സാമ്രാജ്യങ്ങളുടെ സാമന്ത രാജ്യമായി അവർ കഴിഞ്ഞുകൂടി. എന്നാൽ അവരുടെ ദൈവവിശ്വാസം ഒരിക്കലും നഷ്ടപ്പെടുകയുണ്ടായില്ല. പല പ്രാവശ്യം അവരുടെ രാഷ്ട്രീയ വ്യക്തിത്വം പുനഃസ്ഥാപിക്കുന്നതിനുള്ള പരിശ്രമങ്ങളും ഉണ്ടായിട്ടുണ്ട്. സ്വാഭാവികമായും തങ്ങളെ പിടിച്ചടക്കിയ ഈ വൻശക്തികൾ അവരെ വളരെ സ്വാധീനിച്ചിട്ടുണ്ട്. 40a

(a) **പ്രവാസം ബാബിലോണിലും ഇതര സ്ഥലങ്ങളിലും.** ബാബിലോണിലേക്കു പ്രവാസികളായി കൊണ്ടുപോകപ്പെട്ടവരുടെ എണ്ണം തിട്ടപ്പെടുത്തുക പ്രയാസമെങ്കിലും ഏകദേശം പതിനായിരത്തോളം പേരെന്നു കരുതാം. ചെറിയ കൂട്ടങ്ങൾ വടക്കെ ഇസ്രായേൽ, മോവാബ്, ഏദോം, അമ്മോൻ എന്നീ സ്ഥലങ്ങളിലേക്കു പോയിരിക്കും. ഒരു കൂട്ടം യെഹൂദന്മാർ യിരെമ്യാവിനെ കൂട്ടിക്കൊണ്ട് എവിടെയോ ഓടിപ്പോയി (യിരെ. 44:1; യെശ. 19:18 മു.). ഒരു പക്ഷെ ഈജിപ്തിൽ അസ്വാൻ എന്ന സ്ഥലത്തിനടുത്തുള്ള

40b എലഫൻറീനയിലേക്ക് ആയിരിക്കാം (29a നോ.) അവിടെ ഒരു യെഹൂദസൈനികകോളനി ഉണ്ടായിരുന്നതായി 5–ാം നൂറ്റാണ്ടു മുതലുള്ള എഴുത്തുകളിൽനിന്നും മനസ്സിലാക്കുന്നു. അപ്പൊക്രിഫാ ഉൾപ്പെടെയുള്ള ഇസ്രായേലിന്റെ വിശുദ്ധ സാഹിത്യസമുച്ചയത്തിൽ ഒരു ഭാഗം സാഹിത്യശാഖ (ഇയ്യോബ്, സദൃശവാക്യങ്ങൾ, സഭാപ്രസംഗി, ആ.) ചേർക്കാനിടയായതു തന്നെ, ഒരുപക്ഷേ പ്രവാസത്തിൽ ചിതറിപ്പാർത്ത ഇസ്രായേലും, ഈജിപ്തിലെ ജനങ്ങളും തമ്മിൽ ഉണ്ടായ സമ്പർക്കം മൂലമായിരിക്കാം.

വിശുദ്ധനഗരവും ദൈവാലയവും നശിപ്പിക്കപ്പെടുകയും, രാജത്വം ഇല്ലാതാവുകയും ചെയ്ത സാഹചര്യത്തിൽ നിരാശയും, ആത്മപരിശോധനയും ഉണ്ടാകുന്നതു സ്വാഭാവികമാണ്; പ്രത്യേകിച്ചും യെഹൂദ്യയിലും പ്രവാസികളുടെയിടയിലും. വിലാപങ്ങൾ, സങ്കീ 74, 79 മുതലായ ഭാഗങ്ങൾ മകുടോദാഹരണങ്ങളാണ്. ഇയ്യോബിന്റെ പുസ്തകം ഈ കാലഘട്ടത്തിൽ എഴുതിയതായി ചില പണ്ഡിതന്മാർ കരുതുന്നു. ബാബിലോണിലെ ദേവന്മാരുടെ ശക്തിയും, പ്രതാപവും, അവരുടെ ക്ഷേത്രങ്ങളിലെ ആരാധനയും കുറെ യെഹൂദന്മാരെയെങ്കിലും ആകർഷിച്ചു. മറ്റുള്ളവർ ജീവിതായോധന മാർഗങ്ങളിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുകയായിരുന്നു. എന്നിരുന്നാലും, ഇപ്രകാരമുള്ള ഒരു സാഹചര്യത്തിനുവേണ്ടി ഇസ്രായേൽ ഒരുക്കപ്പെട്ടിരുന്നു. അവരുടെ അവിശ്വസ്തതയ്ക്കും, ബിംബാരാധനയ്ക്കുമുള്ള ന്യായവിധി വരുമെന്നു (യെഹെ. 8:16,23 മു.) പ്രവാചകന്മാർ മുന്നറിയിപ്പു നല്കിയിരുന്നതാണ്. അതേസമയം തന്നെ യിരെ. 32 മു., യെഹെ. 34-37–ലും പ്രകടമാകുന്ന പ്രതീക്ഷാനിർഭരമായ ഉൾക്കാഴ്ചയായിരുന്നു അവർക്കുണ്ടായിരുന്നതു്. രാജവാഴ്ചയെ ആശ്രയിക്കാത്ത ഒരുതരം ശുഭാപ്തി വിശ്വാസം ആയിരുന്നു അവരുടെ അടിസ്ഥാനം. യെഹെസ്കേലിനെപ്പോലെ പ്രവാസികളിൽ ഒരുവനായിരുന്ന, യെശ. 40–55–ന്റെ ഗ്രന്ഥകർത്താവിനു യഹോവയുടെ മഹത്വവും വിശുദ്ധിയും പ്രകടമാകുന്ന ഒരു ദർശനം അവതരിപ്പിക്കുവാൻ സാധിച്ചു. ബാബിലോന്യ ദേവന്മാരെ അദ്ദേഹം നിന്ദ്യരായി കരുതുന്നു (യെശ. 40:11മു.; 44:12–20, 46:1–4; മു.). ആദ്യത്തെ പുറപ്പാടു പോലെ അതിമഹത്തായ തിരിച്ചുവരവിനെക്കുറിച്ചുള്ള ശുഭപ്രതീക്ഷ സജീവമായി പരിരക്ഷിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു (41:17 മു.; 43:1മു.; 52:7 മു.) ദൈവാലയവും, യാഗങ്ങളും, യഹോവയുടെ പെട്ടകവും, രാജത്വം പോലും ഇല്ലായിരുന്നു എങ്കിലും പ്രവാസത്തിൽ ചില മതാചരണങ്ങൾ നിലനിന്നു. ശബ്ബത്ത്, ഉപവാസം, പരിച്ഛേദന മുതലായ ആചാരങ്ങൾക്കു ദൈവാലയം ആവശ്യമായിരുന്നില്ല. പ്രവാസകാലം മുതൽ ഈ ആചാരങ്ങൾ കൂടുതൽ ശക്തിപ്പെട്ടു. ഒരുപക്ഷേ സുനഗോഗിലെ ആരാധനയും ഈ കാലത്തു വേരുപിടിച്ചു. ഇതേപ്പറ്റി അഭിപ്രായവ്യത്യാസം നിലനില്ക്കുന്നു. വീണ്ടെടുത്ത ആരാധനാരീതിയെപ്പറ്റി യെഹെസ്കേലിന്റെ ദർശനവും, അദ്ദേഹം ഉപയോഗിക്കുന്ന ചില അലങ്കാരപ്രയോഗങ്ങളും (അ. 1) പ്രവാസത്തിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ വളർന്നതായിരിക്കാം (യെഹെ. 40–48).

പ്രവാസകാലത്തു സംജാതമായ സാഹിത്യസൃഷ്ടികൾ വളരെ പ്രാധാന്യം അർഹിക്കുന്നു. ബാബിലോണിൽ പ്രവാചകന്മാർക്കു തുറന്നു പ്രവചിക്കുവാൻ സാധ്യമായിരുന്നില്ല. എന്നാൽ B. C. എട്ടും ഏഴും നൂറ്റാണ്ടുകളിലെ പ്രവചനങ്ങൾ ശേഖരിച്ചു പ്രസാധനം ചെയ്തതു് ഈ കാലയളവിലായിരുന്നു.

പശ്ചിമേഷ്യയിൽ രൂപംകൊണ്ട ചരിത്രരേഖകളുടെ 40b
യും പാരമ്പര്യങ്ങളുടെയും ബൃഹത്തായ ശേഖരങ്ങളിൽ നിന്നു പഴയനിയമത്തിലെ രണ്ടു മഹത്തായ ചരിത്രസമുച്ചയങ്ങൾക്കു രൂപം കൊടുക്കുന്നതിനു സഹായിച്ചതു പ്രവാസത്തിലെ പുരോഹിതന്മാരും പണ്ഡിതന്മാരുമത്രെ. ഈ ചരിത്രരൂപവല്ക്കരണപ്രക്രിയ വളരെ നേരത്തെ തുടങ്ങിയിരിക്കാം. അവ ആവർത്തനചരിത്രവും (യോശുവാ, ന്യായാധിപന്മാർ, 1, 2 ശമുവേൽ 1, 2 രാജാക്കന്മാർ), പഞ്ചഗ്രന്ഥങ്ങളുടെ പ്രധാന ഭാഗമായ പൗരോഹിത്യചരിത്രവുമാകുന്നു. അതിനോടു വളരെയധികം ബന്ധപ്പെട്ട നൈയാമികവിധികളും, ആചാരാനുഷ്ഠാന വിധികളും ചേർക്കപ്പെട്ടിരിക്കുന്നു.

അങ്ങനെ ചരിത്രത്തിലും, പ്രവചനത്തിലും, നിയമത്തിലും നവീന താത്പര്യം ഉളവാക്കുവാൻ കഴിവുള്ള ഒരു സ്ഥലമായി ബാബിലോണിനെ കരുതാം.

(b) **കോരെശും (Cyrus) ബാബിലോണിന്റെ അന്ത്യവും:** നെബുഖദ്നേസർ ശക്തനായ ഒരു രാജാവായിരുന്നു. അദ്ദേഹം ബാബിലോൺ സാമ്രാജ്യത്തെ വിപുലമാക്കി. കുറെ കാലത്തേക്കു് ഈജിപ്തിനെ കീഴ്പ്പെടുത്തി. എന്നാൽ പിൻഗാമികൾ അശക്തരായിരുന്നു. ഹ്രസ്വമായ പല വാഴ്ചകൾക്കു ശേഷം നാബൊനീഡസ് രാജാവായി (B. C. 556–539). ഈജിപ്തിലെ ഭരണാധിപനായിരുന്ന അക്നാറ്റൻ ചെയ്തതു പോലെ അദ്ദേഹവും പുരോഹിതശക്തി തച്ചുടയ്ക്കുന്നതിനു ശ്രമിച്ചു. മാർദൂക്കു ദേവന്റെ പുരോഹിതന്മാരെ മാറ്റി ചന്ദ്രദേവനായ സീനെ സ്ഥാപിക്കുവാനായിരുന്നു ഉദ്യമം. സംഭവബഹുലങ്ങളായ ഏതാനും വർഷങ്ങൾക്കുശേഷം, നാബൊണീഡസ് തന്റെ തലസ്ഥാനം അറേബ്യായിലെ റേംസ് എന്ന സ്ഥലത്തേക്കു മാറ്റി സ്ഥാപിച്ചു്. എട്ടുവർഷം വാണു (552–545).

ആ കാലത്തു B. C 550–ൽ മേദ്യരാജാവായ അസ്ത്യാജിയസിനെ, അയാളുടെ സാമന്തരാജാവായ അൻഷാനിലെ കോരെശ് ഒരു വിപ്ലവത്തിൽക്കൂടി പരാജയപ്പെടുത്തി. തുടർന്ന് കോരെശ് സാമ്രാജ്യം വിസ്തൃതമാക്കുവാനായി ശുഷ്കാന്തിയോടെ ആക്രമണം ആരംഭിച്ചു. ആദ്യം ഉത്തര മെസൊപ്പൊത്താമ്യയും ലിദിയായും ആക്രമിച്ചു പിടിച്ചടക്കി (546). തുടർന്നു കിഴക്കോട്ടും കുറെ ആക്രമണങ്ങൾ നടത്തി. ഇതേപ്പറ്റിയുള്ള വാർത്ത ബാബിലോണിലെ യെഹൂദന്മാർക്കു ലഭിച്ചു. യെശ. 40–55 ൽ യഹോവ തന്റെ 'ഉദ്ദേശ്യം നിവർത്തിക്കുന്ന' 'എന്റെ അഭിഷിക്തൻ 'ആയി കോരെശിനെ കാണുന്നു. ബാബിലോണിനെ തകർക്കുന്നതിനും യെരൂശലേമിനെ പുതുക്കിപ്പണിയുന്നതിനും ദൈവം ഉപയോഗിക്കുന്നവനായിരുന്നു കോരെശ് (യെശ. 44:24–45:7). ഈ സംഭവങ്ങളിൽക്കൂടിയും, 'യഹോവയുടെ ദാസന്റെ' കഷ്ടപ്പാടുകളിൽക്കൂടിയും (49:3) മറ്റുള്ളവർക്കുവേണ്ടി കഷ്ടതയനുഭവിക്കുന്നതിനും സാക്ഷികളാകുന്നതിനുമായി യെഹൂദജാതി വിളിക്കപ്പെട്ടിരിക്കുന്നു എന്ന ദർശനം പ്രവാചകൻ കാണുന്നു (43:10, 44:1–52.). പ്രത്യേകിച്ച്, 'ദാസഗീതങ്ങൾ' എന്നറിയപ്പെടുന്ന ആ മഹദ്ഗീതങ്ങളിൽ (42:1–4; 49:1-6; 50:4–9; 52:13-53:12) അതു വ്യക്തമാക്കിയിരിക്കുന്നു.

ഈ സമയത്തു ബാബിലോണിൽ നടമാടിയ കുഴപ്പങ്ങളും, സംഭ്രാന്തിയും *കൈറസ് സിലണ്ടർ, ബാബിലോണിയൻ ക്രോണിക്കിൾസ്* എന്നിവയിൽ

40c ചിത്രീകരിച്ചിട്ടുണ്ട് (യെശ. 46: 1തു., 47 നോ.) B. C. 539–ൽ ബാബിലോൺ പിടിക്കപ്പെട്ടു. സാമന്ത ജനതകൾക്ക് അവരവരുടെ ആരാധനയും സംസ്കാരവും വീണ്ടെടുക്കുവാൻ സ്വാതന്ത്ര്യം നല്കുന്ന ഒരു നയമാണു കോരെശ്ശ് സ്വീകരിച്ചത്. അതനുസരിച്ച് യെഹൂദന്മാർ പലസ്തീനിലേക്കു തിരികെ പോകുന്നതിനും, രാജാവിന്റെ ചെലവിൽ ദൈവാലയം പുതുക്കി പണിയുന്നതിനും വിളംബരം പുറപ്പെടുവിച്ചു. എസ്രാ. 1:2–4 (എബ്രായ ഭാഷ)ലും 6:3–6 (അരമായ ഭാഷ) ലും ഈ വിളംബരം കാണുന്നു. അന്നു പേർഷ്യൻ സാമ്രാജ്യത്തിൽ രാജ്യാന്തര ഇടപാടുകൾക്ക് അരമായ ഭാഷ ഉപയോഗിച്ചിരുന്നതിനാൽ രണ്ടാമത്തെ വിവരണമായിരിക്കാം കുറെക്കൂടി ആധികാരികം. ജോസീഫസ് ഉദ്ധരിച്ചിട്ടുള്ള ഒരു പാരമ്പര്യത്തിൽ, കോരെശ് 2–ാം യെശയ്യാപ്രവചനം വായിച്ചതുമൂലം ഇതിനു പ്രേരിതനായി എന്നു കാണുന്നു. അതു് ഒരു പക്ഷേ യെഹൂദന്മാരുടെ ആഗ്രഹം പ്രതിഫലിച്ചതാവാം. കോരെശിന്റെ നയം, പേർഷ്യൻ രാജാക്കന്മാരുടെ വിശാല വീക്ഷണത്തെയാണു പ്രതിഫലിപ്പിക്കുന്നത്. കോരെശ്ശ് യഹോവയുടെ ശക്തി കണക്കിലെടുക്കേണ്ടതാണ് എന്നു യിരെ. 45:3–ൽ പറയുന്നുണ്ട്.

d (C) **പേർഷ്യൻ ഭരണത്തിൽ** (B. C.538–515) യെഹൂദ രാജവംശത്തിലെ ശേശ്ബസരിന്റെ നേതൃത്വത്തിൽ ബാബിലോണിൽ നിന്നു പ്രഥമ യെഹൂദ സംഘം തിരിച്ചു വന്നു (എസ്രാ. 1:7,11). എന്നാൽ അദ്ദേഹത്തിന്റെ പ്രവർത്തനവും, അനന്തരവനും പിൻഗാമിയുമായ സെരുബ്ബാബേലിന്റെ പ്രവർത്തനവും വേർതിരിക്കുവാൻ പ്രയാസമാണ്. ശേശ്ബസർ ആരംഭിച്ച ദൈവാലയ നിർമാണം (എസ്രാ. 5:16). ഉദ്ദേശിച്ചവിധം പുരോഗമിക്കാഞ്ഞതിനാൽ ജനങ്ങളുടെ ഇടയിൽ വലിയ നിരാശ ഉണ്ടായി (എസ്രാ. 3:12 തു., ഹഗ്ഗാ. 2:3). പ്രവാസികളിൽ കുറെപ്പേർ മാത്രമേ വന്നു ചേർന്നിരുന്നുള്ളു (ഹഗ്ഗാ. 1:6,9–11 തു.).

കോരെശിന്റെ രാജവിളംബരം വേഗത്തിൽ ജനം മറന്നു (എസ്രാ. 5, 6). B. C. 580–ൽ കോരെശിന്റെ മരണശേഷം കമ്പേസസ്, ഈജിപ്ത് പിടിച്ചടക്കുന്നതിൽ വ്യാപൃതനായി (525). B.C. 522–ൽ അയാൾ ആത്മഹത്യ ചെയ്തതിനു ശേഷം സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വിപ്ലവങ്ങൾ പൊട്ടി പുറപ്പെട്ടു. ദാര്യാവേശ് (ഒരു പട്ടാള മേധാവി) സിംഹാസനം പിടിച്ചടക്കി. ബാബിലോണ്യ സാമ്രാജ്യത്തിലെ സാമന്ത ജനത തങ്ങൾക്കു സ്വാതന്ത്ര്യത്തിന്റെ പുലരി സംജാതമായി എന്നു മനസ്സിലാക്കി. ദാര്യാവേശ് ദൈവാലയം പണിയുന്നതിന് അനുവാദം നല്കി (എസ്രാ. 6:6–12). B. C. 515–ൽ പണി പൂർത്തിയാക്കി; വലിയ ആഹ്ളാദ സന്നാഹങ്ങളോടുകൂടി ദൈവാലയം പ്രതിഷ്ഠിക്കപ്പെട്ടു (എസ്രാ. 6:13–18).

41a (d) **പേർഷ്യൻ ഭരണത്തിൻ കീഴിൽ–യെഹൂദ പ്രവാചകന്മാർ, പുരോഹിതന്മാർ, രാജ്യതന്ത്രജ്ഞന്മാർ– വിദേശികളോടുള്ള മനോഭാവം.** പേർഷ്യൻ സാമ്രാജ്യം സ്ഥാപിച്ച കോരെശിനെപ്പോലെ തന്നെ ദാര്യാവേശ് 1–ാമനും (B.C. 522-486) ഒരു യുദ്ധവീരനായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്തു പേർഷ്യയുടെ മേധാവിത്വം കിഴക്കു സിന്ധു നദിവരെയും, പടിഞ്ഞാറ് ഈജിയൻ കടൽ വരെയും വ്യാപിച്ചിരുന്നു. അയാളുടെ ഭരണ സംവിധാനം മെച്ചവും നിർമാണപരിപാടികൾ മേൽത്തരവുമായിരുന്നു. വളർന്നുവന്ന ഗ്രീക്കു ശക്തിയെ തടയുവാനുള്ള പരിശ്രമം 490–ൽ നടന്ന മാരത്തോൺ യുദ്ധത്തിൽ ശത്രുക്കളുടെ വിജയംമൂലം തടസ്സപ്പെട്ടു. പത്തു വർഷത്തിനു ശേഷം അയാളുടെ മകനായ അർഥഹ്ശഷ്ടാവു ഗ്രീക്കുകാരെ നേരിട്ടു താല്ക്കാലിക വിജയം വരിച്ചുവെങ്കിലും സലാമീസ് കടൽ യുദ്ധത്തിലും (580) പ്ലെറ്റീസിൽ വച്ചുള്ള കരയുദ്ധത്തിലും (479) തോല്പിക്കപ്പെട്ടു. 41a

കരം കൊടുക്കുകയും സമാധാനം പാലിക്കുയും ചെയ്തിരുന്നിടത്തോളം പേർസ്യൻ ഭരണാധികാരികൾ യെഹൂദന്മാർക്കു സാമാന്യം സ്വാതന്ത്ര്യം അനുവദിച്ചിരുന്നതായി തോന്നുന്നു. അവരുടെ കാര്യത്തിൽ അനാവശ്യമായി ഇടപെട്ടുമില്ല. അഞ്ചാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തു് എതിർപ്പുകൾ ഉണ്ടായിരുന്നതിന്റെ തെളിവുകൾ കാണാം.

എസ്രാ–നെഹെമ്യാവിന്റെ പുസ്തകങ്ങളും യെഹൂദ്യയോടുള്ള പേർഷ്യൻ ഭരണാധികാരികളുടെ മനോഭാവം വിശദമാക്കുന്നതാണ്. നെഹെമ്യാവു പേർഷ്യൻ രാജധാനിയിൽ ഒരു ഉന്നതസ്ഥാനിയായി ഉയർന്നു. 445–നോടടുത്തു നെഹമ്യാവിനെ യെഹൂദ്യയിലേയ്ക്കു ഗവർണറായി അധികാരപത്രത്തോടുകൂടി അയച്ചു. നെഹെമ്യാവിനെ തുടർന്ന് എസ്രായുടെ ദൗത്യം (എസ്രാ. 7–10; നെഹെ. 8–10) പേർഷ്യൻ നേതൃത്വത്തിന്റെ അനുവാദത്തോടും സഹായത്തോടുംകൂടി (എസ്രാ 7) സാധിച്ചതു് 398–ൽ ആയിരിക്കാനാണു സാദ്ധ്യത. അതിന്റെ പ്രധാന ഉദ്ദേശ്യം പൗരോഹിത്യശക്തീകരണവും ഉൾക്കാഴ്ചകളും ന്യായപ്രമാണ സംഹിതയിൽ ഉൾക്കൊള്ളിക്കുകയായിരുന്നു. തുടർന്നുള്ള പ്രവർത്തനം ഒരു നൂറ്റാണ്ടിനകം പഞ്ചഗ്രന്ഥങ്ങൾ ക്രോഡീകരിക്കുവാൻ ഇടയാക്കി.

(e) **അന്ത്യഘട്ടം: വിദേശസ്വാധീനത്തോടുള്ള ആകർഷണവും എതിർപ്പും.** പിന്നീടുള്ള രണ്ടര ശതാബ്ദക്കാലത്തു പേർഷ്യൻ സാമ്രാജ്യം കോരെശ്, ദാര്യാവേശ് എന്നിവരെക്കാൾ ബലഹീനരായ രാജാക്കന്മാരാണു ഭരിച്ചതു്. B.C. 342–ൽ ഈജിപ്തിനെ ആക്രമിച്ചതല്ലാതെ, പടിഞ്ഞാറു ഭരണം വ്യാപിപ്പിക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവസാനം അലക്സാണ്ടർ ചക്രവർത്തിയുടെ ആക്രമണത്താൽ അവർ തകർന്നു. മാസിഡോണിയയിലെ ഫിലിപ്പ്, ഗ്രീസിനെ ഏകീകരിച്ചതിനാൽ അലക്സാണ്ടർ ചക്രവർത്തിക്കു് ഏഷ്യാമൈനർ ആക്രമിക്കുവാനുള്ള ഉൾക്കരുത്തു തോന്നി. B. C. 333ൽ ഇസ്സസ്സ് യുദ്ധത്തിലും, 331ൽ ഗോഗാമേല യുദ്ധത്തിലും, പേർഷ്യക്കാരെ അദ്ദേഹം നിശ്ശേഷം തോല്പിച്ചു. അതിനുശേഷം പാർത്ഥിയ, അഫ്ഗാനിസ്ഥാൻ, ഇന്ത്യയുടെ ഒരു ഭാഗം ഇവയെല്ലാം പിടിച്ചടക്കിയെങ്കിലും അലക്സാണ്ടർ ചക്രവർത്തി അകാലചരമം പ്രാപിക്കുകയാണുണ്ടായതു് (സെഖ. 9:1–8 നോ). അലക്സാണ്ടർ യവനസംസ്കാരം വ്യാപിപ്പിക്കുന്നതിനു ശ്രമിച്ചു. പിൻഗാമികളായ ടോളമികൾ ഈജിപ്ത് ആസ്ഥാനമാക്കിയും (B. C.523–198) സെലൂക്യർ B. C. 198 മുതൽ സിറിയ ആസ്ഥാനമാക്കിയും പലസ്തീൻ ഭരിച്ചു. യെഹൂദമതത്തിന്റെ ഇക്കാലത്തെ ചരിത്രം ഗ്രീക്കു സംസ്കാരത്തോടു മനസ്സില്ലാമനസ്സോടെയുള്ള വേഴ്ചാഭാവവും അതിനെ പാടേ തിരസ്കരിക്കുന്ന മക്കാബിയരുടെ എതിർപ്പിന്റെ കഥയും ഉൾക്കൊള്ളുന്നു. b

വളരെയധികം യെഹൂദന്മാർ വിവിധ രാജ്യങ്ങളിലായി ചിതറിപ്പാർത്തിരുന്നതു കൊണ്ടു വിദേശസ്വാധീനം അവരുടെയിടയിൽ ഉണ്ടാവുന്നതു തടയുവാൻ സാദ്ധ്യമല്ലായിരുന്നു. പഞ്ചഗ്രന്ഥങ്ങൾ തന്നെ

41b ബാബിലോണിലാണ് അന്തിമരൂപം പ്രാപിച്ചത്. സുനഗോഗിലെ ആരാധനാരീതിയും ആരംഭിച്ചതു ബാബിലോണിലായിരിക്കാനാണു സാദ്ധ്യത. ഒരു പുരാതന സുനഗോഗ് 3-ാം നൂററാണ്ടിൽ ഈജിപ്പിൽ ഉണ്ടായിരുന്നതായി കണ്ടുപിടിച്ചിട്ടുണ്ട്. പേർഷ്യൻകാലത്തു മാലാഖമാർ, മരണാനന്തരജീവൻ ആദിയായ സൊറൊവാസ്ട്രിയൻ ആശയങ്ങൾ സാർവ്വത്രികമായി പ്രചരിച്ചിരുന്നതായി പ്രതീക്ഷിക്കാവുന്നതാണ്. എസ്ഥേറിന്റെ പുസ്തകം 5-ാം നൂററാണ്ടിൽ ബാബിലോണിൽവച്ച് എഴുതപ്പെട്ടതാണ് എന്നു ചിലർ കരുതുന്നു. യെശ. 45:7 ൽ സൊറൊവാസ്ട്രിയൻ ദ്വൈതവാദത്തോടുള്ള പരോക്ഷമായ എതിർപ്പാണു പ്രവാചകൻ പ്രകടമാക്കുന്നത് എന്നാണു ചിലരുടെ അഭിപ്രായം. ഈജിപ്തിലെ യെഹൂദകുടിയേററം ആരംഭിച്ചതു B.C. 6-ാം നൂററാണ്ടോടുകൂടിയായിരിക്കാം (യിരെ 44). പിന്നീടു ചെറിയ കൂട്ടങ്ങൾ കുടിയേററം തുടർന്നുകൊണ്ടിരുന്നു. അവരിൽ നാടുകടത്തപ്പെട്ടവരുണ്ടായിരിക്കാം. പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷയായ സെപ്ററുജിൻറ് B.C. 3-ാം നൂററാണ്ടിൽ അലക്സാന്ത്രിയായിലാണു രൂപം കൊണ്ടത്.

വിപുലമായ പൊതുജനസമ്പർക്കത്തിനു കളമൊരുക്കിക്കൊണ്ട് യെഹൂദവിശ്വാസം സാർവദേശീയ നഗരമായ അലക്സാന്ത്രിയായിൽ നിലനിന്നിരുന്നു. പില്ക്കാലത്തു അപ്പൊക്രിഫാ പുസ്തകങ്ങളിൽ കാണുന്ന ഗ്രീക്കു ജ്ഞാനസാഹിത്യത്തിലെ ചിന്താശകലങ്ങൾ യെഹൂദന്മാരെ സ്വാധീനിച്ചിരുന്നു.

c യെഹൂദജനത വിജാതീയരുടെ മതസംസ്കാരം ശക്തിയുക്തം എതിർക്കുന്നതിനും അവരുടെ സ്വാധീനം തങ്ങളുടെ മതജീവിതത്തിലേക്കു പകർത്താതിരിക്കുന്ന
തിനും ഉദാഹരണമത്രേ ദാനീയേൽ തുടങ്ങിയുള്ള വെളി 41c
പ്പാടു സാഹിത്യത്തിൽ കാണുന്നത്. B.C. 165 ൽ ആൻറിയോക്കസ് എപ്പിഫാനസ് IV-ാമന്റെ കാലത്തു ഗ്രീക്കുസംസ്കാരം വ്യാപിപ്പിക്കുന്നതിനെതിരായും, യെഹൂദരുടെ വിരുദ്ധ മനോഭാവം പ്രകടിപ്പിക്കുന്നതിനുമായി എഴുതപ്പെട്ടതാണു ദാനീയേലിന്റെ പുസ്തകമെന്നു മിക്ക പണ്ഡിതന്മാരും ഇന്നു വിശ്വസിക്കുന്നു. ദാനീയേലിലും മററു വെളിപ്പാടു ഗ്രന്ഥങ്ങളിലും മൃഗങ്ങളെക്കുറിച്ചുള്ള പ്രതീകങ്ങളും മററും വിപുലമായി ഉപയോഗിച്ചിരിക്കുന്നത് ഈജിപ്പിന്റെയോ, മെസൊപ്പൊത്താമ്യയുടെയോ സ്വാധീനത്താലായിരിക്കും. അക്കങ്ങളുടെ പ്രതീകാത്മകപ്രയോഗം ബാബിലോണിൽ നിന്നോ, പേർഷ്യയിൽനിന്നോ ഉദ്ഭവിച്ചതായിരിക്കാം. ഈ എഴുത്തുകളിൽ നന്മയും തിന്മയും പരസ്പര വിരുദ്ധ ചേരികളിൽ നിലകൊള്ളുന്നു. മരണാനന്തരജീവിതം, ന്യായവിധി, പുനരുത്ഥാനം മുതലായ യുഗാന്ത്യകാലശാസ്ത്രചിന്താശകലങ്ങൾ അങ്ങിങ്ങായി കാണാം. ഇതുകൂടാതെ മാലാഖമാരെപ്പററിയും ഭൂതപ്രേതാദികളെക്കുറിച്ചുമുള്ള സൊറൊവാസ്ട്രിയൻ മതസ്വാധീനം കുറിക്കുന്നു. യെഹൂദമതം ഈ കാലയളവിൽ പല രംഗത്തുനിന്നും വെല്ലുവിളികളെ നേരിട്ടുകൊണ്ടിരുന്നു. ചിലപ്പോൾ യെഹൂദവിശ്വാസം തികച്ചും അസാധാരണമായ വൈദേശികഭാവം കൈക്കൊണ്ടിരുന്നെങ്കിലും പൊതുവേ പറഞ്ഞാൽ അതിന്റെ അന്തഃസത്തയും, ചൈതന്യവും മിക്കവാറും കാത്തുസൂക്ഷിച്ചിരുന്നു. അതുകൊണ്ട് ക്രൈസ്തവസഭയുടെ കാലം വരെ മാത്രമല്ല, ഇന്നുവരെയും നിലനില്ക്കുന്നതിനും അതിന്റെ നന്മയും വ്യക്തിത്വവും പരിപാലിക്കുന്നതിനും യെഹൂദമതത്തിനു സാധിച്ചിട്ടുണ്ട്.

## ഗ്രന്ഥസൂചി:

Albright, W. F., *Archaeology and the Religion of Israel (2nd ed), 1946.*

Breasted, J.H., *The Dawn of Conscience, 1933.*

,, *Development of Religion and Thought in Ancient Egypt, 1912.*

,, *A History of Egypt from the earliest times to the Persian Conquest (2nd ed.), 1946;*

Contenau, G., *Everyday Life in Babylon and Assyria* (trans. by K. R. and A. R. Maxwell—Hyslop), *1954.*

Delaporte, L.J., *Mesopotamia* (trans. by V. Gordon Child), *1925.*

Rowley, H.H., *From Joseph to Joshua, 1950.*

Wright, G.E., *Biblical Archaeology, 1957.*

# ഇസ്രായേല്യ ചരിത്രം

റെവ. അലൻ കെ. ജെൻകിൻസ്

42a ഏകദേശം B. C. 1700-നു മുമ്പ് ബാബിലോണിലെ 'ഊർ' പട്ടണം എന്നേക്കുമായി നശിപ്പിക്കപ്പെട്ടപ്പോൾ, അബ്രാഹാമിന്റെ പിതാവായ തേരഹ്, തന്റെ കുടുംബത്തെ മെസൊപ്പൊത്താമ്യയുടെ വടക്കുള്ള ഹാരാനിലേക്കു കൊണ്ടുവന്നു (ഉത്പ. 11:31, 32). ഈ യാത്രയുടെയോ, അതിനുശേഷം, അബ്രാഹാം കുടുംബവുമായി കനാനിലേക്കു പോയതിന്റെയോ (ഉത്പ. 12:1–6) കാലം സൂക്ഷ്മമായി പറയുവാൻ സാദ്ധ്യമല്ല. എന്നാൽ ഈ ഗോത്രപിതാക്കന്മാർ B. C. 18 മുതൽ 16 വരെയുള്ള നൂറ്റാണ്ടുകൾക്കിടയിൽ ജീവിച്ചിരുന്നതായാണു പുരാവസ്തുഗവേഷണം സമർത്ഥിക്കുന്നത്. ഈ കാലയളവിൽ, പശ്ചിമേഷ്യയിലുണ്ടായ അനേക കുടിയേറ്റങ്ങളിൽ ഒന്നിന്റെ ഭാഗമായി, കനാനിലേക്കുള്ള അബ്രാഹാമിന്റെ കുടിയേറ്റത്തെ കരുതാവുന്നതാണ്. ആര്യന്മാർ ഇന്ത്യയിലേക്കു നീങ്ങിയതും ഈ ഘട്ടത്തിലത്രെ. ഈജിപ്റ്റിലേക്കും ശേമ്യരുടെ ഒരു പ്രവാഹം തന്നെ ഉണ്ടായി. 18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഈജിപ്റ്റ് വിദേശീയ നേതാക്കളുടെ (*ഹിക്സോസ്*) ഭരണത്തിൻ കീഴിലായി. (37 d നോ.) ഇവരെല്ലാം ഒരു സങ്കരവർഗമായിരുന്നെങ്കിലും പലർക്കും ശേമ്യനാമങ്ങളുണ്ടായിരുന്നു. അവർ ആരാധിച്ചിരുന്നതു കനാന്യ ദൈവങ്ങളെയും.

b ഈജിപ്റ്റിൽ യോസേഫ്, ഒരു ഉന്നത പദവിയിലേക്ക് ഉയർന്നതു് ഈ ഹിക്സോസ് രാജാക്കന്മാരുടെ ഭരണകാലത്തായിരുന്നിരിക്കണം. ഫലഭൂയിഷ്ഠമായ നീലനദിയുടെ തീരങ്ങളിൽ, എബ്രായ സംഘങ്ങൾ താമസമുറപ്പിച്ച് അഭിവൃദ്ധിപ്പെടുകയുണ്ടായി. B. C. 1540-നോടടുത്ത് ഫറവോ അഹ്മൊസ് (ഉ. 1552–1527) ഹിക്സോസുകളെ അവിടെനിന്നു തുരത്തി. അദ്ദേഹത്തിന്റെ പിൻഗാമികൾ ഈജിപ്റ്റിന്റെ അധികാരപരിധി, പലസ്തീനിലൂടെ യൂഫ്രട്ടീസ് വരെയും വ്യാപിപ്പിച്ചു. ഇതു് മോസെ മൂന്നാമന്റെ കാലത്തു (ഉ. 1490–1436) ഈജിപ്ത് ശക്തിയുടെ ഉത്തുംഗത്തിൽ എത്തിച്ചേർന്നു. എബ്രായരെക്കൊണ്ട് അടിമവേല ചെയ്യിപ്പിക്കാൻ നിർബ്ബന്ധിച്ച, 'യോസേഫിനെ അറിയാത്ത' (പുറ. 1:8) ഫറവോ തുത്മോസെ മൂന്നാമൻ ആണെന്നു് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ അദ്ദേഹത്തിന്റെ നിർമാണ പദ്ധതികളൊക്കെയും ദക്ഷിണ ഈജിപ്റ്റിലാണു കേന്ദ്രീകരിച്ചിരുന്നത്. പക്ഷേ, വേദപുസ്തകത്തിലെ വിവരണം തീരപ്രദേശത്തു്, ഹിക്സോസ് തലസ്ഥാനമായ 'അവാരിസി'ന്റെ പുനർനിർമാണത്തെക്കുറിച്ചായിരിക്കാനാണു കൂടുതൽ സാദ്ധ്യത. ഈ വേല ആരംഭിച്ചതു സെതോസ് ഒന്നാമനും, (ഉ. 1305–1290) പൂർത്തീകരിച്ചതു റമസേശ് രണ്ടാമനും (ഉ. 1290–1224) ആണ്. റമസേശ് ആണ് അതിന്, 'റമസേശിന്റെ ഭവനം' (പുറ. 1:11) എന്ന പുതിയ പേരു നല്കിയതു്. മറ്റു പുരാവസ്തു ഗവേഷണങ്ങൾ, B. C. പതിമൂന്നാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിലുള്ള ഒരു കാലയളവാണു (ഉ. 1275) 'പുറപ്പാടി'നു നൽകിയിരിക്കുന്നതു്. ഇതത്രേ ഇന്നു പൊതുവേ എല്ലാവരും സ്വീകരിച്ചിരിക്കുന്ന കാലയളവും (27 d–f നോ.). പുറപ്പാടിനെപ്പറ്റി സങ്കീർത്തനങ്ങളിൽ പാടുകയും, വിശ്വാസപ്രമാണങ്ങളിൽ ചൊല്ലുകയും ചെയ്യുന്ന മനോഹരമായ കാവ്യാത്മകശൈലികൾ, പില്ക്കാലത്തുണ്ടായിട്ടുള്ള
വിശദീകരണങ്ങളിൽ അന്തർലീനമായ ചരിത്ര സത്യം 42b
വ്യക്തമാക്കുന്നതിനു വൈഷമ്യമുളവാക്കുന്നു. ഒരു പക്ഷേ പുറ. 12:13-ൽ കൊടുത്തിരിക്കുന്ന സംഖ്യകൾ അതിശയോക്തിപരമായിരിക്കാം. യഥാർത്ഥത്തിൽ ഇവിടെ ഒരു ചെറിയ കൂട്ടത്തെക്കുറിച്ചായിരിക്കണം പരാമർശം. ഈജിപ്റ്റിലെ രേഖകളിൽ ഇതേപ്പറ്റി ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, ഒളിച്ചോടിപ്പോകുന്ന അടിമകളെ, രഥങ്ങളും കുതിരകളുമടങ്ങിയ ഒരു പട പിന്തുടരുന്നതും, ഈജിപ്റ്റിനും സീനായ് മരുഭൂമിക്കുമിടയ്ക്കുള്ള ഞാങ്ങണക്കടലിന്റെ (Reed Sea) ചതുപ്പുനിലങ്ങളിൽ താണുപോകുന്നതും സംഭവ്യമത്രെ. ദൈവത്തിന്റെ രക്ഷാകപ്രവൃത്തിയായി ഈ രക്ഷപ്പെടലിനെ വ്യാഖ്യാനിക്കുവാൻ കാരണം, മുമ്പേതന്നെ ദൈവം തന്റെ ദിവ്യോദ്ദേശ്യങ്ങളും, 'യഹോവാ' എന്ന നാമവും മോശെയ്ക്കു വെളിപ്പെടുത്തിക്കൊടുത്തതായിരുന്നു (പുറ. 3:14 മു, 6:2. മു).

c ഈജിപ്റ്റിൽനിന്നു രക്ഷപ്രാപിച്ച ശേഷം, സീനായി മരുഭൂമിയിൽ അവർ ജീവിച്ചകാലത്തു യഹോവയും ഇസ്രായേലുമായി ഒരു ഉടമ്പടി ബന്ധം സ്ഥാപിച്ചു (പുറ. 24:3–8). ഈ ബന്ധത്തിന്റെ വ്യവസ്ഥകളായിരുന്നു പത്തു കല്പനകൾ (പുറ. 20:1–12; ആവ. 5:6–13). സീനായ് പ്രദേശത്തിനു തെക്കുള്ള *ജബൽമൂസാ* (Jebel Musa) അഥവാ (മോശെയുടെ പർവതം) ആയിരിക്കാം സീനായി മലയെന്നു കരുതപ്പെടുന്നതു്. എന്നാൽ അതല്ല അതിനു വടക്കുള്ള അഗ്നിപർവ്വത പ്രദേശങ്ങളാണെന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നുണ്ട്. മോശെ, 'നെബോ' പർവ്വതത്തിൽ നിന്നു വാഗ്ദത്തനാടു കണ്ടതിനുശേഷം മരിക്കുന്നു (ആവ. 34). പിന്നീടു യോശുവയാണു ജനത്തെ യോർദ്ദാനക്കരെകടത്തി കനാനിലേക്കു വഴിനടത്തിയതു്. ഫറവോ മർനെപ്താ 1220-ൽ പലസ്തീനിൽവച്ചു ഇസ്രായേലുമായി യുദ്ധത്തിൽ പരാജയപ്പെട്ടതായി രേഖയുണ്ട്. അതിനാൽ പ്രസ്തുതവർഷം 'പുറപ്പാട്' സംഭവിച്ചിരിക്കാം.

## കനാൻ അധിനിവേശം

### (ഉ. B. C. 1250–1220)

d യോശുവായുടെ പുസ്തകത്തിൽ, കനാന്യ ആക്രമണങ്ങൾ മൂന്നു ഘട്ടങ്ങളിൽ നടന്നതായി എഴുതിയിരിക്കുന്നു. ഒന്നാമതു് യെരീഹോവും ആയും (ബെഥേൽ) നാടകീയമായി പിടിക്കപ്പെട്ടു. രണ്ടാമതു്, ഹസൂർ രാജാവിനെതിരായി വടക്കുണ്ടായ ആക്രമണം. അവസാനമായി, തെക്കു ലിബ്നാ, ലാഖീശ്, ദെബീർ, ഹെബ്രോൻ ഇവയ്ക്കു നേരെയുള്ള ആക്രമണം. ഇവ വളരെ തിടുക്കത്തിലായിരുന്നു; വിജയം പൂർണവുമായിരുന്നു. അക്കാലത്തു് ഈ പട്ടണങ്ങൾ പലതും നശിപ്പിക്കപ്പെട്ടതായി പുരാവസ്തുഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

എങ്കിലും, പല കനാന്യപട്ടണങ്ങളും കീഴടക്കുവാൻ സാധിച്ചിട്ടില്ലെന്നു് യോശുവായും (15:63;16:11;17:12) ന്യായാധിപന്മാരും (1:1–2:6) ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്നു. ശെഖേമിനു ചുറ്റുമുള്ള മദ്ധ്യഭാഗങ്ങളിൽ ചില എബ്രായഗോത്രങ്ങൾ നേരത്തെ തന്നെ സ്ഥിരവാസമുറപ്പിച്ചിരുന്നെങ്കിലും അവിടെ ഒരു യുദ്ധവും നടന്നതായി രേഖയില്ല (ഉത്പ. 34).

42d കനാന്യരുമായുള്ള വളരെ സങ്കീർണമായ ഒന്നായിരുന്നു. ചില പട്ടണങ്ങളൊക്കെയും ആക്രമിച്ചു കീഴ്പ്പെടുത്തിയിരിക്കാം. എന്നാൽ എബ്രായ സഞ്ചാരികൾ, പലയിടത്തും പ്രത്യേകിച്ച് പട്ടണങ്ങൾക്കിടയിലുള്ള മേച്ചില്പുറങ്ങളിൽ ക്രമേണ, സ്ഥിരവാസം ഉറപ്പിക്കുകയാണു ചെയ്തത്.

c ഈ പന്ത്രണ്ടു ഗോത്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് അവരുടെ പൊതുവായ പൂർവികന്മാരെപ്പറ്റിയുള്ള ബോധം സഹായിച്ചു; കൂടാതെ അവർ 'പുറപ്പാടി'ലൂടെ വെളിപ്പെട്ട യഹോവയുടെ വലിയ രക്ഷിക പ്രവർത്തനത്തെ സ്വീകരിക്കുകയും, യഹോവയുമായി ചെയ്ത ഉടമ്പടിയുടെ വ്യവസ്ഥയായി (യോശു. 24) മോശെയുടെ ന്യായപ്രമാണം അംഗീകരിക്കുകയും ചെയ്തു. ഇസ്രായേലിന്റെ ദേശീയവും മതപരവുമായ ജീവിതത്തിന്റെ പ്രതീകമായ പേടകത്തിലാണ് ഈ പത്തു കല്പനകൾ സൂക്ഷിച്ചിരിക്കുന്നത്. ഒരു ആരാധനാസ്ഥലം കേന്ദ്രമാക്കി, പന്ത്രണ്ടു ഗോത്രങ്ങൾ ഒരു സംഘമായി അതിനുചുറ്റും വാസം ഉറപ്പിക്കുകയും മാസംതോറും ഗോത്രങ്ങളുടെ തവണയനുസരിച്ചു പ്രസ്തുത ആരാധനാകേന്ദ്രത്തിന്റെ ചുമതല വഹിക്കുകയും ചെയ്തുകൊണ്ട്, ഇസ്രായേല്യഗോത്രസംഘടന (amphictyony) ആരംഭിച്ചിരിക്കുവാൻ ഇടയുണ്ട് (38 f നോ). ഓരോ ഗോത്രത്തിലെയും മൂപ്പന്മാർ നീതിന്യായം നടത്തിവന്നു. ഗോത്രങ്ങളുടെ മേൽ അധികാരമുള്ള ഏക വ്യക്തി, ഉടമ്പടിനിയമങ്ങൾ അവർക്കു വ്യാഖ്യാനിച്ചു കൊടുക്കുന്ന ന്യായാധിപൻ മാത്രമായിരുന്നു.

എന്നാൽ, ഊടാടി സഞ്ചരിച്ചിരുന്ന ഇടയന്മാർ കാർഷികവൃത്തി സ്വീകരിച്ച സ്ഥിരതാമസക്കാരായപ്പോൾ കനാന്യരുടെ മതപരമായ പല രീതികളും സ്വീകരിച്ചു. അവരുടെ ദേവന്മാരെ ഭൂവുടമകളായും, പ്രകൃതിയെ നിയന്ത്രിക്കുന്നവരായും കരുതിയിരുന്നു. ചില കനാന്യ ഉത്സവങ്ങളെ ഇസ്രായേൽ ചരിത്രത്തിലെ, ദൈവത്തിന്റെ രക്ഷിക പ്രവൃത്തിയുമായി ചേർത്തു പുതിയ വ്യാഖ്യാനം കൊടുത്തു. ഉദാഹരണമായി, കനാനിലെ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ, ഈജിപ്തിൽ നിന്നുള്ള വിടുതലിനെ കൊണ്ടാടുന്ന പെസഹാ പെരുന്നാളുമായി ബന്ധിപ്പിച്ചു (പുറ. 13:1-16 താ.). അതേസമയം കനാന്യരുടെ ബാൽ ആരാധനയോടു ചേർന്നുള്ള ആകർഷകമായ അസാന്മാർഗിക രീതികളും, യഹോവയുടെ ആരാധനയും പൊരുത്തപ്പെടാത്തവ ആയതിനാൽ പലപ്പോഴും വിശ്വാസ ത്യാഗമുണ്ടായി.

f ഓരോ സന്ദർഭത്തിലും വിശ്വാസത്യാഗത്തെ, ചുറ്റുമുള്ള ശത്രുക്കളുടെ ഭീഷണിയോടു ചേർത്തു ന്യായാധിപന്മാരുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു (ന്യായാ. 2:11-23 താ.). ഈ ഭീഷണിയെ നേരിടുവാൻ പ്രത്യേക വരം ലഭിച്ച നേതാക്കന്മാരുടെ (charismatic leaders) കീഴിൽ ഏതാനും ഗോത്രങ്ങൾ അണിനിരന്നു യുദ്ധം ചെയ്തു. ഈ നേതാക്കന്മാരെ, ന്യായാധിപന്മാർ എന്നു വിളിക്കുന്നു. യഹോവയുടെ ആത്മാവിനാൽ ശക്തി പ്രാപിച്ച ഇവർ, യഹോവയുടെ 'ധാർമികയുദ്ധ'ത്തിനായി ഗോത്രങ്ങളെ ഒരുക്കി. ഗിദയോൻ, മനശ്ശെയിലുള്ള മിദ്യാന്യ ഒട്ടകക്കൊള്ളക്കാരെ തോല്പിച്ചു. വടക്കൻ ഗോത്രങ്ങൾ ഇസ്രായേൽ താഴ്വരയിൽ വച്ച് ബാരാക്കിന്റെ നേതൃത്വത്തിൽ, ദെബോരാ പ്രവാചകയുടെ സഹായത്തോടെ, ഹാസോർ രാജാവായ യാബീന്റെ മേൽ വിജയം വരിച്ചു. യോർദാനക്കരെ വച്ചു യിഫ്താഹ്, ഗിലയാദ്യരെ അമ്മോന്യർക്കെതിരായി നയിച്ചു.

g കനാൻദേശം കയ്യടക്കിയിരുന്ന ഈജിപ്തുകാർ ക്ഷയിച്ചതോടുകൂടി എബ്രായഗോത്രങ്ങൾ അവിടെ കുടിയേറിപ്പാർക്കുവാൻ ഇടയായി. ഇസ്രായേലിനെ തോല്പിച്ചുവെന്നവകാശപ്പെടുന്ന മർനെപ്റ്റായാണ് ഈജിപ്തിന്റെ അന്നത്തെ മുഖ്യഭരണാധികാരി. B. C. 1216-ൽ അദ്ദേഹത്തിന്റെ മരണത്തോടുകൂടി രാജ്യം അരാജകത്വത്തിൽ വഴുതിവീണു. പിന്നീടു റമ്സേസ് മൂന്നാമൻ (ഉ. 1183-1152) ഈജിപ്തിന്റെ ഐശ്വര്യസാമ്രാജ്യം വീണ്ടെടുക്കുന്നതിനു പരിശ്രമിച്ചു. അതേസമയം B. C. 1240-ൽ ഹിത്യസാമ്രാജ്യം തകർന്നു. പതിമൂന്നാം നൂറ്റാണ്ടിൽത്തന്നെ പ്രബലമായിരുന്ന അസ്സീറിയായും തളർന്നു. 42g

ഈജിപ്തിൽ കുടിയേറിപ്പാർക്കുവാൻ വന്ന ഏജിയൻ അക്രമികളെ (Sea People) തുരത്തുവാൻ റമ്സേസ് മൂന്നാമനു സാധിച്ചു. അവരിൽ ഫെലിസ്ത്യർ, തീരപ്രദേശങ്ങളിൽ വാസമുറപ്പിക്കുന്നതിനുപകരം, കനാനിൽ സ്ഥിരവാസമാക്കി (അങ്ങനെ കനാനു 'പലസ്തീൻ' എന്നു പേരായി). ഇരുമ്പിന്റെ കുത്തകക്കാരായ ഫെലിസ്ത്യർ (1 ശമു. 13:19-21) ഇസ്രായേൽ ഗോത്രങ്ങൾക്ക് ഒരു പേടിസ്വപ്നമായിത്തീർന്നു (38 e നോ.). ശിംശോൻ അവരുമായിട്ടാണു യുദ്ധം ചെയ്തത് (ന്യായാ. 13-15). എന്നാൽ അവന്റെ മരണശേഷം പേടകം പിടിക്കപ്പെട്ടത് ഇസ്രായേൽ ഗോത്രങ്ങൾക്ക് ഒരു വലിയ ആഘാതമായിത്തീർന്നു (1 ശമു. 4:1-11). അവരുടെ മതകേന്ദ്രമായിരുന്ന ശീലോ, B. C. 1050-ശേഷം ഏറെത്താമസിയാതെ നശിപ്പിക്കപ്പെട്ടു.

**ശൗൽ** (ഉ. B. C. 1020-1000). ഫെലിസ്ത്യരോടു എതിർക്കുവാൻ ശക്തമായ സൈനികമേധാവിത്വം ആവശ്യമായി വന്നതിനാൽ, ഒരു രാജാവിനെ വേണമെന്നുള്ള ആഗ്രഹം ഇസ്രായേൽ മൂപ്പന്മാർക്കുണ്ടായി. അയൽ രാജ്യങ്ങളായ മോവാബ്, അമ്മോൻ, കനാന്യ നഗരങ്ങൾ മുതലായ സ്ഥലങ്ങളിലെ രാജവാഴ്ചയെക്കുറിച്ച് അവർക്ക് അറിയാമായിരുന്നു. ആദ്യ കാലത്തു ഗിദെയോനെ രാജാവാക്കുവാൻ ശ്രമിച്ചെങ്കിലും ആ സ്ഥാനം അദ്ദേഹം നിരസിച്ചു (ന്യായ. 8:22 മു.). അദ്ദേഹത്തിന്റെ മകനായ അബീമെലെക്ക് ശെഖെമിലെ രാജാവായി സ്വയം പ്രഖ്യാപനം ചെയ്തുകൊണ്ടു ഹ്രസ്വകാലം വാണു. b 43a
യിഫ്താഹിനെയും ഇസ്രായേലിന്റെ അധിപതിയാക്കുവാൻ ജനം ശ്രമിക്കുകയുണ്ടായി.

'ചുറ്റുമുള്ള വിജാതീയരെപ്പോലെ ഒരു രാജാവിനെ ആവശ്യപ്പെട്ടത്', ദൈവിക ഭരണത്തോടുള്ള എതിർപ്പായി ശമുവേൽ കരുതി (1 ശമു. 8:4-9). എങ്കിലും അവൻ ശൗലിനെ രഹസ്യമായി അഭിഷേകം ചെയ്തു. അമാലേക്യരുമായുള്ള യുദ്ധത്തിലുണ്ടായ വിജയം ഗില്ഗാലിൽ വച്ചു ശൗലിനെ പരസ്യമായിത്തന്നെ രാജാവായി പ്രഖ്യാപിക്കുവാൻ മുഖാന്തരമായി (1ശമു. 11). ശൗൽ, സ്വഗ്രാമമായ ഗിബെയയിൽ വസിച്ചിരുന്നു. അവൻ ഒരു സൈന്യത്തെ ശേഖരിച്ചു യോർദാനക്കരെയുള്ള രാജ്യങ്ങളോടു യുദ്ധം ചെയ്തു (1 ശമു. 14:47). മരുഭൂമിയിൽ നിന്ന് അമാലേക്യമല്ലന്മാരെ തുരത്തി (1ശമു.15). മിക്മാസിലും ഗിബെയയിലും ഉണ്ടായിരുന്ന ഫെലിസ്ത്യപടയെ ശൗലും യോനാഥാനും ചേർന്നു രണ്ടു മിന്നലാക്രമണങ്ങളിലൂടെ തോല്പിച്ചു (1 ശമു. 13-14).

ശമുവേൽ ശൗലുമായി പിണങ്ങുവാൻ കാരണം b
ശൗലിന്റെ യുദ്ധാസക്തിയായിരുന്നു. ശൗലിന്റെ രാജസ്ഥാനം ദൈവം നിരാകരിച്ചതായി ശമുവേൽ പ്രഖ്യാപിച്ചു (1 ശമു. 15:22മു.). അവന്റെ പിൻഗാമിയായി ദാവീദിനെ ശമുവേൽ രഹസ്യമായി അഭിഷേകം ചെയ്തു (1 ശമു. 16). അനന്തരം ദാവീ

43b ദിനു ശൌലിൻെറ കൊട്ടാരത്തിൽ ഒരു സ്ഥാനം ലഭിക്കയുണ്ടായി. എന്നാൽ ശൌലിനെക്കാൾ പൊതുജന സമ്മതി ദാവീദിനാണെന്നു ഗ്രഹിച്ചപ്പോൾ ശൌൽ അസൂയാലുവായി ദാവീദിനെ കൊല്ലുവാൻ ശ്രമിച്ചു. തുടർന്നു ദാവീദ് മരുഭൂമിയിലേക്ക് ഓടിപ്പോയി. അവിടെ ഒരു കൂട്ടം അനുയായികളെ അവൻ സംഘടിപ്പിച്ചു. അക്കാലത്തു ഗത്തിലെ ഫെലിസ്ത്യരാജാവായ ആഖീശ്, ശത്രുക്കളായ ഇസ്രായേല്യരോടു പോരാടുവാൻ അവനെ നിയോഗിച്ചു (1 ശമു. 27). ശൌലും യോനാഥാനും ഗിൽബോവാ പർവതത്തിൽ, ഫെലിസ്ത്യ യുദ്ധത്തിൽ മരിച്ചുവീണപ്പോൾ, ദാവീദ് സിക്ലാഗിൽ അമാലേക്യരോടു പോരാടുകയായിരുന്നു (1 ശമു. 29–30).

ശൌലിൻെറ ഭരണകാലം തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല (1 ശമു. 13:1–ൽ ഭരണകാലം കാണുന്നില്ല). എന്നാൽ ദാവീദ് ഏതാണ്ടു B. C. 1000–ാമാണ്ടിനോടടുത്തു ഭരണമേറെന്നു കരുതാം.

c **ദാവീദ്** (ഉ. B. C. 1000–961). ഫെലിസ്ത്യ ദേശത്തു് ആയിരുന്നപ്പോൾ ജന്മനാടായ യെഹൂദയുമായി സൗഹൃദബന്ധം പാലിക്കുവാൻ ദാവീദ് ശ്രദ്ധിച്ചിരുന്നു. യെഹൂദയോടെതിർത്ത അമാലേക്യരോട് അവൻ യുദ്ധം ചെയ്തു. പല പട്ടണങ്ങളിലെയും മൂപ്പന്മാർക്ക് സമ്മാനങ്ങൾ അയച്ചുകൊടുത്തു (1ശമു. 30). ശൌലിൻെറ മരണശേഷം, ഹെബ്രോനിൽ വെച്ചു യെഹൂദാ മൂപ്പന്മാർ ദാവീദിനെ രാജാവായി അഭിഷേകം ചെയ്തു (2 ശമു. 2:3–4). ശൌലിൻെറ മകനായ ഇശ്ബാൽ കുറച്ചു കാലത്തേക്ക് ഉത്തര ഇസ്രായേൽ ഗോത്രങ്ങളെ ഭരിച്ചുവെങ്കിലും സഹായിയായ സേനാനായകൻെറ മരണശേഷം, അവൻ കൊല്ലപ്പെട്ടു. തുടർന്നു പ്രസ്തുത ഗോത്രങ്ങളും ദാവീദിനെ രാജാവായി അംഗീകരിച്ചു (2 ശമു. 5:1–5). ഇങ്ങനെ ശക്തനായ ഒരു നേതാവിൻെറ കീഴിൽ ഇസ്രായേൽ ഐക്യപ്പെട്ടതു ഫെലിസ്ത്യർക്കു ഹിതകരമായിരുന്നില്ല. എന്നാൽ ഫെലിസ്ത്യരുടെ എല്ലാ അടവുകളും നല്ലതുപോലെ ദാവീദിനറിയാമായിരുന്നതിനാൽ പിന്നീടൊരിക്കലും എതിർക്കാത്ത വിധം അവൻ അവരെ നിശ്ശേഷം കീഴ്പ്പെടുത്തി (2ശമു. 5:17–25).

d ഇസ്രായേലിൻെറ ഐക്യം അരക്കിട്ട് ഉറപ്പിക്കുവാൻ യെബൂസ്യരിൽ നിന്നു പിടിച്ചടക്കിയ യെരുശലേം, ദാവീദ് തലസ്ഥാനമായി തെരഞ്ഞെടുത്തു (2 ശമു. 5:6–12). ഇതു രാജ്യത്തിൻെറ ഏകദേശം മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. പെട്ടകം അവിടെ കൊണ്ടുവന്നു സ്ഥാപിച്ചതിനാൽ, യെരുശലേം, ഗോത്രങ്ങളുടെ മതകേന്ദ്രമായും തീർന്നു (2 ശമു. 6). അവിടെ ദൈവാലയം പണിയുവാനുള്ള സ്ഥലം ദാവീദ് ഒരുക്കിയെങ്കിലും (2 ശമു. 7:19–25) നിർമിതിയിൽ നിന്നു നാഥാൻ പ്രവാചകൻ അവനെ പിന്തിരിപ്പിച്ചു. തുടർന്ന് യെരുശലേമിലെ ദാവീദിൻെറ സിംഹാസനത്തിൽ, എക്കാലവും അവൻെറ സന്തതിയിൽ ഒരുവൻ ഉണ്ടായിരിക്കുമെന്നു നാഥാൻ പ്രവാചകനിൽക്കൂടി ദൈവം വാഗ്ദാനം ചെയ്തു (2 ശമു. 7).

e ദാവീദിൻെറ സമർത്ഥമായ നേതൃത്വത്തിൽ കനാൻെറ ശേഷിച്ച നഗരങ്ങൾക്കൂടി ഇസ്രായേലിനു കീഴ്പ്പെട്ടു. യോർദാൻെറ കിഴക്കുള്ള മോവാബ്, അമ്മോൻ, ഏദോം എന്നീ രാജ്യങ്ങൾ ദാവീദ് സ്വരാജ്യത്തോടു ചേർത്തു. അരാമ്യരെയും കീഴ്പ്പെടുത്തി. ദമസ്കൊസിൽ ഒരു ഗവർണറെ നിയമിച്ചു. വടക്കുപടിഞ്ഞാറുള്ള ഫൊയ്നീക്യനഗരങ്ങളുമായി സമാധാനബന്ധം സ്ഥാപിച്ചു. എന്നാൽ അബ്ശാലോമിൻെറ എതിർപ്പുകളും പിന്തുടർച്ചാവകാശത്തെ ചൊല്ലിയുള്ള മത്സരങ്ങളും ദുഃഖപര്യവസായിയായ ജീവിതമാണു ദാവീദിനു കാഴ്ചവെച്ചതു് (1ശമു. 9–20; 1 രാജാ. 1–2). എന്നിരുന്നാലും മരണക്കിടക്കയിൽവച്ച് അദോനിയാവിനു പകരം ശലോമോനെ രാജാവായി പ്രഖ്യാപിച്ചപ്പോൾ അയൽരാജ്യങ്ങളുമായി സമാധാനബന്ധം പുലർത്തുന്ന ശക്തമായ ഒരു ഏകീകൃതസാമ്രാജ്യം പിൻഗാമിയെ ഏല്പിക്കുവാൻ ദാവീദിനു സാധിച്ചു. 43e

f **ശലോമോൻ** (ഉ. B. C. 961–922) ശലോമോൻ തൻെറ പിതാവിൻെറ നേട്ടങ്ങളിൽ അടിസ്ഥാനമിട്ട് ഒരു നല്ല ഭരണാധിപനാണെന്നു വേഗം തെളിയിച്ചു. ദാവീദിന് ഏദോമിലുണ്ടായിരുന്ന അധികാരമുപയോഗിച്ചു ചെങ്കടലിലേക്ക് ഒരു വഴി തുറന്നതു ശലോമോൻ ശരിക്കും ഉപയോഗിച്ചു. കപ്പലുകൾ മുഖേന അറേബ്യയുമായി കച്ചവടത്തിലേർപ്പെട്ടു. ചെങ്കടൽ തീരങ്ങളിൽ ചെമ്പുശുദ്ധീകരണശാലകൾ സ്ഥാപിച്ചു. ഫറവോൻെറ മകളെ വിവാഹം ചെയ്തു് ഈജിപ്തുമായി നല്ല ബന്ധം സ്ഥാപിക്കയും, അവിടെനിന്നു കുതിരകളെയും രഥങ്ങളെയും വാങ്ങി ഹിത്യർക്കും, അരാമ്യർക്കും വിററു ലാഭമുണ്ടാക്കുകയും ചെയ്തു. ഗോതമ്പിനു പകരം ദേവദാരു ലഭിക്കത്തക്കവണ്ണം സോർരാജാവായ ഹീരാമുമായി കരാർ ചെയ്തു. വാണിജ്യപാതകളെ സുരക്ഷിതമാക്കുവാൻ രാജ്യത്തുടനീളം പ്രധാന സ്ഥാനങ്ങളിലൊക്കെയും ശക്തമായ കോട്ടകൾ നിർമ്മിച്ചു. യെരുശലേമിൽ മനോഹരമായ ഒരു കൊട്ടാരവും പെട്ടകത്തിൻെറ ആസ്ഥാനമായ ദൈവാലയവും പണികഴിപ്പിച്ചു. അതിലേക്കായി സോരിൽ നിന്നു ദേവദാരു കൊണ്ടുവന്നു, ഒപ്പം സമർത്ഥരായ പണിക്കാരെയും.

ശലോമോൻ യെരുശലേമിൽ വളരെ ആഡംബരപൂർണമായ ജീവിതമാണു നയിച്ചതു്. അവൻെറ ധനവും ജ്ഞാനവും പ്രസിദ്ധമായിരുന്നു (1രാജാ. 10:23–24 ത്ര.). കൊട്ടാരത്തിലെ ഭാരിച്ച ചെലവുകൾക്കായി കൊട്ടാരംവക ഭൂമി വിപുലപ്പെടുത്തി. ഭരണസൌകര്യത്തിനായി രാജ്യത്തെ പന്ത്രണ്ടു ജില്ലകളായി വിഭജിച്ചു. എന്നാൽ ഭാരിച്ച നികുതികൾ ചുമത്തിയതും, ഇസ്രായേല്യരെക്കൊണ്ടു നിർമ്മാണപദ്ധതിക്കുവേണ്ടി നിർബന്ധപൂർവം ഊഴിയവേല ചെയ്യിച്ചതും അദ്ദേഹത്തിനു ജനസമ്മതി കുറയുവാൻ കാരണമായി.

g ഈജിപ്തിലെയും മെസൊപ്പൊത്താമ്യയിലെയും പുരാതന സംസ്കാരങ്ങളിലെ ആചാരമര്യാദകളുടെ സ്വാധീനം ഇസ്രായേലിനു ലഭിക്കുവാൻ, അദ്ദേഹത്തിൻെറ സാർവദേശീയ ബന്ധങ്ങൾ സഹായിച്ചു. നികുതികളുടെയും വ്യവസായങ്ങളുടെയും രേഖകളും മറ്റും സൂക്ഷിക്കുന്നതിന് ഒരു ഭരണ സംവിധാനം (civil service) ആവശ്യമായിവന്നു. തന്മൂലം വിദ്യാസമ്പന്നരുടെ ഒരു പുതിയ തലമുറതന്നെ ഉണ്ടായി. സാഹിത്യം അഭിവൃദ്ധിപ്പെട്ടു. യാഹ്വിസ്റ്റുകളുടെ ചരിത്രകൃതികളും, രാജപിന്തുടർച്ചാരേഖകളും (Succession Narrative) (2 ശമു. 9–20; 1 രാജാ. 1–2) ഈ കാലത്തു് എഴുതപ്പെട്ടതായിരിക്കുവാൻ ഇടയുണ്ട്. ഇസ്രായേലിലെ ജ്ഞാനസാഹിത്യത്തിൻെറ (Wisdom Literature) പ്രാഥമിക ഘട്ടവുമായി ശലോമോൻ ബന്ധപ്പെട്ടിരിക്കുന്നുവെന്നു കരുതാം (1 രാജാ. 4:29–84; 10:23.).

എന്നാൽ ശലോമോൻെറ സാമ്രാജ്യത്തിൽ നാശത്തിൻെറ വിത്തുകളും മുളച്ചുവന്നു. ജനങ്ങൾക്കു ദുർവഹമായ ഭാരമുളവാക്കുന്നതായിരുന്നു, നികുതി. യെരോബെയാമിൻെറ നേതൃത്വത്തിൽ പൊട്ടിപ്പുറപ്പെട്ട ലഹള പെട്ടെന്ന് അടിച്ചമർത്തിയെങ്കിലും ജനം അതൃപ്തരായിരുന്നു. കൂടാതെ, ശലോമോൻെറ വിദേശീയ ഭാര്യ

43g മാർ ഇസ്രായേല്യമതത്തെ ബലഹീനമാക്കി. ശലോമോന്റെ മരണശേഷം രാജ്യം രണ്ടായി വിഭജിക്കപ്പെടുമെന്നുള്ള വിധി അഹീയാ പ്രവാചകൻ തികച്ചും നാടകീയമായാണു പ്രസ്താവിക്കുന്നത് (1 രാജാ. 11:26–40).

## വിഭജിത രാജ്യങ്ങൾ

h ശലോമോന്റെ മരണശേഷം അവന്റെ മകനായ റെഹബെയാം രാജാവായി B. C. 922–915). വടക്കുള്ള ഗോത്രങ്ങൾ തങ്ങളുടെ നികുതിയുടെ ഭാരം ഇളച്ചുകൊടുക്കണമെന്നുള്ള അപേക്ഷയുമായി വന്നെങ്കിലും റെഹബെയാം അതു നിരസിച്ചു. പിന്തുണ പിൻവലിച്ച പത്തു ഗോത്രങ്ങൾ ചേർന്ന് എതിരാളിയായ യെറോബെയാമിനെ അവരുടെ രാജാവാക്കി. യൂദാ, ബെന്യാമീൻ ഗോത്രങ്ങൾ മാത്രമാണു റെഹബെയാമിനു പിന്തുണ നല്കിയത് (1 രാജാ. 12:1–24.) ഇസ്രായേൽ (എഫ്രയീം) വടക്കും, യെഹൂദാ തെക്കുമായി, രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. വിഭജനത്തെത്തുടർന്ന് അരാമും (സിറിയ) അമ്മോനും നഷ്ടപ്പെട്ടു. ശലോമോന്റെ കാലത്തുതന്നെ റെസോൻ, സിറിയ കൈയടക്കി ഭരണം നടത്തിയിരുന്നു (1 രാജാ. 11:23–25). മോവാബ് ആറുവർഷത്തോളം ഇസ്രായേലിനു തുടർന്നു കപ്പം കൊടുത്തു. എദോം രാജാവായ ഹദദ് കുറെക്കാലം മാത്രമേ യെഹൂദയുമായി ബന്ധപ്പെട്ടിരുന്നുള്ളു.

യെറോബെയാം, (B. C. 922–901) ആദ്യം ശെഖേം, ഇസ്രായേലിന്റെ തലസ്ഥാനമാക്കിയെങ്കിലും, B. C. 918–നോടടുത്തു ഫറവോ ശീശക്ക്, രാജ്യം ആക്രമിച്ചപ്പോൾ തലസ്ഥാനം പനുവേലിലായി (1 രാജാ. 14:25 മു.). യെരുശലേമിൽ 'പെട്ടകം' ഉണ്ടായിരുന്നതിനാൽ ജനം സ്വാധീനപ്പെട്ടു പോകുമെന്നു ഭയന്ന്, യെറോബെയാം, തെക്കും വടക്കുമായി, ദാനിലും ബഥേലിലുമുള്ള പൂജാഗിരികളെ പുതുക്കിപ്പണിതു. ഓരോ സ്ഥലത്തും സ്വർണകാളക്കുട്ടികളെയും പ്രതിഷ്ഠിച്ചു (1 രാജാ. 12:26–33). യെഹൂദ്യവിമർശകർ അവയെ ബിംബങ്ങളായി കരുതിയെങ്കിലും, അദൃശ്യനായ ദൈവത്തിന്റെ സിംഹാസനമായി മാത്രമേ അവയെ ഉദ്ദേശിച്ചിരുന്നുള്ളു. പക്ഷേ സാധാരണ ജനങ്ങൾ അവയെ ദേവന്മാരായി കരുതിയിരിക്കണം (വാ. 28 നോ.).

i യെഹൂദ്യയിൽ രാജത്വം ദാവീദുഗൃഹത്തിനായിരുന്നു. എന്നാൽ ഇസ്രായേലിൽ അങ്ങനെ ഒരു നിശ്ചിതത്വവും ഇല്ലായിരുന്നു. 'കൈയൂക്കുള്ളവർ കാര്യക്കാര'നെന്നു പറയുംപോലെ സാമർത്ഥ്യമുള്ളവർ സിംഹാസനം പിടിച്ചെടുത്തു. അതിനാൽ യെറോബെയാമിനുശേഷം പല രാജാക്കന്മാരും ഉണ്ടായി (നാദാബ് B. C. 901–900; ബയെശാ 900–877; സിമ്രി 876). അതിനുശേഷം ഒമ്രി അധികാരത്തിൽ വന്നു(B. C. 876–869). റെഹബെയാമിന്റെ മകനായ അബീയാവിന്റെ (B. C. 915–913) കാലത്തും, അബീയാവിന്റെ മകൻ ആസാ (B. C. 912–873) യുടെ കാലത്തും സംഘട്ടനങ്ങൾ നടന്നു. എന്നാൽ ഒമ്രിയുടെ കാലത്ത് ഇസ്രായേൽ ശക്തി പ്രാപിച്ചിരുന്നു.

**ഒമ്രി** (B. C. 876–869). തിർസായ്ക്കു പകരം ശമര്യാ തലസ്ഥാനമാക്കി പണിതതല്ലാതെ മറ്റൊന്നും തന്നെ ഒമ്രി ചെയ്തതായി പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടില്ല (1 രാജാ. 16:23–28). എന്നാൽ അസ്സീറിയൻ ചരിത്ര രേഖകളിൽ, അനേക നാളത്തേക്ക് ഇസ്രായേലിനെ 'ഒമ്രിയുടെ രാജവംശം' എന്നാണു നാമകരണം ചെയ്തിരിക്കുന്നത്. അദ്ദേഹം ശക്തനായ ഒരു ഭരണാധിപനായിരുന്നുവെന്ന് ഇതു തെളിയിക്കുന്നു. മോവാബിനെ അവൻ കീഴ്പ്പെടുത്തിയതായി മോവാബ്യ ശിലാലിഖിതത്തിൽ കാണുന്നു (28g നോക്കുക.). സോരിലെ രാജകുമാരിയായ ഈസേബെലിനെ ആഹാബിനെക്കൊണ്ടു വിവാഹം കഴിപ്പിച്ചതിനാൽ, സിറിയാക്കാരുടെ ഭീഷണിയെ എതിർക്കുവാൻ, ഫൊയ്നീക്യരുമായുള്ള ബന്ധം പര്യാപ്തമായി തീർന്നു. 43i

j **ആഹാബ്** (B. C. 869–850.) സിറിയയുടെ ആക്രമണത്തെ തടയേണ്ടതു് ആഹാബിന്റെ ചുമതല ആയിരുന്നു (1 രാജാ. 20 താ.). അസ്സീറിയയിലെ ശൽമനെസ്സർ മൂന്നാമൻ വടക്കൻ ദേശം ആക്രമിച്ചപ്പോൾ സഖ്യസൈന്യത്തെ നയിച്ച്, ഒറോൺടസ് നദിക്കടുത്തുള്ള കാർക്കാറിൽവച്ച് (B. C. 853–ൽ) അവനെ തോല്പിച്ചതു് ആഹാബായിരുന്നു. ഇതു് അസ്സീറിയൻ രേഖകളിൽ എഴുതപ്പെട്ടിട്ടുണ്ട്. എന്നാൽ ആഹാബിന്റെ ഭരണകാലത്തുള്ള മതസംബന്ധമായ കാര്യങ്ങൾക്കു മാത്രം പ്രാധാന്യം കൊടുക്കുന്ന പഴയനിയമത്തിൽ ഈ വസ്തുത രേഖപ്പെടുത്തിയിട്ടില്ല. തന്റെ പിതാവു ശമര്യായിൽ തുടങ്ങിയ നിർമാണപരിപാടി ആഹാബ് പൂർത്തിയാക്കി. ആ പട്ടണം, 'ദന്തമന്ദിര'ങ്ങൾക്കു പ്രസിദ്ധമായി തീർന്നു (1 രാജാ. 22:39). ഒരു ഭൂഗർഭജലതുരങ്കവും (Underground water tunnel) മെഗിദ്ദോവിലെ കുതിരലായങ്ങളും, ശമര്യായിലെ ബാൽക്ഷേത്രവും ആഹാബിന്റെ ശില്പവേലകളിൽ ഉൾപ്പെടുന്നു. ഭാര്യയായ ഈസേബെലിനെ സന്തോഷിപ്പിക്കുവാനാണു ബാലിനു പൂജാഗിരി പണിതതു്. യഹോവാമതത്തെ നിഷ്കാസനം ചെയ്തു ബാലിന്റെ ആരാധന സ്ഥാപിക്കുവാനായി അവർ കിണഞ്ഞു പരിശ്രമിച്ചു. ഈ പ്രവർത്തനങ്ങൾ, ഇസ്രായേല്യരുടെ പുരാതന വിശ്വാസത്തിനുവേണ്ടി ഏകനായി പോരാടിയ ഏലിയാ പ്രവാചകനുമായി ഏറ്റുമുട്ടുന്നതിന് ആഹാബ്–ഈസേബെൽ ദമ്പതികളെ നയിച്ചു.

k യെഹൂദാരാജാവായ യെഹോശാഫാത്തി (B. C. 873–849.) നോടു ചേർന്നു സിറിയായുമായി യുദ്ധം ചെയ്തുകൊണ്ടിരുന്നപ്പോൾ ആഹാബു കൊല്ലപ്പെട്ടു. യെഹോശാഫാത്തിന്റെ മകനായ യെഹോരാം (B. C. 849–842) ആഹാബിന്റെ മകളായ അഥല്യായെ വിവാഹം ചെയ്തതോടെ ഇസ്രായേലും യെഹൂദയും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടു. ആഹാബിനുശേഷം അവന്റെ മകനായ അഹസ്യാവു (B. C. 850–849) രാജാവായി. അവൻ മക്കളില്ലാതെ മരിച്ചതിനാൽ സിംഹാസനം സഹോദരനായ യെഹോരാമിനു ലഭിച്ചു (B. C. 849–842.) അദ്ദേഹം യെഹൂദയിലെ യെഹോരാമിന്റെ സമകാലികനായിരുന്നു. ഇസ്രായേലിലെ യെഹോരാമിനെ യേഹു (B. C. 842—815) കൊന്നുകളഞ്ഞു. ഏലിയാപ്രവാചകന്റെ പ്രവചനം നിവൃത്തിയാകത്തക്കവണ്ണം ഈസേബെലും ഭയങ്കരമായ വിധത്തിൽ വധിക്കപ്പെട്ടു (2രാജാ. 9:30–37).

**യേഹൂ** (B. C. 842–815 ) യേഹൂവിനെ രാജാവായി അഭിഷേകം ചെയ്ത ഏലീശാപ്രവാചകൻ ആദ്യകാലത്ത് അവനു പിന്തുണ നല്കിയിരുന്നു (2 രാജാ. 9:1—13). ബാൽ ആരാധകരെയെല്ലാം ഉന്മൂലനാശം ചെയ്ത് യേഹു ഇസ്രായേലിനെ ശുദ്ധീകരിച്ചു (2 രാജാ. 10:18—31). ഇതു ഫൊയ്നീക്യരുമായുള്ള ബന്ധത്തിനു വിരാമമിട്ടു. അധികാരത്തിൽ വന്ന യേഹൂ യെഹൂദായിലെ അഹസ്യാവിനെയും (B. C. 842) ഇസ്രായേലിലെ യെഹോരാമിനെയും വധിച്ചു (2 രാജാ. 9:14—28). എങ്കിലും യെഹൂദ്യയെ സാമന്തസ്ഥാനത്തേക്കു മാറ്റുവാൻ സാധിച്ചില്ല. അഥല്യാ അവിടെ രാജ്ഞിയായി (B. C. 842—837; 44a

44a 2 രാജാ. 11:1–13). B. C. 841 ൽ ശൽമനെസ്സർ മൂന്നാമൻ വീണ്ടും സിറിയയെ നിരോധിച്ചപ്പോൾ, യേഹൂ കപ്പം കൊടുക്കുവാൻ നിർബന്ധിതനായി. ശക്തിപ്രാപിച്ചുകൊണ്ടിരുന്ന ദമസ്കൊസിലെ ഹസായേലിനു (B. C. 842–806) പല സ്ഥലങ്ങളും വിട്ടുകൊടുക്കേണ്ടിവന്നു.

b യേഹൂവിന്റെ മരണശേഷം ഹസായേൽ ഇസ്രായേലിനെ ഞെരുക്കി. യേഹൂവിന്റെ മകനായ യെഹോവാഹാസിനെ (B. C.–815 801) കീഴടക്കി. പക്ഷേ അസ്സീരിയായിലെ അദാദ്–നിരാരി മൂന്നാമൻ, ദമസ്കൊസിന്റെ ശക്തി ക്ഷയിപ്പിച്ചു. അതിനുശേഷം അസ്സീറിയയുടെ ശക്തി കുറഞ്ഞപ്പോൾ യെഹോവാഹാസിന്റെ മകനായ യെഹോവാശിനെ (B. C. 801–786) നീക്കി ഭരണം കൈയേററ യൊരോബെയാം രണ്ടാമന്റെ (B. C. 786–746) കീഴിൽ ഇസ്രായേൽ വീണ്ടും ശക്തിപ്രാപിക്കുവാൻ തുടങ്ങി.

അഥല്യക്ക ദാവീദവംശത്തിൽ അവകാശം ഇല്ലാതിരുന്നതിനാൽ, നിയമാനുസൃതമായ ഭരണാധികാരിണിയായി അവളെ യെഹൂദ്യ സ്വീകരിച്ചില്ല. അവളെ കൊന്നതിനുശേഷം അഹസ്യാവിന്റെ മകനായ യോവാശിനെ (യെഹോവാഹാശ്, (B.C. 837–800) യെഹൂദ്യർ രാജാവാക്കി. ബാൽ ആരാധനക്കാരിയായ അഥല്യ യെരുശലേമിലും അതേ ആരാധനാസമ്പ്രദായം നിലനിർത്താൻ ശ്രമിച്ചതിനാൽ യോവാശിനെ രാജാവാക്കിയതിൽ ജനം സന്തോഷിച്ചു (2 രാജാ. 11). യോവാശിനുശേഷം മകനായ ഉസ്സീയാവ് (അസരിയാവ്, B. C. 783–742) രാജാവായി. വിദേശീയാക്രമണം കൂടാതെ, ഉസ്സീയാവിന്റെ കാലത്തു് യെഹൂദ്യ സമാധാനവും അഭിവൃദ്ധിയും പ്രാപിച്ചു.

c B. C. 8–ാം നൂററാണ്ടിന്റെ ആദ്യകാലത്തു് യെരുശലേമിലും, യെഹൂദ്യയിലും സാമ്പത്തികാഭിവൃദ്ധി ഉണ്ടായപ്പോൾ, ധനികരും നിർദ്ധനരും തമ്മിൽ വലിയ വിടവുണ്ടായി. ധാർമികനിലവാരം താണു. അനീതി വർദ്ധിച്ചു. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അഴിമതി വ്യാപിച്ചു; പുരോഹിതന്മാരിലും ദൈവാലയത്തിലും, ആരാധനയിലുമെല്ലാം. യഹോവയോടുള്ള ജനങ്ങളുടെ ബന്ധവും അതിന്റെ ആവശ്യകതകളും ചോദ്യം ചെയ്തുകൊണ്ടു് രണ്ടു പ്രവാചകന്മാർ–ആമോസും ഹോശേയായും–എഴുന്നേററതു് ഈ സന്ദർഭത്തിലാണു്. ആമോസ് സാമൂഹ്യനീതിക്കുവേണ്ടി ആഹ്വാനം ചെയ്തു. ഹോശേയാ, മതപരമായ അവിശ്വസ്തതയ്ക്കെതിരായി പ്രസംഗിച്ചു. അനുതപിച്ചു തിരിഞ്ഞുവരാതിരുന്നാൽ ദേശത്തിന്മേൽ ന്യായവിധി ഉണ്ടാകുമെന്നു രണ്ടുപേരും പ്രഖ്യാപിച്ചു.

അന്തർദേശീയരംഗത്തു് അക്കാലത്തു ശക്തമായൊരു വ്യതിയാനം സംഭവിക്കുകയായിരുന്നു. തിഗ്ലത്തു്–പിലേസർ മൂന്നാമന്റെ (B. C. 745–727) കീഴിൽ അസ്സീറിയാ ശക്തിപ്പെടുകയും, പടിഞ്ഞാറോട്ടു തിരിഞ്ഞു സിറിയയും പലസ്തീനും സാമ്രാജ്യത്തോടു ചേർക്കാൻ അദ്ദേഹം ശ്രമിക്കുകയും ചെയ്തു. ലോഹങ്ങൾക്കും തടിക്കുംവേണ്ടി മാത്രമല്ല, ഈജിപ്തിലേക്കുള്ള ഒരു കവാടമായും പലസ്തീനെ ഉപയോഗപ്പെടുത്താമെന്നു് അദ്ദേഹം കണ്ടു. B. C. 743–ൽ 'യവുദിലെ അസ്രിയാവിന്റെ' നേതൃത്വത്തിൽ ഒരു സഖ്യ സൈന്യം, തിഗ്ലത്തു്പിലേസർ മൂന്നാമനെ എതിർത്തു. അതു് യെഹൂദ്യയിലെ അസറിയാവ് (ഉസ്സീയാവ്) തന്നെ ആയിരുന്നിരിക്കണം. എന്നാൽ B. C. 738–ൽ സിറിയാ കീഴ്പ്പെട്ടു. യവുദിലെ അസ്രിയാവിനെപ്പോലെ ദമസ്കോസിലെ രസിൻ രാജാവും, ഇസ്രായേലിലെ മെനഹേമും (B. C. 745–738) കപ്പം കൊടുത്തു (2 രാജാ. 15:19–20). ഉസ്സീയാവ് B. C. 742–ൽ മരിച്ചതിനാലായിരിക്കാം യെഹൂദ്യയ്ക്കു തിരിച്ചടി കിട്ടിയില്ല. 44c

d

യെരോബെയാം രണ്ടാമന്റെ മരണം, ഇസ്രായേലിൽ അസ്വസ്ഥതകൾ വരുത്തിവച്ചു. തുടർന്നു പല രാജാക്കന്മാർ വാണു. സഖറിയാ (746–745); ശല്ലും (745); മെനഹേം (745–738). മെനഹേമിന്റെ പുത്രനായ പെക്കഹ്യാവിനെ (738–737) സ്ഥാനഭ്രഷ്ടനാക്കി പേക്കഹ് (737–732) രാജാവായി. B. C. 733–ൽ പേക്കഹും, ദമസ്കോസിലെ രെസീനും ചേർന്നു് അസ്സീറിയായ്ക്കെതിരായി സഖ്യം ഉണ്ടാക്കുവാൻ യെഹൂദ്യയെ നിർബന്ധിച്ചു (2 രാജാ. 15:37; 16:5). എന്നാൽ യോഥാം (742–735) ന്റെ മകനായ ആഹാസ് (735–715) സിറിയൻ–ഇസ്രായേൽ ഭീഷണി മൂലം യെശയ്യാവിന്റെ ഉപദേശത്തെയും വകവയ്ക്കാതെ (യെശ. 7:1–17) അസ്സീറിയായുടെ സഹായം തേടി (2 രാജാ. 16:7–9). പെട്ടെന്നു തിഗ്ലത്തു് പിലേസർ മൂന്നാമൻ ഗലീലിയായും ഗിലെയാദും ആക്രമിച്ചു. ജനത്തെ നാടുകടത്തി. B. C. 73–2ൽ ഫിലിസ്ത്യയും അസ്സീറിയരുടെ കയ്യിൽ വീണു. രെസീനെ വധിച്ചു ദമസ്കോസ് പിടിച്ചു (2 രാജാ. 15:29). ഇസ്രായേലിനെ, ഗലീലിയാ ഉൾപ്പെടുന്ന മെഗിദ്ദോ; കർമേൽ പർവതത്തിനു തെക്കുള്ള തീരപ്രദേശമായ ദോർ; ഗിലെയാദ് എന്നു മൂന്നു് അസ്സീറിയൻ പ്രവിശ്യകളായി വിഭാഗിച്ചു. പേക്കഹിനു് ശമര്യാദേശം മാത്രം ശേഷിച്ചു.

B. C. 732–ൽ ഹോശേയ (732–724) പേക്ക e
ഹിനെ സ്ഥാനഭ്രഷ്ടനാക്കി രാജാവായി (2 രാജാ. 15:30). 727–ൽ തിഗ്ലത്തു്–പിലേസർ മൂന്നാമൻ മരിച്ചശേഷം ഹോശേയ ശൽമനേസർ അഞ്ചാമനു് (B.C. 726–722) കപ്പം കൊടുത്തെങ്കിലും, പിന്നീടു് ഈജിപ്തുമായി ചേർന്നു് അവനോടെതിർത്തു. ശൽമനേസർ ഹോശേയയെ തടവിലാക്കിയെങ്കിലും മൂന്നുവർഷം കൂടി ശമര്യ ചെറുത്തുനിന്നു. പിന്നീടു സാർഗൺ രണ്ടാമന്റെ (B. C. 727–705) കാലത്തു്, 722–ലോ 721 ലോ ശമര്യ പിടിക്കപ്പെട്ടു (2 രാജാ. 17:1–6). അസ്സീറിയക്കാരുടെ രീതിയനുസരിച്ചു വിജയം പൂർണമാകുവാനും വീണ്ടും ഒരു എതിർപ്പുണ്ടാകാതിരിക്കുവാനുമായി ശമര്യക്കാരെ, ഒരിക്കലും മടങ്ങിവരാതവണ്ണം അസ്സീറിയയിലേക്കു നാടുകടത്തി. ശമര്യയെ ഒരു അസ്സീറിയൻ പ്രവിശ്യയാക്കി മാററി. അവർ പിടിച്ചടക്കിയ മററു പട്ടണങ്ങളിൽ നിന്നുള്ള ആളുകളെ അവിടെ കൊണ്ടുവന്നു പാർപ്പിച്ചു (2 രാജാ. 17:24).

**ആഹാസ്** (B.C. 735–715). യെഹൂദ്യയിലെ രാജാ f
വായ ആഹാസ്, ദേവാലയം കൊള്ളചെയ്തു്, അസ്സീറിയൻ സഹായം ലഭിക്കുവാനായി ഒരു വലിയ സമ്മാനം (Tribute) അസ്സീറിയയിലെ രാജാവിനു കൊടുത്തയച്ചു. അവൻ അസ്സീറിയൻ മാതൃകയിൽ പുതിയ അൾത്താര ദൈവാലയത്തിൽ സ്ഥാപിച്ചതിനുശേഷം യഹോവയുടെ യാഗപീഠം മാററി സ്ഥാപിച്ചു (2 രാജാ. 16:10–16). ഇക്കാലത്തു് അസ്സീറിയരുടെ മതാചാരങ്ങളും ദേവാലയാരാധനയിൽ കടന്നു കൂടിയിരിക്കണം. ഉസ്സീയാവിന്റെ ഭരണത്തിന്റെ അവസാന വർഷം (B. C. 742) പ്രവചനത്തിനായി വിളിക്കപ്പെട്ട യെശയ്യാപ്രവാചകൻ അസ്സീറിയയുമായുള്ള ആഹാസിന്റെ സഖ്യത്തെ അപലപിക്കുകയും മതത്തിന്റെ ശോചനീയ അവസ്ഥയെ പഴിക്കുകയും ചെയ്തു. സമകാലികനായ മീഖായെപ്പോലെ സമൂഹത്തിലെ അനീതിക്കും അഴിമതിക്കുമെതിരെ ദൈവത്തിന്റെ ന്യായവിധി ഉണ്ടാകുമെന്നു പ്രഖ്യാപിക്കുകയുമുണ്ടായി.

44g **ഹിസ്കീയാവ്** (B. C. 715–687/6). ആഹാസിന്റെ മകനായ ഹിസ്കീയാവു B. C. 715നോടടുത്തു രാജാവായി. 727–ൽ പിൻഗാമിയായി നിയോഗിക്കപ്പെട്ടിരുന്നതിനാൽ (2രാജാ. 18:1, 9,10) അന്നുമുതൽ സഹഭരണാധിപനായി സഹായിച്ചിരുന്നു. ഇസ്രായേലിന്റെ പാരമ്പര്യമതവും ദേശീയബോധവും സമന്വയിച്ചു കൊണ്ടുപോകുവാൻ അദ്ദേഹം ശ്രമിച്ചു. വിജാതീയാചാരങ്ങൾക്ക് അറുതി വരുത്തി (2 രാജാ. 18:3–6). എന്നാൽ ശലോമോന്റെ കാലത്തെപ്പോലെ യെരുശലേമിനെ മതകേന്ദ്രമാക്കി യെഹൂദ്യയെയും ഇസ്രായേലിനെയും യോജിപ്പിക്കുവാനുള്ള ശ്രമം, അസ്സീറിയൻ നേതാക്കന്മാരോടുള്ള ഭയം നിമിത്തം വടക്കുള്ളവർ സ്വാഗതം ചെയ്തില്ല. ഹിസ്കിയാവിന്റെ കാലത്തു യെരുശലേമിൽ സാഹിത്യപ്രസ്ഥാനങ്ങൾക്ക് ഒരു നവോത്ഥാനം ഉണ്ടായി. വടക്കേ രാജ്യത്തുനിന്ന് ആമോസിന്റെയും ഹോശേയായുടെയും പ്രവചനങ്ങൾ കൊണ്ടുവന്നു പഠിക്കുകയും യെഹൂദ്യയിൽ പ്രായോഗികമാക്കുകയും ചെയ്തു. ചില സങ്കീർത്തനങ്ങളും പഞ്ചഗ്രന്ഥങ്ങളിലെ ഏലോഹിസ്റ്റ് രേഖ ഉൾപ്പെടെ പല ചരിത്രരേഖകളും ഒരുപക്ഷേ ഈ കാലയളവിൽ യെരുശലേമിൽ കൊണ്ടുവന്നിരിക്കാം. ആവർത്തനനിയമാവലി രൂപീകരിക്കുകയും സദൃശവാക്യങ്ങൾ ശേഖരിക്കുകയും (സദൃ 25:1) ചെയ്തതും ഈ കാലത്തായിരിക്കണം.

ഹിസ്കിയാവിന്റെ ഭരണകാലത്ത് എത്യോപ്യയിലെ 25–ാമത്തു രാജവംശം ( B.C. 716/5–663) ഈജിപ്തിൽ അധികാരത്തിൽ വന്നു. അവർ ഏഷ്യയിൽ ഇടപെട്ടു തുടങ്ങി. അസ്തോദിന്റെ നേതൃത്വത്തിൽ ഫെലിസ്ത്യപട്ടണങ്ങൾ അസ്സീറിയയ്ക്കെതിരായി മത്സരിക്കുവാൻ അവർ പ്രേരിപ്പിച്ചു. B. C. 712–ൽ സാർഗൺ രണ്ടാമൻ ലഹള അമർച്ച ചെയ്തു. ഹിസ്കിയാവു യെശയ്യാവിന്റെ ഉപദേശം സ്വീകരിച്ച് ഇതിൽ പ്രവേശിക്കാഞ്ഞതിനാൽ (യെശ. 20) യെരുശലേം രക്ഷപ്പെട്ടു.

h സാർഗൻ രണ്ടാമൻ B. C. 704–ൽ മരിച്ചപ്പോൾ അസ്സീറിയാ സാമ്രാജ്യത്തിലാകമാനം വിപ്ളവങ്ങൾ ഉണ്ടായി. പ്രസ്തുത സാമ്രാജ്യത്തിന്റെ പടിഞ്ഞാറുഭാഗത്തു ലഹള പൊട്ടിപ്പുറപ്പെട്ടപ്പോൾ ഫറവോ ശബക്കോയുടെ സഹായത്തോടെ മെർദാക്ക ബലദാൻ സൻഹേരീബിനെ രണ്ടു വർഷത്തോളം ബാബിലോണിൽ പ്രതിരോധിക്കുകയുണ്ടായി. യെശയ്യാവിന്റെ മുന്നറിയിപ്പുകളെ അവഗണിച്ചു ഹിസ്കീയാവ് ഇതിൽ ഒരു നായകനായിത്തീർന്നു (യെശ. 30:1–7; 31:1–3). ശത്രുക്കൾക്കെതിരേ യെരുശലേമിനെ ഉറപ്പിച്ചു. ആക്രമണമുണ്ടായാൽ ജലം ലഭ്യമാകുവാനായി, അദ്ദേഹം നിർമ്മിച്ച ഭൂഗർഭ ജലതുരങ്കം ഇന്നും കാണാം. സോരും സീദോനും പിടിച്ചശേഷം ഈജിപ്തിനെയും തോല്പിച്ച സൻഹേരിബ് B. C. 701–ൽ യെഹൂദ്യയിലേക്കു നീങ്ങി (യെശ. 10:28–32). സൻഹേരിബിന്റെ സ്വന്തം രേഖയനുസരിച്ച് 46 പട്ടണങ്ങൾ പിടിക്കുകയും അതിലുള്ള നിവാസികളെ നാടുകടത്തുകയും ചെയ്തു. യെരുശലേം ഭയപ്പെട്ടു. ഇതു സംബന്ധിച്ച 2 രാജാ. 18:13–16–ഉം അസ്സീറിയൻ രേഖകളും യോജിക്കുന്നു. ഹിസ്കിയാവു കപ്പം കൊടുത്തു. യെരുശലേം പിടിച്ചടക്കുവാൻ തീരുമാനിച്ച അസ്സീറിയൻ രാജാവ് അതിനെ ആക്രമിച്ചു. എന്നാൽ പട്ടണം പിടിക്കപ്പെടുകയില്ലെന്നു യെശയ്യാവു ഹിസ്കിയാവിന് ഉറപ്പു നല്കിയിരുന്നു. അസ്സീറിയൻ സൈന്യം പെട്ടെന്നു പിന്തിരിയാൻ നിർബന്ധിതമായപ്പോൾ യെരുശലേം രക്ഷപെട്ടു (2രാജാ 18:17–19:37; യെശ. 36–37). B. C. 690/89–ൽ ഈജിപ്തിൽ തീർഹക്കാ സഹറീജൻറായി
വന്നശേഷം (2രാജാ. 19:9) 688–ൽ സൻഹേരിബ് 44h
രണ്ടാം പ്രാവശ്യം ആക്രമണം നടത്തിയപ്പോഴാണ് ഈ വിടുതൽ സംഭവിച്ചതെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നെങ്കിലും അതിനെക്കുറിച്ചു വ്യക്തമായ തെളിവൊന്നുമില്ല.

i **മനശ്ശെ** (B. C. 687/6–646). ഏസർഹദ്ദോന്റെ കാലത്തു (B. C. 680–669) അസ്സീറിയ ശക്തിയുടെ ഔന്നത്യത്തിൽ എത്തിച്ചേർന്നു. ഹിസ്കിയാവിന്റെ മകനായ മനശ്ശെ മത്സരിക്കുവാൻ ശ്രമിച്ചെങ്കിലും (2 ദിന. 33:11) വിശ്വസ്തതയോടെ സാമന്തനിലയിൽ കഴിയുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. വീണ്ടും അസ്സീറിയരുടെ ആചാരങ്ങൾ ദൈവാലയത്തിൽ കടന്നുകൂടി. പൂജാസ്ഥാനങ്ങൾ അവിടവിടെ തുറക്കപ്പെട്ടു. ദേവദാസി സമ്പ്രദായങ്ങൾ, മന്ത്രവേല, ശിശുയാഗം മുതലായ വിജാതീയ രീതികൾ വളർന്നുവന്നു. അങ്ങനെ യെരുശലേമിനെ ഭരിച്ചിട്ടുള്ളവരിൽവച്ച് ഏററം നികൃഷ്ടനായ രാജാവായി മനശ്ശെ എണ്ണപ്പെട്ടു (2 രാജാ. 21:9–16). അവന്റെ മകനായ അമോനും (B. C. 642–640) പിതാവിന്റെ മാർഗ്ഗം തുടർന്നു. പക്ഷേ കൊല്ലപ്പെടുന്നതിനുമുമ്പു രണ്ടു വർഷമേ ഭരിക്കുവാൻ സാധിച്ചുള്ളൂ (2 രാജാ. 21:19–26). കൊലപാതകികളെ വധശിക്ഷയ്ക്കു വിധിച്ചു. അവന്റെ മകനായ യോശീയാവ് 8–ാമത്തെ വയസ്സിൽ രാജാവായി.

j **യോശീയാവ്** (B. C. 640–609). യോശീയാവു രാജാവായപ്പോഴേയ്ക്ക് അസ്സീറിയ ക്ഷയിക്കുവാൻ തുടങ്ങിയിരുന്നു. അശ്ശൂർ ബാനിപ്പാലിന്റെ കാലത്ത് (B. C. 668–627) എല്ലാ ഭാഗങ്ങളിൽനിന്നും രാജ്യത്ത് ആക്രമണങ്ങൾ ഉണ്ടായി. അവന്റെ മരണശേഷം അവന്റെ രണ്ടു മക്കൾ അധികാരത്തിനുവേണ്ടി വടംവലി നടത്തുകയും രാജ്യം വിഭജിക്കപ്പെടുകയും ചെയ്തു. ബാബിലോണിൽ കല്ദായ രാജകുമാരനായ നെബോപൊലാസർ (B. C. 626–605) അധികാരത്തിൽ വന്നു. അവൻ അസ്സീറിയയ്ക്ക് എതിരായി മേദ്യയിലെ രാജാവായ സ്യർക്സറെസിനോടു (Cyraxares) ചേർന്നു. അശ്ശൂർ B. C. 614–ലും, നീനെവേ പട്ടണം B. C. 612–ലും തകർന്നു. നഹൂം പ്രവാചകൻ ഈ സംഭവത്തെക്കുറിച്ചു പ്രവചിച്ചിട്ടുണ്ട്.

ഹാരാനിൽ അവശേഷിച്ച അസ്സീറിയൻ സൈന്യത്തെ സഹായിക്കുവാൻ ഈജിപ്ത് ഒരു വ്യർത്ഥശ്രമം നടത്തി. എന്നാൽ അസ്സീറിയൻ സാമ്രാജ്യവും ഒടുവിൽ തളർന്നു പരാജയപ്പെട്ടു.

B. C. 629/8 ആയപ്പോഴേയ്ക്കും പടിഞ്ഞാറ് അസ്സീറിയയുടെ സ്വാധീനം ക്ഷയിച്ചുതുടങ്ങിയിരുന്നു. അതുകൊണ്ടു യോശീയാവിനു മതനവീകരണ പരിപാടികൾ ആരംഭിക്കുവാൻ സാധിച്ചു (2 ദിന. 34:3–7). B. C. 622–ൽ അററകുററപ്പണികൾ നടത്തിക്കൊണ്ടിരുന്നപ്പോൾ ദൈവാലയത്തിൽ നിന്ന് ഒരു ന്യായപ്രമാണപുസ്തകം കണ്ടെടുത്തതോടെ യോശീയാവിന്റെ നവീകരണപ്രസ്ഥാനം ഉച്ചകോടിയിൽ എത്തിച്ചേർന്നു (2 രാജാ. 22:3–10). ആവ. 12–26 വരെയുള്ള ഭാഗങ്ങളായി കണക്കാക്കപ്പെടുന്ന ആ നിയമപുസ്തകത്തിലെ പ്രമാണങ്ങൾ യോശീയാവു വളരെ വേഗം പ്രായോഗികമാക്കി. വിജാതീയരുടെ ആരാധനകൾ നടത്തിവന്നിരുന്ന പൂജാഗിരികൾ എല്ലാം നശിപ്പിച്ചു. യാഗം കഴിക്കുവാനുള്ള ഏക സ്ഥലം യെരുശലേമാണെന്നു പ്രഖ്യാപിച്ചു (ആവ. 12:1 മു. കാണുക). അസ്സീറിയയുടെ രാഷ്ട്രീയാധിപത്യവും യോശീയാവു നിരാകരിച്ചു. ദാവീദിന്റെ കാലത്തെപോലെ ഇസ്രായേലിനെ ഒരു സ്വതന്ത്രരാജ്യമായി k

44k പുതുക്കി സ്ഥാപിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. പ്രാരംഭമായി ബെഥേലിലെ ആരാധനാലയം നശിപ്പിച്ചു. വടക്ക് ഇസ്രായേലിന്മേലുള്ള സ്വാധീനം വർദ്ധിപ്പിച്ചു.

അസ്സീറിയൻ സാമ്രാജ്യത്തിന്റെ പതനത്തോടെ സംജാതമായ അരക്ഷിതബോധത്തിന്റെ പ്രതീകമായിരുന്നു പ്രാചീന പാരമ്പര്യങ്ങളുടെ നവോത്ഥാനം. അസ്സീറിയക്കാർ അശ്ശൂർബാനിപ്പാലിന്റെ ഗ്രന്ഥശാലയിൽ പുരാതനചരിത്രരേഖകൾ ശേഖരിച്ചു. ഈജിപ്തിൽ 26–ാം രാജവംശം പൗരാണിക പിരമിഡ് യുഗത്തിലെ സംസ്കാരങ്ങൾ പുനരുദ്ധരിക്കുകയുണ്ടായി. യെഹൂദ്യയിലും പ്രവാചകപ്രസ്ഥാനം പുരോഗമനത്തിനു സർഗ്ഗാത്മകപ്രേരണ നല്കി. ദുഷ്ടരുടെമേൽ ദൈവത്തിന്റെ ന്യായവിധി അടുത്തിരിക്കുന്നതായി സെഫന്യാപ്രവാചകൻ ഘോഷിച്ചു. B.C 626–ൽ പ്രവചനം ആരംഭിച്ച യിരെമ്യാവു നവോത്ഥാനത്തിനുമുമ്പ് നിലവിലിരുന്ന വിഗ്രഹാരാധനയെ ശക്തിയുക്തം എതിർത്തു. എങ്കിലും നവീകരണത്തെക്കുറിച്ചുള്ള യിരെമ്യാവിന്റെ അഭിപ്രായം വ്യക്തമല്ല. ആദ്യകാലത്ത് അനുകൂലിച്ചെങ്കിലും (യിരെ. 11:1–5) പുറമെയുള്ള ഒരു വ്യതിയാനമല്ലാതെ ആന്തരികമായി രൂപാന്തരമുണ്ടാകാത്തതിനാൽ (യിരെ. 31:31–34 നോ.) അദ്ദേഹം പിന്നീട് അതിനെ വിമർശിക്കുന്നതായി കാണാം (യിരെ. 8:8).

യോശീയാവിന്റെ ശുചീകരണപ്രസ്ഥാനത്തിന്റെ അനന്തരഫലത്തെക്കുറിച്ച് അധികമൊന്നും നാം അറിയുന്നില്ല. B. C. 622–നു ശേഷം യോശീയാവിന്റെ ഭരണത്തെക്കുറിച്ചുതന്നെ അധികമൊന്നും രേഖപ്പെടുത്തിയിട്ടില്ല. അസ്സീറിയയുടെ സഹായത്തിനു പോയ ഈജിപ്ത് സൈന്യത്തോട് മെഗിദ്ദോവിൽ വച്ച് അദ്ദേഹം B.C. 609-ൽ ഏറ്റുമുട്ടിയപ്പോൾ കൊല്ലപ്പെടുകയാണുണ്ടായത് (2രാജാ. 23:28–30).

55a **യെരൂശലേമിന്റെ പതനം.** B. C. 609–നും 605-നും ഇടയ്ക്ക് യെഹൂദ്യ, ഈജിപ്തിന്റെ നിയന്ത്രണത്തിലായി. യോശീയാവിന്റെ മകനായ യെഹോവാഹാസ് ഭരണം തുടങ്ങി മൂന്നു മാസം കഴിഞ്ഞപ്പോൾ ഫറവോ നെഖോ അവനെ സ്ഥാനഭ്രഷ്ടനാക്കി, തടങ്കലിലിട്ടു. അവന്റെ സഹോദരനായ എല്യാക്കിമിനെ യെഹോയാക്കീം എന്ന പേരിൽ രാജാവായി വാഴിച്ചു (2 രാജാ. 23:31-37). യെഹോയാക്കിം (B. C. 609–598) സാഹസികനും ക്രൂരനുമായ ഒരു ഭരണാധികാരിയായിരുന്നു. ഈജിപ്ത് യെഹൂദ്യരുടെമേൽ ഭാരിച്ച നികുതികൾ ചുമത്തി; നവീകരണം വഴിമുട്ടി; വരാൻ പോകുന്ന നാശത്തെക്കുറിച്ചുള്ള യിരെമ്യാവിന്റെ മുന്നറിയിപ്പുകൾ (യിരെ. 36) അവൻ അവഗണിക്കുകയും ചെയ്തു.

B. C. 605–ൽ നെബൂഖദ്നേസരിന്റെ നേതൃത്വത്തിൽ ബാബിലോണ്യർ കാർക്കെമിശിൽ വച്ച് ഈജിപ്തിനെ തോല്പിച്ചു (യിരെ. 46:2മു.). അധികം താമസിയാതെ നെബൂഖദ്നേസർ ബാബിലോണിലെ ഭരണാധിപനായി. അവന്റെ ഭരണം B.C. 604–ലെ പുതുവത്സരാരംഭത്തിൽതന്നെ തുടങ്ങി. യിരെമ്യാവിന്റെ പ്രേഷിത പ്രവർത്തനം ഈ കാലഘട്ടത്തോട് ബന്ധപ്പെട്ടിരിക്കുന്നു. 604 ഡിസംബറിൽ അദ്ദേഹം ഫെലിസ്ത്യരെ തോല്പിച്ചു. യെഹോയാക്കിം അദ്ദേഹത്തിനു കീഴടങ്ങി (2 രാജാ. 24:1). ഈജിപ്തിന്റെ അതിർത്തിപ്രദേശത്തുവച്ചു B. C. 601–ൽ ഉണ്ടായ യുദ്ധത്തിൽ ഈജിപ്തിനും ബാബിലോണിനും വലിയ നാശനഷ്ടങ്ങൾ ഉണ്ടായി. യെഹോയാക്കിം ഈയവസരം തക്കത്തിൽ വിനിയോഗിച്ച് ബാബിലോണിനോട് പൊരുതി. യിരെമ്യാവ് അതിനോട് തീർത്തും എതിരായിരുന്നു. നെബൂഖദ്നേസർ 45a
സ്വസൈന്യം ശക്തിപ്പെടുന്നതുവരെ പുറമേയുള്ള രാജ്യങ്ങളിൽനിന്നു ചെറിയ ആക്രമണകാരികളെ ഇസ്രായേലിനു നേരെ അയച്ചു (2 രാജാ. 24:2) ഒടുവിൽ അദ്ദേഹം തന്നെ യെരൂശലേമിനെ ആക്രമിച്ചു. B. C. 597 മാർച്ച് 16–നു യെരൂശലേം കീഴടങ്ങി. യെഹോയാക്കിമിന്റെ മകനായ യെഹോയാഖീനെ തടവുകാരനാക്കി ബാബിലോണിലേക്കു കൊണ്ടുപോയി. അനേകം പൗരപ്രമുഖരെയും നാടുകടത്തി. 2 രാജാ. 24:14– അനുസരിച്ച് 10000–വും, യിരെമ്യാവിന്റെ കണക്കനുസരിച്ചു 4600–ഉം (യിരെ. 52:28–30). രാജാവിന്റെ പിതൃസഹോദരനായ മത്ഥന്യാവിനെ സിദെക്കിയാവ് എന്ന പേരിൽ രാജാവായി നിയമിച്ചു. (2 രാജാ. 24:8–20).

**സിദെക്കിയാവിന്** (B. C. 597–587) അധികാ b
രമൊന്നും ഇല്ലായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലം അസ്വസ്ഥമായിരുന്നു. B. C. 589–ൽ ഒരു തുറന്ന യുദ്ധമായി അസ്വസ്ഥതകൾ പൊട്ടിപ്പുറപ്പെട്ടു. സോരും അമ്മോനും ഈ യുദ്ധത്തിൽ യെഹൂദ്യയോടു ചേർന്നു. ഫറവോ ഹൊഫ്രാ പിന്തുണ നല്കി. B. C. 588–ൽ യെഹൂദ്യയുടെ എല്ലാ പട്ടണങ്ങളും ബാബിലോൺ സൈന്യം കീഴ്പ്പെടുത്തി. യെരൂശലേം മാത്രം ചെറുത്തുനിന്നു. യെരൂശലേമിന് സഹായവുമായി വന്ന ഈജിപ്തുപടയെ തിരിച്ചോടിച്ചു. B. C. 587–ജൂലൈയിൽ യെരൂശലേം തകർന്നു. സിദെക്കിയാവു രക്ഷപെടുവാൻ ഓടിപ്പോകുമ്പോൾ പിടിക്കപ്പെട്ടു. മക്കളെ അവന്റെ മുമ്പിൽവച്ചു കൊന്നശേഷം അവന്റെ രണ്ടു കണ്ണുകളും കുത്തിപ്പൊട്ടിച്ചു. യെരൂശലേമിന്റെ മതിലുകൾ ഇടിച്ചു നിരത്തി; പട്ടണം തീവച്ചു. ദൈവാലയം നശിപ്പിച്ചു (2 രാജാ. 25:1–20). 832 യെഹൂദന്മാരെക്കൂടി നാടുകടത്തി (യിരെ. 52:28–29).

ബാബിലോൺ ഗവർണറായ ഗെദല്യാവു മിസ്പ c
ആസ്ഥാനമാക്കി ഭരിക്കുകയും സമാധാനം സ്ഥാപിക്കുവാൻ ശ്രമിക്കുകയും ചെയ്തു (2 രാജാ. 25:22–24). 'ദേശത്തിലെ എളിയവരും' ഒളിവിടങ്ങളിലേക്കു പലായനം ചെയ്തവരും, 'നാട്ടുംപുറത്തുണ്ടായിരുന്ന പടയാളികളും' (യിരെ. 40:7) പുറത്തുവന്നു ദേശത്തെ വിളവുകളുടെ ഫലശേഖരണം നടത്തി (യിരെ. 40:12). രാജകുടുംബാംഗമായ യിശ്മായേൽ ഗെദല്യാവെ കൊന്നു. ശിക്ഷ ഭയന്ന് യെഹൂദ്യ നേതാക്കന്മാരെല്ലാം യിരെമ്യാവിനെയും കൂട്ടിക്കൊണ്ട് ഈജിപ്തിലേക്ക് ഓടിപ്പോയി (2 രാജാ. 25:25–26; യിരെ. 52:30). യെഹൂദ്യയെ ശമര്യാ പ്രവിശ്യയോടു ചേർത്തു.

യെഹൂദ്യ നശിപ്പിക്കപ്പെട്ടപ്പോൾ അയൽരാജ്യങ്ങൾ, പ്രത്യേകിച്ചും ഏദോം, യെഹൂദ്യയുടെ സ്ഥലങ്ങൾ കൈയേറി. ക്ഷാമവും സാംക്രമികരോഗവും മൂലം ജനസംഖ്യ കുറഞ്ഞു. 8–ാം നൂറ്റാണ്ടിൽ രണ്ടരലക്ഷം ആയിരുന്നവർ B. C. 597 ആയപ്പോഴേക്കും ഒന്നേകാൽ ലക്ഷമായി കുറഞ്ഞു. 538–ൽ പ്രവാസികളുടെ ആദ്യത്തെ കൂട്ടം തിരികെ വന്നപ്പോൾ ജനസംഖ്യ 20,000 മാത്രമായിരുന്നു.

ദേവാലയം നശിച്ചെങ്കിലും ആ സ്ഥാനത്തിന്റെ വിശുദ്ധിക്കു കുറവൊന്നും ഉണ്ടായില്ല. വടക്കുനിന്നു തീർത്ഥാടകർ വന്നുകൊണ്ടിരുന്നു. ആരാധനയും തുടർന്നുവന്നിരുന്നു (യിരെ. 41:4–5).

d
**പ്രവാസകാലം:** ബാബിലോണിൽ ഇസ്രായേൽ പ്രവാസികൾക്കു സ്വതന്ത്രമായ സാമൂഹ്യജീവിതം അനുവദിക്കപ്പെട്ടിരുന്നു. യെഹോയാഖീനെ

45d അപ്പോഴും യെഹൂദ്യയുടെ യഥാർത്ഥ രാജാവായി കരുതി. അവനും കുടുംബത്തിനും ആവശ്യമായ ഭക്ഷണവും മററാവശ്യങ്ങളും സർക്കാരിൽനിന്നു നല്കി. B.C.560–ൽ മെരൊദാക്ക് ബലദാൻ അവനെ കാരാഗൃഹത്തിൽ നിന്നു മോചിപ്പിച്ചു (2 രാജാ. 25:27–30). ദൈവാലയ നാശം ദൈവികവാഗ്ദാനങ്ങളുടെ അന്ത്യം കുറിച്ചതുപോലെയായി; ഇതു് ഇസ്രായേല്യവിശ്വാസത്തിന് ഒരു കനത്ത ആഘാതമായിരുന്നു (വിലാപങ്ങൾ കാണുക). ചിലർ യഹോവാഭക്തി ഉപേക്ഷിച്ചു കൂടുതൽ ശക്തരെന്നു തോന്നിയ ബാബിലോന്യ ദേവന്മാരുടെയും, മററു വിജാതീയ ദേവന്മാരുടെയും പിന്നാലെ തിരിഞ്ഞു. എന്നാൽ മററുള്ളവർ യഹോവയോടുള്ള അവിശ്വസ്തതയുടെ പരിണതഫലമായി ഉണ്ടാകുമെന്നു പ്രവാചകന്മാർ മൂലം മുന്നറിയിപ്പു നല്കിയിരുന്ന പ്രവചനനിവൃത്തിയാണ് ഈ വിപത്തെന്നു മനസ്സിലാക്കി. ആദ്യസംഘത്തിൽ തന്നെ (B. C. 597) പ്രവാസത്തിലേക്കു കൊണ്ടു പോകപ്പെട്ട യെഹെസ്കേലും യെരുശലേമിന്റെ പാപത്തെക്കുറിച്ച് ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. B. C.587–നു ശേഷം, ദാവീദുവംശജനായ ഒരു ഭരണാധികാരിയുടെ കീഴിൽ യഹോവ യെരുശലേമിനെ ഒരു മതകേന്ദ്രമാക്കുമെന്നുള്ള പ്രത്യാശ അദ്ദേഹം മുറുകെപ്പിടിച്ചിരുന്നു. മററു പ്രവാചകന്മാരുടെ പ്രവചനങ്ങൾ ശേഖരിച്ച് അദ്ദേഹം പഠിച്ചു. ഈ കാലത്തു് എഴുതപ്പെട്ട ആവർത്തനചരിത്രവും (യോശു.–2 രാജാ.) ജനത്തിന്റെ തെററ് എവിടെയാണെന്നു കാണിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. യാഗം അർപ്പിക്കുന്ന രീതി മാറിയതോടെ ന്യായപ്രമാണം, പ്രത്യേകിച്ചു പരിച്ഛേദന, ശബ്ബത്താചരണം, ഭക്ഷണത്തെക്കുറിച്ചുള്ള പ്രമാണങ്ങൾ മുതലായവ പാലിക്കുന്നതിൽ ഒരു പുതിയ ശക്തീകരണമുണ്ടായി. ഇവയെല്ലാംതന്നെ പ്രവാസികൾക്ക് അവരുടെ യജമാനന്മാരിൽനിന്നു വ്യത്യസ്തമായ ആദ്ധ്യാത്മിക വ്യക്തിത്വം പ്രദാനം ചെയ്തു. മതസംബന്ധമായ സംഘങ്ങളിൽ ന്യായപ്രമാണം വായിക്കുകയും, വ്യാഖ്യാനിക്കുകയും ചെയ്തുവന്നിരുന്നതു, പില്ക്കാലത്തു സുനഗോഗുകൾ ഉണ്ടാകുന്നതിന്റെ പ്രാരംഭപടിയായിത്തീർന്നു. ചിതറിപ്പാർക്കുന്ന യെഹൂദരുടെ ആരംഭവും പ്രവാസത്തിൽ നിന്നു തുടങ്ങുന്നു. B. C. 287–നു ശേഷം ഈജിപ്തിലും ബാബിലോണിലും നിലവിലിരുന്ന ചെറിയ യെഹൂദ്യസമൂഹങ്ങൾ വർഷങ്ങൾക്കു ശേഷം ഇന്നും നിലനില്ക്കുന്നു.

c പ്രവാസത്തിൽ കുറെക്കാലം കഴിഞ്ഞപ്പോൾ നബോനിഡസിന്റെ (B. C. 559–539) മതപരിഷ്ക്കാരങ്ങളോടനുബന്ധിച്ചു യെഹൂദന്മാർക്കു മതപീഡനമുണ്ടായതു ബാബിലോണിനോടുള്ള വെറുപ്പു വർദ്ധിപ്പിച്ചു (സങ്കീ. 137). അന്നുമുതൽ ഇസ്രായേലിനെ പീഡിപ്പിക്കുന്നവരുടെ ഒരു പര്യായമായി ബാബിലോൺ പില്ക്കാലത്തു തീർന്നു (ദാനീ.; വെളി. 18).

നബോനിഡസിന്റെ ഭരണകാലത്തു ബാബിലോണിനു കിഴക്കുള്ള പർവതപ്രദേശങ്ങളിൽ മേദ്യർ ശക്തിപ്പെട്ടു. B. C. 550–ൽ കോരെശ് അവിടെ ശക്തി പ്രാപിച്ചു. കിഴക്ക് അഫ്ഗാനിസ്ഥാൻ വരെയും സാമ്രാജ്യം വ്യാപിപ്പിച്ചശേഷം അദ്ദേഹം ബാബിലോണിലേക്കു തിരിഞ്ഞു. B. C. 539–ൽ അതു കീഴടക്കി.

ബാബിലോണിന്മേൽ കോരെശിനു വിജയം ലഭിക്കുമെന്നും അതുമൂലം പ്രവാസത്തിലിരിക്കുന്ന ദൈവജനത്തിന് അടിമത്തത്തിൽ നിന്നു വിടുതൽ ലഭിക്കുമെന്നും ഒരു അജ്ഞാത പ്രവാചകൻ പ്രവചിക്കുകയുണ്ടായി (യെശ. 40–55). സ്രഷ്ടാവായ ദൈവത്തിന്റെ മഹിമയെക്കുറിച്ചുള്ള ദർശനവും ഇസ്രായേലിന്റെ ദൈവം മാത്രം ഏകസത്യദൈവമാണെന്നുള്ള പ്രഖ്യാപനവും വിജാതീയർക്ക്, ഇസ്രായേൽ ദൈവദാസനാണെന്നുള്ള ചിന്തയുമാണു പഴയനിയമ പ്രവചനത്തിന്റെ പാരമ്യമായി ആ പ്രവചനത്തിൽ നാം കാണുന്നത്. ഈ പ്രവചനവും ആവർത്തനചരിത്രവും പുരോഹിതരേഖയും, നേരത്തെയുള്ള പ്രവാചകരുടെ കൃതികളും, ഇങ്ങനെ 587–ലെ ആ ഭീകരസംഭവത്തിന്മേലുള്ള പ്രതികരണമായുണ്ടായ മററു സംഹിതകളും കൂടി ചേരുമ്പോൾ പ്രവാസം, ഇസ്രായേൽ ചിന്താമണ്ഡലത്തിലെ ഏററം പ്രവർത്തനോന്മുഖമായ കാലയളവാണെന്നു കാണാം. ഇതേ കാലഘട്ടത്തിൽ ഇന്ത്യയിൽ ഗൌതമബുദ്ധ (563–483) ന്റെ ഉപദേശങ്ങൾ മാറെറാലിക്കൊണ്ടിരുന്നു. ഗ്രീസിൽ തത്വജ്ഞാനചിന്തകളുടെ ആരംഭമിട്ടതു് 5–ാം നൂററാണ്ടിലെ സാംസ്കാരിക പുരോഗമനത്തിനു കളമൊരുക്കി. ചൈനായിലെ കൺഫ്യൂഷ്യസും പ്രവർത്തനനിരതനായിരുന്നതു് ഇക്കാലത്തു തന്നെയായിരുന്നുവെന്നതു ശ്രദ്ധാർഹമത്രെ. 45e

## ഇസ്രായേലിന്റെ പുനരുദ്ധാരണം

മതസഹിഷ്ണുത അനുവദിച്ചിരുന്ന വ്യവസ്ഥിതിയായിരുന്നു കോരെശിന്റേതു്. ദിനവൃത്താന്തരേഖയനുസരിച്ചു ദൈവാലയം പുതുക്കി പണിയുവാനുള്ള കല്പന (എസ്രാ. 1:2–4; 6:3–5) അദ്ദേഹം പുറപ്പെടുവിച്ചതായി കാണുന്നു. പൊതുമുതലിൽ നിന്ന് അതിന്റെ ചെലവു വഹിക്കുന്നതിനും, നെബൂഖദ്നേസർ എടുത്തുകൊണ്ടുപോയ പാത്രങ്ങൾ തിരിച്ചേല്പിക്കുന്നതിനും അദ്ദേഹം കല്പിച്ചു. ഈജിപ്തിലേക്കുള്ള പാത നിയന്ത്രിച്ചിരുന്ന യെഹൂദ്യ, ഉറപ്പുള്ള രാജ്യമായിരിക്കണമെന്നു കോരേശിനു പ്രത്യേകം താത്പര്യമുണ്ടായിരുന്നു. 46a

ഒരു നല്ല വിഭാഗം യെഹൂദന്മാർ ബാബിലോണിൽ താമസിച്ചെങ്കിലും, അവരിൽ കുറെപേർ 'യെഹൂദാപ്രഭു'വായ ശേശ്ബസ്സറിന്റെ കൂടെ മടങ്ങിപ്പോയി (എസ്രാ. 1:8, 11). ദൈവാലയപണിയുടെ ചുമതല, ഗവർണറായ അദ്ദേഹം വഹിക്കേണ്ടിയിരുന്നു. B. C. 537–ൽ അതിനടിസ്ഥാനമിട്ടെങ്കിലും (എസ്രാ. 5:16) യെഹൂദ്യയിലെ സാമ്പത്തികനിലവാരം മോശമായിരുന്നതിനാൽ നിർമിതിക്കു പുരോഗതി കൈവന്നില്ല. B. C. 530–ൽ കോരെശു് മരിച്ചു. 525–ൽ മകനായ കമ്പേസസ് (530–522) ഈജിപ്തിനെ പേർഷ്യൻ സാമ്രാജ്യത്തോടു ചേർത്തു. മക്കൾ ഇല്ലാതിരുന്ന അദ്ദേഹം 522–ൽ ആത്മഹത്യ ചെയ്തപ്പോൾ പിന്തുടർച്ചാവകാശത്തെക്കുറിച്ചുള്ള തർക്കം രാജ്യത്തെ ആകമാനം പിടിച്ചു കുലുക്കി. ഉദ്യോഗസ്ഥന്മാരിലൊരുവനായ ദാര്യാവേശ്, അധികാരം പിടിച്ചെടുത്തു് ഏകദേശം 520 ആയപ്പോഴേക്കും സമാധാനം സ്ഥാപിച്ചു.

ദൈവം വിജാതീയരെ നീക്കി ആധിപത്യം സ്ഥാപിക്കുന്നതിന്റെ അടയാളമായി, പ്രവാചകന്മാരായ ഹഗ്ഗായിയും സെഖര്യാവും B. C. 521–ലെ കലാപങ്ങളെ വീക്ഷിച്ചു (ഹഗ്ഗാ. 2:20–23). ദൈവസാന്നിദ്ധ്യം വെളിപ്പെടുത്തുവാനുള്ള ദൈവാലയത്തിന്റെ പണി ത്വരിതപ്പെടുത്തുന്നതിനു ജനത്തെ അവർ ആഹ്വാനം ചെയ്തു. മഹാപുരോഹിതനായ യോശുവായോടും, ശേശ്ബസ്സറിനു പകരം ഗവർണറായ സെരുബ്ബാബേലിനോടുമായിരുന്നു (എസ്രാ. 5:1–2) ഈ ദൂതു പ്രധാനമായും ഘോഷിച്ചതു്. ശമര്യയിലെ ഗവർണറായ തത്നായി ദൈവാലയം പണിയുന്നതിന്റെ അധികാരത്തെ ചോദ്യം ചെയ്തപ്പോൾ കോരെശിന്റെ കല്പനയെ ദാര്യാവേശ് ഊന്നിപ്പറഞ്ഞു (എസ്രാ. 5:3–6:13). B. C. 515 മാർച്ചുമാസത്തിൽ b

46b പണി പൂർത്തിയാക്കുകയും ദൈവാലയ പ്രതിഷ്ഠ നടത്തുകയും ചെയ്തു (എസ്രാ. 6:14–18).

തുടർന്നു കുറെക്കാലത്തേക്കു യഹൂദചരിത്രത്തെക്കുറിച്ചുള്ള അറിവ് തുലോം വിരളമാണ്. ദാര്യാവേശ് ഒന്നാമൻ (522–486) പ്രബലനായ ഒരു ഭരണാധിപനായിരുന്നു. പേർഷ്യൻ സാമ്രാജ്യത്തെ യൂറോപ്പിലെ ബാൾക്കൻസ്, ഉത്തരാഫ്രിക്കയിലെ ലിബിയാ, ഇൻഡ്യയിലെ സിന്ധുതടം എന്നിവിടം വരെ വിപുലമാക്കി. ഗ്രീസ് പിടിച്ചടക്കുവാൻ സാധിച്ചില്ലെങ്കിലും, പുത്രനായ സോർക്സെസ് ഒന്നാമൻ (486–465) B. C. 480–ൽ ആതൻസ് കീഴടക്കി. സാമ്രാജ്യത്തെ 20 'സത്രാപ്പ്'കളായി വിഭാഗിച്ചു. യെഹൂദ്യ, ഫൊയ്നീക്യ, സിറിയ മുതലായവ ഉൾപ്പെട്ട യൂഫ്രട്ടീസ്നദിക്ക് അക്കരെയുള്ള പ്രവിശ്യയുടെ ഭാഗമായിരുന്നു യെഹൂദ്യ. ദാര്യാവേശിന്റെ കാലത്തു പേർഷ്യൻ സാമ്രാജ്യം അഭിവൃദ്ധിയുടെ ഉത്തുംഗ കോടിയിലെത്തി.

c പുനരധിവാസത്തിന്റെ ആരംഭം മുതൽ, യെരുശലേമിലെ ജനതയും ശമര്യയിലെ ഗവർണറുമായി സംഘർഷം ഉണ്ടായിരുന്നു. അഹശ്വേരോശ് ഒന്നാമന്റെ കാലത്തു രാജദ്രോഹപരമായ കുറ്റങ്ങൾ അവന്റെമേൽ ചുമത്തി (എസ്രാ. 4:6). ഈ കാലയളവിലെ യെഹൂദന്മാരെക്കുറിച്ചു കാര്യമായ രേഖകളൊന്നുമില്ല. യെരുശലേമിൽ ജനാധിവാസം കുറവായിരുന്നു. മറ്റു പട്ടണങ്ങളിൽ വീണ്ടും ജനങ്ങൾ കുടിയേറി. മരുഭൂമിയിൽനിന്ന് അറേബ്യൻ കുടിയേറ്റക്കാർ ഏദോമ്യരെ വടക്കോട്ടു തള്ളിയതു കൊണ്ടു തെക്ക് ഏദോമിലും പ്രശ്നങ്ങളുണ്ടായി (മലാ. 1:2-5). ദാവീദു വംശജനായ സെരുബ്ബാബേലിനെപ്പറ്റി ഉണ്ടായിരുന്ന മ്ശിഹാപ്രത്യാശയും അപ്രത്യക്ഷമായി. നിരാശയിൽ കഴിയുന്ന ജനത്തിന്റെ അവസ്ഥ മലാഖി ചിത്രീകരിക്കുന്നു (B. C. 450). അവർ മതകാര്യങ്ങളിൽ താത്പര്യമില്ലാത്തവരും ധാർമികനിലവാരത്തിൽ അധഃപതിച്ചവരുമായിരുന്നു. പുറജാതികളുമായി സങ്കരവിവാഹം നടത്തിയിരുന്നു. ഈ പരിതഃസ്ഥിതിയിലാണ് എസ്രായും നെഹെമ്യാവും രംഗപ്രവേശം ചെയ്യുന്നത്.

d **നെഹെമ്യാവ്**. അർത്ഥഹ്ശഷ്ടാ ഒന്നാമന്റെ (B. C. 465–424) 'പാനപാത്രവാഹക'നായി ഉയർന്ന യെഹൂദനായ നെഹെമ്യാവിനെ 444–ൽ യെഹൂദ്യയുടെ ഗവർണറായി നിയമിച്ചു. പേർഷ്യൻ ചക്രവർത്തിയുടെ അധികാരവുമായി പട്ടണം പുതുക്കിപ്പണിയുവാൻ നെഹമ്യാവു യെരുശലേമിലേക്കു തിരിച്ചു (നെഹ. 1:1–2:18). ഈജിപ്തിനടുത്തുള്ള അതിർത്തി പ്രദേശങ്ങൾ സുരക്ഷിതമായിരിക്കണമെന്നായിരുന്നു ചക്രവർത്തിയുടെ താത്പര്യം. ശമര്യയുടെ അധിപനായ സൻബല്ലത്ത്, അമ്മോനിലെ ഗവർണറായ തോബീയാവ്, അറേബ്യനായ ഗേശെം മുതലായവരുടെ എതിർപ്പിനെ വകവയ്ക്കാതെ (നെഹെ. 2:19 മു.4) നെഹെമ്യാവു പട്ടണമതിൽ പുതുക്കിപ്പണിതു (നെഹെ. 6; 12: 27–43). യെരുശലേമിലെ ജനസംഖ്യ വർദ്ധിപ്പിച്ചു (നെഹെ. 11:1 മു). യെഹൂദന്മാരുടെ സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടി പണവായ്പയിന്മേൽ പലിശ ഈടാക്കുന്ന ഏർപ്പാടു നിരോധിച്ചു (നെഹെ. 5:1–13). പന്ത്രണ്ടുവർഷം യെരുശലേമിൽ ചെലവഴിച്ചശേഷം (നെഹെ. 5:14) 433-ൽ നെഹെമ്യാവു പേർഷ്യൻ രാജധാനിയിലേക്കു മടങ്ങിപ്പോയി (നെഹെ. 13:6).

ചില വർഷങ്ങൾക്കുശേഷം നെഹെമ്യാവ് യെരുശലേമിൽ മടങ്ങിവന്നു. തന്റെ ശത്രുവായ തോബീയാവിനെ ദൈവാലയത്തിനടുത്തുള്ള വസതിയിൽനിന്ന് അദ്ദേഹം നീക്കം ചെയ്തു. ക്രമമായി ദശാംശം പിരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു. ലേവ്യർക്കു വേതനം വ്യവസ്ഥ ചെയ്തു. ആരാധന ഭംഗിയാക്കാനുള്ള ശ്രമങ്ങളും ചെയ്തു. 46d
കച്ചവടക്കാരെ ഓടിച്ചു പട്ടണവാതിലുകൾ അടച്ചുയും ശബ്ബത്താചരണം നിർബന്ധമാക്കുകയും ചെയ്തു. മിശ്രവിവാഹത്തിലെ കുട്ടികൾക്ക് എബ്രായഭാഷ സംസാരിക്കുവാൻ അറിവില്ലാതിരുന്നതിനാൽ കുപിതനായ അദ്ദേഹം വിജാതീയ മിശ്രവിവാഹം നിരോധിച്ചു (നെഹെ 13:4–31). നെഹെമ്യാവിന്റെ രണ്ടാമത്തെ ഭരണകാലം B. C. 411–ൽ ബഗോവാസ് ഗവർണറായിരുന്നപ്പോൾ അവസാനിച്ചുവെന്നല്ലാതെ മടങ്ങി വന്ന കാലമോ, ഭരണദൈർഘ്യമോ നിശ്ചയമില്ല.

e **എസ്രാ:** എസ്രായുടെ ആഗമനം അർത്ഥഹ്ശഷ്ടാ ഒന്നാമന്റെ (465–424) ഏഴാം വർഷത്തിലോ അർത്ഥഹ്ശഷ്ടാ രണ്ടാമന്റെ (404–358) ഏഴാം വർഷത്തിലോ എന്നു തീർത്തുപറയുവാൻ സാദ്ധ്യമല്ല (എസ്രാ. 7:7). എസ്രായുടെ കർക്കശമായ നവീകരണ നിബന്ധനകൾ നെഹെമ്യാവിനു മുമ്പു നടപ്പിലാക്കിയെന്നു ചിന്തിക്കുവാനാവില്ല. അദ്ദേഹം 397–ൽ വന്നിരിക്കുവാനാണു സാധ്യത (എസ്രായുടെ വിശദവ്യാഖ്യാനം നോക്കുക). നെഹെമ്യാവിന്റെ ഭരണത്തിന്റെ രണ്ടാം ഘട്ടത്തിൽ (428-ൽ) അദ്ദേഹം വന്നെന്നു കരുതുന്നവർ ഉണ്ട്. എസ്രാ 7:7–ലെ 7–ാം ആണ്ട് '37–ാം ആണ്ട്' എന്നു ചിലർ വായിക്കുന്നു.

'മോശെയുടെ ന്യായപ്രമാണങ്ങളിൽ നിപുണനായ ഒരു ശാസ്ത്രി'യായിരുന്നു എസ്രാ (എസ്രാ. 7:6). യെഹൂദന്മാരുടെ മതപരമായ കാര്യങ്ങൾ ഏറെറടുത്തു നടത്തുവാൻ പേർഷ്യൻ രാജാവിന്റെ പ്രത്യേക കല്പനയോടുകൂടിയാണ് അദ്ദേഹം വന്നത് (എസ്രാ 7:11–26). 'നദിക്കക്കരെയുള്ള പ്രവിശ്യ'യിലെ എല്ലാ യെഹൂദന്മാരുടെ മേലും അദ്ദേഹത്തിന് അധികാരമുണ്ടായിരുന്നു. യെഹൂദ സമൂഹത്തിന്റെ മതപരിശുദ്ധി പാലിക്കുന്നതും ന്യായപ്രമാണത്തിലെ കല്പനകൾ അനുസരിക്കുന്നതും നിർബന്ധമായി അദ്ദേഹം കരുതിയിരുന്നു. മിശ്രവിവാഹങ്ങൾ നടത്തിയിട്ടുള്ളവർ വിവാഹമോചനം നേടണമെന്നാവശ്യപ്പെട്ടു (എസ്രാ.10:10–11). ശബ്ബത്തു ദിവസം പാലിക്കണമെന്നും ഏഴാം വർഷം കടം മടക്കി വാങ്ങുകയില്ലെന്നും, ഭൂമി തരിശായി ഇടുമെന്നും, ദൈവാലയത്തിന്റെ അററകുററ പണികൾക്കായി ആണ്ടുതോറും ഒരു നികുതി അടയ്ക്കുമെന്നും ജനത്തെക്കൊണ്ട് അദ്ദേഹം കരാർ ചെയ്യിച്ചു. ഇതു നെഹെമ്യാവിന്റെ പ്രവർത്തനമായി ചിലർ കരുതുന്നു (നെഹെ. 10). കൂടാരപ്പെരുന്നാളിൽ എല്ലാവരും കേൾക്കെ ന്യായപ്രമാണം വായിക്കുകയും, ലേവ്യർ അരാമ്യഭാഷയിൽ എല്ലാവർക്കും അതു വ്യാഖ്യാനിച്ചു കൊടുക്കുകയും ചെയ്തത് എസ്രായുടെ നവീകരണങ്ങളുടെ പാരമ്യമായി കരുതാം. ഇത് ഏതു 'ന്യായപ്രമാണപുസ്തക'മാണെന്നു വ്യക്തമല്ല (നെഹെ. 8:1 മു.). ഒരുപക്ഷേ ഇതു പുരോഹിതരേഖയോ പഞ്ചഗ്രന്ഥങ്ങൾ തന്നെയോ ആയിരിക്കാം. ശമര്യർ യെരുശലേമിലെ യെഹൂദ്യരിൽനിന്നു പിരിഞ്ഞു പോകുന്നതിനു മുമ്പായി, ആ നൂറ്റാണ്ട് അവസാനിക്കുന്നതിനു മുമ്പുതന്നെ, പഞ്ചഗ്രന്ഥങ്ങൾ നിലവിലിരുന്നുവെന്നനുമാനിക്കാം. പഞ്ചഗ്രന്ഥങ്ങൾ ശമര്യരുടേയും വിശുദ്ധ ഗ്രന്ഥമാണല്ലോ.

f **യെഹൂദമതം.** ഈ എഴുതപ്പെട്ട 'ന്യായപ്രമാണ'ത്തെ എസ്രാ യെഹൂദജനതയുടെ ജീവിതാടിസ്ഥാനമാക്കിത്തീർത്തു. അതിനാൽ ന്യായപ്രമാണം പാലിക്കുന്നതു യെഹൂദന്റെ പ്രധാന അടയാളമായിത്തീർന്നു. ന്യായപ്രമാണത്തോടുള്ള ഭക്തി വർദ്ധിച്ചപ്പോൾത്തന്നെ (സങ്കീ. 1:19; 119) എഴുതപ്പെട്ട അക്ഷരങ്ങളിലുള്ള കൂടുതലായ ശ്രദ്ധ സങ്കുചിതമായ ചട്ടങ്ങൾക്കു വഴി

46f തെളിച്ചു. ആദ്യകാലങ്ങളിൽ ന്യായപ്രമാണങ്ങൾ സൂക്ഷിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തുവന്നതു പുരോഹിത എഴുത്തുകാരായിരുന്നു. എന്നാൽ രണ്ടാം നൂറ്റാണ്ടായപ്പോൾ അത്മായക്കാരായ പരീശന്മാർ ഈ ചുമതല ഏറ്റു.

തിരുവെഴുത്തുകൾക്കു ശക്തീകരണം ലഭിച്ചതോടു കൂടി പ്രവചന പ്രതിഭാസത്തിനു വിരാമമിട്ടു. പൂർവ പ്രവാചകന്മാരുടെ പ്രവചനങ്ങൾ ശേഖരിക്കുന്നതിലും അവയ്ക്കു വ്യാഖ്യാനങ്ങൾ നല്കുന്നതിലും ഇക്കാലത്തു ശ്രദ്ധം തുടങ്ങി. വെളിപ്പാടു സാഹിത്യങ്ങളും രൂപം കൊണ്ടു. വിജ്ഞാനസാഹിത്യം ശേഖരിക്കുകയും, ചെറു സങ്കീർത്തനങ്ങൾ ശേഖരിച്ചു 'രണ്ടാം ദേവാലയത്തിലെ കീർത്തനപ്പുസ്തകം' ക്രോഡീകരിക്കുകയും ചെയ്തു.

ന്യായപ്രമാണത്തിനു പ്രാധാന്യം ലഭിച്ചതിനെ തുടർന്നു സുനഗോഗുകളും പ്രബലപ്പെട്ടു. പത്തു യെഹൂദന്മാർക്ക് ഒരുമിച്ചു കൂടുവാനുള്ള അവസരം ലഭിച്ചാൽ അവർ ഒരുമിച്ചു ശബ്ബത്താചരിക്കയും ന്യായപ്രമാണം വായിച്ചു പഠിക്കയും പ്രാർത്ഥിക്കയും ചെയ്തുപോന്നു. എസ്രാ, ന്യായപ്രമാണം പൊതുവിൽ വായിച്ചപ്പോഴാണ് ആദ്യമായി സുനഗോഗു പ്രസ്ഥാനം ആരംഭിച്ചതെന്നു യെഹൂദപാരമ്പര്യം കരുതുന്നു. എന്നാൽ അതിനു മുമ്പു ബാബിലോൺപ്രവാസകാലത്തു തന്നെ സുനഗോഗിന് ആരംഭം കുറിച്ചിരുന്നതായി നാം കണ്ടുവല്ലോ. അക്കാലത്തെ സുനഗോഗുമന്ദിരങ്ങൾ ഇന്നു നിലവിലില്ലെങ്കിലും B. C. രണ്ടാംനൂറ്റാണ്ടു മുതൽ അവ ഉണ്ടായിരുന്നുവെന്നതു തീർച്ചയാണ്.

## പേർഷ്യൻ കാലത്തിന്റെ അന്ത്യഘട്ടം

g നെഹെമ്യാവിന്റെയും എസ്രായുടെയും നവീകരണപ്രസ്ഥാനങ്ങളോടെ ദിനവൃത്താന്തം അവസാനിക്കുന്നു. തുടർന്നുള്ള ചില വർഷങ്ങളിലെ പേർഷ്യൻ ഭരണത്തിൻ കീഴിലുള്ള യെഹൂദചരിത്രത്തെക്കുറിച്ചു രേഖയൊന്നുമില്ല. 5–ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ ഈജിപ്തിലുണ്ടായിരുന്ന ഒരു യെഹൂദ സമൂഹത്തിന്റെ ഭക്തിവിരുദ്ധവും പാരമ്പര്യരഹിതവുമായ ജീവിതരീതിയെക്കുറിച്ച് എലഫന്റീനാ രേഖകളിൽ കാണുന്നു. എന്നാൽ ഇസ്രായേലിനെക്കുറിച്ചു രേഖകളൊന്നുമില്ല.

അർത്ഥഹ്ശഷ്ടാ രണ്ടാമന്റെ ഭരണത്തോടുകൂടി പേർഷ്യൻ സാമ്രാജ്യത്തിന്റെ തകർച്ച ആരംഭിച്ചു. B. C. 401–ൽ ഈജിപ്തു നഷ്ടപ്പെട്ടു. 344–ൽ മകനായ അർത്ഥഹ്ശഷ്ടാ മൂന്നാമൻ (358–338) അതു വീണ്ടെടുത്തു. മാസിഡോണിലെ ഫിലിപ്പ് (339–336 യവനായ രാജ്യങ്ങളിൽ പ്രബലനായതോടുകൂടി ഗ്രീസുമായും പ്രശ്നമ ദിച്ചു. ദാര്യാവേശ് മൂന്നാമൻ (336–331) പേർഷ്യയിൽ രാജാവായ ആണ്ടിൽത്തന്നെ ഫിലിപ്പു കൊല്ലപ്പെടുകയും മകനായ അലക്സാണ്ടർ രാജാവാകുകയും ചെയ്തു (336–323). 333–ൽ അലക്സാണ്ടർ ഇസ്സുസിൽ വച്ചു പേർഷ്യയെ തോല്പിക്കയും പേർഷ്യയുടെ സ്ഥാനം കരസ്ഥമാക്കി പുരാതന മധ്യപൂർവദേശത്തിലെ ശക്തി ദുർഗ്ഗമായി തീരുകയും ചെയ്തു.

h ഇക്കാലത്തുതന്നെ യെരുശലേമിലെ യെഹൂദന്മാരും ശമര്യക്കാരും തമ്മിൽ വേർപെട്ടു. അലക്സാണ്ടറിനെ സഹായിച്ചതിനു പ്രതിഫലമായി ഗെരിസീം മലയിൽ ഒരു ദേവാലയം പണിയുന്നതിനു ശമര്യർക്ക് അനുവാദം നല്കിയതായി ജോസീഫസിന്റെ ചരിത്രത്തിൽ കാണുന്നു. ഒരുപക്ഷേ, ഇതു ദാര്യാവേശ് മൂന്നാമന്റെ കാലത്തു സൻബല്ലത്ത് ആരംഭിച്ച ജോലി പൂർത്തിയാക്കുവാനുള്ള അനുമതിയെക്കുറിക്കുന്ന സൂചന ആയിരിക്കുവാൻ ഇടയുണ്ട്. പ്രവാസത്തിനു 46h ശേഷം സെരുബ്ബാബേൽ ദൈവാലയം പുതുക്കി പണിയുവാൻ ആരംഭിച്ചപ്പോൾ യെരുശലേമും ശമര്യയും തമ്മിൽ തുടങ്ങിയ വടംവലിയുടെ ഫലമായിരുന്നു ശമര്യരുടെ ശീശ്മ (Schism). എന്നാൽ ഇസ്രായേലിന്റെ ചരിത്രത്തിൽ ഈ സംഭവത്തിന് ആഴമായ വേരുകളുണ്ട്. ഇസ്രായേലിനെയും യെഹൂദ്യയെയും ഒന്നിച്ചു ചേർത്ത ദാവീദിന്റെ കാലംവരെ അതിന് ആഴമുണ്ട്. ശലോമോന്റെ മരണം വരെ മാത്രമേ ഈ യോജിപ്പു നിലനിന്നുള്ളു. B. C. 5–4 നൂറ്റാണ്ടുകളിലെ രാഷ്ട്രീയതാത്പര്യങ്ങളും വ്യക്തിവഴക്കുകളും ഈ ശീശ്മയ്ക്കു കാരണമായിട്ടുണ്ട്. എന്നിരുന്നാലും ഒരു മതവിഭാഗമായിട്ടാണു ശമര്യർ വേർതിരിഞ്ഞതു് എന്നുള്ളതു് ഒരു പ്രത്യേകതയത്രെ. ശമര്യർ അശുദ്ധന്മാരെന്നുള്ള ദിനവൃത്താന്തങ്ങളിലെ ചിന്താഗതി യെരുശലേമിലെ യെഹൂദരുടെ അഭിപ്രായമാണ്. B. C. 722/1–ൽ ശമര്യപിടിച്ചടക്കിയ ശേഷം അസ്സീറിയ കടിയേറ്റി പാർപ്പിച്ച അന്യജാതിക്കാരുമായി മിശ്രവിവാഹത്തിലേർപ്പെട്ടുവെന്നതാണ് അവർ ശമര്യരിൽ ആരോപിക്കുന്ന കുറ്റം (2 രാജാ. 17:24; എസ്രാ. 4:1–5). ഈ നിഗമനം ശരിയാണോ എന്നു സംശയമുണ്ട്. പെസഹാ പെരുന്നാളിനു യെഹൂദർ ശമര്യരെ ക്ഷണിച്ചിരുന്നതിനാൽ ഹിസ്കിയാവിന്റെ കാലത്ത് ഈ ചിന്താഗതി ഉണ്ടായിരുന്നതായി തോന്നുന്നില്ല. യഥാർത്ഥത്തിൽ ശമര്യർ സാദോക്യ പൌരോഹിത്യം അവകാശപ്പെടുമ്പോൾ യെരുശലേമിൽ സങ്കരപൌരോഹിത്യമാണുണ്ടായിരുന്നതു്. ഒരു പക്ഷേ, എസ്രായുടെയും നെഹെമ്യാവിന്റെയും കാലത്തു്, വിജാതീയരുമായി സങ്കരവിവാഹങ്ങൾ ധാരാളമുണ്ടായിരുന്നു. യെരുശലേമിലെ യെഹൂദന്മാരെക്കാൾ കൂടുതൽ നൈർമല്യത്തിനും യഥാസ്ഥിതികവിശ്വാസത്തിനും അവർക്ക് അവകാശമുണ്ടായിരുന്നു. എസ്രായുടെയും നെഹെമ്യാവിന്റെയും ശുദ്ധീകരണപ്രക്രിയകൾ പോരാതിരുന്നതിനാലാവാം ശമര്യർ ഈ വിഭജനത്തിനു് ഒരുമ്പെട്ടതു്. ശമര്യക്കാർ വലിയ യഥാസ്ഥിതികരായിരുന്നു. അവരുടെ തിരുവെഴുത്തായി 'തോറ' (ഉത്പ.–ആവ.) സ്വീകരിക്കുകയും ഗെരിസീം ദൈവാലയത്തിൽ തോറയിലെ നിബന്ധനപ്രകാരം ആരാധന നടത്തുകയും ചെയ്തു. യെരുശലേം ദേവാലയത്തെക്കാൾ പുരാതനമത്രേ ഗെരിസീം ദേവാലയം (ആവ. 27:12).

**യവനകാലം**. B. C. 333–ൽ പേർഷ്യയെ ഇസ്സുസിൽ i
വച്ചു തോല്പിച്ച അലക്സാണ്ടർ മഹാനായ ഒരു സൈന്യാധിപനായിരുന്നു. കേന്ദ്രസ്ഥാനങ്ങളായ ബാബിലോണും പേർഷ്യയും കടന്നു വിജയശ്രീലാളിതരായ സൈന്യത്തെ അദ്ദേഹം സിന്ധു താഴ്വര വരെ നയിച്ച് പൂരു (Porus) രാജാവിന്റെ മേൽ വിജയം വരിച്ചു. അവിടെനിന്നു മുമ്പോട്ടു നീങ്ങുവാൻ സൈന്യം സഹകരിക്കായ്കയാൽ അദ്ദേഹം ബാബിലോണിലേക്കു മടങ്ങുവാൻ നിർബന്ധിതനായി.

അലക്സാണ്ടറിനു ഗ്രീക്കപ്രതിപത്തി അധികമായിരുന്നു. ഗ്രീക്കു ഭാഷയും സംസ്കാരവും പ്രചരിപ്പിച്ച് പിടിച്ചെടുത്ത രാജ്യങ്ങളെല്ലാം ഒന്നായി യോജിപ്പിക്കുന്നതു് അദ്ദേഹത്തിന്റെ പ്രത്യേക നയമായിരുന്നു. പലസ്തീനും ഈജിപ്തുമുൾപ്പെടെ എല്ലായിടത്തും ഗ്രീക്കുമാതൃകയിൽ പട്ടണങ്ങൾ പണികഴിപ്പിക്കുകയും പുതുക്കി പണിയുകയും ചെയ്തു. തുറന്ന നാടകശാലകളും (amphitheatre) കളിസ്ഥലങ്ങളും (Stadium) ഇല്ലാത്ത ഒരു നഗരവും പൂർണമായിരുന്നില്ല. കുതിരയോട്ടത്തിനുള്ള സ്ഥലങ്ങളും കളിക്കാർക്കു പരിശീലനത്തിനുള്ളവ്യായാമകേന്ദ്രങ്ങളും (gymnasia)

461 പട്ടണംതോറും ഉണ്ടായിരുന്നു. പ്രതിമാശില്പങ്ങളിലൂടെ, വിശേഷാൽ മനുഷ്യരൂപങ്ങളെ നഗ്നമായ രീതിയിൽ വാർത്തെടുത്തിരിക്കുന്നതു കാണുമ്പോൾ മനുഷ്യശരീരത്തോടുള്ള ഗ്രീക്കുകാരുടെ പ്രത്യേക മമത മനസ്സിലാക്കാവുന്നതേയുള്ളൂ. സൂക്ഷ്മ ചിന്തയോടുകൂടിയ ഗ്രീക്കു തത്വശാസ്ത്രത്തിനു വളരെ സ്വാധീനമുണ്ടായിരുന്നു. അരാമ്യ ഭാഷയ്ക്കു പകരം ഗ്രീക്കു ഭാഷ സാമ്രാജ്യത്തിന്റെ പശ്ചിമേഷ്യയിലെ ഔദ്യോഗിക ഭാഷയായി തീർന്നു.

33–ാം വയസ്സിൽ അലക്സാണ്ടർ ജ്വരബാധിതനായി മരിച്ചപ്പോൾ സാമ്രാജ്യം തന്റെ സൈനികോദ്യോഗസ്ഥന്മാരുടെയിടയിൽ വിഭജിക്കപ്പെട്ടു. ഈജിപ്തിൽ ടോളമി (Ptolemy) യും പിൻഗാമികളും ഭരിച്ചു. സിറിയയിൽ സെല്യൂക്കസും. B. C. 3–ാം നൂറ്റാണ്ടിൽ പലസ്തീൻ ടോളമിയുടെ കീഴിലായി. ടോളമി രണ്ടാമൻ ഫിലഡെൽഫസിന്റെ കാലത്തു (285–246) തോറ ഗ്രീക്കുഭാഷയിലേക്കു പരിഭാഷപ്പെടുത്തിയതു് എബ്രായ ഭാഷ അറിയാൻ പാടില്ലാത്ത ഈജിപ്തിലെ യെഹൂദസമൂഹത്തിനു വേണ്ടിയായിരിക്കാം.

B. C. 198–ൽ മഹാനായ അന്തിയോക്കസ്സ് മൂന്നാമൻ (233–187) ടോളമി അഞ്ചാമനെ തോല്പിച്ചു പലസ്തീൻ കരസ്ഥമാക്കി. ടോളമികളെപ്പോലെ സെല്യൂക്യരും അലക്സാണ്ടരുടെ നയമാണ് അവലംബിച്ചതു്. സാമ്രാജ്യൈക്യത്തിന്റെ മാധ്യമമായി ഗ്രീക്കുഭാഷയും സംസ്കാരവും മതവും ഉപയോഗിച്ചു. യെഹൂദന്മാർ ഗ്രീക്ക് ആചാര്യമര്യാദകളും ആശയങ്ങളും പകർത്തുവാൻ വ്യഗ്രത കാട്ടി. ഉദാഹരണമായി, B. C. ഒന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു ജ്ഞാനഗ്രന്ഥത്തിൽ (Wisdom–of Solomon) ഗ്രീക്ക് ആശയങ്ങൾ സ്വാധീനം ചെലുത്തിട്ടുള്ളതായി കാണാം. ആത്മാവിന്റെ അമർത്യതയെക്കുറിച്ചുള്ള വിശ്വാസം പ്രത്യേകിച്ചു ശ്രദ്ധാർഹമാണ് (ജ്ഞാന. 3:1ff). ഉന്നതതലത്തിലുള്ളവർ ഭരണാധിപരുടെ പ്രീതിക്കുവേണ്ടി എപ്പോഴും അവരുടെ രീതികൾ സ്വീകരിക്കുവാൻ തയ്യാറായിരുന്നു. യാഥാസ്ഥിതികരായ യെഹൂദന്മാരാകട്ടെ ഗ്രീക്ക് ആചാരങ്ങളെ എതിർത്തു. കളിക്കുമ്പോൾ നഗ്നശരീരങ്ങൾ പ്രദർശിപ്പിക്കുന്നതും ഹിരാക്ളീസ് ദേവനെ വാഴ്ത്തുന്നതും അവർ സഹിച്ചില്ല. കളികളിലും നാടകങ്ങളിലും പങ്കെടുക്കുന്നവർക്ക് ഇതിൽനിന്ന് ഒഴിഞ്ഞു നില്പാൻ സാധ്യമായിരുന്നില്ല. അന്തിയോക്കസ്സ് നാലാമന്റെ (175–163) കാലത്തു സംഗതികൾ ഗുരുതരമായിത്തീർന്നു. ഗ്രീക്കുദേവനായ സ്യൂസി (Zeus) ന്റെ അവതാരമാണു താൻ എന്ന് അദ്ദേഹം അവകാശപ്പെട്ടു. 'എപ്പിഫാനസ്' (വെളിപ്പെട്ടവൻ) എന്നു സ്വയം വിശേഷിപ്പിച്ചുകൊണ്ടു B. C. 167 ഡിസംബറിൽ ദൈവാലയത്തിൽ സ്യൂസിന്റെ ഒരു പ്രതിമ (ശൂന്യമാക്കുന്ന മ്ലേച്ഛത, മത്താ. 20:15) സ്ഥാപിച്ചു. ഇതേത്തുടർന്നു യെഹൂദമതത്തെ നിശ്ശേഷം നശിപ്പിക്കുവാനുള്ള ശ്രമവും ഉണ്ടായി. തോറായുടെ പ്രതികൾ അഗ്നിക്കിരയാക്കി. അവ സൂക്ഷിക്കുന്നവർക്കും പരിച്ഛേദന നടത്തുന്നവർക്കും മരണശിക്ഷ നൽകി. മൊദെയിൻഗ്രാമത്തിൽ ഗ്രീക്കുദേവനു യാഗം കഴിച്ച ഒരു യെഹൂദനെ മറ്റാത്ഥിയാസ് എന്ന ഭക്തനായ പുരോഹിതൻ കൊന്നതോടുകൂടി ലഹളയാരംഭിച്ചു. 'തോറായെക്കുറിച്ച് എരിവുള്ളവർ' തന്നെ അനുഗമിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടു മക്കളോടുകൂടെ അദ്ദേഹം മരുഭൂമിയിലേക്ക് ഓടിപ്പോയി. മക്കാബിയൻ വിപ്ളവത്തിന്റെ ആരംഭം ഇതായിരുന്നു. 461

(കുറിപ്പ്: ഈ ലേഖനത്തിലുള്ള കാലവിവരം J. Bright ന്റെ *A History of Israel*. 2nd edition ആസ്പദമാക്കി ചേർത്തിട്ടുള്ളതാണ്).

## ഗ്രന്ഥസൂചി:

Anderson. B. W., *The Living World of the Old Testament*, 2nd ed., 1967.
Anderson, G. W., *The History and Religion of Israel*, 1966.
Bright, J. A., *History of Israel*, 2nd. 1972.
Noth, M., *The History of Israel*, Revised Edition, 1960.

# ഇസ്രായേല്യമതം: വിശ്വാസവും ആചാരങ്ങളും

റെവ. ഡോ. ഈ. സി. ജോൺ

## മുഖവുര

47a പ്രാചീന ഇസ്രായേലിന്റെ വിശ്വാസാചാരങ്ങളെക്കുറിച്ച് ഏകീകൃതമായ വിവരണം നല്കുക അത്ര എളുപ്പമല്ല. ഏതാണ്ട് 1500—ൽ പരം വർഷങ്ങൾ നീണ്ടുകിടക്കുന്ന ചരിത്രമാണ് പഴയനിയമത്തിൽ അടങ്ങിയിരിക്കുന്നത്. കാലാനുഗതമായ വ്യതിയാനങ്ങൾ ഇതര പ്രാചീനസംസ്കാരങ്ങളിലെപ്പോലെ ഇസ്രായേല്യരുടെയിടയിലും സംഭവിക്കാതിരുന്നില്ല. ഒരിടത്തും സ്ഥിരതാമസം ഉറപ്പിക്കാതെ മേച്ചിൽസ്ഥലങ്ങൾ തേടി കൂടെക്കൂടെ താമസം മാററിക്കൊണ്ടിരുന്ന ഗോത്രപിതാക്കന്മാരുടെ മതാചാരങ്ങളും ബാബിലോൺ പ്രവാസത്തിനുശേഷമുള്ള യെഹൂദ മതാചാരങ്ങളും തമ്മിൽ പല വ്യത്യാസങ്ങളും ചൂണ്ടിക്കാണിക്കുവാൻ കഴിയും. ഈ രണ്ടു ചരിത്രഘട്ടങ്ങൾക്കിടയിൽ ഇസ്രായേല്യരുടെ ജീവിതത്തെയും ചിന്താഗതിയെയും ആചാരങ്ങളെയും നിർണായകമായി സ്വാധീനിച്ച എത്രയോ ചരിത്രസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്! കനാന്യസംസ്കാരവുമായുള്ള ഏററുമുട്ടൽ, സാമൂഹിക ജീവിതത്തിൽ വ്യതിയാനങ്ങൾ സൃഷ്ടിച്ച രാജവാഴ്ച, ഇസ്രായേൽ, യെഹൂദാ എന്നീ സംസ്ഥാനങ്ങളുടെ അധഃപതനം ആദിയായ സംഭവപരമ്പരകളുടെ പ്രതികരണങ്ങൾ മതാചാരങ്ങളിൽ ഗണ്യമായ മാററങ്ങൾ സൃഷ്ടിച്ചു. മാത്രമല്ല, പഴയനിയമത്തിലെ മൂലരേഖകളും പാരമ്പര്യങ്ങളും ഏകീകൃതമായ മതചിന്തകളല്ല ആവിഷ്കരിക്കുന്നത്. J—രേഖയിൽ ദൈവത്തെ സംബന്ധിച്ച മനുഷ്യരൂപസങ്കല്പത്തിലുള്ള വർണ്ണനയാണുള്ളത് (ഉത്പ 3:8വ.). എങ്കിലും ദൈവികസമ്പർക്കം ലഭിക്കുന്നതു നേരിട്ടല്ല, ദർശനങ്ങൾ, ദൂതന്മാർ എന്നീ മാദ്ധ്യമങ്ങളിൽ കൂടിയാണെന്ന് E—രേഖ സിദ്ധാന്തിക്കുന്നു (ഉത്പ. 15:1വ., 22:11). ഹോശേയ പ്രവാചകനും യെശയ്യാവും ദൈവജനത്തിന്റെ പുനരുദ്ധാരണത്തെപ്പററി ശുഭകരങ്ങളായ ആശംസകൾ നല്കുന്നുണ്ട്. രാജവാഴ്ചയില്ലാത്ത ഒരു ഭാവിയാണ് ഹോശേയ വിഭാവനം ചെയ്യുന്നതെങ്കിൽ രാജാവിനെ കൂടാതെയുള്ള ഒരു പുനരുദ്ധാരണത്തെപ്പററി യെശയ്യാവിനു ചിന്തിക്കുവാൻ കൂടി കഴിയുന്നില്ല. ദൈവകല്പനകളനുസരിച്ചു ജീവിച്ചാൽ ദൈവാനുഗ്രഹം ഉണ്ടാകുമെന്ന് ആവർത്തനപ്പുസ്തകം തീർത്തുപറയുമ്പോൾ ഈ സിദ്ധാന്തം അതേപടി ശരിയല്ലെന്നാണ് ഇയ്യോബിന്റെ വാദം. ഈ കാരണങ്ങളാൽ സ്ഥലകാലഭേദങ്ങളും മതപാരമ്പര്യങ്ങളിലെ വൈവിധ്യവും കണക്കിലെടുക്കാതെ പഴയനിയമത്തെ കൈകാര്യംചെയ്തു വിശ്വാസാചാരങ്ങളുടെ പട്ടിക തയ്യാറാക്കുന്നതു ശരിയായിരിക്കയില്ലെന്ന് ആർക്കും ബോധ്യമാകും. എന്നാൽ പല നിറത്തിലുള്ള നൂലുകൾ ചേർത്തു നെയ്ത വസ്ത്രത്തെപ്പോലെ പഴയനിയമത്തിലെ വൈവിധ്യവും ഏകത്വവും ഒരുമിച്ചു കാണേണ്ടതാണെന്നുള്ള കാര്യവും എടുത്തുപറയേണ്ടിയിരിക്കുന്നു.

b 'മതം' എന്ന പദത്തിൽ വേദശാസ്ത്രചിന്തകളും (വിശ്വാസം) ആചാരങ്ങളും ഉൾക്കൊള്ളുന്നു. പഴയനിയമത്തിലെ വേദശാസ്ത്രവും ആചാരാനുഷ്ഠാനങ്ങളും വെവ്വേറെ കൈകാര്യം ചെയ്യുന്ന വഴക്കം പല പണ്ഡിതന്മാരും പുലർത്തിപ്പോരുന്നുണ്ടെങ്കിലും മതതത്വങ്ങളെയും ആചാരങ്ങളെയും തമ്മിൽ പാടേ വേർതിരിച്ചു പ്രതിപാദിക്കുന്നതു ശരിയായിരിക്കയില്ല. 'ഉടമ്പടി',
'ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവം' എന്ന് ഇപ്ര 47b
കാരം ഏതെങ്കിലും ഒരു പ്രധാനാശയത്തിനുള്ളിൽ പഴയനിയമ മതസിദ്ധാന്തങ്ങളെയെല്ലാം ഒതുക്കിനിർത്തുവാനുള്ള ഉദ്യമങ്ങൾ വിജയിച്ചിട്ടില്ല. പഴയനിയമത്തിലെ വൈവിധ്യവും, സ്ഥലകാലഭേദത്താലുണ്ടായിട്ടുള്ള പരിവർത്തനങ്ങളും പരിഗണിച്ചു പ്രാചീന ഇസ്രായേലിന്റെ മതാചാരങ്ങളെ പരമാവധി ക്രമാനുഗതമായി വിവരിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

c സ്വന്തമായി ഭൂമിയില്ലാത്തതിനാൽ അലഞ്ഞുനടക്കേണ്ടിവന്ന ദുരവസ്ഥ, അടിമത്തം, ശത്രുക്കളുടെ ആക്രമണം, പരാജയം, സാമ്രാജ്യനഷ്ടം, പ്രവാസം ഇങ്ങനെ നിരവധി ദുർഘടസന്ധികളെ നേരിടേണ്ടിവന്ന പ്രാചീന ഇസ്രായേല്യസമൂഹത്തിന്റെ പതറാത്ത ദൈവവിശ്വാസം അത്ഭുതാവഹമായ പ്രതിഭാസം തന്നെ. പ്രാപഞ്ചിക ശക്തികളിൽ ദൈവത്വം ആരോപിക്കാതെയും പീഡിപ്പിക്കുന്ന ലോകസമ്രാട്ടുകളുടെ മുമ്പിൽ മുട്ടുമടക്കാതെയും ചരിത്രത്തിന്റെയും പ്രപഞ്ചത്തിന്റെയും അധിപനും സത്യൈകദൈവവുമായ യഹോവയെ ഭക്തിപുരസ്സരം സേവിച്ചു ജീവിക്കുവാനുള്ള ഉൾക്കാഴ്ചയും അഭിനിവേശവും ഇസ്രായേലിന്റെ ആദ്യഘട്ടത്തിൽ തന്നെ ഗോത്രപിതാവായ അബ്രാഹാമിലും ഉദ്ധാരകനായ മോശെയിലും കാണുവാൻ കഴിയും. രാഷ്ട്രീയബലവും സമ്പദ്സമൃദ്ധിയും കൈവന്ന് അധികാരവും സമ്പത്തും ചില ആളുകളിൽ കേന്ദ്രീകരിക്കപ്പെട്ട് അവരുടെ മർദ്ദനത്തിനും അധികാര ദുർവിനിയോഗത്തിനും അടിമപ്പെട്ട് ഒരു കൂട്ടർ വീർപ്പുമുട്ടുമ്പോൾ മനുഷ്യാവകാശങ്ങളെ ഉയർത്തിപ്പിടിച്ച് അവയെ നിയമിച്ചവനും 'അനാഥരുടെയും വിധവമാരുടെയും' സംരക്ഷകനുമായ ദൈവത്തിന്റെ വക്താക്കളായി പ്രവാചകന്മാർ ഒന്നിനു പിന്നിൽ ഒന്നായി ശബ്ദം ഉയർത്തുന്നതാണു വേറൊരു സവിശേഷത. ഏതാനും നൂററാണ്ടുകൾക്കുശേഷം സാമ്രാജ്യവും രാജത്വവും ദൈവാലയവും നഷ്ടപ്പെട്ട് അന്യമതസ്ഥരുടെയിടയിൽ പരദേശവാസം കഴിക്കവേ ദൈവത്തിന്റെ അപ്രമേയ ശക്തിയിലുള്ള വിശ്വാസത്തിനു കലുക്കം തട്ടിയെങ്കിലും അവിടെയും പ്രവാചകശബ്ദം നിരാശരായ ഭക്തഗണങ്ങളിൽ ധൈര്യം പകർന്ന് തകർന്നുപോയ അവരുടെ വിശ്വാസത്തെ പുനരുജ്ജീവിപ്പിച്ചു. ഇങ്ങനെ പോകുന്നു എബ്രായരുടെ വിശ്വാസചരിത്രം.

## രണ്ടു വിശ്വാസ പ്രഖ്യാപനങ്ങൾ d

ഇസ്രായേലിന്റെ വിശ്വാസം വിവരിക്കുന്ന **രണ്ടു പ്രാചീന പ്രമാണങ്ങൾ** ജർമ്മൻകാരനായ ഫൊൻ റാഡ് എന്ന പ്രസിദ്ധ പണ്ഡിതൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവ ആവ. 26:5–9; യോശുവാ 24:1–13 എന്നിവയാണ്. ആവ. 26:5–9 ലെ സന്ദർഭം ആദ്യഫലപ്പെരുന്നാളാണ്. പൂർവ്വചരിത്രത്തിലേക്കുള്ള തിരിഞ്ഞുനോട്ടമാണ് ഈ വിശ്വാസപ്രമാണത്തിന്റെ ഉള്ളടക്കം. ഫലഭൂയിഷ്ഠമായ കനാൻനാട് കൈവശമായി ലഭിച്ചതു ദൈവകടാക്ഷത്താൽ മാത്രമാണെന്നു സ്ഥാപിച്ചുകൊണ്ട് ഈ വിശ്വാസപ്രഖ്യാപനം അവസാനിക്കുന്നു (ആവ. 26:9, 10). അതിനു പിന്നിലായി ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള വിമോചനവും ഗോത്രപിതാക്കന്മാർ അനുഭവിച്ച ദൈവാനുഗ്രഹവും

47d ആരാധകനു സാക്ഷിക്കുവാനാണ് (വാ. 5–8). കാർഷിക വിളവു വർദ്ധിക്കുന്നതിനു പ്രകൃതിശക്തികളായ ദേവീദേവന്മാരെ പ്രീതിപ്പെടുത്തുവാനുള്ള കനാന്യരുടെ പ്രവണതയെ അനുകരിക്കാതെ, രക്ഷകനും അനുഗ്രഹത്തിന്റെ ദാതാവുമായി തങ്ങളുടെ ചരിത്രത്തിൽ അനുഭവപ്പെട്ട യഹോവയെ നമസ്കരിക്കുവാനാണു മോശൈക പാരമ്പര്യം ആഹ്വാനം ചെയ്യുന്നത് എന്നതു പ്രത്യേകം ശ്രദ്ധേയമാണ്. ഗോത്രപിതാവായ യാക്കോബിനെയാണു 'ദേശാന്തരിയായ അരാമ്യൻ' എന്നതിൽ ഉദ്ദേശിച്ചിരിക്കുന്നത്. 'ആവർത്തന' എഴുത്തുകാരന്റെ ഭാഷയും ശൈലിയും ഈ വേദഭാഗത്തിൽ സ്പഷ്ടമായി കാണാമെങ്കിലും ആവർത്തനപ്പുസ്തകത്തേക്കാൾ പഴക്കമുള്ള വിശ്വാസപ്രമാണമാണിതെന്നു പല പണ്ഡിതന്മാരും കരുതുന്നു. ചരിത്രവും പ്രകൃതിയും തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയുടെ അധീനത്തിലാണെന്നും ദൈവകടാക്ഷം ഇസ്രായേല്യ ചരിത്രത്തിൽ എമ്പാടും ദൃശ്യമാണെന്നുമാണ് ഈ പ്രസ്താവനയിൽ സമർത്ഥിക്കുന്നത്.

യോശുവ 24–ലെ വിശ്വാസപ്രഖ്യാപനത്തിൽ ദൈവം ഇസ്രായേലിനു ചെയ്തിട്ടുള്ള നന്മയെ യോശുവയല്ല, ദൈവംതന്നെയാണു വിവരിക്കുന്നത് (24:2 -13). വാ. 14, 15 യോശുവ നല്കുന്ന പ്രബോധനമാണ്. ഇസ്രായേല്യഗോത്രങ്ങളുടെ പൊതു ആരാധനാസ്ഥലങ്ങളിൽ ഒന്നായ ശെഖേമിൽവച്ചു യോശുവ വിളിച്ചുകൂട്ടിയ മതസമ്മേളനമാണു രംഗം. ദൈവവുമായുള്ള ഉടമ്പടി പുതുക്കുകയെന്നതായിരുന്നു ഈ മതസമ്മേളനത്തിന്റെ ഉദ്ദേശ്യം (നിയമം ചെയ്തുവെന്നു വാ. 25–ൽ പറഞ്ഞിരിക്കുന്നത് ഉടമ്പടിയെയാണു കുറിക്കുന്നത്). ആ ലക്ഷ്യത്തിലേക്കാണു യോശുവയുടെ പ്രബോധനവും നീങ്ങുന്നതെന്നു 16 മുതലുള്ള വാക്യങ്ങൾ തെളിയിക്കുന്നു. മെസൊപ്പൊത്താമ്യയിലും കനാനിലും ആരാധിച്ചുവന്ന ഇതരദേവന്മാരെ പരിത്യജിച്ചു യഹോവയെ മാത്രം ആരാധിക്കാമെന്നു സത്യപ്രതിജ്ഞ ചെയ്തശേഷം മാത്രമേ യോശുവ ഉടമ്പടികർമ്മം നടത്തുന്നുള്ളു എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തന്നെയുമല്ല, കനാൻനാട്ടിൽ എത്തിയശേഷമാണു ഗോത്രങ്ങൾ എല്ലാം ഒരുമിച്ചുചേർന്നു യഹോവയെ സത്യദൈവമായി അംഗീകരിച്ചതെന്നും ഈ വേദഭാഗത്തിൽ നിന്നു തെളിയുന്നു. പത്തു കല്പനകളിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള അന്യദേവാരാധനാനിഷേധം ഇവിടെയും ഊന്നിപ്പറഞ്ഞിരിക്കുന്നു. കൂടാതെ യഹോവയെ സേവിക്കുവാനുള്ള വ്യവസ്ഥയും യോശുവ നിർദേശിക്കുന്നുണ്ട്. ഇക്കാരണങ്ങളാൽ ഉടമ്പടി പുതുക്കുന്ന സന്ദർഭങ്ങളിലെല്ലാം സീനായ് പർവ്വതത്തിൽവച്ചു ദൈവം നല്കിയ കല്പനകൾ ജനങ്ങളെ ഓർമിപ്പിക്കുന്നതു പതിവായിരുന്നുവെന്നാണു ഫൊൻ റാഡിന്റെ അഭിപ്രായം. ഭാഷാശൈലിയും അവതരണരീതിയും പരിഗണിച്ചാൽ യോശു. 24 ആവർത്തന ചരിത്രകാരൻ രചിച്ചതാണെന്നു കരുതാം. എന്നാൽ ഇവിടെ വിവരിച്ചിട്ടുള്ള ചടങ്ങിന് എത്രമാത്രം പഴക്കമുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. മുകളിൽ വിവരിച്ച രണ്ടു വിശ്വാസപ്രമാണങ്ങളിലും പൊതുവായ മൂന്ന് ആശയങ്ങൾ അടങ്ങിയിരിക്കുന്നു: (i) ഗോത്രപിതാക്കന്മാരെ ദൈവം നടത്തിയ വിധം. (ii) ഇസ്രായേലിന്റെ വിമോചനം. (iii) കനാൻനാടു കൈവശമായി ലഭിക്കുന്നത്.

48a ദൈവത്തിന്റെ പരിപാലനവും വിമോചനവും കൊണ്ടുമാത്രമാണ് ഇസ്രായേൽ ഒരു ജനതയായിത്തീർന്നതെന്നും ലോകശക്തികളല്ല യഹോവയായ ദൈവം മാത്രമാണു ചരിത്രത്തെ തിരിച്ചുവിടുന്നതെന്നും ഈ വിശ്വാസപ്രമാണങ്ങൾ ഒരേ സ്വരത്തിൽ വിളിച്ചു പറയുന്നു. ജ്ഞാനസാഹിത്യത്തിൽപെട്ട ചില ഭാഗ 48a
ങ്ങളൊഴിച്ചാൽ പഴയനിയമത്തിൽ ഉടനീളം കാണുന്ന വിശ്വാസമാണിത്. ദൈവകാരുണ്യം അനുഭവിച്ച ജനങ്ങളുടെ സ്വാഭാവികമായ പ്രതികരണം ദൈവത്തെ സ്തുതിക്കുകയും സേവിക്കുകയുമാണെന്നും ഈ ഭാഗങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

ഇസ്രായേല്യമതത്തിന്റെ സർവപ്രധാനമായ വിശ്വാസമാണ് ഈ രേഖകളിൽ അടങ്ങിയിരിക്കുന്നത്. ചരിത്രസംഭവങ്ങളിൽനിന്നും അവയോടുള്ള സമീപനത്തിൽനിന്നും ദൈവത്തിലുള്ള വിശ്വാസം സംജാതമായി. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ചരിത്രസംഭവങ്ങൾക്കു പ്രത്യേക സ്വാരസ്യവും വ്യാഖ്യാനവും നല്കപ്പെടുകയും ചെയ്തു. ഇസ്രായേല്യമതത്തിന്റെ ഒരു പ്രത്യേകതയാണ് ഈ പ്രതിഭാസം. ഈ യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിൽ മാത്രമേ ഇസ്രായേല്യ മതാചാരങ്ങൾ മനസ്സിലാക്കുവാൻ കഴിയുകയുള്ളു.

b വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ചരിത്രത്തെ വീക്ഷിക്കുന്നുവെന്നതിന്റെ മകുടോദാഹരണം **ഈജിപ്തിൽ നിന്നുള്ള വിമോചനം** എന്ന വിഷയമാണ്. ചരിത്രാവിഷ്കരണത്തെയും, പ്രവാചകോപദേശത്തെയും സ്തുതിഗാനങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും ഇത്രമാത്രം സ്വാധീനിച്ചിട്ടുള്ള വേറൊരു മതചിന്ത പഴയനിയമത്തിലില്ല. ചില ഉദാഹരണങ്ങൾകൊണ്ട് ഇതു വ്യക്തമാക്കാം:

ഈജിപ്തിൽ നിന്നുള്ള വിമോചനവും മരുഭൂമിയിലെ യാത്രയും പ്രവാചകന്മാർ അവരുടെ പ്രഭാഷണങ്ങളിൽ കൂടെക്കൂടെ സ്പർശിക്കുന്ന വിഷയങ്ങളാണ്: 'ഞാൻ നിങ്ങളെ മിസ്രയീംദേശത്തുനിന്നു പുറപ്പെടുവിച്ചു' (ആമോ. 2:10; 3:1; 9:7 നോ.) ഹോശേയ വീണ്ടും വീണ്ടും ഈ വിഷയങ്ങളെ പരാമർശിക്കുന്നുണ്ട്. 'ഇസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു; മിസ്രയീമിൽനിന്നു ഞാൻ എന്റെ മകനെ വിളിച്ചു' (11:1). 'യഹോവ ഒരു പ്രവാചകൻ മുഖാന്തരം ഇസ്രായേലിനെ മിസ്രയീമിൽനിന്നു കൊണ്ടുവന്നു' (12:13). 'പ്രവാചകൻ' എന്നതിൽ മോശെയെയാണ് ഉദ്ദേശിക്കുന്നതെന്നുള്ളതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബാബിലോൺ പ്രവാസത്തിൽനിന്നുള്ള വിമോചനം രണ്ടാമത്തെ 'പുറപ്പാടാ'യിട്ടാണു യെശയ്യാ രണ്ടാം ഭാഗത്തിൽ വർണിച്ചിരിക്കുന്നത്: 'സമുദ്രത്തിൽ വഴിയും പെരുവെള്ളത്തിൽ പാതയും ഉണ്ടാക്കുകയും രഥം, കുതിര, സൈന്യബലം എന്നിവയെ പുറപ്പെടുവിക്കുകയും ചെയ്യുന്ന യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു (യെശ. 43:16; 17). മറ്റൊരു സന്ദർഭത്തിൽ മരുഭൂമിയിലെ യാത്രയെയും പ്രവാചകൻ അനുസ്മരിക്കുന്നുണ്ട് (34:21). യെശയ്യാവ് ഒന്നാംഭാഗവും ചില ചെറിയ പ്രവചനഗ്രന്ഥങ്ങളുമൊഴിച്ചാൽ ഈജിപ്തിൽ നിന്നുള്ള വിടുതലും മരുഭൂമിയിലെ പ്രയാണവും സംബന്ധിച്ച മതപാരമ്പര്യങ്ങൾ പ്രവാചകരുടെ ചിന്തയെ ഒട്ടേറെ സ്വാധീനിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയാം.

സങ്കീർത്തനങ്ങളുടെ കാര്യവും ഇങ്ങനെതന്നെ. c*
ഇസ്രായേൽ ധർമസങ്കടത്തിലാവുമ്പോൾ ഈജിപ്തിൽനിന്നു വിമോചനം നല്കിയ യഹോവയോടാണ് അവർ നിലവിളിക്കുന്നത് (സങ്കീ. 80:8). സങ്കീ. 78–ന്റെ വാക്യങ്ങളധികവും മേൽ പ്രസ്താവിച്ച വിഷയങ്ങളെ പരാമർശിക്കുന്നവയാണ്. പൂർവ്വകാലത്തു ദൈവം ചെയ്ത കരുണ, ദൈവം വീണ്ടും കരുണ കാണിക്കുമെന്നുള്ള പ്രതീക്ഷയെ വളർത്തുന്നു (സങ്കീ. 77:1,2, 11, 16, 19–20). സങ്കീ. 136_ൽ പ്രപഞ്ചസൃഷ്ടിയെ വർണിക്കുന്നതിനിടയ്ക്ക് ആകസ്മികമായി, മിസ്ര

48c യീജിപ്തിൽനിന്നുള്ള വിടുതൽ, മരുഭൂമിയിലെ യാത്ര, കനാൻനാടു ലഭിക്കുന്നതു് എന്നീ വിഷയങ്ങൾ കവി അവതരിപ്പിക്കുന്നതു ശ്രദ്ധിക്കുക. ദൈവം ചരിത്രത്തിൽ തന്റെ ശക്തി പ്രദർശിപ്പിക്കുന്നവനാണെന്നുള്ള വിശ്വാസത്തിൽനിന്നു രൂപം പ്രാപിച്ചവയാണു പ്രാചീന ഇസ്രായേലിന്റെ സ്തുതിഗീതങ്ങളും വിലാപഗാനങ്ങളും.

d ഇസ്രായേലിന്റെ ഉത്സവങ്ങളും പെരുന്നാളുകളും ഓർമ്മപ്പെരുന്നാളുകളാണ്. പെസഹായും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും ഈജിപ്തുകാരുടെയിടയിൽ നടന്ന സംഹാരത്തിന്റെയും തിടുക്കത്തിൽ ഇസ്രായേല്യർ അവിടം വിട്ടുപോരേണ്ടി വന്നതിന്റെയും സ്മരണകളായിട്ടാണ് അനുഷ്ഠിച്ചുപോന്നതു് (പുറ. 12:21–27, 33മു; ആവ. 16:1–8). ഇവയിൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ഒരു കാർഷികോത്സവം ആണെന്നും തന്നിമിത്തം ഇസ്രായേല്യർ കനാനിൽ താമസമാക്കിയതിനുശേഷമേ ഈ പെരുന്നാൾ ആഘോഷം ആരംഭിച്ചിരിക്കുവാനിടയുള്ളുവെന്നുമാണ് ഇതരമതങ്ങളുമായുള്ള താരതമ്യ പഠനഫലമായി പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഇതുപോലെ തന്നെ കൂടാരപ്പെരുന്നാളും പെന്തക്കൊസ്തു പെരുന്നാളും പലസ്തീനിലെ കാർഷിക പെരുന്നാളുകളെ അനുകരിച്ചു ആചരിച്ചുപോന്നവയാണെന്നു കരുതാം. പക്ഷെ ഇസ്രായേൽ ഇവയെല്ലാം തന്നെ ഈജിപ്തിൽനിന്നുള്ള വിടുതലിനെയും തുടർന്നുള്ള സംഭവപരമ്പരകളെയും സ്മരിക്കുന്ന ഉത്സവങ്ങളായി അവയ്ക്കു പുതിയ സ്വഭാവവും സാംഗത്യവും നല്കി (ലേവ്യ 23:39–43).

e പത്തു കല്പനകളും ആവർത്തനപ്പുസ്തകത്തിലെ ശബ്ബത്താചാരവും ഈജിപ്തിലെ അടിമത്തത്തിൽനിന്നു ലഭിച്ച സ്വാതന്ത്ര്യത്തിന്റെ പശ്ചാത്തലത്തിലാണ് അവതരിപ്പിച്ചിരിക്കുന്നതു് (പുറ. 20:1,2; ആവ. 5:15). ഇങ്ങനെ പ്രവചനമൊഴികളിലും സങ്കീർത്തനങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും നിയമസംഹിതകളിലും ഒരുപോലെ തെളിഞ്ഞുനില്ക്കുന്ന കാതലായ വിശ്വാസം ദൈവം ചരിത്രത്തിൽ പ്രവർത്തിച്ച് അടിമനുകത്തിൽനിന്നു പൂർവ്വപിതാക്കന്മാരെ ഉദ്ധരിച്ചുവെന്ന ചരിത്രയാഥാർത്ഥ്യമാണ്. മതാചാരങ്ങളെ ചരിത്രത്തിൽ പ്രകടമായ ദൈവശക്തിയുടെ ഓർമ്മസ്തംഭങ്ങളായി കരുതിപ്പോരുന്ന ഇസ്രായേല്യ വഴക്കത്തിന്റെ സ്വാരസ്യം കണക്കിലെടുക്കാതെ ഇസ്രായേല്യ മതവും വിശ്വാസാചാരങ്ങളും ശരിക്കു മനസ്സിലാക്കാൻ കഴിയുന്നതല്ല. അതുകൊണ്ടു് 'ഈജിപ്തിൽനിന്നുള്ള സ്വാതന്ത്ര്യം' എന്ന വിഷയത്തെ ആധാരമാക്കി വേണം പഴയനിയമവിശ്വാസാചാരങ്ങളുടെ പ്രതിപാദനം ആരംഭിക്കേണ്ടതു്.

f പഴയനിയമത്തിലെ വേദശാസ്ത്രചിന്തകൾ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ എല്ലാംതന്നെ ദൈവത്തിന്റെ സ്വഭാവം, ലക്ഷണം (attributes) എന്നിവയെക്കുറിച്ചാണ് ആദ്യം ചർച്ച ചെയ്യാറുള്ളതു്. ദൈവം പരിശുദ്ധൻ, നീതിമാൻ, സർവ്വശക്തൻ, മരണമില്ലാത്തവൻ എന്നിപ്രകാരം വിവരിച്ചശേഷം ദൈവത്തിന്റെ വെളിപ്പാടിനെ സംബന്ധിച്ചും ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പ്രതിപാദിക്കുന്ന വഴക്കമാണു വേദശാസ്ത്രജ്ഞന്മാർ പൊതുവെ അനുകരിക്കാറുള്ളതു്. എന്നാൽ മുകളിൽ സൂചിപ്പിച്ച കാരണത്താൽ 'ദൈവം അടിമകളെ മോചിപ്പിക്കുന്നു' എന്ന ഇസ്രായേല്യ വിശ്വാസമാണ് ആദ്യം പ്രതിപാദിക്കേണ്ടതു്.

49a ഈ വിമോചനപ്രക്രിയയിൽ മൂന്നു ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. (i) വിമോചകൻ (ii) വിമോചനത്തിന്റെ മുന്നറിയിപ്പ് (iii) വിമോചനം. പഞ്ചഗ്ര 49a
ന്ഥങ്ങളുടെ മദ്ധ്യഭാഗം എന്നു വിശേഷിപ്പിക്കാവുന്ന പുറ. 1–15-ൽ ഇതിന്റെ വർണ്ണന കാണുന്നു. ഉത്പത്തിപുസ്തകത്തെ രക്ഷാകരചരിത്രത്തിന്റെ ആമുഖമായും ആവർത്തനപ്പുസ്തകത്തെ വിമോചനത്തിന്റെ ഭാഷ്യമായും പരിഗണിക്കാവുന്നതാണ്. രക്ഷാചരിത്രത്തിന്റെ അവസാനരംഗം യോശുവായുടെ പുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്നു. സ്വാതന്ത്ര്യം ലഭിച്ച ജനതയ്ക്കു സ്ഥിരമായ താമസസ്ഥലം ലഭിക്കുന്ന വിധം അതിൽ വിവരിക്കുന്നു.

അന്യരുടെ പീഡനംമൂലം കഷ്ടപ്പെട്ടു മോചനം നേടുവാൻ ഗത്യന്തരമില്ലാതെ നട്ടംതിരിഞ്ഞ ഒരു ജനസമൂഹം തങ്ങളുടെ ആവലാതി ദൈവസന്നിധിയിൽ സമർപ്പിക്കുന്നതാണു വീണ്ടെടുപ്പിന്റെ പശ്ചാത്തലം (പുറ. 3:7). ദൈവം അവരുടെ കരച്ചിലും നിലവിളിയും കേട്ട് അവരെ മോചിപ്പിക്കുവാൻ പ്രത്യക്ഷനാകുന്നു. സ്വാതന്ത്ര്യം ഉറപ്പു വരുത്തിക്കൊണ്ടാണു ദൈവത്തിന്റെ ഇടനിലക്കാരനായി (Mediator) മോശെയെ 'വിമോചനസമരം' നടത്തുവാൻ അധികാരപ്പെടുത്തുന്നതു്. ഇവിടെ സൂക്ഷിക്കേണ്ട ഒരു വേദസത്യമുണ്ട്. അതായതു സ്വാതന്ത്ര്യലബ്ധിക്കു മുമ്പു തന്നെ വിമോചനം നടന്നതായി പരിഗണിക്കപ്പെടുന്നു (3:7–9,16,17 നോ.). സുനിശ്ചിതമായ ദൈവികപരിപാടിയിൽ സംബന്ധിക്കുകയെന്ന കടമയേ ജനനേതാവായ മോശെയ്ക്കും ജനപ്രതിനിധികളായ മൂപ്പന്മാർക്കും ഉള്ളൂ. വീണ്ടെടുപ്പു തീരുമാനം എടുത്തിട്ടുള്ളതും അതു നടത്തിക്കൊടുക്കുന്നതും ദൈവംതന്നെ. പഴയനിയമ വേദോപദേശത്തിന്റെ അടിസ്ഥാനമാണ് ഈ വിശ്വാസം. പീഡനത്തിൽ മുറവിളി കൂട്ടിയ ജനത വിമോചിതരായശേഷം സ്തോത്രഗീതങ്ങൾ ആലപിക്കുന്നു (പുറ. 15:20,21). ഈ മാതൃക പഴയനിയമത്തിൽ ഉടനീളം കാണാം (സങ്കീ. 40:1–3; യെശ. 40:17;42:10 മു.). പീഡനം, ദൈവത്തോടു കഴിക്കുന്ന അഭയയാചന, വിമോചനവാഗ്ദാനം, ഈ വാഗ്ദാനം അറിയിക്കുന്ന മദ്ധ്യസ്ഥൻ അഥവാ ഉദ്ധാരകൻ, വിമോചനം, ഈശ്വരസ്തുതി ഇങ്ങനെ പോകുന്നു രക്ഷാകരചരിത്രത്തിന്റെ പല തട്ടുകൾ. പുതിയനിയമത്തിലെ വേദചിന്തകളുടെ ക്രമവും ഇതുതന്നെ. മനുഷ്യരോദനത്തിനു ദൈവം നല്കുന്ന വാഗ്ദാനമാണു രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പു് (ലൂക്കൊ. 2:10:) 'സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു (ഭാവികാലക്രിയ) മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു'). ഉദ്ധാരണത്തിനുവേണ്ടി നിലവിളിച്ച അപ്പൊസ്തലൻ ദൈവികമോചനം ലഭിച്ചശേഷം ദൈവത്തെ സ്തുതിക്കുന്നു (റോമ. 7:24,25). ചരിത്രം ദൈവഭരണത്തിനധീനമാണ്; മനുഷ്യജീവിതത്തെ അർത്ഥവത്താക്കുന്നതു ദൈവത്തിന്റെ രക്ഷാകപ്രവർത്തനമാണ്— എന്നിങ്ങനെ ദൈവത്തെക്കുറിച്ച് എബ്രായമതക്കാർ ചരിത്രസംഭവങ്ങളെ അവലോകനം ചെയ്തും സ്വന്തം അനുഭവങ്ങളെ മുൻനിർത്തിയും തീരുമാനിച്ചുറച്ചു.

b ഈജിപ്തിലെ അടിമത്തത്തിൽനിന്നുള്ള വിടുതലിൽ മോശെയ്ക്കു ഒരു പ്രധാന പങ്കു വഹിക്കുവാനുണ്ടായിരുന്നു. ദൈവം നിയോഗിക്കുന്ന മധ്യവർത്തിയെ കൂടാതെ അമാനുഷികങ്ങളായ അത്ഭുതസംഭവങ്ങൾ മാത്രം നടക്കുന്ന അനുഭവങ്ങളായിട്ടല്ല പഴയനിയമം വിമോചനത്തെ ചിത്രീകരിക്കുന്നതു്. അത്ഭുതങ്ങൾ സംഭവ്യങ്ങളല്ലെന്നോ നടന്നിട്ടില്ലെന്നോ അല്ല. പിന്നെയോ, ദൈവം തെരഞ്ഞെടുക്കുന്ന ദാസന്മാരിൽ കൂടിയാണു രക്ഷാകപ്രവർത്തനം നിറവേറുന്നതു്. മോശെയിൽ തുടങ്ങുന്ന ഈ മാധ്യമസ്ഥാനം ഉദ്ധാ

49b രകരായ ന്യായാധിപന്മാരിലും പ്രവാചകരിലും തെളിഞ്ഞു കാണാം. നസറായനായ യേശുവിൽ ഇതിന്റെ പൂർത്തീകരണവും സംഭവിച്ചു.

കഷ്ടതയും, പീഡനവും, മനുഷ്യരുടെ പാപപ്രവൃത്തികളിൽ രോഷാകുലനാകുന്ന ദൈവത്തിന്റെ ശിക്ഷയാണെന്നു പ്രാചീനകാലങ്ങളിൽ വിശ്വസിച്ചുപോന്നു (ന്യായാ 2:11–15; യെശ. 42:24). പക്ഷേ, ഇസ്രായേല്യർ ചെയ്ത ദുഷ്കർമങ്ങളുടെ ഫലമായാണ് അവർ ഈജിപ്തിൽ കഷ്ടമനുഭവിക്കേണ്ടി വന്നതെന്നുള്ളതിന്റെ യാതൊരു സൂചനയും പുറ. 3–ൽ കാണുന്നില്ല. തിന്മപ്രവൃത്തികൾ ചെയ്താൽ ദുരിതത്തെ വിളിച്ചുവരുത്തുകയായിരിക്കും ഫലമെന്നു പഴയനിയമത്തിൽ പല ഭാഗങ്ങളിലും പരാമർശിച്ചിട്ടുണ്ടെങ്കിലും മനുഷ്യർ അനുഭവിക്കുന്ന ദുരിതങ്ങളെല്ലാം പാപത്തിന്റെ ഫലമാണെന്നു പഴയനിയമം നിർദേശിക്കുന്നില്ലെന്നുള്ള വസ്തുത ഇവിടെ എടുത്തു പറയേണ്ടതുണ്ട് (ഇയ്യോബിന്റെ പുസ്തകവും പ്രവാചകരുടെ കഷ്ടപ്പാടുകളും പരിശോധിക്കുക.).

c **ദൈവത്തിന്റെ പേര്**. 'ദൈവം' എന്നത് ഒരു സംജ്ഞാനാമമല്ല; മറിച്ചു സാമാന്യനാമമാണ്, പുല്ലിംഗബഹുവചനം. പ്രാചീനചിന്താഗതിയനുസരിച്ചു പേരില്ലെങ്കിൽ അസ്തിത്വവുമില്ല. സംജ്ഞ, ആളത്തത്തെയും സ്വഭാവത്തെയും കുറിക്കുന്നു. പേരു വിളിക്കാതെ പരസ്പരസമ്പർക്കം സാധ്യമല്ല. തമ്മിൽ തമ്മിൽ തിരിച്ചറിയുക മാത്രമായിരുന്നില്ല പേരു നല്കുന്നതിന്റെ ഉദ്ദേശ്യം. ദൈവത്തെ പേരു പറഞ്ഞു വിളിക്കാതെ ദൈവത്തോട് അപേക്ഷ കഴിക്കുവാനോ ദൈവശക്തി കരഗതമാക്കുവാനോ കഴിയുന്നതല്ലെന്നായിരുന്നു പുരാതന സങ്കല്പം (1 രാജാ. 18:26, 37; പുറ. 20:24; അ. പ്ര. 3:7). ഒരേ ഒരു ദൈവമല്ല പല ദേവന്മാരുണ്ടെന്ന് അക്കാലത്തു വിശ്വസിച്ചിരുന്നു. കനാന്യർ അനേകം ദേവീദേവന്മാരുണ്ടെന്നു വിശ്വസിച്ചിരുന്നു. മുഖ്യദേവനായ 'എൽ', ബാൽദേവൻ, അനാത്ത് ദേവി എന്നിങ്ങനെ പല മൂർത്തികളെ അവർ ആരാധിച്ചുവന്നു. ഇന്ദ്രൻ, വരുണൻ, അഗ്നി, ഉഷസ്സ് ആദിയായി ഋഗ്വേദത്തിൽ വിവരിക്കുന്ന പല ദേവീദേവന്മാരുടെ കാര്യം ഈ സന്ദർഭത്തിൽ സ്മരണീയമാണ്. (പക്ഷേ അനേകം പേരുണ്ടെങ്കിലും സത്യം ഒന്നേയുള്ളുവെന്നാണ് ഋഗ്വേദം അനുശാസിക്കുന്നതെന്ന കാര്യവും ഓർമിക്കേണ്ടതുണ്ട്).

d *യഹോവ* എന്ന പുതിയ പേരു ദൈവമാണു മോശെയ്ക്കു വെളിപ്പെടുത്തി കൊടുക്കുന്നത് (പുറ. 3:15). E–രേഖയിൽ പെട്ട ഈ വേദഭാഗത്തിനു യഹോവ എന്ന സംജ്ഞ ഇതിനു മുമ്പ് ഇസ്രായേൽക്കാരുടെയിടയിൽ അറിയപ്പെട്ടിരുന്നില്ലെന്നാണു പ്രസ്താവം. പക്ഷേ J–രേഖ അനുസരിച്ച് എനോശിന്റെ കാലംമുതൽ യഹോവയുടെ നാമത്തിൽ ആരാധന ആരംഭിച്ചിരുന്നുവെന്നു കാണുന്നു (ഉത്പ. 4:26). എങ്കിലും യഹോവയുടെ നാമം അബ്രാഹാമിനു അറിഞ്ഞുകൂടായിരുന്നുവെന്നാണു P–രേഖയും സമർഥിക്കുന്നത് (പുറ. 6:3). 'യഹോവ'യുടെ നാമത്തിൽ ദൈവത്തെ ആരാധിക്കുന്ന പതിവ് എപ്പോൾ ആരംഭിച്ചു എന്നതിനെ സംബന്ധിച്ചു പല പാരമ്പര്യങ്ങൾ നിലവിലിരുന്നുവെന്നും, ഇസ്രായേല്യ മതചരിത്രത്തിന്റെ നിർണായക ഘട്ടമാണു മോശെയ്ക്കു ലഭിച്ച ഈ വെളിപ്പാടെന്നും, ഈ തെളിവുകളിൽനിന്നു നമുക്ക് അനുമാനിക്കാവുന്നതാണ്. ഗോത്രപിതാക്കന്മാരുടെ ദൈവവിശ്വാസവും മോശെയ്ക്കു ലഭിച്ച വെളിപ്പാടും ഇസ്രായേല്യ ദൈവവിശ്വാസചരിത്രത്തിന്റെ രണ്ടു ഘട്ടങ്ങളായിട്ടാണ് E–രേഖയും P–രേഖയും കരുതുന്നത്. പക്ഷേ രണ്ടു ദേവന്മാരുടെ സംയോജനമല്ല, പ്രത്യുത പേരിലുള്ള വൈവിധ്യം മാത്രമായിരുന്നു യഥാർഥ സ്ഥിതിയെന്നു P–രേഖ പ്രത്യേകം ഊന്നിപ്പറയുന്നുണ്ട്. ഏതായാലും ഒരു കാര്യം നമുക്ക് അനുമാനിക്കാം. അതായതു്, പല ഇസ്രായേല്യ ഗോത്രങ്ങളിലും ആരാധനാസ്ഥലങ്ങളിലും നിലവിലിരുന്ന ദൈവനാമങ്ങളും ദൈവത്തെ സംബന്ധിച്ച ധാരണകളും ഇസ്രായേല്യ മതചിന്തയിൽ സമ്മേളിച്ചിട്ടുണ്ടെന്ന വസ്തുത നിഷേധിക്കാവുന്നതല്ല. 49d

'യഹോവ'യുടെ ആദ്യത്തെ ഉച്ചാരണരൂപം യാഹ്വേ (Yahweh) എന്നായിരുന്നുവെന്നതിന് അലക്സാന്ത്രിയായിലെ ക്ലെമന്തിന്റെയും (A. D. 150–215) അന്ത്യോക്യയിലെ തിയോഡൊററിന്റെയും (A. D. 393–458) എഴുത്തുകളിൽ തെളിവുകളുണ്ട്. കൂടാതെ എബ്രായപദങ്ങളുടെ ഉത്ഭവം, രൂപം, ഘടന, പ്രാചീന അമോര്യസംജ്ഞാനാമങ്ങൾ (ഉദാ: *യാഹ്വി–ഈൽ*) മുതലായവ കണക്കിലെടുത്താലും ഇതേ നിഗമനത്തിലാണു നാം എത്തിച്ചേരുന്നത്. ഈ പേരിന്റെ വ്യുല്പത്തിയെക്കുറിച്ചു പല സിദ്ധാന്തങ്ങളും നിർദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും '*യാഹ്വേ*' ഒരു സ്തുതികീർത്തനത്തിന്റെ സംക്ഷിപ്തരൂപമാണെന്നുള്ള അഭിപ്രായത്തിനാണു കൂടുതൽ പ്രസക്തിയുള്ളത്. പ്രഥമപുരുഷൻ ആഖ്യയായുള്ള ക്രിയാപ്രയോഗമാണു 'യാഹ്വേ'. അവൻ കർമവീരനായി നിലകൊള്ളുന്നുവെന്ന് ഈ പേരിന് അർഥം കൊടുക്കാം. ദൈവം സ്വയംഭൂവാണെന്നോ, അസ്തിത്വമുള്ളവനാണെന്നോ ഉള്ള അർഥമല്ല (ഈ ആശയങ്ങൾ എബ്രായചിന്താധാരയുമായി പൊരുത്തമുള്ളവയുമല്ല). പിന്നെയോ പ്രവർത്തിക്കുവാനുള്ള കഴിവോടും സന്നദ്ധതയോടും ചരിത്രത്തിൽ സദാ സന്നിഹിതനായിരിക്കുന്നുവെന്ന തത്വമാണ് ഈ പേരിൽ അടങ്ങിക്കിടക്കുന്നതെന്നു പണ്ഡിതന്മാർ പൊതുവേ സമ്മതിച്ചിട്ടുണ്ട് (പുറ. 33:19; യെഹെ. 12:25; യെശ. 41:4; 43:10, 13; 46:4;48:12; പുറ. 3:14–ന്റെ വ്യാഖ്യാനം കാണുക).

ദൈവത്തിന്റെ പേര് അതിവിശുദ്ധമായി കരുതിയിരുന്ന യെഹൂദന്മാർ (പുറ. 20:7) യാഹ്വേ എന്ന നാമം ഉച്ചരിക്കാതെ അതിനുപകരം 'കർത്താവ്', 'യജമാനൻ' എന്നർഥം വരുന്ന പദ (*Adonai*, RSV–യിൽ *LORD*) മാണു വായിക്കുമ്പോൾ ഉരുവിട്ടു വന്നത്. എബ്രായ പാഠത്തോടു സ്വരങ്ങൾ ചേർത്തെഴുതിയ കാലത്ത് YHWH എന്നത്, കർത്താവ് (Adonai) എന്നു വായിക്കണമെന്നു നിർദേശിക്കുവാൻ 'അദോനായ്' എന്ന എബ്രായപദത്തിന്റെ സ്വരചിഹ്നങ്ങൾ (അ, ഓ, അ) YHWH (യ–ഹ–വ–ഹ) എന്നതിലെ വ്യഞ്ജനങ്ങളോടു ചേർത്തെഴുതി. 'അദോനായ്' എന്ന വാക്കിലെ സ്വരങ്ങൾ YHWH യിലെ വ്യഞ്ജനങ്ങളോട് എബ്രായ പാഠപാരമ്പര്യത്തെക്കുറിച്ചുള്ള അജ്ഞതയിൽനിന്ന് അബദ്ധവശാൽ മധ്യകാലത്തിൽ (Middle Ages, A. D. 15–ാം നൂറ്റാണ്ടിനു മുമ്പ്) കൂട്ടിച്ചേർത്തതിന്റെ ഫലമായാണു *യഹോവ* (Jehovah) എന്ന ഉച്ചാരണം ഉണ്ടാകാനിടയായത്. ദൈവത്തോടുള്ള ഭക്തിയും ദീർഘകാല ഉപയോഗവും നിമിത്തം ഈ ഉച്ചാരണരീതി ഉപേക്ഷിക്കുവാൻ ഇന്നു വൈമനസ്യം പ്രദർശിപ്പിക്കുന്നതിൽ വിസ്മയിക്കുവാനില്ല. യെഹൂദന്മാർ ഒരിക്കലും 'യഹോവ'യെന്ന രൂപം ഉപയോഗിച്ചിട്ടില്ല.

*യാഹ്*, യാഹ്വേയുടെ ഹ്രസ്വരൂപമാണ്. പദ്യഭാഗങ്ങളിലാണ് ഈ പ്രയോഗമുള്ളതും (പുറ. 15:2, മലയാളം ബൈബിളിൽ യഹോവ, സങ്കീ. 68:4,18). 'യഹോവയെ സ്തുതിപ്പിൻ' എന്ന മലയാളം ബൈബിളിലെ പരിഭാഷ 'യാഹിനെ സ്തുതിക്കുവിൻ' (*ഹല്ലെലൂ–യാഹ്*) എന്നാണു ശരിക്കും തർജമ ചെയ്യേണ്ടതു്. 49e

49c (സങ്കീ. 104:35; 105:45; 106:1, 48; 111:1 മുത.). *ഹല്ലലൂ–യാഹ്*, 'ഹല്ലെലൂയ്യാ' ആയി പരിണമിച്ചു. 'യാഹൂ' എന്ന പേരു സംജ്ഞാനാമങ്ങളുടെ ഒടുവിൽ ചേർക്കുന്ന പതിവ് ഇസ്രായേലിൽ ക്രമേണ വന്നു ചേർന്നു: ഉദാ. യെഷയ്യാഹൂ (=യാഹിന്റെ രക്ഷ, യെശയ്യാവ്), യിർമ്യാഹൂ (=യിരെമ്യാവ്) ഇത്യാദി.

പേരിന്റെ വ്യുല്പത്തിയും മൂലാർത്ഥവും എന്തായിരുന്നാലും ദൈവത്തെക്കുറിച്ച് എബ്രായർക്കുണ്ടായിരുന്ന വിശ്വാസം ഈ പേരിൽ ആരോപിച്ചിരുന്നുവെന്നതിനു രണ്ടുപക്ഷമില്ല. ന്യായവിധി പ്രഖ്യാപനത്തോടും (യെഹെ. 6:13; 7:27:11:12) ശുഭോദർക്കമായ മൊഴികളോടും (യെഹെ. 37:13;14:28) ചേർത്ത് 'ഞാൻ യഹോവ എന്നു നിങ്ങൾ (അവർ) അറിയും' എന്നു പ്രസ്താവിച്ചിരിക്കുന്നതിൽ പ്രത്യേകസ്വാരസ്യം അടങ്ങിയിട്ടുണ്ട്. ദൈവം കർമ്മനിരതനാണ്, ഉദ്ദേശ്യലബ്ധി കൈവരുത്തുവാൻ കഴിവുള്ളവനാണ് എന്ന വിശ്വാസം ദൈവത്തിന്റെ പേരു' കേൾക്കുമ്പോൾ എബ്രായവിശ്വാസികളിൽ ഉണരുകയുണ്ടായി. ചരിത്രവും പ്രകൃതിയും ദൈവത്തിന്റെ ആധിപത്യത്തിനു വിധേയമാണെന്നു മോശെയെ ബോധ്യപ്പെടുത്തുകയായിരുന്നു ദൈവിക വെളിപ്പാടിന്റെ ലക്ഷ്യം. ദൈവം 'ബലമുള്ള കൈയാലും നീട്ടിയ ഭുജത്താലും' ഈജിപ്തിലെ യാതനാനിർഭരമായ അടിമത്തത്തിൽനിന്നു തങ്ങളെ വിടുവിച്ചുവെന്നാണു വിശ്വാസപ്രമാണമായി എബ്രായർ ഏറ്റുപാടുകയും പിൻതലമുറകളെ പഠിപ്പിക്കയും ചെയ്തുവന്നത് (ആവ. 4:34; 26:8; സങ്കീ. 136:12).

## ഗോത്രപിതാക്കന്മാരുടെ വിശ്വാസാചാരങ്ങൾ

50a ഫറവോന്റെ അടിമത്തത്തിൽനിന്നു തങ്ങളെ മോചിപ്പിച്ചതു മോശെക്കു വെളിപ്പെട്ട യഹോവ എന്ന പേരുള്ള ഏകസത്യദൈവമാണെന്ന വിശ്വാസമാണ് എബ്രായമതത്തിന്റെ അടിസ്ഥാനമെന്നു മുകളിൽ വിവരിക്കയുണ്ടായി. എന്നാൽ മോശെക്കു ലഭിച്ച വെളിപ്പാടിൽ അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ'യാണു താൻ എന്നു പ്രസ്താവിച്ചിരിക്കുന്നതു പ്രത്യേകം ശ്രദ്ധേയമാണ്. ദാർശനിക ചിന്തയിൽ വേരൂന്നി യുക്തിക്കു ബോധ്യമാകമാറ് കാര്യകാരണസഹിതം വാദമുഖങ്ങൾ ഉന്നയിച്ചു സ്ഥാപിച്ചിട്ടുള്ള അസ്തിത്വാരോപണത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ഈശ്വരവിശ്വാസമല്ലായിരുന്നു എബ്രായരുടേത്. പിന്നെയോ, തലമുറതലമുറകളായി സ്വാനുഭവത്തിന്റെ ഭാഗമായിത്തീർന്ന ദൈവവിശ്വാസമായിരുന്നു അവരുടേതെന്നു പഴയനിയമത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകം ഊന്നി പ്രസ്താവിച്ചിട്ടുണ്ട്. ഗോത്രപിതാക്കന്മാരായ അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് ഇവരെപ്പററി ഉത്പത്തിപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ കാണുന്ന ദൈവവിശ്വാസത്തിന്റെ സൂക്ഷ്മസ്വഭാവം എന്തായിരുന്നുവെന്നാണ് ഇനിയും ആരായേണ്ടത്.

b ദൈവം 'സർവശക്തനായ ദൈവം' (*ഏൽഷദ്ദായി* El Shaddai) എന്ന പേരിൽ ഗോത്രപിതാക്കന്മാർക്കു വെളിപ്പെട്ടുവെന്നു P രേഖയിൽ പ്രസ്താവമുണ്ട് ഉത്പ. 17:1; 28:3; പുറ. 6:4 മു.) *ഷദ്ദായി* എന്ന പേരു തനിച്ചും ചിലേടത്തു കാണുന്നു (സംഖ്യാ. 24:4,16 (J.E. രേഖ), സങ്കീ. 68:15;91:1, രൂത്ത് 1:20, 21; ഇയ്യോ. 5:17). ഈ പേരിന്റെ വ്യുല്പത്തിയെക്കുറിച്ചും അർത്ഥത്തെക്കുറിച്ചും എന്തെങ്കിലും തീർത്തുപറയുവാൻ സാധ്യമല്ല. അതിപ്രാചീനകാലത്തു പ്രയോഗത്തിലിരുന്ന പേരായിരുന്നു ഇത്. തർജമയെ ആധാരമാക്കി സർവശക്തൻ എന്നു ഭാഷാന്തരം ചെയ്തിരിക്കുന്നു. 50b

c 'ഏൽ' (ദൈവം) എന്ന പേര് ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. B. C. 14-ശതകം പഴക്കമുള്ള പ്രാചീന ഉഗാറീത്തു രേഖകളിലെ ദേവീദേവന്മാരുടെ ഗണത്തിൽ മുഖ്യസ്ഥാനം 'ഏൽ' എന്ന ദേവനായിരുന്നു. ഈ നാമം 'ഈശ്വരൻ' എന്ന പദത്തെപ്പോലെ ദൈവത്തെ കുറിക്കുന്ന സാമാന്യനാമമല്ല, ഒരു പ്രത്യേക ദേവന്റെ സംജ്ഞയാണ്. ദേവന്മാരുടെ അധിപതിയായി സാർവത്രികമായ അധികാരമുള്ള മൂർത്തിയായിട്ടാണ് 'ഏൽ' ദേവനെ ഉഗാറീത്തിലെ ജനത ആരാധിച്ചു വന്നത്. അതുകൊണ്ടു സാർവത്രികദൈവത്തെക്കുറിച്ചുള്ള അറിവ് ഗോത്ര പിതാക്കന്മാർക്കും ഉണ്ടായിരുന്നുവെന്നു ന്യായമായി ഊഹിക്കാം.

d ഗോത്രപിതാക്കന്മാരെ സംബന്ധിച്ച വിവരണങ്ങളിൽ ദൈവത്തെ വിശേഷിപ്പിക്കുന്ന പദപ്രയോഗങ്ങൾ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. ഉത്പ. 15:1–ൽ ദൈവത്തെ അബ്രാഹാമിന്റെ 'പരിച' എന്നും ഉത്പ. 31:42–ൽ 'യിസ്ഹാക്കിന്റെ ഭയ' മെന്നും, ഉത്പ. 49:24 ൽ 'യാക്കോബിന്റെ വല്ലഭൻ' (സങ്കീ. 132:1,3; യെശ. 49:26–ഇവിടെ യാക്കോബിന്റെ വീരൻ എന്നാണ്) എന്നും വിശേഷിപ്പിച്ചിരിക്കുന്നു. ദൈവത്തെ സംബോധന ചെയ്യുന്നതിനു പിതാക്കന്മാരുടെ പേരിനോടു ചേർത്തു നിർഗ്ഗുണപദം മാത്രം ചേർത്തിരിക്കുന്നതു പ്രത്യേകം ശ്രദ്ധിക്കുക.

e ഗോത്രപിതാക്കന്മാർ ജീവിച്ചിരുന്നത് ഏതു നൂററാണ്ടിലായിരുന്നുവെന്നു തീർത്തുപറയുവാൻ സാധ്യമല്ലെങ്കിലും B. C. 18–17–നൂററാണ്ടിൽ ആയിരുന്നിരിക്കാം. അവർ പലസ്തീൻനാടിന്റെ പലഭാഗങ്ങളിൽ അർദ്ധസഞ്ചാരികളായി താമസിച്ചിരുന്നുവെന്ന് ഉത്പത്തിപ്പുസ്തകം രേഖപ്പെടുത്തിയിരിക്കുന്നു. താമസസ്ഥലം പലപ്രാവശ്യം മാറിയെങ്കിലും (ശെഖേം, ബേഥേൽ, ബേർശേബ) ഗോത്രപിതാക്കന്മാർ ഒരേ ഒരു ദൈവത്തെ മാത്രം ആരാധിച്ചുവന്നുവെന്നതു ശ്രദ്ധേയമാണ്. ദൈവത്തെ വിശേഷിപ്പിക്കുന്നതിന് മുകളിൽ കൊടുത്ത പല പദങ്ങൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും, അബ്രാഹാമിന്റെ ദൈവം, യിസ്ഹാക്കിന്റെ ദൈവം, യാക്കോബിന്റെ ദൈവം, പിതാക്കന്മാരുടെ ദൈവം, എന്നിപ്രകാരം ഗോത്രത്തോടു സ്ഥിരമായി ബന്ധപ്പെട്ട ഒരേ ഒരു ദൈവത്തെയാണ് അവർ പൂജിച്ചത്. ഗോത്രപിതാക്കന്മാരുടെ കാലത്തു ലോകാധിപനായ 'ഏൽ' ദേവനെ പല കനാന്യപട്ടണങ്ങളിലും ആരാധിച്ചു വന്നതായി ഊഹിക്കാമെങ്കിലും കനാന്യ ക്ഷേത്രങ്ങളിലെല്ലാം ഒരേ ഒരു ദേവന്റെ പ്രതിഷ്ഠയാണ് ഉണ്ടായിരുന്നതെന്നു വിചാരിക്കുവാൻ ന്യായമില്ല. യെരുശലേമിൽ '*ഏൽ എല്യോൻ*' (El Elyon=അത്യുന്നതനായ ദൈവം, ഉത്പ. 14:23) ദേവനെയും ബേർശേബയിൽ '*ഏൽ ഓലാം* El Olam=നിത്യദൈവം, (ഉത്പ. 21:33) ദേവനെയും ജനങ്ങൾ ആരാധിച്ചുവന്നിരുന്നു. ഗോത്രപിതാക്കന്മാരാകട്ടെ പല സ്ഥലങ്ങളിൽവച്ച് അവർക്കു ലഭിച്ച ദൈവികസമ്പർക്കത്തെ, തങ്ങളുടെ പിതാക്കന്മാരുടെ ദൈവത്തിന്റെ വെളിപ്പാടായി വ്യാഖ്യാനിച്ച്, കനാന്യരുടെ ബഹുദൈവവിശ്വാസത്തെ തങ്ങളിൽനിന്നകററി നിർത്തിക്കൊണ്ട് ഏകദൈവത്തിൽ മാത്രം വിശ്വാസം ഉറപ്പിച്ചു. ദൈവത്തെക്കുറിച്ച് അവർക്കുണ്ടായിരുന്ന ധാരണയിൽ ചില ഘടകങ്ങൾ വ്യക്തമായി പൊന്തിനില്ക്കുന്നു: (i) സ്ഥലകാലഭേദമനുസരിച്ചു മാററമില്ലാത്തവനായ ദൈവം, (ii) ഗോത്രത്തോടുള്ള ബന്ധം വിച്ഛേദിക്കാതെ തല

50c മുറ തലമുറയായി കുടുംബങ്ങളുടെ ആശാകേന്ദ്രമായ ഏക ദൈവം, (iii) സന്താനലാഭവും താമസസ്ഥലവും വാഗ്ദാനം ചെയ്യുകയും പ്രസ്തുത വാഗ്ദാനം വീഴ്ച വരാതെ നിറവേറ്റുകയും ചെയ്യുന്ന ദൈവം, (iv) സ്ഥിര താമസമില്ലാതെ അലഞ്ഞുതിരിയുമ്പോഴും ആപൽഘട്ടങ്ങളിലും സംരക്ഷണം നല്കുന്ന ദൈവം; ഇപ്രകാരം കനാന്യമതവിഭാഗങ്ങളിലോ പില്ക്കാല എബ്രായ മതവികസനത്തിലോ ഇതേപടി ദർശിക്കുവാൻ കഴിയാത്ത പ്രതിഭാസമാണ് ഗോത്രപിതാക്കന്മാരുടെ മതബോധമെന്ന് എ. ആൾട്ട് എന്ന പണ്ഡിതൻ സ്ഥാപിച്ച സിദ്ധാന്തത്തിന് ഇന്നും കോട്ടം തട്ടിയിട്ടില്ല (A. Alt, 'God of the Fathers', 1929).

ആൾട്ടിൻെറ പഠനത്തിൻെറ വെളിച്ചത്തിൽ അതിനു മുമ്പുണ്ടായിരുന്ന പല വ്യാഖ്യാനങ്ങളും ഉപേക്ഷിക്കുകയേ നിവൃത്തിയുള്ളു. അതായതു ഗോത്രപിതാക്കന്മാർ മരങ്ങളെ ദേവമൂർത്തിയായി ആരാധിച്ചുവെന്നോ (ഉത്പ. 21:33; 13:18 താ.), കല്ലിനെയും (ഉത്പ. 28:10-22) നീർച്ചോലകളെയും പൂജിച്ചുവന്നിരുന്നുവെന്നോ കരുതേണ്ടതില്ല. (ഗോത്രപിതാക്കന്മാരുടെ സദാചാര മുറകളെക്കുറിച്ച് എച്ച്. എച്ച്. റൗളിയുടെ 'Recent Discovery and the Patriarchal Age' എന്ന ഉപന്യാസം വായിക്കുക. Servant of the Lord പുറം 381 മു).

51a **കനാന്യ സംസ്കാരത്തോടുള്ള പ്രതികരണം.** എബ്രായർ കനാനിൽ കുടിയേറ്റം ആരംഭിച്ചപ്പോൾ കനാന്യരുടെ വകയായ ക്ഷേത്രങ്ങളും കനാന്യമതാചാരങ്ങളും പലസ്തീൻ നാട്ടിൽ നിലവിലുണ്ടായിരുന്നു. കനാന്യരുമായുണ്ടായ ഏറ്റുമുട്ടലിൽ ചില ക്ഷേത്രങ്ങൾ എബ്രായർ നശിപ്പിക്കുകയുണ്ടായി (ഉദാ. ന്യായാ. 6:25-27). എന്നാൽ മറ്റു ചില ആരാധനാകേന്ദ്രങ്ങൾ നശിപ്പിക്കാതെ ഇസ്രായേല്യരുടേതാക്കിത്തീർക്കുകയും അവിടെ യഹോവാരാധന നടത്തുകയും ചെയ്തു. കേരളത്തിലും ക്രിസ്തീയസഭയുടെ ആദിമനൂറ്റാണ്ടുകളിൽ ഹൈന്ദവക്ഷേത്രങ്ങൾ നശിപ്പിക്കാതെ ക്രൈസ്തവ ദേവാലയങ്ങളാക്കിത്തീർത്തുവെന്നു പറയപ്പെടുന്നു. ദാവീദ് സീയോൻപട്ടണം നിഷ്പ്രയാസം പിടിച്ചടക്കിയതോടെ അവിടെയുണ്ടായിരുന്ന യെബൂസ്യദേവാലയം യഹോവയുടെ ആരാധനയ്ക്കായി സ്വായത്തമാക്കിയെന്നാണ് പണ്ഡിതമതം. ദൈവത്തിന് 'അത്യുന്നതൻ' എന്ന വിശേഷണം ലഭിക്കുവാനിടയായത് യെരുശലേമിലെ പാരമ്പര്യങ്ങളെ ആശ്രയിച്ചായിരുന്നിരിക്കുവാൻ വകയുണ്ട്. അവിടത്തെ രാജാവായിരുന്ന മല്ക്കീസേദെക്ക് 'അത്യുന്നതദൈവത്തെ' (*ഏൽ എല്യോൻ* El Elyon) ആരാധിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു (ഉത്പ. 14:18 മു). കൂടാതെ ചില ആരാധനാ കേന്ദ്രങ്ങൾക്കു ഗോത്രപിതാക്കന്മാരോടു ബന്ധപ്പെട്ട പാരമ്പര്യങ്ങളുമുണ്ടായിരുന്നു. ഹൈന്ദവമതസ്ഥരുമായി നൂറ്റാണ്ടുകളായി ഇടപഴകിയ കേരളത്തിലെ ക്രൈസ്തവർ ചില ഹൈന്ദവ മതചിന്തകളും ആചാരങ്ങളും അറിഞ്ഞും അറിയാതെയും സ്വീകരിക്കുകയും മറ്റു ചിലതു പാടേ ഉപേക്ഷിക്കുകയും ചെയ്തുവന്നതിനു സമാനമായ പ്രക്രിയ എബ്രായ സംസ്കാരത്തിലും സംഭവിച്ചിരുന്നിരിക്കണം. ദൈവം ലോകത്തിൻെറ സൃഷ്ടികർത്താവാണെന്നും ദേവാലയം ദൈവത്തിൻെറ കൊട്ടാരമാണെന്നും രാജാവു ദൈവത്തിൻെറ പ്രതിനിധിയാണെന്നുംമറ്റുമുള്ള കനാന്യമതചിന്തകൾ എബ്രായർക്കു സ്വീകാര്യമായി തോന്നി.

## ധാർമ്മികയുദ്ധം.

b (60 j നോ). എബ്രായർ കനാനിൽ താമസമുറപ്പിച്ചപ്പോൾ ഗോത്രപിതാക്കന്മാർ സ്ഥാപിച്ചതെന്നു കരുതപ്പെട്ട പല ദേവാലയങ്ങളും, പിതാക്കന്മാർ സന്ദർശിച്ചതായി വിശ്വസിച്ചുവന്ന പല പുണ്യസ്ഥലങ്ങളും കനാനിൽ ഉണ്ടായിരുന്നതായി മുകളിൽ സൂചിപ്പിക്കുകയുണ്ടായി.
51b ദൈവം പിതാക്കന്മാർക്കു കനാൻ ദേശം കൈവശമായി നല്കുമെന്നു ചെയ്ത വാഗ്ദാനം ഇസ്രായേല്യരുടെ അധിനിവേശത്തോടുകൂടി നിവൃത്തിയായെന്ന് അവർ വിശ്വസിച്ചു (ഉത്പ. 12:7; 15:7 മു; യോശു. 1:2 മു.; ആമോ. 2:10മു.). അതുകൊണ്ടു കനാനിൽ സ്ഥിരമായി താമസിച്ചിരുന്ന ഇതരമതസ്ഥരെ വധിക്കുന്നതോ അവരുടെ വസ്തു കൈവശമാക്കുന്നതോ ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം ഒരു ധാർമ്മിക പ്രശ്നമായിരുന്നില്ല. ഈ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ മാത്രമേ പ്രാചീന ഇസ്രായേൽ നടത്തിയ യുദ്ധങ്ങളും ആക്രമണങ്ങളും അവയുടെ ശരിയായ നിലയിൽ വീക്ഷിക്കുവാൻ കഴിയൂ. '*യഹോവയുടെ യുദ്ധങ്ങൾ*' എന്നാണ് പഴയനിയമത്തിൽ അവയ്ക്കു നല്കിയിരിക്കുന്ന പേര് (1 ശമൂ. 18:17; 25:28). ഇസ്രായേൽ പക്ഷത്തു നിന്നു യുദ്ധം ചെയ്യുവാൻ സന്നദ്ധരായി പോർക്കളത്തിലിറങ്ങുന്നവരെ 'യഹോവയുടെ ജനം' അഥവാ 'ദൈവത്തിൻെറ ജനം' എന്നു വിളിച്ചുവന്നു (ന്യായാ. 5:11, 13). ഇസ്രായേലിൻെറ നിലനില്പിനും സ്വരക്ഷയ്ക്കുമായി നടത്തിയ യുദ്ധങ്ങളായതിനാൽ അവയ്ക്കു *ധാർമ്മികയുദ്ധങ്ങൾ* എന്ന പേരു നല്കുന്നതിൽ തെറ്റില്ല. ദൈവിക അരുളപ്പാടു ലഭിച്ചിട്ടാണ് യുദ്ധത്തിനു പുറപ്പെടുന്നത് (ന്യായാ. 20:23,27; 1 ശമൂ 7:9; 14:8 മു.; യോശു. 2:24; 5:2; ന്യായാ. 4:7; 7:9,15). യുദ്ധം നയിക്കുന്നതു ദൈവമാണെന്നും ചരിത്രവും ജനതകളും ദൈവാധിപത്യത്തിൻകീഴിലാണെന്നുംവിജാതീയരുമായുള്ള സംഘട്ടനത്തിൽനിന്ന് ഇസ്രായേൽ മനസ്സിലാക്കി (പുറ. 14:4, 14, 18; യോശു. 10:14,42). അതുകൊണ്ട് ഇസ്രായേൽ അധൈര്യപ്പെടാതെ, ദൈവത്തിൽ വിശ്വാസം അർപ്പിച്ച് ഉറച്ചുനില്ക്കയാണു വേണ്ടതെന്നു യഹോവ ജനനേതാവിനെയും, നേതാവ് ജനങ്ങളെയും പ്രബോധിപ്പിക്കുകയുണ്ടായി (പുറ. 14:13; ആവ. 20:3; യോശു. 8:1; 10:8,15; ന്യായാ. 7:3). 'ഭയപ്പെടേണ്ട' 'ദൈവത്തിൽ വിശ്വസിക്കുക' എന്ന പ്രബോധനത്തിൻെറ പശ്ചാത്തലം (Sitz im Leben) പോർക്കളമാണെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്.

c **ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവം.** ദൈവം ചരിത്രസംഭവങ്ങളെ നിയന്ത്രിക്കുകയും സംഭവഗതികളെ തിരിച്ചുവിടുകയും ചെയ്യുന്നവനാണെന്നുള്ള ധാരണയിൽ നിന്നു ജയാപജയങ്ങൾ യാദൃച്ഛിക സംഭവങ്ങളല്ലെന്നും, അവ ദൈവത്തിൻെറ കരുണയുടെയോ ശിക്ഷയുടെയോ അടയാളങ്ങളാണെന്നുമുള്ള വിശ്വാസം, ഇസ്രായേലിൻെറ കനാനിലെ കുടിപാർപ്പുകാലത്ത് അവരിൽ രൂഢമൂലമായെന്ന് അനുമാനിക്കാം. പ്രാചീന പശ്ചിമേഷ്യയിലെ ഇതര സംസ്കാരങ്ങളെ അപേക്ഷിച്ച് ഇസ്രായേല്യമതത്തിൻെറ വിശേഷതയാണ് ചരിത്രത്തെ ദൈവം നിയന്ത്രിച്ചുഭരിക്കുകയും ചരിത്രസംഭവങ്ങളിൽ ദൈവശക്തി പ്രാവർത്തികമാകുകയും ചെയ്യുന്നുവെന്ന വിശ്വാസം. ഈ മതവീക്ഷണം പഴയനിയമത്തിൻെറ മാത്രമല്ല ക്രിസ്തീയവേദശാസ്ത്രത്തിൻെറയും അടിസ്ഥാനപ്രമാണങ്ങളിൽ ഒന്നാണ്. എബ്രായപ്രവാചകർ ഈ വിശ്വാസത്തിൽനിന്നു പതറാതെ ഉറച്ചുനിന്നു. ഇതര രാഷ്ട്രങ്ങൾ തമ്മിൽ നടക്കുന്ന സഖ്യത്തെയോ, ആക്രമണപരിപാടികളെയോ ഭയപ്പെടേണ്ടതില്ലെന്ന് ആഹാസു രാജാവിനെ യെശയ്യാവു ഗുണദോഷിക്കുവാനുള്ള പ്രേരകശക്തി ഈ മതവീക്ഷണമായിരുന്നു (യെശ. 7:1-9; 31:1-3; ഹോശേ. 5:13; 8:10 താ.). പ്രവാചകരുടെ ന്യായവിധി പ്രഭാഷണങ്ങളും, ശുഭോദർക്കങ്ങളായ മൊഴികളും ഈ വിശ്വാസത്തിൽ നിന്നാണ് രൂപംകൊണ്ടിട്ടുള്ളത് (ആമോ. 3:2.11; ഹോശേ. 11:3-7; യെശ. 10:5 മു; യിരെ. 27: 6മു; ഹോശേ. 2:14മു;

51c യെശ. 40:3മ; 44:28; 44:1 മു. നോ.). ഇസ്രായേലിനു വന്നുകൂടിയ വിനാശദശകളും, രാഷ്ട്രീയാധഃപതനവും അവരുടെ ദുഷ്കർമ്മത്തിനു പകരമായി ദൈവം ചരിത്രസംഭവങ്ങളിൽ കൂടി നല്കിയ ശിക്ഷയാണെന്നു പ്രവാചകന്മാർ സമർത്ഥിക്കയുണ്ടായി (ആമോ. 4:6–11; യെശ. 42:24,25). ആവർത്തന ചരിത്രകാരനും (യോശുവ മു. 2 രാജാ. വരെ) ദിനവൃത്താന്തകാരനും (1,2 ദിന., എസ്രാ, നെഹ.) ചരിത്രസംഭവങ്ങളെ വ്യാഖ്യാനിക്കുമ്പോൾ ഈ സമീപനം തന്നെയാണു സ്വീകരിച്ചിട്ടുള്ളത്.

d ഇസ്രായേല്യർ കനാനിൽ താമസമുറപ്പിച്ചതിനും (ഉ. B. C. 15–13 നൂ.) രാജവാഴ്ച ആരംഭിക്കുന്നതിനും (ഉ. B. C. 11–10 നൂ.) ഇടയ്ക്ക് അവരുടെ **സാമൂഹ്യവ്യവസ്ഥിതികൾ** എങ്ങനെയെല്ലാമായിരുന്നുവെന്നതിനെപ്പറ്റി ഏതാനും ചില വസ്തുതകൾ ന്യായാധിപന്മാരുടെയും 1 ശമുവേലിന്റെയും പുസ്തകങ്ങളിൽ നിന്നു ഗ്രഹിക്കുവാൻ കഴിയും. പഴയ പാരമ്പര്യങ്ങൾ പലതും ആചരിച്ചു പോന്നിരിക്കണം. കുടുംബത്തെ സംബന്ധിച്ചിടത്തോളം ഗോത്രപിതാക്കന്മാരുടെ കാലത്തു മരുമക്കത്തായ സമ്പ്രദായത്തിന്റെ ചില വശങ്ങൾ നിലവിലിരുന്നതായി തോന്നിയേക്കാമെങ്കിലും (ഉദാ. യാക്കോബ് അമ്മാവനായ ലാബാന്റെ പുത്രികളെ വിവാഹം ചെയ്യുന്നത്. ഉത്പ. 29–31, ശിംശോൻ ഫെലിസ്ത്യസ്ത്രീയെ വിവാഹം കഴിച്ച് അവളുടെ വീട്ടിൽ താമസിക്കുന്നത്. ന്യായാ. 14) പൈതൃകാവകാശസമ്പ്രദായമാണു ന്യായാധിപന്മാരുടെ കാലത്തു നടപ്പിലിരുന്നതും പില്ക്കാലത്തു നിലനിന്നുപോന്നതും. പൈതൃകവഴിയിലാണു വംശാവലികൾ രേഖപ്പെടുത്തിയിരിക്കുന്നത് (ഉത്പ. 5). പുരുഷമേധാവിത്വം അംഗീകരിക്കപ്പെട്ടിരുന്നുവെന്നതിൽ അത്ഭുതപ്പെടുവാനില്ല. ഭാര്യ ഭർത്താവിനെ 'യജമാനൻ' (lord, owner) എന്നാണു സംബോധന ചെയ്തിരുന്നത്. കുടുംബത്തലവനു ഭാര്യയുടെയും മക്കളുടെയും, വിവാഹം കഴിഞ്ഞ ആൺമക്കളുടെ കുടുംബങ്ങളുടെയും മേൽ ഉടമസ്ഥാവകാശവും അധികാരവും ഉണ്ടായിരുന്നു (ഉത്പ. 22:1 മു.; 38:24). എന്നാൽ നേതൃസ്ഥാനം സ്ത്രീകൾക്കു നിഷേധിക്കപ്പെട്ടിട്ടില്ലായിരുന്നുവെന്നു ദെബോറയുടെ ചരിത്രം ചൂണ്ടിക്കാണിക്കുന്നു.

e ഗോത്ര (tribe, ഉദാ. യെഹൂദാ, എഫ്രയീം)ത്തിന്റെ ശാഖയായിരുന്നു പല കുടുംബങ്ങൾ ചേർന്ന കുലം (clan). 'കുടുംബ'ത്തിന് എബ്രായഭാഷയിലെ വാക്ക് 'ഭവനം' (വീട്) എന്ന് അർത്ഥമുള്ള ബയിത് ആണ് ('ബയിത്' ലോപിച്ച് ബേത് ആയിത്തീരുന്നു. ഉദാ. ബേത്ലഹേം = ഭക്ഷണമുള്ള ഭവനം, house o' bread) ഭവനത്തിലെ അംഗങ്ങളിൽ അച്ഛനും അമ്മയും മക്കളും അവരുടെ കുടുംബങ്ങളും മാത്രമല്ല അവരോടൊന്നിച്ചു താമസിക്കുന്ന ദാസീദാസന്മാരും അടിമകളും, മറ്റ് ആശ്രിതരും ഉൾപ്പെടുന്നു. കുലങ്ങളെ പ്രതിനിധാനം ചെയ്യുന്ന നേതാക്കന്മാർക്കു മൂപ്പന്മാർ (elders) എന്നാണു പേര്. അവർ പട്ടണവാതില്ക്കൽ ക്രയവിക്രയം നടത്തുവാനും നീതിന്യായം നടത്തുവാനും ഒരുമിച്ചു വന്നിരുന്നു (രൂത്ത് 4:1 മു.; 1 രാജാ. 21:8 മു.; ആമോ. 5:10). രാജവാഴ്ചയ്ക്കു മുമ്പു ഗോത്രങ്ങൾ പരസ്പര ബന്ധമില്ലാതെ സ്വൈരമായി ജീവിച്ചുവന്നു. എന്നാൽ ശത്രുക്കളെ നേരിടേണ്ടിവരുമ്പോൾ ഇസ്രായേല്യഗോത്രങ്ങൾ ഏകോപിച്ചു യുദ്ധത്തിൽ പങ്കെടുത്തുവന്നു. അത്തരം ഘട്ടങ്ങളിൽ യുദ്ധത്തിന് ഓരോരോ കുലത്തിന്റെയോ, ഗ്രാമത്തിന്റെയോ, പട്ടണത്തിന്റെയോ സംഖ്യാബലമനുസരിച്ചു യോദ്ധാക്കളെ അയയ്ക്കുവാനുള്ള കർത്തവ്യം മൂപ്പന്മാരിലാണു നിക്ഷിപ്തമായിരുന്നത്. യുദ്ധാനന്തരം സൈന്യം അവരവരുടെ സ്വന്തം തൊഴിലിലേക്കു തിരികെപ്പോവുകയാണു പതിവ്, ടെറിറ്റോറിയൽ 51e
സേന പോലെ.

## രാജവാഴ്ച

കാലക്രമേണ ശത്രുക്കളുടെ ആക്രമണങ്ങളെയും 52a
സമ്മർദ്ദങ്ങളെയും ചെറുത്തുനില്ക്കുവാൻ കനാന്യരെയും മറ്റ് അയൽരാഷ്ട്രങ്ങളെയും പോലെ ഏകാധിപത്യവ്യവസ്ഥിതി ആവശ്യമാണെന്ന് ഇസ്രായേല്യർക്കു ബോദ്ധ്യം വന്നു. ഗോത്രങ്ങളുടെ ഏകോപിച്ചുള്ള സമീപനം, യുദ്ധമുറയിൽ നിപുണരായ പട്ടാളത്തിന്റെ നിരന്തരസേവനം, ന്യായപാലനം നടത്തുവാനും യുദ്ധം വരുമ്പോൾ നേതൃത്വം നല്കുവാനും യോഗ്യനായ നേതാവ്, ഇവയെല്ലാമാണു സ്വരക്ഷയും ഐശ്വര്യവും ഉറപ്പുവരുത്തുവാനുള്ള മാർഗ്ഗങ്ങളെന്ന് അവർ മുറവിളി കൂട്ടി. അതിന്റെ പരിണത ഫലമാണ് ഇസ്രായേല്യ സാമൂഹ്യവ്യവസ്ഥിതിയിൽ വിപ്ലവകരമായ വ്യതിയാനം സൃഷ്ടിച്ച ഏകാധിപത്യത്തിന്റെ ആവിർഭാവം.

രാജവാഴ്ചയുടെ ആരംഭത്തെക്കുറിച്ച് രണ്ടു പാരമ്പര്യങ്ങൾ പഴയനിയമത്തിലുണ്ട്. യഹോവയുടെ രാജത്വം നിഷേധിച്ച് ഇതര ജനതകളുടെ ആചാരങ്ങളെ അനുകരിക്കുവാനുള്ള ദുഷ്പ്രവണതയാണു രാജത്വം അംഗീകരിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചതെന്നാണ് ഒരു പാരമ്പര്യം (1 ശമു. 8:4–21; 10:17–27a; 12). എന്നാൽ ദൈവജനത്തിന്റെ നിലവിളിക്ക് ഉത്തരമായി അവരെ അവരുടെ ജന്മശത്രുക്കളായ ഫെലിസ്ത്യരുടെ ആക്രമണത്തിൽ നിന്നു രക്ഷിക്കുവാനും രാജ്യഭരണം നടത്തുവാനും ദൈവം ശൗലിനെ രാജാവായി തെരഞ്ഞെടുത്തു എന്നാണു രണ്ടാമത്തെ പാരമ്പര്യം (1 ശമു. 9:16; 1 ശമു. 9:1–10, 16; 10: 27b–11:15). രാജത്വവാഴ്ചയെ ഒരനുഗ്രഹമായി വീക്ഷിച്ചവരും ശാപമായി വീക്ഷിച്ചവരും യെഹൂദഭക്തഗണങ്ങളിൽ എക്കാലത്തും ഉണ്ടായിരുന്നുവെന്നതിനു ധാരാളം തെളിവുകളുണ്ട് (ഹോശേ. 13:10; സങ്കീ. 2; 110; യെശ. 9:2 മു.; 11:1–5). രാജാവ് ഇസ്രായേലിന്റെ കെടാവിളക്കും (2 ശമു. 21:19), ജനതയുടെ ജീവനാഡിയും (വിലാ. 4:20), ദൈവത്തിന്റെ അഭിഷിക്തനും, പുത്രനും (2ശമു. 7:11–14) ആണെന്നുള്ള ധാരണകളിൽ ഇസ്രായേലിന്റെ അയൽ സംസ്കാരങ്ങളിലെ മതചിന്തകളുടെ സ്വാധീനം സ്പഷ്ടമായി കാണാം. എന്നാൽ ദൈവജനത്തെ സംരക്ഷിക്കയും നീതിപൂർവ്വം ഭരണം നടത്തുകയും ദൈവികനിയമങ്ങൾ സമുദായത്തിൽ പുലർത്തുകയും ചെയ്യുക രാജാവിന്റെ കടമയായിരുന്നുവെന്ന് എബ്രായർ വിശ്വസിച്ചുപോന്നു (2 ശമു. 23:1–4; യെശ. 11:1–5). രാജാവും ജനപ്രതിനിധികളും തമ്മിൽ രാജ്യഭരണം സംബന്ധിച്ച് ഉഭയസമ്മതം (covenant) ചെയ്യുന്ന പതിവ് ഇസ്രായേല്യസംസ്കാരത്തിന്റെ സവിശേഷതയാണ് (2 ശമു. 3:21, 5:1–3; 2 രാജാ. 11:12). അതായത്, നിയമത്തിനും ജനസമ്മതിക്കും വിധേയമായ അധികാരം മാത്രമേ രാജാവിന് എബ്രായർ അനുവദിച്ചിരുന്നുള്ളു. പക്ഷേ രാജാക്കന്മാർ ഈ ഉടമ്പടിയെ പലപ്പോഴും ലംഘിച്ചിട്ടുണ്ടെന്നു പ്രവാചകമൊഴികളിൽനിന്നു നമുക്കു മനസ്സിലാക്കാം (യിരെ. 22:13–19; ആവ. 17: 14 മു. നോ.).

## മശീഹാ പ്രത്യാശ

ശത്രുക്കളിൽനിന്നു പ്രജകളെ രക്ഷിക്കുവാനും നീതി b
നിർവ്വഹണം നടത്തി ജനങ്ങളിൽ കെട്ടുറപ്പും ക്ഷേമവും ഭദ്രമാക്കുവാനും രാജസ്ഥാനത്തിനും രാജാക്കന്മാർക്കുമുണ്ടായിരുന്ന കഴിവ്, ദാവീദിന്റെ വംശം ഇസ്രായേലിനു നേതൃത്വം നല്കുവാൻ ശാശ്വതമായി ദൈവ

52b തതാൽ നിയമിക്കപ്പെട്ടതാണെന്നുള്ള വിശ്വാസം മുതലായ സംഗതികൾ കാലാന്തരത്തിൽ രാഷ്ട്രീയവും മതപരവുമായ പ്രതീക്ഷകൾ വളർത്തുകയുണ്ടായി. പുതിയ ഗവൺമെന്റ് ഭരണം ഏറ്റെടുക്കുമ്പോൾ ജനങ്ങളിൽ സാധാരണമായി ശുഭപ്രതീക്ഷ ജനിക്കാറുള്ളതുപോലെ എബ്രായസമൂഹത്തിലും രാജകുമാരന്റെ ജനനവും (യെശ. 9:6), പുതിയ രാജാവിന്റെ അഭിഷേകവും (സങ്കീ. 2:6 മു.) പ്രതീക്ഷകൾ നിറഞ്ഞ ഒരു നവയുഗത്തിന്റെ പ്രാരംഭമായിരിക്കുമെന്നു കരുതപ്പെട്ടു. യെരുശലേമിന്റെ അധഃപതനത്തോടുകൂടെ രാജവാഴ്ച അവസാനിച്ചതിനു ശേഷം ദാവീദിന്റെ വംശത്തിൽ നിന്നു ദൈവം ഉദ്ധാരകനെ എഴുന്നേല്പിക്കുമെന്നുള്ള പ്രത്യാശ ചില വൃത്തങ്ങളിൽ വേരൂന്നി (ആമോ. 9:11മു; യെശ. 11:1 മു. താ.; മീഖാ. 5:2 മു.). ദാവീദുവംശത്തിൽനിന്നു മ്ശീഹാ സമാഗതനാവുകയും യെഹൂദരാജ്യത്തെ പുനരുദ്ധരിക്കുകയും ചെയ്യുമെന്നുള്ള പ്രത്യാശ ഹഗ്ഗായി, സെഖര്യാവ് എന്നീ പ്രവാചകന്മാർ വളർത്തിയെടുത്തെങ്കിലും (ഹഗ്ഗാ. 2:23; സെഖ. 3:8–10; 6:9–15) പ്രവാസത്തിനു മുമ്പും അതിനു ശേഷവും എഴുതപ്പെട്ട എല്ലാ പുസ്തകങ്ങളിലും മ്ശീഹാപ്രത്യാശ കാണുന്നില്ല. യെഹെസ്കേൽ പ്രവാചകൻ ദാവീദുവംശത്തിൽനിന്നു ആഗതനാകുവാനുള്ള നേതാവിനെ രാജകീയസംജ്ഞ ഉപയോഗിക്കാതെ പ്രഭു (നേതാവ്) എന്നു മാത്രം വിശേഷിപ്പിക്കുന്നതു പ്രത്യേകം ശ്രദ്ധാർഹമാണ് (34:23 മു.; 45:16 മു.; 37:24 മു. താ.). ആവർത്തനപുസ്തകത്തിലും (18:18 മു.) യെശയ്യാവു രണ്ടാം ഭാഗത്തിലും പ്രവാചക സ്ഥാനത്തിനാണു പ്രാധാന്യം കൊടുത്തിരിക്കുന്നതു്. (1 ദിന.; 2 ദിന.; എസ്രാ–നെഹ. ഇവയിൽ മ്ശീഹാ പ്രത്യാശ ഇല്ല തന്നെ).

c മ്ശീഹാ വരുമെന്ന വിശ്വാസം പുതിയനിയമകാലത്ത് എല്ലാ യെഹൂദന്മാർക്കും ഉണ്ടായിരുന്നുവെന്നു തോന്നിയേക്കാമെങ്കിലും (യോഹ. 4:25) പുതിയനിയമകാലത്തു് ഉപയോഗത്തിലിരുന്ന പല യെഹൂദഗ്രന്ഥങ്ങളിലും ഇതേപ്പറ്റി ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ല. (ഉദാ. ജ്ഞാനസാഹിത്യത്തിൽ പെട്ട ബെൻസീറാ, ശലോമോന്റെ ജ്ഞാനം, വെളിപ്പാടു വകുപ്പിൽ പെട്ട ഈനോക്ക് 1–36, തോബിത്ത് മു.). എന്നാൽ 12 ഗോത്രപിതാക്കന്മാരുടെ നിയമങ്ങളിലും (Testaments of the Twelve Patriarchs) മറ്റു ചില ഗ്രന്ഥങ്ങളിലും മ്ശീഹാപ്രത്യാശ പ്രത്യക്ഷമായോ പരോക്ഷമായോ നിഴലിക്കുന്നതായി കാണാം. യെഹൂദാ ഗോത്രത്തിൽനിന്നും (Testament of Judah 24:5,6) ലേവ്യഗോത്രത്തിൽനിന്നും (Testament of Levi 18:2-9) രക്ഷകൻ എഴുന്നേല്ക്കുമെന്നും *Testaments* ൽ കാണുന്നു. കുമ്റാൻ സമൂഹവും രാഷ്ട്രീയ മ്ശീഹായും, പൗരോഹിത്യ മ്ശീഹായും ഉദ്ധാരകന്മാരായി സമാഗതരാവുമെന്നു പ്രതീക്ഷിച്ചിരുന്നു. (F. M. Cross, *Ancient Library of Qumran*, പുറം. 64-66 നോ.). പ്രവാസത്തിനുശേഷം ക്രിസ്തുവിന്റെ കാലം വരെയുള്ള യെഹൂദമതചിന്തകൾ ആകെക്കൂടി പരിശോധിച്ചാൽ മ്ശീഹാപ്രത്യാശയെക്കാൾ ദൈവികഭരണം ആഗതമാവുമെന്നുള്ള വിശ്വാസത്തിനായിരുന്നു അവർ കൂടുതൽ പ്രാധാന്യം നല്കിയിരുന്നതെന്നു കാണാം. മാനവരാശിയുടെ രക്ഷയ്ക്കായി കഷ്ടത സഹിക്കേണ്ടി വരുന്ന മ്ശീഹായെക്കുറിച്ച് അവർക്കു ചിന്തിക്കുവാൻകൂടി കഴിയുമായിരുന്നില്ല. യഹോവയുടെ ദാസനെക്കുറിച്ചുള്ള നാലാം ഗീതത്തിലെ (യെശ. 52:13–53:12) ദാസനെ, മ്ശീഹാ എന്നു തർഗും തർജമ ചെയ്യുന്നെങ്കിലും കഷ്ടപ്പെടുന്നവനായിട്ടല്ല അവതരിപ്പിക്കുന്നതു്. (S. Mowinckel, *He That Cometh*; D. S. Russell, *Method and Message of Jewish Apocalyptic* എന്നീ പുസ്തകങ്ങൾ വായിക്കുക. 52c

## വിശ്വോത്പത്തി

d കനാന്യസംസ്കാരം എബ്രായ മതചിന്തയെ സാരമായി സ്വാധീനിച്ച മറ്റൊരു വിഷയം **പ്രപഞ്ചസൃഷ്ടിയും** പ്രപഞ്ചത്തിന്മേൽ ദൈവത്തിനുള്ള ആധിപത്യവുമാണ്. 'സമുദ്രത്തിന്റെ ഗർവത്തെ അടക്കിവാഴുന്നവനായി'ട്ടാണ് എബ്രായഗായകൻ ദൈവത്തെ സ്തുതിക്കുന്നത് (സങ്കീ. 89:9). ഈ പ്രസ്താവന അലങ്കാരപ്രയോഗമാണെന്നു തോന്നാമെങ്കിലും ബാൽ ദേവനോടു മല്ലിടുന്ന ഭീകരസത്വത്തിന്റെ പ്രതീതിയാണു വായനക്കാരനു തോന്നുക. മനുഷ്യരുടെമേൽ അനുഗ്രഹം ചൊരിയുന്ന ബാൽ ദേവനെ ആക്രമിച്ചു കീഴടക്കുന്നതിനായി ഒരുമ്പെടുന്ന ഭീകരസത്വമായ 'സമുദ്ര'ത്തെപ്പറ്റിയുള്ള വർണ്ണനകൾ ഉഗാറിത്തിലെ പുരാണങ്ങളിൽ ഉടനീളം കാണാം. സങ്കീ. 29—ാം 93—ാം ഇവയോടു വളരെ സാമ്യമുണ്ട്. സമുദ്രത്തെക്കൂടാതെ ലിവ്യാഥാൻ, രഹബ് മുതലായി, ദൈവാധിപത്യത്തെയും പ്രപഞ്ചത്തിന്റെ ക്രമത്തെയും ഹനിക്കുന്ന മറ്റു ഭീകരസത്വങ്ങളെക്കുറിച്ചുള്ള സൂചനകളും പഴയനിയമത്തിലുണ്ട് (യെശ. 27:1; 51:9മു.; ഇയ്യോ. 26:12, 13). എന്നാൽ ദൈവത്തിനെതിരെ ദുഷ്ടശക്തികൾ നടത്തുന്ന പോരാട്ടം വ്യർഥമാണ്. പ്രകൃതിയിലെ ദോഷശക്തികൾ മാത്രമല്ല മനുഷ്യരുടെ സദാചാരമുറകളും ദൈവത്തിന്റെ ഭരണത്തിൻകീഴിലാണെന്നു സങ്കീ. 93:5 ൽ കാണുന്നു. ഇവിടെ എബ്രായചിന്ത കനാന്യ, ബാബിലോന്യ മത ചിന്തകളെക്കാൾ ശ്രേഷ്ഠമായിരിക്കുന്നു.

e ഈജിപ്ത്–കനാൻ ബാബിലോന്യ മതങ്ങൾ ദേവീദേവന്മാരുടെ ഉത്ഭവത്തെയും ജനനത്തെയും സംബന്ധിച്ച പുരാണേതിഹാസങ്ങൾ എഴുതിയുണ്ടാക്കിയിരുന്നുവെങ്കിൽ, പഴയനിയമം ദൈവം സൃഷ്ടിക്കപ്പെട്ടവനല്ല എന്ന് ഉദ്ഘോഷിക്കുന്നു. വിശ്വോത്പത്തിയെക്കുറിച്ചുള്ള വർണ്ണന ആരംഭിക്കുന്നത് 'ആദിയിൽ ദൈവം' എന്ന പ്രഖ്യാപനത്തോടുകൂടിയാണ്. ഋഗ്വേദത്തിലെപ്പോലെ ഭൂമി, ആകാശം, നക്ഷത്രങ്ങൾ ആദിയായ പ്രകൃതിശക്തികളെ ദേവന്മാരും ദേവിമാരുമായി സങ്കല്പിച്ച് അവയെ ആരാധിക്കുന്ന പതിവു പുരാതന പശ്ചിമേഷ്യയിൽ നടപ്പിലിരുന്നുവെങ്കിലും എബ്രായർക്ക് അതു സ്വീകാര്യമായിരുന്നില്ല. എബ്രായരാകട്ടെ ആകാശം ദൈവത്തിന്റെ സൃഷ്ടിയാണെന്നു വിശ്വസിച്ചു. പ്രകൃതിയുടെ വൈവിധ്യമാർന്ന പ്രതിഭാസങ്ങളിൽ ദിവ്യത്വമോ അത്ഭുതശക്തിയോ ആരോപിക്കാതിരുന്ന എബ്രായർ ആധുനിക ശാസ്ത്രീയ വീക്ഷണത്തിൽ നിന്നകന്നിരുന്നില്ല. എന്നാൽ പ്രപഞ്ചത്തെ അവർ കൗതുകത്തോടും വിസ്മയത്തോടുംകൂടി വീക്ഷിച്ചു. കാരണം അതു ദൈവത്തിന്റെ കൈവേലയാണെന്ന് അവർ വിശ്വസിച്ചിരുന്നു (ഇയ്യോ. 38; സങ്കീ. 8:33;19:1; 104:136; യെശ. 40:21മു.). അതുകൊണ്ടു നാം അത്ഭുതമെന്നു കരുതാറുള്ള സംഭവങ്ങൾ (ഉദാ. ചെങ്കടലിൽ ഉണങ്ങിയ നിലം വേർതിരിയുന്നത്, പുറ. 14:22) അസംഭവ്യങ്ങളാണെന്നോ പ്രകൃതിയിലെ ചില നിയമങ്ങൾ ലംഘിക്കപ്പെട്ടുവെന്നോ അവർ ചിന്തിച്ചിരുന്നില്ല. പ്രകൃതിയിലെ അത്ഭുത സംഭവങ്ങൾ സർവേശന്റെ വിലാസങ്ങളാണ്. പ്രപഞ്ചശക്തികൾ ദൈവത്തിനു കീഴടങ്ങുന്നു. ചരിത്ര സംഭവങ്ങളിലെന്നപോലെ പ്രകൃതിയുടെ ഭാവഭേദങ്ങളിലും ദൈവിക വെളിപ്പാടു പഴയനിയമഭക്തർ ദർശിച്ചു.

## പൌരോഹിത്യ പ്രസ്ഥാനം

53a പൌരോഹിത്യ പ്രസ്ഥാനത്തിന്റെ പ്രാദുർഭാവം ഏതാനും ചിലർക്കു് അമാനുഷികവും മാന്ത്രികവുമായ ശക്തി ഉണ്ടെന്നുള്ള വിശ്വാസത്തിൽനിന്നു് ഉരുത്തിരിഞ്ഞിട്ടുള്ളതാണു്. പ്രാചീനകാലങ്ങളിൽ കുടുംബത്തലവൻ പുരോഹിതകർമ്മങ്ങൾ അനുഷ്ഠിച്ചുവന്നിരുന്നുവെന്നതിനു പഴയനിയമത്തിൽ തെളിവുകളുണ്ടു് (1 ശമു. 1:4 മു.). എന്നാൽ പില്ക്കാലത്തു പുരോഹിതന്മാർ യാഗകർമ്മാദികളിൽ പ്രത്യേക പങ്കു വഹിക്കുന്നതായി കാണുന്നു (1 ശമു. 2:13 മു; ആവ. 21:5 താ.). ദൈവാലയങ്ങളെ സൂക്ഷിക്കുവാനും അവയോടനുബന്ധിച്ചുള്ള കർമ്മങ്ങൾ നിർവ്വിഘ്നം നടത്തുവാനും അവർ ചുമതലപ്പെട്ടിരുന്നു. ചില ഹൈന്ദവക്ഷേത്രങ്ങളിലെപ്പോലെ പൌരോഹിത്യകർമ്മം ഏതാനും നിർദ്ദിഷ്ട കുടുംബങ്ങളിൽ നിക്ഷിപ്തമായിരുന്നു (ഉദാ. ശീലോ, നോബ്, 1 ശമു. 4:11, 18; 14:3, 18; 21:2; 22:9, 11:18 ആ.). എന്നാൽ പുരോഹിതകുടുംബത്തിൽ ജനിക്കാത്തവനും പുരോഹിതനാകുവാൻ കഴിഞ്ഞിരുന്നുവെന്നാണു ശമുവേലിന്റെ കഥ തെളിയിക്കുന്നതു്. എഫ്രയീം മലനാട്ടിലെ മീഖാ സ്വന്തമായി ആരാധനാകേന്ദ്രം നിർമ്മിക്കയും പ്രതിഷ്ഠകൾ സ്ഥാപിക്കയും തന്റെ പുത്രന്മാരിൽ ഒരുവനെ പുരോഹിതനായി വേർതിരിക്കയും ചെയ്തു. എന്നാൽ പുരോഹിത കുലത്തിൽപ്പെട്ട ഒരുവനെ ലഭിച്ചപ്പോൾ അവനെ ഈ സ്ഥാനത്തേക്കു് അവരോധിക്കുകയുണ്ടായി (ന്യായാ. 17:7–13). ഈ പുരോഹിതൻ ലേവ്യഗോത്രക്കാരനല്ല, യെഹൂദാഗോത്രത്തിൽപ്പെട്ടവനായിരുന്നു. യഥാർത്ഥപുരോഹിതന്റെ സഹവാസവും കർമ്മാനുഷ്ഠാനവും ഐശ്വര്യദായകമാണെന്നുള്ള വിശ്വാസവും ഇവിടെ കാണുന്നു (വാ.13).

പുരോഹിതനെക്കുറിക്കുന്ന രണ്ടു് എബ്രായപദങ്ങൾ *കോഹേൻ* (സുറിയാനിയിൽ കൊഹനൊ), *ലേവി* എന്നിവയാണു്. കോഹേൻ എന്നാൽ അറബിയിൽ ദർശകൻ, വെളിച്ചപ്പാടൻ എന്നെല്ലാമർത്ഥം. പ്രാചീന ഉഗാറിത്തിലെ ദേവാലയങ്ങളിൽ കോഹനീം (പുരോഹിതന്മാർ) മതകർമ്മങ്ങൾ അനുഷ്ഠിച്ചുവന്നു. ലേവി എന്ന പദം 'ബന്ധപ്പെട്ടതു്' എന്നയർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു, അഥവാ ദൈവാലയത്തോടു് അനുബന്ധിച്ചതു്. പുരോഹിതവൃത്തിയെക്കുറിക്കുന്നതിനും (പുറ. 4:14; ന്യായാ. 17:7) പന്ത്രണ്ടു ഗോത്രങ്ങളിൽ ഒന്നായ ലേവ്യഗോത്രത്തെ കുറിക്കുന്നതിനും ഇതു പ്രയോഗിച്ചിട്ടുണ്ടു് (ഉത്പ. 49:5–7; ആവ. 33:8–10). ഉത്പ. 49:5–7 ൽ ലേവ്യഗോത്രം പൌരോഹിത്യ മുറകളുടെ കലവറക്കാരായിരുന്നുവെന്നു സൂചനയൊന്നും കാണുന്നില്ല. ലേവ്യഗോത്രത്തിൽപ്പെട്ട പുരുഷന്മാർക്കെല്ലാം പുരോഹിതകർമ്മങ്ങൾ അനുഷ്ഠിക്കുവാനവകാശമുണ്ടെന്നു് ആവ. ചരിത്രകാരൻ പറയുന്നുണ്ടെങ്കിലും (ആവ. 18:6–8), ഈ അവകാശം, യെഹെസ്കേലും, P–രേഖയും ദിന.കാരനും സമ്മതിച്ചു കൊടുക്കുന്നില്ല. സാദോക്കിന്റെ കുലത്തിൽ പെട്ടവരാണു പുരോഹിതന്മാരെന്നു യെഹെസ്കേലും, അഹറോന്റെ അനന്തരാവകാശികളാണു സാക്ഷാൽ പുരോഹിതരെന്നു P. രേഖയും സമർത്ഥിക്കുന്നു (യെഹെ. 44:9മു.; പുറ. 28; ലേവ്യ;1; എസ്രാ. 2:61–63). ദൈവാലയത്തിലെ ഗായകസംഘാംഗങ്ങളായും സൂക്ഷിപ്പുകാരായും മറ്റുമാണു P–രേഖയും ദിന.കാരനും ലേവ്യരെ കരുതുന്നതു്. ദൈവാലയത്തിലെ പുരോഹിതസ്ഥാനം കരസ്ഥമാക്കുന്നതിനു പുരോഹിതവൃന്ദങ്ങൾ തമ്മിൽ സംഘർഷം ഉണ്ടായിരുന്നെന്നും പ്രവാസത്തിനുശേഷം അഹറോന്റെ വംശം ഈ സ്ഥാനവും അധികാരവും കൈയടക്കിയെന്നുമാണു് 53a
അനുമാനിക്കേണ്ടതു്.

രാജവാഴ്ചയുടെ ആരംഭവും അവസാനവും പുരോ b
ഹിത ചരിത്രത്തിലെ നിർണ്ണായകഘട്ടങ്ങളായിരുന്നു. ദാവീദു യെരൂശലേം തലസ്ഥാനമാക്കിയതോടുകൂടി അവിടെ ആരാധനാകേന്ദ്രം സ്ഥാപിക്കുകയും പുരോഹിതനെ നിയമിക്കുകയും ചെയ്തു. രാജാവു് ആരാധിക്കുന്ന ദൈവാലയം എന്ന നിലയ്ക്കു യെരൂശലേം ദൈവാലയത്തിനും അതിലെ പുരോഹിതന്മാർക്കും മറ്റു് ആരാധനാസ്ഥലങ്ങളെക്കാൾ പ്രാമുഖ്യം കൈവന്നു. യെരൂശലേമിലെ പ്രധാന പുരോഹിതൻ, മഹാപുരോഹിതൻ (High Priest), പ്രഥമ (വാച്യാർത്ഥം=തല) പുരോഹിതൻ എന്നെല്ലാം വിളിക്കപ്പെട്ടു (2 രാജാ. 12:11; 25:18). പ്രധാന പുരോഹിതൻ രാജകുടുംബവുമായി അടുത്തബന്ധം പുലർത്തിയിരുന്നു (2 രാജാ. 11:2; 2 ദിന. 22:11). യെരൂശലേം ദൈവാലയത്തിനു് യെഹൂദാസംസ്ഥാനത്തുണ്ടായിരുന്ന സ്ഥാനംതന്നെ വടക്കേ ഇസ്രായേലിലെ പ്രധാനാലയം സ്ഥിതിചെയ്തിരുന്ന ബെഥേലിനും അവിടത്തെ പ്രധാന പുരോഹിതനുമുണ്ടായിരുന്നു (ആമോ. 7:12,13). രാജവാഴ്ചയും പ്രവാചകപ്രസ്ഥാനവും അസ്തമിച്ചതിനുശേഷം ജനങ്ങളുടെ മതപരവും സാമൂഹ്യവുമായ ജീവിതത്തിനു കെട്ടുറപ്പു നല്കുവാൻ ശേഷിച്ച ഏകനേതൃത്വം പുരോഹിതന്മാരുടേതായിരുന്നു. മക്കാബിയനേതാക്കന്മാർ രാഷ്ട്രീയ നേതൃത്വം ഏറ്റെടുക്കുന്നതു് ഇവിടെ പ്രസ്താവ്യമാണു്. മഹാപുരോഹിതസ്ഥാനത്തിനു് അനുയോജ്യമായ രീതിയിൽ കൈയഫാവു് ദീർഘദർശനം നടത്തിയെന്നു വി. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു (11:51).

പുരോഹിതന്മാരുടെ ധർമ്മങ്ങളെ പരാമർശിക്കുന്ന c
പല വേദഭാഗങ്ങളുണ്ടു് (ന്യായാ. 17; ആവ.33:8–10; ഹോശേ. 4:6; യിരെ. 18:18; യെഹെ. 7:26; മലാ. 2:5–9). *തുമ്മീം*, *ഊറീം* എന്ന രണ്ടു് ഉപകരണങ്ങളെപ്പറ്റി ആവ. 33–ൽ പ്രസ്താവമുണ്ടു്. ദൈവിക നിർദ്ദേശം എന്തെന്നു ചീട്ടിട്ടു (Lots) കണ്ടുപിടിക്കുവാനുള്ള മാർഗ്ഗമായിരുന്നു ഇതു്. തുമ്മീം എന്നാൽ 'സമ്പൂർണ്ണമായതു്' (കുറവില്ലാത്തതു്) എന്നും, ഊറീം എന്നാൽ 'ശപിക്കപ്പെട്ടതു്' എന്നും അർത്ഥം. 1 ശമു. 14:41 സപ്തതിയിലെ പാഠമനുസരിച്ചു് ശൌലോ യോനാഥാനോ കുറ്റക്കാരാണെങ്കിൽ ഊറീം ആയിരിക്കും ചീട്ടായി വീഴുന്നതെന്നും, ജനങ്ങളാണു കുറ്റം ചെയ്തതെങ്കിൽ ശൌലിനു തുമ്മീം വീഴുമെന്നും രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്നു് ഇതിന്റെ പ്രയോഗത്തെക്കുറിച്ചു സാമാന്യം അറിവു നമുക്കു ലഭിക്കുന്നു. ദൈവിക നിയമങ്ങളും (*മിഷ്പാത്ത്*) ദൈവേഷ്ടവും (*തോറാ*) ജനങ്ങളെ അറിയിക്കുന്നതു പുരോഹിത ധർമ്മമാണു് (ന്യായാ. 33:10). 'ചട്ടം' എന്നു മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്ന *മിഷ്പാത്ത്* എന്ന എബ്രായ പദത്തിനു്, വിധിപ്രഖ്യാപനം, സാമൂഹ്യവും മതപരവുമായ നിയമങ്ങൾ, ആചാരങ്ങൾ, പതിവുകൾ, സദാചാരമുറകൾ എന്നെല്ലാം അർത്ഥമുണ്ടു്. സമൂഹത്തിന്റെ കെട്ടുറപ്പിനു് ആവശ്യമായ സദാചാരമുറകളും നീതിന്യായമുറകളും നിലനിർത്തുന്നതിനെയാണു് ഈ പദംകൊണ്ടു് ഉദ്ദേശിക്കുന്നതു്. *തോറാ* എന്ന വാക്കിനു് 'ന്യായപ്രമാണം' എന്നാണു മലയാളവേദപുസ്തകത്തിലെ തർജമ. മാതാവു മക്കൾക്കു നല്കുന്ന ഗുണദോഷം (സദൃശ. 1:8; 6:20). ജ്ഞാനോപദേഷ്ടാവിന്റെ നിർദ്ദേശങ്ങൾ ഉപദേശം (സദൃശ.3:1;4:2), പ്രവാചകന്മാരുടെ അനുശാസനം (യെശ. 1:10; യിരെ. 16:11), മോശെയുടെ ഉപദേശം (ആവ. 14:8; സങ്കീ.119:18,29 ആ.). പഞ്ചഗ്ര

53c ന്ഥങ്ങളുടെ സംജ്ഞ (എസ്രാ. 3:2;7:6). ഈ പ്രയോഗങ്ങളെല്ലാം തോറാ എന്ന പദത്തിനുണ്ട്. ഓരോ സാഹചര്യത്തിൽ യാഗകർമ്മാദികളെ സംബന്ധിച്ച ജനങ്ങൾക്കു ശരിയായ നിർദ്ദേശം നല്കുകയും ദൈവിക ബോധം ജനങ്ങളിൽ വളർത്തിയെടുക്കുകയും ചെയ്യുക പുരോഹിത കർത്തവ്യമാണ്. ദൈവവിജ്ഞാനീയത്തിന്റെ കലവറക്കാരാണു പുരോഹിതന്മാർ (ഹോശേ. 4:6; മലാ. 2:7). പുരോഹിതന്മാർ യാഗകർമ്മാദികൾക്കു നിർദ്ദേശം കൊടുക്കുന്നതുകൂടാതെ ജനങ്ങളുടെ പാപങ്ങൾക്കു വേണ്ടി ദൈവത്തോടു മാദ്ധ്യസ്ഥം കഴിക്കുകയും ചെയ്തുവന്നു. മഹാപുരോഹിതന്റെ സ്ഥാനവസ്ത്രം എല്ലാ ഇസ്രായേല്യഗോത്രങ്ങളെയും പ്രതിനിധാനം ചെയ്തിരുന്നു (പുറ. 28).

## വിശുദ്ധസ്ഥലം ദൈവാലയം

d ഇസ്രായേല്യർ കനാൻനാട്ടിൽ പ്രവേശിച്ചപ്പോൾ അവിടെ വിവിധ ആരാധനാസ്ഥലങ്ങൾ (ക്ഷേത്രങ്ങൾ) ഉണ്ടായിരുന്നു. 'പൂജാഗിരി'കൾ എന്നാണു മലയാളം ബൈബിളിൽ അവയ്ക്കു നല്കിയിരിക്കുന്ന സംജ്ഞ (1ശമു.9:11–25). *ബാമാ* (high place) എന്ന മൂലപദത്തിന്റെ അർത്ഥം, 'പുറം', 'മുകൾ' (back, ridge) എന്നാണ്. പുരാവസ്തു ഗവേഷകനായ ഓൾബ്രൈറ്റ് 'ഉയർന്ന പീഠം' എന്ന അർത്ഥം നിർദ്ദേശിച്ചിട്ടുണ്ട്. കുന്നിൻപുറങ്ങളിൽ മാത്രമല്ല താഴ്വരകളിലും കനാന്യക്ഷേത്രങ്ങൾ (ബാമാ) ഉണ്ടായിരുന്നു (യിരെ. 7:31; 19:6). യാഗങ്ങൾ കഴിക്കുവാനുള്ള പീഠം (പുറ. 20:25), യാഗസദ്യയ്ക്കുള്ള മുറികൾ (1 ശമു. 9:22) കൽത്തൂണുകൾ (*മത്സേബാ*, സ്മാരകസ്തംഭങ്ങൾ), മരത്തൂണുകൾ അഥവാ വൃക്ഷങ്ങൾ (അശേരാ ദേവിയുടെ പ്രതീകം), വിശുദ്ധ ഉപകരണങ്ങൾ (ഉദാ. *എഫോദ്*), ദേവീദേവന്മാരുടെ പ്രതിഷ്ഠകൾ ഇവയെല്ലാമായിരുന്നു കനാന്യ ക്ഷേത്രങ്ങളിലും പരിസരങ്ങളിലും ഉണ്ടായിരുന്നത്. മേൽക്കൂരയില്ലാതെ തുറന്നുകിടന്ന ക്ഷേത്രങ്ങളായിരുന്നു കനാന്യരുടേതെന്നു പുരാവസ്തു ഗവേഷകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അമാവാസിയിലും ശബ്ബത്തിലും മറ്റു പെരുന്നാൾ ദിവസങ്ങളിലും ആട്, കാള മുതലായ മൃഗങ്ങളെ യാഗം കഴിക്കുകയും, ധാന്യം, വീഞ്ഞ്, എണ്ണ മുതലായ വസ്തുക്കൾ നേർച്ചയായി അർപ്പിക്കുകയും ചെയ്യുക പതിവായിരുന്നു. വെളിച്ചപ്പാടു തേടുക, നീതിന്യായ വ്യവഹരണം നടത്തുക, അഭയം തേടുക, പടയാളികളെ യുദ്ധത്തിനു വിശുദ്ധീകരിക്കുക ഇവയെല്ലാം ക്ഷേത്രസന്നിധാനത്തിൽവച്ചു നടത്തിയിരുന്നു. കനാന്യക്ഷേത്രങ്ങളിൽ ബാൽ ദേവന്റെ വാഹനമൃഗമായ കാളയുടെ പ്രതിഷ്ഠകളുമുണ്ടായിരുന്നു (1 രാജാ. 12:28മു. താ.). ദക്ഷിണേന്ത്യൻ ഗ്രാമങ്ങളിലും ഇതുപോലെയുള്ള ആരാധന ദൃശ്യമാണ്.

e ദേവീദേവന്മാരുടെ പ്രതിഷ്ഠകൾ, മത്സേബാ, അശേരാസ്തംഭങ്ങൾ മുതലായവ എബ്രായർക്കു നിഷിദ്ധമായിരുന്നു. ഐശ്വര്യസമൃദ്ധിയെ ലക്ഷ്യമാക്കി കനാന്യക്ഷേത്രങ്ങളിൽ നടന്നുവന്ന ദേവദാസന്മാരുടെയും ദാസിമാരുടെയും വേഴ്ചകളെ പ്രവാചകന്മാർ നിശിതമായി വിമർശിച്ചു (ഹോശേ. 2:2-13). ഈ ആരാധനാപ്രതിഭാസത്തിനു ഉർവ്വരാരാധന fertility worship) എന്നു പറയാം.

ശീലോ ആലയത്തിലും പിന്നീടു യെരുശലേം ദൈവാലയത്തിലും നിയമപ്പെട്ടകം സ്ഥാപിച്ചിരുന്നു. ഇസ്രായേല്യർ അങ്ങേയറ്റം വിശുദ്ധമായി കരുതിയിരുന്ന ഒന്നായിരുന്നു നിയമപ്പെട്ടകം (സംഖ്യാ. 10: 33–36). പെട്ടകത്തെ സംബന്ധിച്ച വിവരങ്ങളെല്ലാം പരിശോധിച്ചാൽ പെട്ടിയും സിംഹാസനവും കൂടി ചേർന്ന ഒരു വസ്തുവായിരുന്നു ഇതെന്നു കരുതാം. 53c
(പുറ. 25:10മു.; ആവ. 10:1–6; 1 ശമു. 4:4;2ശമു. 6:2). ദൈവം പെട്ടകത്തിന്റെ മുകളിൽ സിംഹാസനാരൂഢനായി വാഴുന്നുവെന്നും പെട്ടകം ഉള്ളേടത്ത് യഹോവയും ഉണ്ടെന്നും എബ്രായർ വിശ്വസിച്ചിരുന്നു (യോശു. 6: 6,8; സംഖ്യാ.10:33മു.; 1ശമു. 4:1–7:1 വായിക്കുക). ദാവീദ് ശീലോവിൽ സ്ഥാപിച്ചിരുന്ന പെട്ടകത്തെ യെരൂശലേമിലേക്കു മാറ്റി. ശലോമോൻ ദൈവാലയം പണിതപ്പോൾ അതിവിശുദ്ധസ്ഥലത്തു കെരൂബുകളുടെ ചിറകിൻകീഴിൽ അതിനെ സ്ഥാപിച്ചു (1രാജാ. 8:1മു.). അതിനുശേഷം പെട്ടകത്തെപ്പറ്റി ഒരു പരാമർശവും ചരിത്രപുസ്തകങ്ങളിലില്ല. ബാബിലോന്യ ആക്രമണത്തിലോ അതിനുമുമ്പോ ശത്രുസൈന്യം പെട്ടകം എടുത്തുകൊണ്ടുപോയെന്നു കരുതാം. പെട്ടകത്തിൽ രണ്ടു കല്പലകകൾ കൂടാതെ മന്നായും അഹരോന്റെ വടിയും സൂക്ഷിച്ചിരുന്നുവെന്നു പില്ക്കാലത്തു യെഹൂദപാരമ്പര്യം കരുതിപ്പോന്നു (എബ്രാ. 9:4).

f കനാന്യരായ യെബൂസ്യരുടെ ആരാധനാസ്ഥലത്തുതന്നെയാണു ശലോമോൻ ദൈവാലയം പണിതതെന്നാണു പണ്ഡിതന്മാരുടെ അഭിപ്രായം. (ദൈവാലയത്തെ സംബന്ധിച്ച സൂക്ഷ്മവിവരങ്ങൾക്ക് 1രാജാ. 6; പുറ. 2:6; യെഹെ. 40മു. താ.) ആരാധനാസ്ഥലത്തെക്കുറിച്ചു പുരാതനകാലത്തു പല ധാരണകൾ ജനങ്ങളുടെ ഇടയിൽ നിലവിലിരുന്നു. അവയിൽ ചിലതെല്ലാം ആധുനികമനുഷ്യന്റെ ഹൃദയത്തിൽ നിന്നു വിട്ടുമാറിയിട്ടില്ല. ഈ ധാരണകൾ യെഹൂദരുടെയിടയിലും ഉണ്ടായിരുന്നുവെന്നതിനു ധാരാളം സൂചനകളുണ്ട്: (i) മനുഷ്യർക്കു താമസിക്കുവാൻ ഭവനങ്ങൾ ആവശ്യമായിരിക്കുന്നതുപോലെ ദേവന്മാർക്കും വീടുകൾ ആവശ്യമാണ്. ഈശ്വരസന്നിധാനം ഉറപ്പുവരുത്തുവാൻ ദേവാലയം കൂടിയേ തീരൂ. അല്ലാത്തപക്ഷം ഈശ്വരകാരുണ്യമോ ലൗകിക ഐശ്വര്യമോ ലഭിക്കുന്നതല്ല. (ii) ജീവന്റെയും ഐശ്വര്യത്തിന്റെയും കേന്ദ്രം ദൈവാധിവാസമുള്ള ആലയമാണ്. അതുകൊണ്ടാണ് യെരൂശലേം (സീയോൻ) നഗരത്തിനുള്ളിൽ നദികളോ അരുവികളോ ഇല്ലെങ്കിലും ദൈവാലയത്തിൽ നിന്നു നദി ഒഴുകുന്നതായി വർണിച്ചിരിക്കുന്നത് (സങ്കീ. 46:4; യെഹെ. 47:2മു.). ഏദൻതോട്ടത്തിന്റെ (പറുദീസ) പ്രതീകമാണു ദൈവാലയം (ഉത്പ. 2:10 മു. കാണുക). (iii) ഏറ്റം ഉയരം കൂടിയ സ്ഥലമാണ് ദൈവാലയസ്ഥാനം (സങ്കീ. 48:2; യെശ. 2:2). യെരൂശലേം ദൈവാലയം പണിതിരുന്ന കുന്നിനെക്കാൾ ഉയർന്ന കുന്നുകൾ അതിനടുത്തുതന്നെ ഉണ്ടെന്നുള്ള കാര്യം അവിടം സന്ദർശിച്ചിട്ടുള്ളവർക്ക് അറിവുള്ളതാണ്. ദൈവാലയം സ്വർഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായതിനാൽ(ഉത്പ. 28:10മു. താ.) ഏറ്റവും ഉയർന്ന സ്ഥലമായിരിക്കണമെന്നാണു പൗർവിക തത്വം. (iv) സർവേശ്വരസന്നിധി ആയതിനാൽ ദൈവാലയം നശിക്കുകയില്ല (സങ്കീ.46:5 മു.;48:4 മു.;യെശ.29:5 മു.). യെരുശലേം ദൈവാലയം നശിക്കുമെന്നു പ്രവചിച്ച യിരെമ്യാപ്രവാചകനെ ജനനേതാക്കന്മാർ കല്ലെറിഞ്ഞു കൊല്ലുവാൻ മുമ്പോട്ടുവന്നതെന്തുകൊണ്ടാണെന്ന് ഈ വിശ്വാസത്തിന്റെ വെളിച്ചത്തിലേ മനസ്സിലാക്കുവാൻ കഴിയൂ (യിരെ. 26:8). ഇതര ജനതകളിൽ രൂഢമൂലമായിരുന്ന വിശ്വാസങ്ങളെല്ലാം യെഹൂദർ അതേപടി സ്വീകരിച്ചിരുന്നില്ലെന്നു യിരെമ്യാവിന്റെ പ്രവചനം ചൂണ്ടിക്കാണിക്കുന്നു. മനുഷ്യർ നിർമിക്കുന്ന ചുമരുകൾക്കുള്ളിൽ ദൈവത്തെ ഒതുക്കി നിർത്താമെന്നുള്ളതു വെറും വ്യാമോഹം മാത്രമാണെ

53f ന്നാണു ശലോമോൻ സമർത്ഥിക്കുന്നതു് (1 രാജാ. 8:27). സ്വർഗാധിസ്വർഗത്തിൽ വസിക്കുന്ന ദൈവം അനുതാപികളും വിനീതരുമായ മനുഷ്യരോടുകൂടി വസിക്കുന്നു എന്ന പ്രവാചകൻ്റെ ഉൾക്കാഴ്ച (യെശ. 57:15) പുതിയനിയമ ചിന്തയിൽനിന്നു് ഒട്ടും ഭിന്നമല്ല (യോഹ. 4:20–24).

ശമര്യയുടെ നശീകരണത്തോടുകൂടി (B. C. 722/21) ബേഥേൽ, ദാൻ എന്നീ സ്ഥലങ്ങളിലെ ദേവാലയങ്ങളും നാമാവശേഷമായി. ഈ പരിതസ്ഥിതിയും യോശീയാ രാജാവിൻ്റെ നവീകരണവും യെരുശലേമിൻ്റെ പ്രാധാന്യത്തെ വർദ്ധിപ്പിക്കുവാൻ ഇടയാക്കി (യെശ. 56:6,7 വാ.). ചിതറിപ്പാർത്ത യെഹൂദർ യെരുശലേം ദൈവാലയത്തെ ലക്ഷ്യമാക്കി പ്രാർത്ഥന കഴിച്ചുവന്നു (1രാജാ. 8:29, 30; ദാനി. 6:10). കാലാന്തരത്തിൽ പ്രാർത്ഥനകൾ നടത്തുന്നതിനും മോശൈക നിയമം ഉപദേശിക്കുന്നതിനുമായി *സുനഗോഗുകൾ* സ്ഥാപിക്കയുണ്ടായി (അപ്പൊ. പ്ര. 16:13,16).

## ആരാധന, യാഗകർമങ്ങൾ

54a എബ്രായരുടെ ആരാധന, യാഗകർമാദികൾ, പെരുന്നാളുകൾ എന്നീ വിഷയങ്ങളാണു് ഇനിയും പ്രതിപാദിക്കേണ്ടതു്. സമൂഹവും വ്യക്തികളും ദയനീയമായ കഷ്ടതകളിലകപ്പെടുമ്പോൾ ദൈവത്തോടു നിലവിളിക്കുകയും, മോചനം ലഭിച്ചശേഷം സ്തുതിഗീതങ്ങൾ ആലപിക്കുകയും ചെയ്യുക എബ്രായരുടെ പതിവായിരുന്നു. സമൂഹപരിദേവനത്തിനു പുറ. 3:7,8; 14:10,11; സങ്കീ. 74, 79, 80 ആദിയായവയും, വ്യക്തിനിഷ്ഠമായ പരിദേവനത്തിനു് 1 ശമൂ. 1:10,11; സങ്കീ. 6, 13, 22, 27 ആദിയായവയും കാണുക. സമൂഹസ്തുതിഗാനങ്ങൾക്കു പുറ. 15:21; ന്യായാ. 5; സങ്കീ. 124, 129 എന്നിവയും, വ്യക്തിനിഷ്ഠമായ സ്തോത്രങ്ങൾക്കു 1 ശമൂ. 2:1; സങ്കീ. 18, 30, 40, 66, 116 എന്നിവയും, ഉദാഹരണങ്ങളാണു്. ഈ രണ്ടുതരം സ്തോത്രങ്ങൾക്കും പൊതുവായ ഒരു സ്വഭാവമുണ്ടു്. ദൈവം സമൂഹത്തിനോ വ്യക്തിക്കോ ചെയ്തിട്ടുള്ള പ്രത്യേക കാരുണ്യപ്രവൃത്തികളാണു സ്തോത്രങ്ങളിലെ കഥാവസ്തു. എന്നാൽ മറെറാരിനം സ്തോത്രഗാനങ്ങളും പഴയനിയമത്തിലുണ്ടു്. പ്രപഞ്ചസൃഷ്ടി, ദൈനംദിന ജീവിതത്തിൽ അനുഭവമാകാറുള്ള ദൈവകടാക്ഷം, പ്രപഞ്ചത്തിൻ്റെ ക്രമപ്രകാരമുള്ള പ്രവർത്തനം (ഉദാ. ഭൂമിയിൽ ധാന്യവും മററു ഭക്ഷ്യവിഭവങ്ങളും വിളയുന്നതു്) മുതലായ കാര്യങ്ങളാണു് അവയിലെ പ്രതിപാദ്യം (സങ്കീ. 33, 36, 104, 113 എന്നിവ കാണുക).

യാഗകർമ്മാദി മതാനുഷ്ഠാനങ്ങളെപ്പററി പൊതുവായി ഒരു സംഗതി ഓർക്കേണ്ടതുണ്ടു്. ആധുനികമതങ്ങളെപ്പോലെ പ്രാചീന മതങ്ങൾക്കും ഒരു സാമൂഹ്യസ്വഭാവമുണ്ടായിരുന്നു. അതായതു ജനങ്ങൾക്കു് എല്ലാവിധ മംഗളങ്ങളും സുഭിക്ഷതയും, ഈശ്വരകാരുണ്യവും, ഉറപ്പുവരുത്തുക എന്നതാണു മതാനുഷ്ഠാനങ്ങളുടെ പരമപ്രധാനമായ ലക്ഷ്യം. ദൈവത്തെയും പ്രകൃതിയുടെ വിലാസങ്ങളെയും സ്വാധീനിച്ചു മനുഷ്യർക്കു് അനുകൂലമാക്കുകയെന്നതും കർമ്മാനുഷ്ഠാനങ്ങളുടെ ലക്ഷ്യമായിരുന്നു. പക്ഷേ പലസ്തീൻനാട്ടിൽ നിലവിലിരുന്ന ചില കർമ്മങ്ങൾ എബ്രായർ സ്വീകരിച്ചില്ല. ഉദാ. മൂത്തപുത്രനെ യാഗം കഴിക്കുന്ന പതിവു് (യിരെ. 19:5; യെഹെ. 20:25 മു.; മീഖാ. 6:7), പശുവിനെയും അതിൻ്റെ കിടാവിനെയും അതിൻ്റെ തള്ളയുടെ പാലിൽ പാകം ചെയ്യുക തുടങ്ങിയവ (പുറ. 34:26; ആവ. 14:21). കാരണം അവ യഹോവയെക്കുറിച്ചു് അവർക്കുണ്ടായിരുന്ന ധാരണയുമായി പൊരുത്തപ്പെടുന്നവയായിരുന്നില്ല.

54a കന്നുകാലികൾ വർദ്ധിച്ചുപെരുകുന്നതിനായിരുന്നിരിക്കണം കനാന്യർ ആടിനെ അതിൻ്റെ തള്ളയുടെ പാലിൽ പാകം ചെയ്തിരുന്നതു്.

b **യാഗങ്ങൾ.** യാഗങ്ങളെയെല്ലാം പൊതുവായി വിവക്ഷിക്കുവാൻ എബ്രായ പഴയനിയമത്തിൽ വാക്കില്ല. പലതരത്തിലുള്ള യാഗങ്ങളെപ്പററി പഴയനിയമത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

(i) *സെബഹ്* എന്നു തനിച്ചോ സമാധാനയാഗം എന്നു ബൈബിളിൽ കാണുന്ന *ശ്ലാമീം* എന്ന പേരുമായി ചേർത്തോ കൊടുത്തിരിക്കുന്ന യാഗത്തിനു 'സംസർഗയാഗം' (communion sacrifice) എന്ന വിവർത്തനം നല്കാം. സെബഹ് എന്നാൽ കൊല ചെയ്യപ്പെട്ടതെന്നർത്ഥം. കൊല ചെയ്യുന്ന സ്ഥലത്തിനു *മിസ്ബേയഹ്* (യാഗപീഠം, ഇതിൻ്റെ അരാമ്യരൂപമാണു് *മദ്ബഹാ*). ദൈവസന്നിധിയിൽ ഭക്തഗണം ഒരുമിച്ചു പങ്കെടുക്കുന്ന യാഗമാണിതു്. രക്തം മുഴുവൻ ഒഴുക്കിക്കളകയും, കൊഴുപ്പു മുതലായവ തീയിൽ ദഹിപ്പിക്കയും മാംസം പാകം ചെയ്തു് ആരാധകർ പ്രത്യേക ഒരുക്കത്തോടുകൂടി ഭക്ഷിക്കയും ചെയ്യുകയാണു നടപടി. വളരെ പുരാതനമായ ആചാരമാണിതു്. (ഭാരതത്തിലെ ചില വർഗക്കാരുടെയിടയിൽ ഇമ്മാതിരി യാഗങ്ങൾ ഇന്നും നിലവിലുണ്ടു്.) പെസഹായാഗത്തെ സെബഹ് എന്നു വിശേഷിപ്പിക്കാറുണ്ടു്. വിശദവിവരങ്ങൾക്കു് ഉത്പ. 31:54; പുറ. 18:12; 34:15; 1 ശമൂ. 3:14; 7:9; 9:11 മു., 11:16; 16:5; 1രാജാ. 8:62; യെശ. 43:22 മു., നോ. ദൈവവും ഭക്തഗണങ്ങളും തമ്മിലും ഭക്തഗണങ്ങൾ തമ്മിൽ തമ്മിലുമുള്ള ബന്ധത്തെ ദൃഢപ്പെടുത്തുകയെന്നതായിരുന്നു ഈ യാഗത്തിൻ്റെ പ്രധാന ഉദ്ദേശ്യം.

c (ii) *ഓലാ* (ഹോമയാഗം) 'മുകളിലേക്കു് ഉയരുന്നതു്' എന്നു വാച്യാർത്ഥം. തീയിൽ ദഹിപ്പിച്ചു ധൂമരൂപത്തിൽ ദൈവസന്നിധിയിൽ അർപ്പിക്കുകയാണു് ഈ ബലിയുടെ സ്വഭാവം. ഹോമയാഗത്തിൻ്റെ മൃഗം ഊനമില്ലാത്തതും ആൺവർഗത്തിൽ പെട്ടതുമായിരിക്കണമെന്നു നിബന്ധനയുണ്ടു്. മൃഗത്തെ അർപ്പിക്കുവാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ടവർ ഒരു പക്ഷിയെ അർപ്പിച്ചാൽ മതിയാവുന്നതാണു്. P–രേഖയിൽ ദഹനയാഗത്തിനു പ്രായശ്ചിത്തപ്രാധാന്യം നല്കുന്നുണ്ടെങ്കിലും ആദ്യകാലങ്ങളിൽ ഈ പ്രസക്തി ഉണ്ടായിരുന്നില്ലെന്നാണു പണ്ഡിതമതം (ലേവ്യ. 1:4; 16:24).

(iii) *മിൻഹാ*: P–രേഖയിൽ ധാന്യത്തിൽനിന്നും പച്ചക്കറിസാധനങ്ങളിൽനിന്നും നല്കുന്ന വഴിപാടിനെ കുറിക്കുന്ന ഈ പേരു് ആദ്യകാലങ്ങളിൽ എല്ലാത്തരത്തിലുള്ള വഴിപാടിനെയും കാഴ്ചകളെയും സൂചിപ്പിച്ചിരുന്നു. ഉദാ. വഴിപാടു് (ഉത്പ. 4:3–5; ന്യായാ. 6:18), കാഴ്ച (ന്യായാ. 3:15), സമ്മാനം (ഉത്പ. 32:14), കപ്പം (2 ശമൂ. 8:2). 1 ശമൂ. 6:3 ലെ പ്രായശ്ചിത്തം എന്നതിനെക്കാൾ കാഴ്ചയെന്ന പരിഭാഷയാണു കൂടുതൽ യോജിക്കുന്നതു്. ദൈവസന്നിധിയിൽ വെറും കയ്യായി പ്രവേശിച്ചുകൂടായെന്നായിരുന്നു പാരമ്പര്യം (പുറ. 23:15; 24:20; ആവ. 16:16). ആദരം പ്രദർശിപ്പിക്കുന്നതിനും പരസ്പരബന്ധം ഉറപ്പിക്കുന്നതിനും ദൈവത്തിൽനിന്നു് അനുകൂലമായ പ്രതികരണം ഉണ്ടാകുന്നതിനുമാണു *മിൻഹാ* (വഴിപാടു്) നല്കിവന്നതു്.

(iv) **പാപയാഗം** (പുറ.29:11–14; ലേവ്യ 4:1–5:13; 6:14–30; സംഖ്യാ. 15:22–29), **അകൃത്യയാഗം** (ലേവ്യ.5:14–6:7; 7:1–7; സംഖ്യാ.5:5–8)എന്നീ